കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-7) വകുപ്പ്

# ഭക്ഷ്യസുരക്ഷാ വകുപ്പ്




## പ്രവൃത്തിപഠന റിപ്പോർട്ട്

2023

കേരള സർക്കാർ

# പ്രവൃത്തിപഠന റിപ്പോർട്ട്

# ഭക്ഷ്യസുരക്ഷാ വകുപ്പ്
# 2023

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-7) വകുപ്പ്

# ഭക്ഷ്യസുരക്ഷാ വകുപ്പിൽ നടത്തിയ പ്രവൃത്തി പഠനം - റിപ്പോർട്ട്

| | | |
|---|---|---|
| തയ്യാറാക്കിയത് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ .ആർ -7) വകുപ്പ് |
| പഠന സംഘം<br>(സ്പെഷ്യൽ ടീം) | : | ശ്രീ . ശ്രീജിത്ത് പി , സെക്ഷൻ ഓഫീസർ<br>ശ്രീ . ഉണ്ണികൃഷ്ണൻ നായർ ബി .എസ്, സെക്ഷൻ ഓഫീസർ<br>ശ്രീ . റോയ് റ്റി .പി , സെക്ഷൻ ഓഫീസർ<br>ശ്രീ . ഷിനോസ് എസ്, അസി .സെക്ഷൻ ഓഫീസർ<br>ശ്രീ . സതീഷ് കുമാർ എസ്, അസി .സെക്ഷൻ ഓഫീസർ<br>ശ്രീ . പ്രദീപ് കുമാർ പി .എം , അസിസ്റ്റന്റ് |
| മാർഗ്ഗ നിർദ്ദേശം<br>നല്കിയത് | : | ശ്രീ . മനുലാൽ ബി .എസ്, അണ്ടർ സെക്രട്ടറി<br>ശ്രീമതി . സീമ എസ്, ഡെപ്യൂട്ടി സെക്രട്ടറി<br>ശ്രീമതി . ഷൈനു വി, ഡെപ്യൂട്ടി സെക്രട്ടറി |
| റിപ്പോർട്ട്<br>അംഗീകരിച്ചത് | : | ഡോ .എ .ജയതിലക് ഐ .എ .എസ്<br>അഡീഷണൽ ചീഫ് സെക്രട്ടറി ,<br>ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് |

# ഉള്ളടക്കം


| അധ്യായം | ശീർഷകം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1 - 4 |
| 2 | രീതിശാസ്ത്രം | 5 - 8 |
| 3 | സംഘടനാ അപഗ്രഥനം | 9 - 19 |
| 4 | വസ്തുതകളും അപഗ്രഥനവും | 20 - 150 |
| 5 | തസ്തികകളുടെ വിന്യാസവും അധിക തസ്തികകളും | 151 - 167 |
| 6 | പൊതു ശിപാർശകൾ | 168 - 185 |
| 7 | അധിക തസ്തികകളുടെ സാമ്പത്തിക ബാധ്യതയും പ്രാധാന്യവും | 186 - 192 |
| 8 | ശിപാർശകളുടെ സംഗ്രഹം | 193 - 211 |
| | ഉപസംഹാരം | 212 - 216 |
| | അനുബന്ധ സൂചിക | 218 |

# അധ്യായം- 1
# ആമുഖം

**1.1** "ഭക്ഷണം നിങ്ങളുടെ ഔഷധമാകട്ടെ, നിങ്ങളുടെ ഔഷധം ഭക്ഷണമായിരിക്കട്ടെ"- ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസിന്റെ പ്രസിദ്ധമായ ഈ ഉദ്ധരണി അടിവരയിട്ടു പറയുന്നത് ആരോഗ്യസംരക്ഷണത്തിൽ സുരക്ഷിത ഭക്ഷണത്തിന്റെ പ്രാധാന്യത്തെയാണ്. സുരക്ഷിതമായ ഭക്ഷണം ആരോഗ്യം നിലനിർത്തുന്നതിന് സഹായിക്കുന്ന ഔഷധം ആയിരിക്കുമ്പോൾത്തന്നെ സുരക്ഷിതമല്ലാത്ത ഭക്ഷണം പലതരം രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ദഹനവ്യവസ്ഥയിൽ ഉണ്ടാക്കുന്ന ചെറിയ അസ്വസ്ഥതകൾ മുതൽ ജീവൻ പോലും അപകടത്തിലാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വരെ സുരക്ഷിതമല്ലാത്ത ഭക്ഷണം കാരണമാകുന്നു. ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ, സൂക്ഷ്മാണുക്കൾ മുതലായവയിൽ നിന്നും മുക്തമായ സുരക്ഷിത ഭക്ഷണമാണ് നാം കഴിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടത് പരമപ്രധാനമാണ്.

**1.2** ആഗോളവൽക്കരണത്തിന്റെ ഫലമായി ഭക്ഷ്യ ഉത്പാദന -വിതരണ ശൃംഖലകൾ കൂടുതൽ സങ്കീർണമായി തീർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം മുതൽ സംസ്കരണം, സംഭരണം, വിതരണം തുടങ്ങി ഉപഭോഗം ചെയ്യപ്പെടുന്നതുവരെ ഭക്ഷ്യവസ്തുക്കൾ തികച്ചും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് രാജ്യത്തെ ഓരോ പൗരനും സുരക്ഷിതവും സമ്പൂർണ്ണവുമായ ഭക്ഷണം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം-2006 (Food Safety and Standards Act 2006) ഇന്ത്യയിൽ നിലവിൽ വന്നത്. 2006 ഓഗസ്റ്റ് മാസത്തിൽ ഇന്ത്യൻ പാർലമെൻറ് പാസാക്കിയ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ നാലാം വകുപ്പ് പ്രകാരമാണ് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പരമോന്നത സ്ഥാപനമായി ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) രൂപീകരിക്കപ്പെട്ടത്. ഇതിനെത്തുടർന്ന് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 30-ാം വകുപ്പ് പ്രകാരം

സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരെ അതത് സംസ്ഥാന സർക്കാരുകൾ നിയമിക്കുകയുണ്ടായി. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കി, സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയെന്ന ഉദ്ദേശത്തോടു കൂടിയാണ് കേരളത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് രൂപീകരിക്കപ്പെട്ടത്.

**1.3** ഭക്ഷ്യസുരക്ഷാ കമ്മീഷണറാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മേധാവി. എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രവർത്തിക്കുന്നത്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ കമ്മീഷണറേറ്റിന് കീഴിൽ മേഖലാ തലത്തിൽ ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസുകളും ജില്ലാതലത്തിൽ അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഓഫീസുകളും നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സർക്കിൾ ഓഫീസുകളും പ്രവർത്തിക്കുന്നു. അനലിറ്റിക്കൽ വിഭാഗത്തിൽ ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ, ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയും പ്രവർത്തിക്കുന്നു.

**<u>പ്രവൃത്തിപഠനത്തിന്റെ ആരംഭം</u>**

**1.4** ഭക്ഷ്യസുരക്ഷാ വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ സമർപ്പിച്ച ശിപാർശയിന്മേൽ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (ഫയൽ നമ്പർ : Health-E1/472/2017-Health) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നിർദ്ദേശം സമർപ്പിക്കുകയും അതിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-10) വകുപ്പ് 2020-ൽ പ്രവൃത്തി പഠനം ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് മഹാമാരിയെ തുടർന്ന് പ്രസ്തുത പഠനം മുന്നോട്ട് കൊണ്ടുപോകാനായില്ല. തുടർന്ന് 2022-ൽ ഭക്ഷ്യസുരക്ഷാ വകുപ്പിലെ പ്രവൃത്തിപഠനം നടത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-7) വകുപ്പിനെ ചുമതലപ്പെടുത്തുകയും 17.01.2023 ലെ സിഎഫ്എസ്/815/2022-സി1 നമ്പർ കത്ത് പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ പ്രവൃത്തിപഠനത്തിനുള്ള പരിഷ്കരിച്ച ശിപാർശ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-7) വകുപ്പിന് സമർപ്പിക്കുകയും ചെയ്തു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമായി നിർവഹിക്കുന്നതിന് വിവിധ

കാറ്റഗറികളിലായി 544 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദേശമാണ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ സമർപ്പിച്ചത്.

**1.5** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ശാക്തീകരണം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി 31.05.2023-ൽ വിളിച്ച് ചേർത്ത യോഗത്തിൽ, പ്രവൃത്തിപഠനം അടിയന്തരമായി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിലെ പ്രവൃത്തിപഠനം നടത്തുന്നതിന് 08.06.2023-ലെ സർക്കാർ ഉത്തരവ് (സാധാ)നം.245/2023/ഉഭപവ പ്രകാരം ഒരു സ്പെഷ്യൽ ടീം രൂപീകരിക്കുകയും പ്രവൃത്തിപഠനം ആരംഭിക്കുകയും ചെയ്തു.

**1.6** പ്രവൃത്തിപഠന സംഘം, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിൽ 12.06.2023-ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് സന്ദർശിക്കുകയും ഭക്ഷ്യസുരക്ഷാ കമ്മീഷണർ, മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി പ്രാഥമിക ചർച്ച നടത്തുകയും ചെയ്തു. ഭക്ഷ്യസുരക്ഷാ വകുപ്പിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സംഘത്തിന് പ്രാഥമിക ധാരണ ഈ ചർച്ചയിലൂടെ ലഭ്യമായി.

**1.7** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കേഡർ സ്ട്രെങ്ത് 725 ആണ്. നിലവിലെ മനുഷ്യ വിഭവശേഷി പ്രയോജനപ്പെടുത്തി വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ചും 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം കർശനമായി നടപ്പിലാക്കുന്നതിനുള്ള ഘടനാപരമായ മാറ്റങ്ങളുടെ ആവശ്യകത സംബന്ധിച്ചും വിശദമായ പ്രവൃത്തിപഠനം നടത്തേണ്ടതുണ്ടെന്ന് പഠനസംഘത്തിന് ബോധ്യപ്പെട്ടു.

**1.8** പൗരന്മാർക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്ഥാപിത ലക്ഷ്യം. കേരളം പോലുള്ള ഒരു ഉപഭോഗ സംസ്ഥാനത്തിൽ ഈ ലക്ഷ്യം നിറവേറ്റുകയെന്നത് കനത്ത വെല്ലുവിളിയാണ്. തങ്ങളുടെ ലക്ഷ്യം പൂർണ്ണമായി നിറവേറ്റാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളിലെല്ലാം ഭക്ഷ്യസുരക്ഷാ വകുപ്പിന് പൊതുസമൂഹത്തിന്റെ വിമർശനമേറ്റുവാങ്ങേണ്ടി വരുന്നുണ്ട്. ഈ

വിമർശനത്തിന്റെ അന്ത:സത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പൊതുസമൂഹത്തിന്റെ പ്രതീക്ഷയ്ക്കൊത്ത രീതിയിൽ ഉയർന്ന് പ്രവർത്തിക്കാനും അതുവഴി വകുപ്പിന്റെ ലക്ഷ്യം സാക്ഷാത്കരിക്കാനും കഴിയുന്ന തരത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

**1.9** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഭരണ നിർവഹണത്തിൽ വകുപ്പ് നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണ് ഈ പ്രവൃത്തിപഠനത്തിലൂടെ ലക്ഷ്യമിടുന്നത്. പഠനത്തിലെ കണ്ടെത്തലുകൾ തുടർന്നുള്ള അധ്യായങ്ങളിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

**1.10** പ്രവൃത്തിപഠനം നടത്തുന്നതിനായി അവലംബിച്ചിട്ടുള്ള രീതിശാസ്ത്രം (Methodology) അധ്യായം 2-ലും, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഘടനയും പ്രവർത്തന രീതിയും (സംഘടനാ അപഗ്രഥനം - Organization Analysis) സംബന്ധിച്ച് അധ്യായം 3-ലും വിവരണം നൽകിയിട്ടുണ്ട്. പഠനത്തിലൂടെ മനസിലാക്കിയ വസ്തുതകളും അവയുടെ അപഗ്രഥനവും (Facts & Analysis) നിരീക്ഷണങ്ങളും പഠനസംഘത്തിന്റെ ശിപാർശകളും അധ്യായം 4-ൽ പ്രതിപാദിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ വിശദാംശങ്ങളും തസ്തികകളുടെ വിന്യാസവും അധ്യായം 5-ൽ കാണാവുന്നതാണ്. പൊതുവായ ശിപാർശകൾ (General Recommendations) അധ്യായം 6-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. തസ്തിക സൃഷ്ടിക്കലിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത, അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് അധ്യായം 7-ൽ വിശദമാക്കിയിട്ടുണ്ട്. ശിപാർശകളുടെ സംഗ്രഹം അധ്യായം 8-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# അധ്യായം - 2

# രീതിശാസ്ത്രം (Methodology)

**2.1** ഭക്ഷ്യസുരക്ഷാ കമ്മീഷണർ, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി പഠനസംഘം നടത്തിയ ചർച്ചയിൽ നിന്നും മനസ്സിലാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ഒരു പ്രവൃത്തിപഠനം നടത്തുവാൻ തീരുമാനിച്ചു. ഇതിനായി പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാന തത്വങ്ങളായ സംഘടനാ അപഗ്രഥനം (Organization Analysis), മാർഗ്ഗ പഠനം (Method study), ജോലിഭാര നിർണയം (Work Measurement) എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ടാണ് പ്രവൃത്തിപഠനം നടത്തിയത്.

**2.2** പ്രവൃത്തിപഠനത്തിന്റെ ഭാഗമായുള്ള വിവരശേഖരണത്തിനായി തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് പഠനസംഘം സന്ദർശിച്ചു. വകുപ്പിന്റെ പ്രവർത്തനം, ചുമതലകളും ഉത്തരവാദിത്തങ്ങളും, വിവിധ ഓഫീസുകൾ, ജീവനക്കാരുടെ എണ്ണം എന്നിവയെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ കമ്മീഷണറേറ്റിൽ നിന്നും ശേഖരിച്ചു. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഫീൽഡ്തല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ചുമതല ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും നിക്ഷിപ്തമാണ്. പ്രാഥമിക വിവരങ്ങൾ വിശകലനം ചെയ്തതിന് ശേഷം ഓഫീസുകളുടെ പ്രവർത്തനരീതി നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനുമായി, വിവിധ ഘടകങ്ങൾ പരിഗണിച്ച് തെരഞ്ഞെടുത്ത 7 ജില്ലാ ഓഫീസുകളും ഏതാനും സർക്കിൾ ഓഫീസുകളും പഠനസംഘം സന്ദർശിച്ചു. ഇത് കൂടാതെ വകുപ്പിന് കീഴിലുള്ള ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും അനലിറ്റിക്കൽ വിഭാഗത്തിൽപ്പെടുന്ന ലബോറട്ടറികളും പഠനവിധേയമാക്കി.

**2.3** സാമ്പത്തികവർഷത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥിതിവിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതെന്നതിനാൽ 2022-2023 സാമ്പത്തിക വർഷമാണ് ഈ പ്രവൃത്തിപഠനത്തിന്റെ വിവര ശേഖരണത്തിനുള്ള അടിസ്ഥാന വർഷമായി തെരഞ്ഞെടുത്തത്. പഠനത്തിനായി പ്രാഥമിക സ്ഥിതിവിവരങ്ങളും (Primary Data) ദ്വിതീയ സ്ഥിതിവിവരങ്ങളും (Secondary Data) ഉപയോഗിക്കുകയുണ്ടായി. വിവര

ശേഖരണത്തിനായി നിരീക്ഷണം, listening & questioning, അഭിമുഖം, കേസ് സ്റ്റഡി തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഇതോടൊപ്പം എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾ നേരിട്ടുകണ്ട് വിലയിരുത്തുന്നതിനായി ഫീൽഡ് വിസിറ്റുകളും നടത്തുകയുണ്ടായി.

**2.4** ഭക്ഷ്യസുരക്ഷാ വകുപ്പിലെ വിവിധ ഓഫീസുകൾ സന്ദർശിച്ച് പ്രവർത്തനം നേരിട്ട് വിലയിരുത്തിയാണ് പ്രാഥമിക സ്ഥിതിവിവരങ്ങൾ തയ്യാറാക്കിയത്. ഇതിനായി സന്ദർശിച്ച ഓരോ ഓഫീസിലേയും ജീവനക്കാരുമായി വിശദമായ ചർച്ച നടത്തി. വകുപ്പിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, വിവിധ പ്രവർത്തനങ്ങൾ, നിലവിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു. വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചും നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും വിവിധ വിഭാഗം ജീവനക്കാർ എഴുതി നല്കിയ വിവരങ്ങളും പഠനസംഘം ശേഖരിച്ചിട്ടുണ്ട്.

**2.5** ദ്വിതീയ വിവരശേഖരണത്തിനായി വകുപ്പിന്റെ വാർഷിക ഭരണ റിപ്പോർട്ട്, പ്രവർത്തന റിപ്പോർട്ട്, വെബ് സൈറ്റ്, കംപ്ട്രോളർ & ആഡിറ്റ് ജനറലിന്റെ റിപ്പോർട്ടുകൾ, ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, വാർഷിക വരവുചെലവ് കണക്കുകൾ എന്നിവയെ ആശ്രയിച്ചു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഏറ്റവും താഴേത്തട്ടിലുള്ള സർക്കിൾ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും സംസ്ഥാനതലത്തിലുള്ള പ്രവർത്തനം അവലോകനം ചെയ്യുന്നതിനുമായി മുഴുവൻ സർക്കിൾ ഓഫീസുകളിൽ നിന്നും 18 തരത്തിലുള്ള സ്ഥിതിവിവരങ്ങൾ ഗൂഗിൾ ഷീറ്റിലൂടെ ശേഖരിച്ച് വിശകലനം ചെയ്യുകയുണ്ടായി. അനലിറ്റിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ജീവനക്കാർ ലഭ്യമാക്കിയ സ്ഥിതിവിവരങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ പ്രവർത്തനരീതികൾ മനസ്സിലാക്കുകയും പ്രവൃത്തി പരിചയമുള്ള വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തു.

**2.6** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലിഭാരവും നിർണയിച്ചിട്ടുണ്ട്. ഓരോ ജോലിയും ചെയ്യുന്നതിനാവശ്യമായ സമയം നിർണ്ണയിച്ച് കൊണ്ട് അത് ആകെ ജോലിയുമായി ബന്ധപ്പെടുത്തി ജീവനക്കാരുടെ ജോലിഭാരം ശാസ്ത്രീയമായി നിർണയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഫയൽ ജോലികൾക്കും സാധാരണ

ജോലികൾക്കും (Routine Works) ഒപ്പം Personal & Fatigue Allowance ആയി 15% അധിക സമയം കൂടി അനുവദിച്ച്, ഒരു സർക്കാർ ജീവനക്കാരൻ ഒരു വർഷം 1700 മണിക്കൂർ ജോലി ചെയ്യണമെന്ന തത്വം അടിസ്ഥാനമാക്കി മനുഷ്യപ്രയത്ന സൂചിക (Man Power Index) കണ്ടെത്തുകയും ആവശ്യമായ മനുഷ്യ വിഭവശേഷി നിർണയിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചത്. മനുഷ്യപ്രയത്ന സൂചികയിൽ (Man Power Index) '0.3' മുതൽ മുകളിലേക്കുള്ള അംശങ്ങളെ തൊട്ടുമുകളിലുള്ള പൂർണസംഖ്യയായി നിർണയിക്കുകയും '0.3' നേക്കാൾ കുറഞ്ഞ അംശങ്ങളെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്

**2.7** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഓഫീസുകളിൽ വിവിധ ജോലികൾ ചെയ്യുന്നതിനായി നിലവിൽ അനുവർത്തിക്കുന്ന രീതികൾ പരിശോധിക്കുകയും മാറ്റം ആവശ്യമെന്ന് ബോധ്യപ്പെട്ട സ്ഥലങ്ങളിൽ/സന്ദർഭങ്ങളിൽ അവ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**2.8** ഓഫീസുകളുടെ നിലവിലെ ഘടനയും ഓരോ ഓഫീസിലും നിർവഹിക്കപ്പെടുന്ന ചുമതലകളും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് അനുയോജ്യമാണോയെന്ന കാര്യത്തിൽ വിമർശനാത്മക വിശകലനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഓഫീസുകളെ പുന:സംഘടിപ്പിക്കുന്നതിനും ചുമതലകൾ പുനഃക്രമീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി നിയമവിദഗ്ധർ ഉൾപ്പെടെയുള്ളവരുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമെന്ന് കണ്ടെത്തിയ ഓഫീസ് സംവിധാനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനും ഉപയോഗപ്രദമല്ലാത്തവ നിർത്തലാക്കുന്നതിനുമുള്ള ശിപാർശകളും നൽകിയിട്ടുണ്ട്. നിലവിലുള്ള മനുഷ്യവിഭവശേഷി ഏറ്റവും ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പിനെ പുന:സംഘടിപ്പിക്കുന്നതിനാണ് പഠനസംഘം ഊന്നൽ നൽകിയിട്ടുള്ളത്. എന്നാൽ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമെന്ന് ബോധ്യപ്പെട്ട സാഹചര്യങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകളും നൽകിയിട്ടുണ്ട്.

**2.9** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ഓരോ തസ്തികയുടെയും സ്ഥാനപരമായ സാംഗത്യവും (Positional Significance) പരിശോധിക്കുകയുണ്ടായി. ഒരോ തസ്തികയിലും നിക്ഷിപ്തമായ ചുമതലകൾ തന്നെയാണോ ആ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ നിർവഹിക്കുന്നതെന്ന് പരിശോധിക്കുകയും അതുറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ചുമതലകൾ നിറവേറ്റുവാൻ മെച്ചപ്പെട്ട ഓഫീസ് സാഹചര്യവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി നൽകുന്നതിനോടൊപ്പം പ്രസ്തുത ചുമതലകൾ യഥാവിധി നിറവേറ്റപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ഉദ്യോഗസ്ഥരെ ചുമതലകൾ യഥാവിധി നിർവഹിക്കുവാൻ ബാധ്യസ്ഥരാക്കുന്നതിനുള്ള ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# അധ്യായം - 3

# സംഘടനാ അപഗ്രഥനം (Organization Analysis)

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആവിർഭാവം

**3.1** ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് രാജ്യത്ത് നിലവിലുണ്ടായിരുന്ന 1954-ലെ മായം ചേർക്കൽ നിരോധന നിയമം, (Prevention of Food Adulteration Act - PFA 1954) പിൻവലിച്ചുകൊണ്ടാണ് കേന്ദ്രസർക്കാർ 2006-ൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കിയത്. ഈ നിയമം പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് രൂപം നൽകുകയുണ്ടായി. 23.09.2009-ലെ സ.ഉ(കൈ)നം.123/2009/ആകുവ ഉത്തരവ് പ്രകാരം മായം ചേർക്കൽ നിരോധന നിയമത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന Prevention of Food Adulteration വിംഗിനെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി കൈമാറുകയുണ്ടായി. കൂടാതെ Prevention of Food Adulteration വിംഗിന്റെ ഭാഗമായിരുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിലേയും അനലിറ്റിക്കൽ ലബോറട്ടറികളിലേയും ജീവനക്കാരുടെ നിയന്ത്രണവും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിക്ഷിപ്തമാക്കി. PFA വിംഗിന് കീഴിലുണ്ടായിരുന്ന സ്ഥാവര ജംഗമ വസ്തുക്കളുടെ ഉടമസ്ഥാവകാശവും, ആ വിംഗിന് അനുവദിച്ചിരുന്ന ശീർഷകവും ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് കൈമാറുകയും കമ്മീഷണറെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ തലവനായി പ്രഖ്യാപിക്കുകയും ചെയ്തു. 2009 മുതൽ ഭക്ഷ്യസുരക്ഷാ വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ ഒരു പ്രത്യേക വകുപ്പായി പ്രവർത്തനം ആരംഭിച്ചു.

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഘടന

**3.2** ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണുള്ളത്. ഇതിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 533 തസ്തികകളും അനലിറ്റിക്കൽ വിഭാഗത്തിൽ 192 തസ്തികകളും ഉൾപ്പെടെ 725 അംഗീകൃത തസ്തികകളാണ് വകുപ്പിൽ നിലവിലുള്ളത്. ഈ തസ്തികകളിൽ 405 എണ്ണം മിനിസ്റ്റീരിയൽ ജിവനക്കാരുടേതാണ്. ശേഷിക്കുന്ന തസ്തികകളിൽ 179 എണ്ണം

എൻഫോഴ്സ്മെന്റ് തസ്തികകളും 141 എണ്ണം അനലിറ്റിക്കൽ തസ്തികകളുമാണ്.

**3.3** ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ - 1

| **ക്രമ നമ്പർ** | **ഓഫീസിന്റെ പേര്** | **ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം** | **ഓഫീസുകളുടെ എണ്ണം** |
|---|---|---|---|
| 1 | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസ് (ഹെഡ്ക്വാർട്ടേഴ്സ്) | തിരുവനന്തപുരം | 1 |
| 2 | ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ് | തിരുവനന്തപുരം | 1 |
| 3 | ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ് | എറണാകുളം | 1 |
| 4 | ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ് | കോഴിക്കോട് | 1 |
| 5 | ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ് | ജില്ലാ തലം | 14 |
| 6 | സർക്കിൾ ഓഫീസുകൾ (O/o ഭക്ഷ്യസുരക്ഷാ ഓഫീസർ) | നിയമസഭാ മണ്ഡലം തലം | 140 |
| 7 | ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി | തിരുവനന്തപുരം | 1 |
| 8 | റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി | എറണാകുളം | 1 |
| 9 | റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി | കോഴിക്കോട് | 1 |
| 10 | റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി | കണ്ണൂർ | 1 |
| 11 | ഡിസ്ട്രിക്ട് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി | പത്തനംതിട്ട | 1 |
| | | **ആകെ ഓഫീസുകളുടെ എണ്ണം** | **163** |

**3.4** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിലവിലുള്ള ഓർഗനൈസേഷൻ ചാർട്ട് **അനുബന്ധം-I** ആയും അംഗീകൃത തസ്തികകളുടെ എണ്ണവും ശമ്പളസ്കെയിലും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം-II** ആയും വകുപ്പിന്റെ വിവിധ ഓഫീസുകളിലെ തസ്തികകളുടെ വിന്യാസം **അനുബന്ധം-III** ആയും കാണാവുന്നതാണ്.

**3.5** ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് (ഹെഡ് ക്വാർട്ടേഴ്സ്)**

**3.6** 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 30-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ നിയമിക്കുന്ന ഭക്ഷ്യസുരക്ഷാ കമ്മീഷണറാണ് വകുപ്പിന്റെ തലവൻ. ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും കമ്മീഷണറിൽ നിക്ഷിപ്തമാണ്.

**3.7** ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്), ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർ ഭരണ കാര്യങ്ങളിൽ കമ്മീഷണറെ സഹായിക്കുന്നു. ഈ തസ്തികകളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

**ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്)**

ഭരണപരവും നിയമപരവുമായ വിഷയങ്ങളിൽ കമ്മീഷണറെ സഹായിക്കുക, വിജിലൻസ് ചുമതലകൾക്ക് മേൽനോട്ടം വഹിക്കുക എന്നിവയാണ് ഈ തസ്തികയുടെ ചുമതല.

**ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)**

മേഖലാ, ജില്ലാ, സർക്കിൾ തലങ്ങളിലെ ഭക്ഷ്യ സുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയെന്നതാണ് ഈ തസ്തികയുടെ പ്രധാന ചുമതല.

**ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ)**

അനലിറ്റിക്കൽ ലാബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയെന്നതാണ് ഈ തസ്തികയുടെ ചുമതല. ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തികയുടെ സ്ഥാനക്കയറ്റ തസ്തികയാണിത്.

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ഭരണപരമായ വിഷയങ്ങളിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറെ സഹായിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്. ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിലാണ് ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്.

## ഫിനാൻസ് ഓഫീസർ

ധനപരമായ വിഷയങ്ങളിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറെ സഹായിക്കുന്നത് ഫിനാൻസ് ഓഫീസറാണ്. ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ധനവകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്.

## ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ് (മേഖലാ ഓഫീസുകൾ)

**3.8** ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളാണ് നിലവിലുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾ തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണറുടെ അധികാര പരിധിയിലും ; കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ എറണാകുളം ഡെപ്യൂട്ടി കമ്മീഷണറുടെ അധികാര പരിധിയിലും ; മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കോഴിക്കോട് ഡെപ്യൂട്ടി കമ്മീഷണറുടെ അധികാര പരിധിയിലും ഉൾപ്പെടുന്നു. മൊബൈൽ വിജിലൻസ് സ്ക്വാഡ് (ഇന്റലിജൻസ്) എന്ന തസ്തിക പുനർനാമകരണം ചെയ്താണ് ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയാക്കി മാറ്റിയത്.

**3.9** ജില്ലാതല എൻഫോഴ്സ്മെന്റ്, ഐ.ഇ.സി (IEC - Information Education and Communication) മുതലായ പ്രവർത്തനങ്ങൾ മേഖലാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുക എന്നതാണ് നിലവിൽ ഡെപ്യൂട്ടി കമ്മീഷണർമാരുടെ ചുമതലകൾ. ഭക്ഷ്യസുരക്ഷാ നിയമലംഘനവുമായി ബന്ധപ്പെട്ട പ്രോസിക്യൂഷൻ അനുമതി നൽകുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 22.06.2023 ലെ

സി.എഫ്.എസ്/80/2023-എ 1 നമ്പർ നടപടിക്രമത്തിലൂടെ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് പ്രത്യായോജനം ചെയ്ത് നൽകിയിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ് (ജില്ലാതല ഓഫീസുകൾ)**

**3.10** ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജില്ലാതല ഓഫീസ്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 36-ാം വകുപ്പ് പ്രകാരം ജില്ലയിലെ ഡെസിഗ്നേറ്റഡ് ഓഫീസറായി നിയോഗിച്ചിട്ടുള്ളത് അസിസ്റ്റന്റ് കമ്മീഷണറെയാണ്. ഡെസിഗ്നേറ്റഡ് ഓഫീസർ എന്ന നിലയിൽ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്ക് (എഫ്.ബി.ഒ.) ലൈസൻസ് അനുവദിക്കൽ/റദ്ദാക്കൽ, ഭക്ഷ്യസുരക്ഷാ മാനദണ്ഡ പ്രകാരമുള്ള ഗുണനിലവാരം പാലിക്കാത്ത ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപ്പന നിരോധിക്കൽ, അഡ്ജുഡിക്കേഷൻ അനുമതി നൽകൽ, സാമ്പിൾ കസ്റ്റോഡിയനായി പ്രവർത്തിക്കൽ തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി ചുമതലകൾ അസിസ്റ്റന്റ് കമ്മീഷണർമാരിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പം ജില്ലാ ഓഫീസറെന്ന നിലയിൽ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ജില്ലാതല നിയമനം, ഐ.ഇ.സി., മറ്റു സ്റ്റേറ്റ് പ്രോഗ്രാമുകൾ എന്നിവയ്ക്കായി അനുവദിക്കപ്പെടുന്ന ഫണ്ടിന്റെ വിതരണം/വിനിയോഗം, സർക്കിൾ ഓഫീസുകളുടെ പ്രവർത്തന മേൽനോട്ടം തുടങ്ങിയ ഭരണപരമായ ചുമതലകളും അസിസ്റ്റന്റ് കമ്മീഷണർമാർക്കുണ്ട്.

**ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസ്**

**3.11** നിയമസഭാ നിയോജക മണ്ഡലം അടിസ്ഥാനമാക്കി സംസ്ഥാനത്ത് 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നു. ഭക്ഷ്യസുരക്ഷാ ഓഫീസറാണ് സർക്കിൾ ഓഫീസിന്റെ തലവൻ. ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ, ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവരടങ്ങുന്നതാണ് സർക്കിൾ ഓഫീസിന്റെ പൊതുവായ ഘടന.

**3.12** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഓഫീസുകളാണ് സർക്കിൾ ഓഫീസുകൾ. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിവിധതരം ചുമതലകൾ താഴേത്തട്ടിൽ നിർവഹിക്കപ്പെടുന്നത് സർക്കിൾ

ഓഫീസുകൾ മുഖേനയാണ്. ഭക്ഷ്യസുരക്ഷാ നിയമപ്രകാരം വിപുലമായ അധികാരങ്ങൾ ഉള്ളവരാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ. സർക്കിൾ ഓഫീസിന്റെ പരിധിക്കുള്ളിലുള്ള ഫീൽഡ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കലും നിയമം കർശനമായി നടപ്പിലാക്കലുമാണ് ഈ ഓഫീസർമാരുടെ പ്രധാനചുമതല. അതിനൊപ്പം കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന ബോധവൽക്കരണ/ പരിശീലന പരിപാടികളും ഐ.ഇ.സി (IEC - Information Education and Communication) പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതും ഈ ഉദ്യോഗസ്ഥരാണ്.

## അനലിറ്റിക്കൽ വിഭാഗം

**3.13** ചീഫ് ഗവൺമെന്റ് അനലിസ്റ്റാണ് (CGA) അനലിറ്റിക്കൽ വിഭാഗത്തിന്റെ മേധാവി. അനലിറ്റിക്കൽ വിഭാഗത്തിൽ തിരുവനന്തപുരത്ത് ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികൾ NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷൻ ലഭിച്ചവയാണ്. 140 സർക്കിളുകളിൽ നിന്നും ശേഖരിക്കുന്ന സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും സർവൈലൻസ് സാമ്പിളുകളും ഈ ലബോറട്ടറികളിൽ പരിശോധിക്കുന്നു. ഇതിനു പുറമേ പൊതുജനങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സ്വകാര്യ സാമ്പിളുകളും ഈ ലബോറട്ടറികളിൽ പരിശോധിക്കുന്നു. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം സാമ്പിളുകൾ പരിശോധിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് നൽകുകയെന്നതാണ് അനലിറ്റിക്കൽ ലബോറട്ടറികളുടെ ചുമതല.

**3.14** തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ നിയന്ത്രണത്തിലും എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികൾ ഗവൺമെന്റ് അനലിസ്റ്റിന്റെ നിയന്ത്രണത്തിലും പ്രവർത്തിക്കുന്നു. ഇതിനു പുറമേ പത്തനംതിട്ടയിൽ ഒരു ജില്ലാ ലബോറട്ടറിയും പ്രവർത്തിക്കുന്നു. കണ്ണൂർ ജില്ലയിൽ പുതിയതായി ഒരു റീജിയണൽ ലബോറട്ടറി അനുവദിച്ചിട്ടുണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ലബോറട്ടറിക്ക് തസ്തികകളൊന്നും അനുവദിച്ചിട്ടില്ല. കോഴിക്കോട്

ലബോറട്ടറിയിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചാണ് നിലവിൽ ഈ ലബോറട്ടറി പ്രവർത്തിക്കുന്നത്. മൊബൈൽ ഭക്ഷ്യ പരിശോധന ലബോറട്ടറികളുടെ പ്രവർത്തനവും ഏകോപനവും നിർവഹിക്കുന്നതും ചീഫ് ഗവൺമെന്റ് അനലിസ്റ്റാണ്.

**3.15** അനലിറ്റിക്കൽ വിഭാഗത്തിലെ തസ്തികകളുടെ വിന്യാസം **അനുബന്ധം - III-ൽ** കാണാവുന്നതാണ്.

**3.16** ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തികയ്ക്ക് പുറമേ ഗവൺമെന്റ് അനലിസ്റ്റ്, ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്, റിസർച്ച് ഓഫീസർ, ജൂനിയർ റിസർച്ച് ഓഫീസർ, റിസർച്ച് ഓഫീസർ (മൈക്രോബയോളജി), മൈക്രോബയോളജിസ്റ്റ്, ടെക്നിക്കൽ അസിസ്റ്റന്റ്, ലബോറട്ടറി അസിസ്റ്റന്റ്, പായ്ക്കർ എന്നീ തസ്തികകളും അനലിറ്റിക്കൽ വിഭാഗത്തിൽ നിലവിലുണ്ട്.

**3.17** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 45-ാം വകുപ്പ് പ്രകാരമാണ് ഫുഡ് അനലിസ്റ്റുമാരുടെ നിയമനവും ചുമതലകളും നിശ്ചയിച്ചിട്ടുള്ളത്. ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് തലം മുതൽ മുകളിലുള്ള ഉദ്യോഗസ്ഥരെയാണ് പരിശോധന റിപ്പോർട്ടിൽ ഒപ്പുവയ്ക്കാൻ അധികാരമുള്ള (Authorized Signatory) ഫുഡ് അനലിസ്റ്റുമാരായി നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

## <u>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

**3.18** 'സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക' എന്ന പ്രഖ്യാപിത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പരിശീലന പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചു വരുന്നത്. "നല്ല ഭക്ഷണം നാടിന്റെ അവകാശം" എന്ന ക്യാമ്പയിനിൽ ഉൾപ്പെടുത്തി ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യപരിശോധനകൾ നടത്തി വരുന്നു.

**3.19** സ്ഥിരം (Routine) പരിശോധനകൾക്ക് പുറമെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച്

പ്രത്യേക പരിശോധനകളും ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്താറുണ്ട്. മത്സ്യത്തിലെ രാസസാന്നിധ്യം കണ്ടെത്തുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി 'ഓപ്പറേഷൻ മത്സ്യ'; സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി 'ഓപ്പറേഷൻ ഷവർമ്മ' ; കറിപ്പൊടികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിലെ കീടനാശിനികളുടെ സാന്നിധ്യം പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി 'ഓപ്പറേഷൻ സ്പൈസസ്' ; എല്ലാ ഭക്ഷ്യസ്ഥാപനങ്ങളേയും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള 'ഓപ്പറേഷൻ ഫോസ്കോസ്' ; വെളിച്ചെണ്ണയിൽ സൾഫർ തുടങ്ങിയ രാസവസ്തുക്കളുടെ സാന്നിധ്യം ഉണ്ടോയെന്ന് അറിയുന്നതിനായി 'ഓപ്പറേഷൻ ഓയിൽ' ; ശർക്കരയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 'ഓപ്പറേഷൻ ജാഗറി' തുടങ്ങിയവയാണ് 2022-2023 വർഷത്തിൽ വകുപ്പ് നടത്തിയിട്ടുള്ള പ്രധാനപ്പെട്ട സ്പെഷ്യൽ സ്ക്വാഡ് പരിശോധനകൾ.

**3.20** ഓണം, ക്രിസ്തുമസ്, റംസാൻ, പുതുവത്സരം എന്നീ ആഘോഷങ്ങളോടനുബന്ധിച്ച് ജില്ലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചുള്ള പ്രത്യേക പരിശോധനകൾ, വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സർക്കിൾ തലത്തിലുള്ള രാത്രികാല പ്രത്യേക പരിശോധനകൾ, അന്യ സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി ചെക്ക്പോസ്റ്റുകൾ വഴി സംസ്ഥാനത്തെത്തുന്ന പാൽ, മത്സ്യം, പഴം, പച്ചക്കറി, മാംസം എന്നിവ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചുള്ള പരിശോധനകൾ എന്നിവയും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടത്താറുണ്ട്.

**3.21** ശബരിമല ഉത്സവം, ആറ്റുകാൽ പൊങ്കാല തുടങ്ങി ജനപങ്കാളിത്തം കൂടുതലുള്ള ആഘോഷങ്ങൾക്ക് അനുബന്ധമായി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി വകുപ്പിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ ആ മേഖലകളിൽ പ്രത്യേക ഡ്യൂട്ടിക്കായി നിയോഗിക്കാറുണ്ട്. ഇതുകൂടാതെ പൊതുവിതരണം, തദ്ദേശ സ്വയംഭരണം, മത്സ്യബന്ധനം, ക്ഷീരവികസനം, ലീഗൽ മെട്രോളജി, എക്സൈസ് തുടങ്ങിയ

വകുപ്പുകളുമായി ചേർന്നുള്ള സംയുക്ത പരിശോധനകളും നടത്തിവരുന്നു.

## ഐ.ഇ.സി (Information, Education and Communication) പ്രവർത്തനങ്ങൾ

**3.22** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, റൂൾസ്, റെഗുലേഷൻസ് എന്നിവ സംസ്ഥാനത്ത് പൂർണ്ണമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് പ്രസ്തുത നിയമത്തെക്കുറിച്ച് ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെയും ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവരെയും ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം തുല്യപ്രാധാന്യമാണ് ഐ.ഇ.സി പ്രവർത്തനങ്ങൾക്കുമുള്ളത്.

**3.23** ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ പദ്ധതി വിഹിതമായി അനുവദിക്കുന്ന തുക കൂടാതെ 2020-21 സാമ്പത്തിക വർഷം മുതൽ FSSAI-യും സംസ്ഥാന സർക്കാരും ചേർന്നുള്ള ധാരണാപത്രം പ്രകാരം 60:40 എന്ന അനുപാതത്തിൽ വാർഷിക വർക്ക് പ്ലാൻ മുഖേനയും തുക അനുവദിക്കുന്നുണ്ട്. ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചു കൊണ്ട് ഐ.ഇ.സി/ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കുകയെന്നതും വകുപ്പിൽ നിക്ഷിപ്തമായ ചുമതലയാണ്.

**3.24** ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തുന്ന പ്രധാനപ്പെട്ട ഐ.ഇ.സി. പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

## FSSAI യുടെ സഹകരണത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ

- ഫോസ്റ്റാക് ട്രെയിനിങ് (FoSTaC Training)
- Eat Right Campus
- Eat Right School
- ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്ബ്
- ക്ലീൻ ഫ്രൂട്ട് ആൻഡ് വെജിറ്റബിൾ മാർക്കറ്റ്
- ഹൈജീൻ റേറ്റിംഗ് (Hygiene Rating)
- BHOG പദ്ധതി (Blissful Hygiene Offering to God)

- RUCO (Repurpose Used Cooking Oil)
- Safe Food Share Food, Food Fortification)

**സംസ്ഥാന പദ്ധതികൾ**

- സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി
- സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് @ സ്കൂൾ (SNF @ School)

**ഫുഡ് സേഫ്റ്റി ഓൺ വീൽസ്**

**3.25** എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലബോറട്ടറികളിലൂടെ പൊതുജനങ്ങൾക്ക് ഭക്ഷ്യസാമ്പിളുകൾ, വെള്ളം മുതലായവ പരിശോധന നടത്താനുള്ള സൗകര്യം ലഭ്യമാണ്. വകുപ്പ് നടത്തുന്ന വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഈ ലബോറട്ടറികളുടെ സേവനം വിനിയോഗിക്കുന്നു.

**3.26** ജൂൺ 7 ലോക ഭക്ഷ്യസുരക്ഷാ ദിനമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായും വിവിധതരം പരിപാടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സംഘടിപ്പിക്കാറുണ്ട്.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വരുമാന സ്രോതസ്സുകൾ**

**3.27** പ്രധാനമായും ആറ് വരുമാന സ്രോതസ്സുകളാണ് ഭക്ഷ്യസുരക്ഷാ വകുപ്പിനുള്ളത്. ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ (FBO) ലൈസൻസ്/രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള ഫീസിനത്തിൽ ലഭിക്കുന്ന തുകയാണ് ഈ വകുപ്പിന്റെ പ്രധാന വരുമാന മാർഗം. ഇതുകൂടാതെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 69-ാം വകുപ്പ് പ്രകാരം കോമ്പൗണ്ടിംഗ് ഇനത്തിലും അഡ്ജുഡിക്കേഷൻ ഇനത്തിലും ഈടാക്കുന്ന പിഴത്തുക, ക്രിമിനൽ കോടതി ഉത്തരവുകൾ മുഖേന ലഭ്യമാകുന്ന പിഴത്തുക, വൻകിട ഉത്പാദകർ, ഭക്ഷ്യവസ്തുക്കളുടെ കയറ്റുമതി/ഇറക്കുമതി ചെയ്യുന്നവർ എന്നിവരിൽ നിന്നും വാർഷിക റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തതിന് ഈടാക്കുന്ന ഫൈൻ, സാമ്പിൾ പരിശോധനാ ഫീസിനത്തിൽ ലഭ്യമാകുന്ന തുക എന്നീ ഇനങ്ങളിലൂടെയാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന് വരുമാനം ലഭ്യമാകുന്നത്. 2022-23 കാലയളവിൽ 28.94

കോടി രൂപ ഭക്ഷ്യസുരക്ഷാ വകുപ്പിന് നികുതിയേതര വരുമാനമായി ലഭിച്ചിട്ടുണ്ട്.

## പദ്ധതി വിഹിതത്തിന്റെ വിനിയോഗം

**3.28** 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ പദ്ധതി വിഹിതമായി അനുവദിച്ച 1218.96 ലക്ഷം രൂപയിൽ 1028.83 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

## ഇ - ഓഫീസ് സംവിധാനം

**3.29** സർക്കിൾ ഓഫീസുകൾ ഒഴികെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഇ - ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## അറ്റൻഡൻസ് മോണിറ്ററിംഗ് സംവിധാനം

**3.30** ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ആസ്ഥാന കാര്യാലയത്തിലും തിരുവനന്തപുരത്തെ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയത്തിലും തിരുവനന്തപുരം, കോട്ടയം, കണ്ണൂർ എന്നീ ജില്ലാ കാര്യാലയങ്ങളിലും സ്പാർക്ക് അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ പഞ്ചിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## അധ്യായം - 4

# വസ്തുതകളും അപഗ്രഥനവും (Facts and Analysis)

**4.1** ഭക്ഷ്യസുരക്ഷാ കമ്മീഷണറാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മേധാവി. എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായാണ് വകുപ്പ് പ്രവർത്തിക്കുന്നത്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ കമ്മീഷണറേറ്റിന് കീഴിലായി മേഖലാതലത്തിൽ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും ജില്ലാതലത്തിൽ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകളും നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സർക്കിൾ ഓഫീസുകളും പ്രവർത്തിക്കുന്നു. അനലിറ്റിക്കൽ വിഭാഗത്തിൽ ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയും പ്രവർത്തിക്കുന്നു. പ്രവൃത്തിപഠനത്തിന്റെ ഭാഗമായി വകുപ്പിലെ എല്ലാ വിഭാഗങ്ങളുടേയും പ്രവർത്തനം പഠനസംഘം വിശദമായി അപഗ്രഥിക്കുകയുണ്ടായി.

**4.2** 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന്റെ എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട സുപ്രധാന ചുമതലകൾ ഏറിയപങ്കും നിർവഹിക്കുന്നത് താഴെത്തട്ടിലുള്ള സർക്കിൾ ഓഫീസുകളും ജില്ലാ ഓഫീസുകളും മുഖേനയാണ്. ഈ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച കണ്ടെത്തലുകളും നിഗമനങ്ങളും തുടർന്നുള്ള ഖണ്ഡികകളിൽ കാണാവുന്നതാണ്.

**<u>ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകൾ</u>**

**4.3** അസിസ്റ്റന്റ് കമ്മീഷണറാണ് ജില്ലാ ഓഫീസിന്റെ മേധാവി. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 36-ാം വകുപ്പ് പ്രകാരം ജില്ലയിലെ ഡെസിഗ്നേറ്റഡ് ഓഫീസറായി പ്രവർത്തിക്കുന്നത് ഒന്നാം ഗസറ്റഡ് തസ്തികയിലുള്ള അസിസ്റ്റന്റ് കമ്മീഷണറാണ്.

**4.4** ജില്ലയിലെ ഡെസിഗ്നേറ്റഡ് ഓഫീസർ എന്ന നിലയിൽ എഫ്.ബി.ഒ. ലൈസൻസ് അനുവദിക്കൽ/റദ്ദാക്കൽ, ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡ പ്രകാരം ഗുണനിലവാരമില്ലാത്ത ഭക്ഷണപദാർത്ഥങ്ങളുടെ വിൽപ്പന നിരോധിക്കൽ,

സാമ്പിൾ കസ്റ്റോഡിയൻ ആയി പ്രവർത്തിക്കൽ, പ്രോസിക്യൂഷൻ അനുമതിയ്ക്കായി ശിപാർശ സമർപ്പിക്കൽ, അഡ്ജൂഡിക്കേഷൻ അനുമതി നൽകൽ, കോമ്പൗണ്ടിംഗ് ഫീ ചുമത്തൽ, ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകൽ, സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരണത്തിനുള്ള പേപ്പർ സ്ലിപ്പ് വിതരണം തുടങ്ങി ഒട്ടേറെ സ്റ്റാറ്റ്യൂട്ടറി ചുമതലകൾ അസിസ്റ്റന്റ് കമ്മീഷണർമാരിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പം ജില്ലാ ഓഫീസർ എന്ന നിലയിൽ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ജില്ലാതല നിയമനം, ജീവനക്കാര്യം, ഐ.ഇ.സി. പ്രവർത്തനങ്ങൾക്കായി അനുവദിക്കപ്പെടുന്ന ഫണ്ടിന്റെ വിതരണം/ വിനിയോഗം, ഇത് സംബന്ധമായ കണക്കുകളുടെ സൂക്ഷിപ്പ്, സർക്കിൾ ഓഫീസുകളുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം തുടങ്ങിയ ഭരണപരമായ ചുമതലകളും അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഉത്തരവാദിത്തമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലബോറട്ടറികളിലെ ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളുടേയും ഈ സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങളുടേയും നടപടികൾ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലാണ് കൈകാര്യം ചെയ്യുന്നത്.

**4.5** ഭരണപരമായ കാര്യങ്ങളിൽ അസിസ്റ്റന്റ് കമ്മീഷണർമാരെ സഹായിക്കുന്നതിനായി ജില്ലാ ഓഫീസുകളിൽ രണ്ട് ക്ലറിക്കൽ തസ്തികകളാണ് നിലവിലുള്ളത്(പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലാ ഓഫീസുകളിൽ ഓരോ ക്ലർക്ക് വീതം). ജില്ലാ ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് ജില്ലയിലെ വിവിധ സർക്കിൾ ഓഫീസുകളിൽ നിന്ന് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം വീതം ടേൺ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസുകളിൽ ക്ലർക്കുമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നു.

**<u>ജില്ലാ ഓഫീസുകൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ</u>**

**4.6** ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി സേവനമനുഷ്ഠിച്ച് ഫീൽഡ്തല പ്രവർത്തനങ്ങളിൽ അനുഭവസമ്പത്ത് നേടിയ ഉദ്യോഗസ്ഥരാണ് അസിസ്റ്റന്റ് കമ്മീഷണറായി സ്ഥാനക്കയറ്റം നേടി വരുന്നത്. അസിസ്റ്റന്റ് കമ്മീഷണറായി നിയമിക്കപ്പെടുന്നതോടെ ജില്ലാമേധാവി എന്ന നിലയിൽ ഭരണപരമായ ചുമതലകളും ഇവർക്ക് നിർവഹിക്കേണ്ടതായി വരുന്നു. ഭരണപരമായ കാര്യങ്ങളിൽ അസിസ്റ്റന്റ്

കമ്മീഷണറെ സഹായിക്കുന്നതിന് പര്യാപ്തമായ മിനിസ്റ്റീരിയൽ സംവിധാനം ജില്ലാ ഓഫീസുകളിൽ ഇല്ലാത്തത് ജില്ലാ ഓഫീസുകളുടെ പ്രവർത്തനത്തിന്റെ താളം തെറ്റിക്കുന്നു. സർക്കിൾ ഓഫീസുകളിൽ നിന്നും ക്ലർക്കുമാരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നത് രണ്ട് ഓഫീസുകളുടേയും സുഗമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതായി കാണുന്നു.

**4.7** ജില്ലാ ഓഫീസുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള ക്ലർക്കുമാരിൽ പലരും പുതുതായി സർവീസിൽ പ്രവേശിച്ചവരാണ്. ഓഫീസ് മാന്വൽ (MOP) പ്രകാരമുള്ള ഫയൽ പ്രോസസിംഗ്, രജിസ്റ്ററുകളുടെ പരിപാലനം എന്നിവയെക്കുറിച്ചും സർവീസ് ചട്ടങ്ങളെക്കുറിച്ചും ഭൂരിഭാഗം പേർക്കും വ്യക്തമായ ധാരണയില്ല. ക്ലർക്കുമാരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനോ അവർക്ക് മേൽനോട്ടം വഹിക്കുന്നതിനോ ജില്ലാ ഓഫീസുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഒരു സൂപ്പർവൈസറി തസ്തിക ഇല്ല. അതിനൊപ്പം ഓഫീസ് തലവനായ അസിസ്റ്റന്റ് കമ്മീഷണർക്ക് ഭരണപരമായ കാര്യങ്ങളിലുള്ള പരിചയക്കുറവ് കൂടിയാകുമ്പോൾ അത് ജില്ലാ ഓഫീസുകളുടെ ഭരണപരമായ ചുമതലാ നിർവഹണത്തെയും ഫയൽ/ രജിസ്റ്ററുകളുടെ പരിപാലനത്തെയും പ്രതികൂലമായി ബാധിക്കുന്നതായി പഠന സംഘത്തിന് ബോധ്യമായിട്ടുണ്ട്.

**4.8** ഭക്ഷ്യസുരക്ഷാ വകുപ്പിന് ജില്ലാതലത്തിൽ ഒരു ഡെസിഗ്നേറ്റഡ് ഓഫീസർ മാത്രമാണുള്ളത്. ജില്ലയിലെ മുഴുവൻ ലൈസൻസ് അപേക്ഷകളിലും തീർപ്പ് കൽപ്പിക്കുകയെന്ന ഭാരിച്ച ചുമതല ഈ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഇക്കാരണത്താൽ അപേക്ഷകളിൽ ശരിയായ വിധത്തിലുള്ള പരിശോധനകൾ നടത്താതെ ലൈസൻസ് അനുവദിക്കുന്നതിന് ഡെസിഗ്നേറ്റഡ് ഓഫീസർ നിർബന്ധിതനാകുന്നു. ലൈസൻസ് അപേക്ഷകളിൽ ഹൈ റിസ്ക് കാറ്റഗറിയിൽപ്പെടുന്ന ഹോട്ടൽ, ബേക്കറി മുതലായവയ്ക്ക് മാത്രമേ നിലവിൽ പ്രീ ലൈസൻസ് പരിശോധന നടത്തുന്നുള്ളൂ. ലൈസൻസിംഗ് പരിധിയിൽ വരേണ്ട സ്ഥാപനങ്ങളെല്ലാം ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും നിലവിൽ ലൈസൻസ് ഉള്ളവർ യഥാസമയം അത് പുതുക്കുന്നുണ്ടോയെന്നും ശരിയായ വിധത്തിൽ പരിശോധിക്കപ്പെടാത്തതു മൂലം വൻതോതിലുള്ള റവന്യൂനഷ്ടമാണ് വകുപ്പിനുണ്ടാകുന്നത്. ലൈസൻസുള്ള സ്ഥാപനങ്ങൾ

ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡപ്രകാരം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ജില്ലാതല ലൈസൻസിംഗ് അതോറിറ്റിയ്ക്ക് മിക്കപ്പോഴും കഴിയുന്നില്ല.

**4.9** സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറി, ഭരണപരം എന്നിങ്ങനെ പലവിധ ചുമതലകളാൽ വീർപ്പുമുട്ടുന്ന അവസ്ഥയിലാണ് മിക്ക ജില്ലാ ഓഫീസുകളും. എന്നാൽ ഇവയിൽ ഒരു ചുമതല പോലും കാര്യക്ഷമമായി നിർവഹിക്കുവാനുള്ള മനുഷ്യ വിഭവശേഷിയോ ഭൗതിക സാഹചര്യങ്ങളോ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കില്ല എന്നതാണ് യാഥാർത്ഥ്യം.

**ജില്ലാ മേധാവിയുടെ പദവി**

**4.10** ഒന്നാം ഗസറ്റഡ് തസ്തികയിലുള്ള അസിസ്റ്റന്റ് കമ്മീഷണറാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജില്ലാ മേധാവി. 1954-ലെ പി.എഫ്.എ. നിയമം നിലവിലുണ്ടായിരുന്നപ്പോൾ ആരോഗ്യവകുപ്പിന് കീഴിൽ ഉണ്ടായിരുന്ന ഡിസ്ട്രിക്ട് ഫുഡ് ഇൻസ്പെക്ടർ തസ്തികയാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് രൂപീകരിക്കപ്പെട്ടപ്പോൾ അസിസ്റ്റന്റ് കമ്മീഷണർ തസ്തികയായി മാറിയത്. മറ്റ് സർക്കാർ വകുപ്പുകളിൽ രണ്ടാം ഗസറ്റഡ് തസ്തികയിലോ അതിനു മുകളിലോ ഉള്ള ഉദ്യോഗസ്ഥരാണ് ജില്ലാ മേധാവിയായി സേവനമനുഷ്ഠിക്കുന്നത്. എന്നാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പോലെ വിപുലമായ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള വകുപ്പിന്റെ ജില്ലാ മേധാവിയായി ഒന്നാം ഗസറ്റഡ് തസ്തികയിലുള്ള ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നതായി പഠനസംഘത്തിന് ബോധ്യമായിട്ടുണ്ട്.

**4.11** ജില്ലയിലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് ജില്ലാ ഓഫീസറാണ്. ഭക്ഷ്യസുരക്ഷാ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുമായി ചേർന്ന് നിരവധി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ട ചുമതലയും ജില്ലാ മേധാവിമാർക്കുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ മറ്റ് വകുപ്പുകളിലെ ജില്ലാമേധാവികളുമായി ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിന് ഒന്നാം ഗസറ്റഡ് തസ്തികയിലുള്ള ജില്ലാ ഓഫീസറുടെ പദവി തടസ്സമാകുന്നുണ്ട്. കൂടാതെ

ജില്ലാതലത്തിൽ വിളിച്ചുചേർക്കുന്ന വകുപ്പുകളുടെ സംയുക്ത യോഗങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അഭിപ്രായങ്ങൾക്ക് പ്രാമുഖ്യം ലഭിക്കാതെ പോകുന്നതിനും ഇത് കാരണമാകുന്നതായി പഠനസംഘം വിലയിരുത്തുന്നു.

## ജില്ലാ ഓഫീസുകളിലെ നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ

**4.12** ഇടുക്കി, വയനാട് എന്നീ ജില്ലാ ഓഫീസുകൾ ഒഴികെ മറ്റെല്ലാ ജില്ലാ ഓഫീസുകളിലും സീനിയറായ ഒരു ഭക്ഷ്യസുരക്ഷാ ഓഫീസറെ നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസറായി നിയമിച്ചിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങളിൽ അസിസ്റ്റന്റ് കമ്മീഷണറെ സഹായിക്കുക, ഐ.ഇ.സി. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ വിനിയോഗം പരിശോധിക്കുക, വിവിധ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുക തുടങ്ങിയ മിനിസ്റ്റീരിയൽ ജോലികളാണ് നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഇപ്പോൾ ചെയ്തുവരുന്നത്. ഇവർ സ്റ്റാറ്റ്യൂട്ടറി ജോലികൾ ഒന്നും തന്നെ നിലവിൽ നിർവഹിക്കുന്നില്ല.

**4.13** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കേണ്ട ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ മിനിസ്റ്റീരിയൽ ജോലികൾക്കു മാത്രമായി നിയമിക്കുന്നത് ഉചിതമല്ലെന്ന് പഠനസംഘം വിലയിരുത്തുന്നു. ജില്ലാ ഓഫീസുകളിൽ മിനിസ്റ്റീരിയൽ ജോലികൾ നിർവഹിച്ചുവരുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകൾക്കായി നിയോഗിക്കേണ്ടതുണ്ടെന്നും വിലയിരുത്തുന്നു.

**4.14** ജില്ലാ ഓഫീസുകളിൽ നിക്ഷിപ്തമായ ലൈസൻസിംഗ് ഉൾപ്പെടെ എൻഫോഴ്സ്മെന്റ് സംബന്ധമായ പല ചുമതലകളും താഴേത്തട്ടിലേക്ക് വിഭജിച്ചു നൽകുന്നത് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വഴിതെളിക്കുമെന്നത് അവിതർക്കിതമായ വസ്തുതയാണ്. എൻഫോഴ്സ്മെന്റ് സംബന്ധമായ ചുമതലകൾ പലതും ഒഴിവാക്കപ്പെടുമ്പോൾ ജില്ലാ ഓഫീസുകൾക്ക് ഭരണപരമായ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ജില്ലാതലത്തിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും ഫലപ്രദമായി നിർവഹിക്കുവാനും സാധിക്കുമെന്ന് പഠനസംഘം വിലയിരുത്തുന്നു. ജില്ലാ ഓഫീസുകളുടെ

ഘടനയിലും ചുമതലകളിലും ആവശ്യമായ പുന:ക്രമീകരണം നടത്തുന്നതിനുള്ള ശിപാർശകൾ ഈ റിപ്പോർട്ടിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സർക്കിൾ ഓഫീസുകൾ

**4.15** നിയമസഭാ നിയോജക മണ്ഡലം അടിസ്ഥാനമാക്കി സംസ്ഥാനത്ത് 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസറാണ് സർക്കിൾ ഓഫീസിന്റെ തലവൻ. ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ, ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവരടങ്ങുന്നതാണ് സർക്കിൾ ഓഫീസിന്റെ ഘടന. 140 ഓഫീസുകളിലും ക്ലർക്കിന്റെ തസ്തിക ഉണ്ടെങ്കിലും 87 ഓഫീസുകളിൽ മാത്രമേ ഓഫീസ് അറ്റൻഡന്റ് തസ്തിക നിലവിലുള്ളൂ.

**4.16** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഓഫീസുകളാണ് സർക്കിൾ ഓഫീസുകൾ. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചുമതലകൾ താഴേത്തട്ടിൽ നിർവഹിക്കപ്പെടുന്നത് ഈ ഓഫീസുകൾ മുഖേനയാണ്. ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് വിപുലമായ അധികാരങ്ങളാണുള്ളത്.

**4.17** സർക്കിൾ ഓഫീസിന്റെ പരിധിക്കുള്ളിലുള്ള ഫീൽഡ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കലും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം കർശനമായി നടപ്പിലാക്കലുമാണ് സർക്കിൾ ഓഫീസിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ മുഖ്യചുമതല. അതിനൊപ്പം കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന ബോധവൽക്കരണ/പരിശീലന പരിപാടിയായ ഐ.ഇ.സി. (IEC-Information Education and Communication) പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും ഈ ഉദ്യോഗസ്ഥരാണ്.

**4.18** ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷന് വേണ്ടി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് രജിസ്ട്രേഷൻ അനുവദിക്കുക, ലൈസൻസ് അപേക്ഷകളിൽ പ്രീ ലൈസൻസ് ഇൻസ്പെക്ഷൻ നടത്തി ഡെസിഗ്നേറ്റഡ് ഓഫീസർക്ക് റിപ്പോർട്ട് നൽകുക, ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരിൽ (എഫ്.ബി.ഒ.) നിന്നും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ,

സർവൈലൻസ് സാമ്പിളുകൾ എന്നിവ ശേഖരിച്ച് പരിശോധനക്ക് അയയ്ക്കുക, പ്രോസിക്യൂഷൻ/ അഡ്ജൂഡിക്കേഷൻ കേസുകളിൽ കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുക, പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷനുള്ള അനുമതി നേടിയശേഷം ഹർജി തയ്യാറാക്കി ബന്ധപ്പെട്ട കോടതികളിൽ കേസ് ഫയൽ ചെയ്യുക, ഫയൽ ചെയ്യപ്പെട്ട കേസുകൾക്കായി വിവിധ കോടതികളിൽ ഹാജരാകുക, ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെക്കുറിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുക, വി.ഐ.പി.കളുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ഏൽപ്പിക്കുന്ന ചുമതലകൾ നിർവഹിക്കുക, സ്പെഷ്യൽ ഡ്രൈവുകളിൽ പങ്കെടുക്കുക, താലൂക്ക്തല മീറ്റിങ്ങുകളിൽ പങ്കെടുക്കുക, ചെക്ക്പോസ്റ്റ് ഡ്യൂട്ടി നിർവഹിക്കുക, സർക്കിൾ പരിധിയിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഐ.ഇ.സി. പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങി സ്റ്റാറ്റ്യൂട്ടറി/നോൺ സ്റ്റാറ്റ്യൂട്ടറി വിഭാഗത്തിൽപ്പെടുന്ന വൈവിധ്യമാർന്ന ചുമതലകളാണ് സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് നിർവഹിക്കാനുള്ളത്. മേൽപ്പറഞ്ഞ ചുമതലകൾക്ക് പുറമേ സർക്കിൾ ഓഫീസിന്റെ മേധാവി എന്ന നിലയിലുള്ള ഭരണപരമായ ചുമതലകളും ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് നിറവേറ്റേണ്ടതായി വരുന്നുണ്ട്.

**4.19** സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ നിലവിലുള്ള പ്രവർത്തനരീതി പഠനസംഘം വിശകലനം ചെയ്തു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കുള്ള സ്റ്റാറ്റ്യൂട്ടറി ചുമതലകൾ**

**a) എഫ്. ബി. ഒ. രജിസ്ട്രേഷൻ/ ലൈസൻസ് സംബന്ധമായ ചുമതലകൾ**

**4.20** 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാതെ ഒരു ഫുഡ് ബിസിനസ് ഓപ്പറേറ്ററും പ്രവർത്തിക്കുവാൻ പാടില്ല. വാർഷിക വിറ്റുവരവ് 12 ലക്ഷം രൂപയിൽ താഴെയുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരാണ് രജിസ്ട്രേഷൻ എടുക്കേണ്ടത്. 100 രൂപയാണ് രജിസ്ട്രേഷനുള്ള വാർഷിക ഫീസ്. വാർഷിക വിറ്റു വരവ് 12 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കേണ്ടതുണ്ട്. വിവിധ

മാനദണ്ഡങ്ങൾ പ്രകാരം 2000 രൂപ മുതൽ 5000 രൂപ വരെയാണ് ലൈസൻസിനുള്ള വാർഷിക ഫീസ്. നിലവിലെ FSSAI മാർഗ്ഗനിർദ്ദേശ പ്രകാരം രജിസ്ട്രേഷൻ അഞ്ചുവർഷം വരെ ഒരുമിച്ച് എടുക്കാവുന്നതാണ്. എന്നാൽ ലൈസൻസ് വർഷംതോറും പുതുക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ നൽകുന്നത് അതത് സർക്കിളിലെ ഭക്ഷ്യസുരക്ഷാ ഓഫീസറും ലൈസൻസ് അനുവദിക്കുന്നത് ജില്ലയിലെ ഡെസിഗ്നേറ്റഡ് ഓഫീസറായ അസിസ്റ്റന്റ് കമ്മീഷണറുമാണ്. ഓൺലൈൻ സോഫ്റ്റ് വെയർ ആയ FoSCoS (Food Safety Compliance System) മുഖാന്തരമാണ് എഫ്.ബി.ഒ. രജിസ്ട്രേഷൻ/ലൈസൻസ് അപേക്ഷകൾ പ്രോസസ് ചെയ്യുന്നത്.

**4.21** 2011-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര (ലൈസൻസിംഗ് ആൻഡ് രജിസ്ട്രേഷൻ) റെഗുലേഷൻ പ്രകാരം ഫുഡ് ബിസിനസ് ഓപ്പറേറ്റർ (എഫ്.ബി.ഒ), രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ഭക്ഷ്യസുരക്ഷാ ഓഫീസർ അപേക്ഷ പരിശോധിച്ച് ഏഴ് ദിവസത്തിനകം രജിസ്ട്രേഷൻ അനുവദിക്കുകയോ/മതിയായ കാരണങ്ങൾ ചൂണ്ടിക്കാട്ടി അപേക്ഷ നിരസിക്കുകയോ അല്ലെങ്കിൽ സ്ഥലപരിശോധന നടത്തുന്നതിനായി അപേക്ഷ റഫർ ചെയ്യുകയോ വേണം. ഇപ്രകാരം ചെയ്യാത്ത പക്ഷം ഏഴു ദിവസം കഴിയുമ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് FoSCoS സോഫ്റ്റ് വെയറിൽ സ്വമേധയാ സൃഷ്ടിക്കപ്പെടുകയും അപേക്ഷകന് അത് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്. സ്ഥലപരിശോധനയ്ക്കായി അപേക്ഷ റഫർ ചെയ്യുന്ന പക്ഷം രജിസ്ട്രേഷൻ നൽകുന്നതിന് 30 ദിവസം വരെ സമയം ലഭിക്കുന്നതാണ്. ഈ സമയപരിധിക്കുള്ളിൽ സ്ഥലപരിശോധന നടത്തി ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയ ശേഷം ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് രജിസ്ട്രേഷൻ അനുവദിക്കുകയോ മതിയായ കാരണങ്ങൾ ചൂണ്ടിക്കാട്ടി അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

**4.22** എഫ്.ബി.ഒ. രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഇതായിരിക്കേ, സ്ഥലപരിശോധന നടത്താതെ രേഖകൾ മാത്രം പരിശോധിച്ച് ഏഴു ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ അനുവദിച്ചു നൽകുന്ന രീതിയാണ് എല്ലാ സർക്കിൾ ഓഫീസുകളിലും നിലവിൽ അനുവർത്തിച്ചു വരുന്നതെന്ന് പഠനസംഘത്തിന് ബോധ്യപ്പെടുകയുണ്ടായി. സർക്കിൾ ഓഫീസുകളിലെ വർദ്ധിച്ച ജോലിത്തിരക്ക് കാരണം അപേക്ഷയിലെ രേഖകൾ

പരിശോധിച്ച് FoSCoS സോഫ്റ്റ്‌വെയർ മുഖേന രജിസ്ട്രേഷൻ അനുവദിക്കുന്ന ജോലി ഓഫീസ് സമയത്തിന് ശേഷമാണ് പലപ്പോഴും ചെയ്യാറുള്ളതെന്ന് നിരവധി ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പഠനസംഘത്തെ അറിയിക്കുകയുണ്ടായി.

**4.23** നിലവിലെ രീതിയനുസരിച്ച് രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം അവശ്യം വേണ്ട തിരിച്ചറിയൽ രേഖ അപ്‌ലോഡ് ചെയ്താൽ ഏതൊരു അപേക്ഷകനും രജിസ്ട്രേഷൻ നേടിയെടുക്കാം. ഇപ്രകാരം രജിസ്ട്രേഷൻ നേടുന്നവർ ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും രജിസ്ട്രേഷൻ അനുവദിക്കപ്പെട്ട വിഭാഗത്തിലെ ബിസിനസിൽ തന്നെയാണോ ഏർപ്പെട്ടിരിക്കുന്നതെന്നും ഉറപ്പു വരുത്താനുള്ള ഫീൽഡ്‌തല പരിശോധനകൾ നടത്തുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

**4.24** ജില്ലാതലത്തിൽ അനുവദിക്കുന്ന ലൈസൻസിന്റെ കാര്യത്തിലും സ്ഥിതി വിഭിന്നമല്ലെന്ന് കാണാം. ലൈസൻസിനായി ഡെസിഗ്നേറ്റഡ് ഓഫീസർക്ക് സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ഹൈ റിസ്ക് കാറ്റഗറിയിൽ ഉൾപ്പെടുന്ന ഹോട്ടൽ, ബേക്കറി മുതലായവയ്ക്ക് മാത്രമാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ മുഖേന പ്രീ ലൈസൻസ് പരിശോധന നടത്തുന്നതെന്നും മറ്റെല്ലാ അപേക്ഷകളിലും എഫ്.ബി.ഒ. സമർപ്പിക്കുന്ന രേഖകൾ മാത്രം പരിശോധിച്ചുകൊണ്ട് ലൈസൻസ് അനുവദിക്കുന്ന രീതിയാണ് ഡെസിഗ്നേറ്റഡ് ഓഫീസർമാർ തുടർന്നുവരുന്നതെന്നും മനസ്സിലാക്കുന്നു.

**<u>ലൈസൻസ് /രജിസ്ട്രേഷൻ അനുവദിക്കുന്നതിലെ അപാകത</u>**

**4.25** ഒരു ഭക്ഷണപദാർത്ഥത്തിന്റെ പായ്ക്കറ്റിൽ എഫ്.ബി.ഒ.യുടെ ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് സുരക്ഷിതവും ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ച് തയ്യാറാക്കപ്പെട്ടതും ആയിരിക്കുമെന്നാണ് പൊതുജനം സ്വാഭാവികമായും കരുതുക. സ്ഥലപരിശോധന നടത്താതെ രേഖകളുടെ മാത്രം അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട ലൈസൻസ്/ രജിസ്ട്രേഷൻ ഉപയോഗിച്ച് വിൽപ്പന നടത്തപ്പെടുന്ന ഭക്ഷണപദാർത്ഥത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് യാതൊരു അറിവുമില്ല എന്നതാണ് സ്ഥിതി. എഫ്.ബി.ഒ.യുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം ഭക്ഷ്യവിഷബാധ പോലുള്ള

അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്തം ചുമത്തി ലൈസൻസ്/ രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യക്തിയുടെ പേരിൽ നിയമനടപടി സ്വീകരിക്കാൻ കഴിയും എന്നതൊഴിച്ചാൽ ജനങ്ങൾക്ക് സുരക്ഷിതമായ ഭക്ഷണം ലഭ്യമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന് നിലവിലുള്ള രജിസ്ട്രേഷൻ/ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ സാധിക്കുന്നില്ല എന്നതാണ് വസ്തുത.

**4.26** ജില്ലാ/സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ വർദ്ധിച്ച ജോലിഭാരത്താലും സമയബന്ധിതമായി ലൈസൻസ്/രജിസ്ട്രേഷൻ അനുവദിക്കേണ്ടി വരുന്നതിനാലുമാണ് സ്ഥലപരിശോധന നടത്താതെ ലൈസൻസും രജിസ്ട്രേഷനും അനുവദിക്കുവാൻ വകുപ്പ് നിർബന്ധിതമാകുന്നത്. എന്നാൽ രജിസ്ട്രേഷനോ ലൈസൻസോ അനുവദിച്ചതിന് ശേഷമെങ്കിലും ഈ സ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രവർത്തനം തൃപ്തികരമാണോയെന്ന് വിലയിരുത്തുന്നതിനോ തൃപ്തികരമല്ലെങ്കിൽ രജിസ്ട്രേഷൻ/ലൈസൻസ് റദ്ദ് ചെയ്യുന്നതിനോ സാധിക്കാതെ വരുന്നത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ വകുപ്പ് നേരിടുന്ന പ്രതിസന്ധിയുടെ ആഴത്തെയാണ് സൂചിപ്പിക്കുന്നത്. പലപ്പോഴും ഏതെങ്കിലും തരത്തിലുള്ള പരാതി ലഭ്യമാകുന്ന സാഹചര്യങ്ങളിൽ മാത്രമാണ് രജിസ്ട്രേഷൻ/ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ കാണുകയോ പരിശോധന നടത്തുകയോ ചെയ്യുന്നത് എന്നതാണ് യാഥാർത്ഥ്യം.

**4.27** സ്ഥലപരിശോധന നടത്താതെ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ അനുവദിക്കുന്ന രീതി ദുരുപയോഗം ചെയ്ത്, ലൈസൻസ് നിർബന്ധമായും എടുക്കേണ്ട നിരവധി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ മാത്രമെടുത്ത് പ്രവർത്തിച്ചു വരുന്ന സ്ഥിതി നിലവിലുണ്ട്. ഇതിലൂടെ സർക്കാരിന് വൻതോതിലുള്ള വരുമാനനഷ്ടമാണ് ഉണ്ടാവുന്നത്. ലൈസൻസിന് പകരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംസ്ഥാന സർക്കാരിന് വരുമാനനഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ 2021 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തേക്കുള്ള കംപ്ലയൻസ് ആഡിറ്റ് റിപ്പോർട്ടിലെ (2022-ലെ രണ്ടാമത്തെ റിപ്പോർട്ട് ) ഖണ്ഡിക 2.1.9 -ൽ പരാമർശിച്ചിട്ടുമുണ്ട്.

**4.28** ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ നിരവധി സ്ഥാപനങ്ങൾ സംസ്ഥാനത്ത്

പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയെല്ലാം പരിശോധിക്കുന്നതിനോ പിഴ ഈടാക്കുന്നതിനോ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനോ ഭക്ഷ്യസുരക്ഷാ വകുപ്പിന് സാധിക്കുന്നില്ല എന്നത് ഗൗരവമായി കാണേണ്ട വസ്തുതയാണ്. നിരന്തരമായ ഫീൽഡ്തല പ്രവർത്തനങ്ങളിലൂടെ മാത്രമേ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ കഴിയൂ. ലൈസൻസ്/രജിസ്ട്രേഷൻ എടുക്കാത്തതിനാലും നിയമപ്രകാരം ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങൾ രജിസ്ട്രേഷൻ മാത്രം എടുത്ത് പ്രവർത്തിക്കുന്നതു കൊണ്ടും സംസ്ഥാനത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ആവശ്യമായ മനുഷ്യ വിഭവശേഷിയുടെ കുറവുമൂലം ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന് നിലവിൽ സാധിക്കുന്നില്ല.

**b) <u>സാമ്പിൾ ശേഖരണം</u>**

**4.29** ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി അനലിറ്റിക്കൽ ലബോറട്ടറികളിലേക്ക് അയക്കുകയെന്നത് സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ പ്രധാന ചുമതലയാണ്. സ്റ്റാറ്റ്യൂട്ടറി സാമ്പിൾ (Statutory Sample), സർവൈലൻസ് സാമ്പിൾ (Surveillance Sample) എന്നിങ്ങനെ രണ്ടുതരം സാമ്പിളുകളാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുന്നത്. പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ നിയമനടപടി സ്വീകരിക്കാൻ കഴിയുന്നവയാണ് സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ. പഠന പ്രവർത്തനത്തിന്റെ ഭാഗമായി ശേഖരിക്കുന്നവയാണ് സർവൈലൻസ് സാമ്പിളുകൾ. സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ഭാവിയിൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുമെന്നതിനാൽ നിയമം അനുശാസിക്കുന്ന എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് മാത്രമേ ഈ സാമ്പിൾ ശേഖരണം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

**4.30** ഓരോ സർക്കിളിലേയും ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രതിമാസം 7 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 25 സർവൈലൻസ് സാമ്പിളുകളും ശേഖരിച്ച് പരിശോധനയ്ക്ക് അയക്കണമെന്നതാണ് നിലവിലുള്ള നിർദ്ദേശം. ഈ എണ്ണത്തിൽ വ്യതിയാനം ഉണ്ടാകാവുന്നതാണ്. സാമ്പിളുകളുടെ ക്വാട്ട നിശ്ചയിക്കുന്നത് ഭക്ഷ്യസുരക്ഷാ

കമ്മീഷണറാണ്. സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ എണ്ണം മുൻകാലങ്ങളിൽ പ്രതിമാസം 3 ആയി നിജപ്പെടുത്തിയിരുന്നു. പിന്നീട് ഇത് 10 ആയി ഉയർത്തുകയും അതിനുശേഷം 6 ആയി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

**4.31** സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരിക്കുന്ന പ്രവൃത്തി പഠനസംഘം നേരിട്ട് നിരീക്ഷിക്കുകയുണ്ടായി. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടാണ് സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരിക്കുന്നത്. നിയമപ്രകാരം ഭക്ഷ്യവസ്തുവിന്റെ 4 സാമ്പിളുകൾ ശേഖരിക്കേണ്ടതുണ്ട്. നാല് സാമ്പിളുകൾ പായ്ക്ക് ചെയ്യുക, പേപ്പർ സീൽ ഒട്ടിക്കുക, കൃത്യസ്ഥല മഹസ്സർ തയ്യാറാക്കുക, നിയമപ്രകാരമുള്ള മറ്റ് ഫാറങ്ങൾ (ഫാറം V(a), VI, intimation) തയ്യാറാക്കുക തുടങ്ങിയ നടപടിക്രമങ്ങളെല്ലാം പാലിച്ച് സാമ്പിൾ ശേഖരണ പ്രക്രിയ പൂർത്തിയാക്കുന്നതിനായി ശരാശരി രണ്ടു മണിക്കൂറിലേറെ സമയം ചെലവഴിക്കേണ്ടി വരുന്നതായി പഠനസംഘത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു. സഹായത്തിന് ഓഫീസ് അറ്റൻഡന്റിന്റെ സേവനം ലഭ്യമല്ലാതെ വരുമ്പോഴും സാമ്പിൾ ശേഖരിക്കുന്ന സ്ഥാപനത്തിലെ സാഹചര്യങ്ങൾ, അവിടുത്തെ ജീവനക്കാരുടെ സഹകരണം എന്നിവയെ ആശ്രയിച്ചും സാമ്പിൾ ശേഖരിക്കുന്നതിനുള്ള സമയത്തിൽ ഏറ്റക്കുറച്ചിലുകൾ സംഭവിക്കാവുന്നതാണ്. ഇപ്രകാരം ശേഖരിക്കുന്ന സാമ്പിളിന്റെ ഒരു ഭാഗം പരിശോധനയ്ക്കായി അനലിറ്റിക്കൽ ലാബിലേക്കും മൂന്ന് ഭാഗങ്ങൾ ജില്ലയിലെ ഡെസിഗ്നേറ്റഡ് ഓഫീസറും സാമ്പിൾ കസ്റ്റോഡിയനുമായ അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിലേക്കും (ജില്ലാ ഓഫീസ്) അയയ്ക്കുന്നു.

**4.32** എല്ലാ സർക്കിൾ ഓഫീസുകൾക്കും ഒരേ തരത്തിലാണ് സാമ്പിളുകളുടെ ക്വാട്ട നിശ്ചയിച്ചിരിക്കുന്നത്. ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ കൂടുതലുള്ള നഗര പ്രദേശങ്ങളടങ്ങുന്ന സർക്കിൾ പരിധിയിൽ നിഷ്കർഷിച്ചിട്ടുള്ള എണ്ണം സാമ്പിളുകൾ ശേഖരിക്കുന്നതിന് ബുദ്ധിമുട്ടില്ല. എന്നാൽ എഫ്.ബി.ഒ.മാരുടെ എണ്ണം താരതമ്യേന കുറവുള്ള സർക്കിൾ ഓഫീസ് പരിധിയിൽ സാമ്പിളുകൾ ശേഖരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് ഒരേ സ്ഥാപനത്തിൽ തന്നെ നിരവധി തവണ പോകേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നു. ഇത് എഫ്.ബി.ഒ.മാർക്കും ഭക്ഷ്യസുരക്ഷാ ഓഫീസർക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. നിലവിലുള്ള സാമ്പിളിംഗ് രീതിയുടെ പോരായ്മകളും ഇത് സംബന്ധിച്ചുള്ള പഠനസംഘത്തിന്റെ ശിപാർശകളും ഈ

റിപ്പോർട്ടിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട് **(ഖണ്ഡിക 4.328 മുതൽ 4.339 വരെ)**.

## c) <u>അഡ്ജൂഡിക്കേഷൻ /പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ</u>

**4.33** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ മിസ് ബ്രാൻഡഡ് എന്നോ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതെന്നോ കണ്ടെത്തുന്ന അവസരത്തിൽ കുറ്റക്കാർക്കെതിരെ ആർ.ഡി.ഒ. മുമ്പാകെ അഡ്ജൂഡിക്കേഷൻ കേസ് ഫയൽ ചെയ്യുക, ഭക്ഷ്യസാമ്പിളുകളിൽ സുരക്ഷിതമല്ലാത്തതോ ജീവന് ഹാനിയുണ്ടാക്കുന്നതോ (Unsafe) ആയ പദാർത്ഥങ്ങൾ കണ്ടെത്തിയാൽ ഉത്തരവാദികളായവർക്കെതിരെ ക്രിമിനൽ കോടതിയിൽ കേസ് ഫയൽ ചെയ്യുക എന്നീ ചുമതലകളും സർക്കിളിലെ ഭക്ഷ്യസുരക്ഷാ ഓഫീസറിൽ നിക്ഷിപ്തമാണ്. അഡ്ജൂഡിക്കേഷൻ കേസുകൾ ഫയൽ ചെയ്യുന്നതിനു മുൻപ് ജില്ലയിലെ ഡെസിഗ്നേറ്റഡ് ഓഫീസറായ അസിസ്റ്റന്റ് കമ്മീഷണറുടെ അനുമതി വാങ്ങേണ്ടതുണ്ട്. എന്നാൽ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറാണ് അനുമതി നൽകേണ്ടത്. (പ്രോസിക്യൂഷൻ അനുമതി നൽകാനുള്ള അധികാരം ഭക്ഷ്യസുരക്ഷാ കമ്മീഷണറിലാണ് നിക്ഷിപ്തമായിരുന്നതെങ്കിലും ഈ പ്രവൃത്തിപഠനം പുരോഗമിക്കുമ്പോൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 22.06.2023 ലെ സിഎഫ്എസ്/80/2023-എ1 നമ്പർ നടപടിക്രമത്തിലൂടെ ഈ ചുമതല മേഖലാ ഓഫീസുകളിലെ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് പ്രത്യായോജനം ചെയ്ത് നൽകുകയുണ്ടായി).

**4.34** പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി കേസുമായി ബന്ധപ്പെട്ട് പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തുവാനുള്ള റീട്ടെയിലർ/ഹോൾസെയിലർ/വിതരണക്കാർ/ഉത്പാദകർ തുടങ്ങി ഉത്തരവാദിത്തപ്പെട്ട മുഴുവൻ വ്യക്തികളുടേയും പേരുവിവരവും അനുബന്ധ രേഖകളും അടങ്ങുന്ന അന്വേഷണ റിപ്പോർട്ട് ഭക്ഷ്യസുരക്ഷാ ഓഫീസർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ അനുമതി ലഭിക്കുന്നവയിൽ കോടതികളിൽ സമർപ്പിക്കേണ്ട ഹർജികൾ തയ്യാറാക്കി ഫയൽ ചെയ്യുന്ന ചുമതലയും ഭക്ഷ്യസുരക്ഷാ ഓഫീസർക്കാണ്.

**4.35** കേസിനാസ്പദമായ ഭക്ഷ്യസാമ്പിളിൽ എഫ്.ബി.ഒ.-യുടെ ലൈസൻസ് നമ്പർ

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സർക്കിൾ പരിധിക്ക് പുറത്ത് ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ നടത്തിപ്പ് ചുമതലയുള്ള വ്യക്തിയുടെ പേരുവിവരങ്ങൾ FoSCoS സോഫ്റ്റ് വെയറിൽ നിന്നും ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് ലഭ്യമാകില്ല. നിയമപരമായി ഉത്തരവാദിത്തമുള്ള വ്യക്തിയുടെ പേരില്ലാതെ സ്ഥാപനത്തിന്റെ പേരിൽ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുവാൻ സാധിക്കില്ല. ഇത്തരം കേസുകളിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ വിവരങ്ങൾ കത്തിടപാട് നടത്തി കമ്മീഷണറേറ്റിൽ നിന്നും ശേഖരിക്കേണ്ടതായി വരുന്നു. പ്രതിപ്പട്ടിക തയ്യാറാക്കുന്നതിനുണ്ടാകുന്ന കാലതാമസം നിമിത്തം പ്രോസിക്യൂഷൻ നടപടികൾ വൈകുന്ന സ്ഥിതിയാണുള്ളത്. ലബോറട്ടറി പരിശോധനാഫലം ലഭ്യമായിട്ടും തുടർനടപടികൾ യഥാസമയം സ്വീകരിക്കുന്നില്ലായെന്നത് ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനകളിൽ പിഴവായി ചൂണ്ടിക്കാണിക്കുകയും ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് മേൽപ്പറഞ്ഞ സാങ്കേതികമായ ബുദ്ധിമുട്ടുകളും കാരണമാകുന്നുണ്ടെന്ന വസ്തുത പഠനസംഘത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്.

### d) <u>ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ കോടതി സന്ദർശനം</u>

**4.36** അഡ്ജുഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകളിൽ യഥാക്രമം ആർ.ഡി.ഒ. മുമ്പാകെയും ക്രിമിനൽ കോടതികളിലും ഹാജരാവുകയെന്നത് ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ കർത്തവ്യമാണ്. പ്രോസിക്യൂഷൻ കേസുകൾ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ പേരിലുള്ള സ്വകാര്യ അന്യായമായി ഫയൽ ചെയ്യപ്പെടുന്നതിനാൽ കേസ് പരിഗണിക്കപ്പെടുന്ന ദിവസങ്ങളിലെല്ലാം ഇവർ കോടതിയിൽ ഹാജരാകേണ്ടി വരുന്നു. കോടതി സന്ദർശനം നടത്തേണ്ടി വരുന്ന ദിവസങ്ങളിൽ സർക്കിൾ ഓഫീസുകളുടെ പ്രവർത്തനം ഭാഗികമായെങ്കിലും തടസ്സപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്.

**4.37** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി 2022-2023 വർഷത്തിൽ വിവിധ സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നടത്തിയ കോടതി സന്ദർശനങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായി. പ്രസ്തുത വർഷത്തിൽ 140 സർക്കിളുകളിലേയും

ഭക്ഷ്യസുരക്ഷാ ഓഫീസർമാർ 4368 തവണ വിവിധ കോടതികളിൽ ഹാജരാകേണ്ടി വന്നിട്ടുള്ളതായി കാണുന്നു. സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്തതിൽ തിരുവനന്തപുരം, വട്ടിയൂർക്കാവ്, കഴക്കൂട്ടം, അടൂർ, തൃശ്ശൂർ എന്നീ അഞ്ച് സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് 100-ലധികം തവണ കോടതിയിൽ ഹാജരാകേണ്ടി വന്നിട്ടുള്ളതായി മനസ്സിലാക്കുവാൻ കഴിഞ്ഞു. പതിനാറ് സർക്കിളുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് 50-ലേറെ തവണ കോടതി സന്ദർശനം നടത്തേണ്ടി വന്നിട്ടുണ്ട്. തിരുവനന്തപുരവും തൃശ്ശൂരും പോലെ നഗരപ്രദേശങ്ങൾ ഉൾപ്പെടുന്ന സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് ഒരു വർഷത്തിൽ 100-ലധികം തവണ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കോടതികളിൽ ഹാജരാകേണ്ടി വരുന്നത് സർക്കിൾ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ താളംതെറ്റാനിടയാക്കുന്നുവെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.38** ആർ.ഡി.ഒ. മുമ്പാകെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഹാജരാകുന്നത് അഡ്ജൂഡിക്കേഷൻ കേസുകൾ തീർപ്പാക്കുന്നതിന് പ്രയോജനപ്പെടുന്നുണ്ടെങ്കിലും കോടതികളിൽ ഹാജരാകേണ്ടി വരുന്ന ഭൂരിഭാഗം ദിവസങ്ങളിലും പല കാരണങ്ങളാൽ കേസ് മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. ഇക്കാരണത്താൽ പല പ്രധാന ചുമതലകളും മാറ്റിവച്ച്, കേസിന് വേണ്ടി കോടതിയിൽ ഹാജരാകുന്ന ഭക്ഷ്യസുരക്ഷാ ഓഫീസറുടെ സമയം പ്രയോജനപ്രദമല്ലാതെ പോകുന്ന അവസ്ഥയുണ്ടാകുന്നു. ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുള്ള ഉത്തരവാദിത്തങ്ങൾക്കിടയിലാണ് കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഇവർക്ക് കോടതികളിൽ ഹാജരാകേണ്ടി വരുന്നത്.

### e) <u>പരാതികളുടെ പരിശോധന</u>

**4.39** സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ മറ്റൊരു പ്രധാന ചുമതലയാണ് പരാതികളുടെ പരിശോധന. ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ഔദ്യോഗിക മൊബൈൽ നമ്പർ, ഓഫീസ് ഫോൺ നമ്പർ, ഭക്ഷ്യസുരക്ഷാ ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെയും ഇ-മെയിൽ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും ഭക്ഷ്യസുരക്ഷാ സംബന്ധമായ പരാതി നൽകുന്നതിനുള്ള സൗകര്യമുണ്ട്. ഇപ്രകാരം

ലഭ്യമാകുന്ന പരാതികളിൽ സമയബന്ധിതമായി അന്വേഷണം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചാൽ മാത്രമേ എൻഫോഴ്സ്മെന്റ് വകുപ്പ് എന്ന നിലയിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് പൊതുജനങ്ങളുടെ ഇടയിൽ സ്വീകാര്യത ലഭിക്കുകയുള്ളൂ.

**4.40** പ്രവൃത്തി പഠനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സർക്കിൾ ഓഫീസുകളിൽ നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്യുകയുണ്ടായി. ആളുകൾ തിങ്ങിപ്പാർക്കുന്നതും ഹോട്ടൽ ഭക്ഷണത്തെ കൂടുതൽ ആശ്രയിക്കുന്നതുമായ കോർപ്പറേഷൻ പ്രദേശങ്ങൾ, നഗരസഭാ പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് കൂടുതൽ പരാതികൾ ലഭ്യമാകുന്നതെന്ന് കാണുവാൻ കഴിഞ്ഞു.

**4.41** സർക്കിൾ ഓഫീസുകളിലെ ഭാരിച്ച ചുമതലകൾക്കിടയിൽ പരാതികൾ യഥാസമയം പരിശോധിക്കുന്നതിനോ നടപടി സ്വീകരിക്കുന്നതിനോ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് നിലവിൽ കഴിയുന്നില്ല. വാഹനത്തിന്റെ ലഭ്യതക്കുറവും പരാതി പരിശോധനയടക്കമുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ട്. ജില്ലാ ഓഫീസിൽ നിന്നും ടേൺ അടിസ്ഥാനത്തിലാണ് ഇപ്പോൾ സർക്കിൾ ഓഫീസുകൾക്ക് വാഹനം അനുവദിച്ചു നൽകുന്നത്. പരാതി പരിശോധന, ഇൻസ്പെക്ഷൻ, സാമ്പിൾ ശേഖരണം മുതലായ പ്രവർത്തനങ്ങളെല്ലാം തന്നെ ഇത്തരത്തിൽ വാഹനം ലഭ്യമാകുന്ന ദിവസങ്ങളിൽ മാത്രമായി ചുരുക്കപ്പെടുന്ന സ്ഥിതിയാണ് മിക്ക സർക്കിൾ ഓഫീസുകളിലുമുള്ളത്. മറ്റു ദിവസങ്ങളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഇതര ജോലികളിൽ ഏർപ്പെട്ട് ഓഫീസിൽ തന്നെ തുടരുകയാണ് ചെയ്തുവരുന്നത്.

**4.42** പഴകിയതും കേടുപാടുകൾ സംഭവിച്ചതുമായ ഭക്ഷണം വിൽക്കപ്പെടുന്ന അവസരങ്ങളിൽ ഉപഭോക്താക്കൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ ഫോണിൽ ബന്ധപ്പെട്ട് പരാതിപ്പെടുകയും അടിയന്തരമായി സ്ഥലത്തെത്തുവാൻ ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. രാപ്പകൽ വ്യത്യാസമില്ലാതെ ഇത്തരം പരാതികൾ ലഭിക്കാറുണ്ട്. വാഹനത്തിന്റെ അഭാവം കൊണ്ടും സംഭവസ്ഥലത്ത് ഉടനടി എത്തി ഭക്ഷ്യസാമ്പിൾ ശേഖരിക്കുവാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരില്ലാതെ വരുന്നതിനാലും മിക്ക സന്ദർഭങ്ങളിലും ഇത്തരം പരാതികൾ യഥാസമയം പരിശോധിക്കപ്പെടാത്ത അവസ്ഥയാണുള്ളത്. ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയാൽത്തന്നെ, ഫ്രീസർ പോലുള്ള

സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ പരാതിക്ക് കാരണമായ ഭക്ഷണ സാധനത്തിന്റെ സാമ്പിൾ പോലും ശേഖരിക്കാൻ കഴിയാതെ വരുന്നു. പൊതുസമൂഹത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നു പ്രവർത്തിക്കാൻ കഴിയാതെ വരുന്നത് മൂലം ഇത്തരം സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് വ്യാപകമായ വിമർശനമേൽക്കേണ്ടി വരുന്നുണ്ട്.

**4.43** പൗരന്മാർക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഉദ്ദേശലക്ഷ്യം. കേരളം പോലുള്ള ഒരു ഉപഭോഗ സംസ്ഥാനത്തിൽ ഈ ലക്ഷ്യം നിറവേറ്റുകയെന്നത് കനത്ത വെല്ലുവിളിയാണ്. മനുഷ്യ വിഭവശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും പരിമിതി മൂലം തങ്ങളുടെ ലക്ഷ്യം പൂർണമായി നിറവേറ്റാൻ കഴിയാതെ വരുന്ന അവസരങ്ങളിലാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന് പൊതുസമൂഹത്തിൽ നിന്നും ഇത്തരത്തിലുള്ള വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നത്. ഈ വിമർശനത്തിന്റെ അന്ത:സത്ത പൂർണ്ണമായും ഉൾക്കൊണ്ട് പൊതുസമൂഹത്തിന്റെ പ്രതീക്ഷയ്ക്കൊത്ത രീതിയിൽ പ്രവർത്തിക്കുവാനും അതുവഴി വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കുവാനും കഴിയുന്ന തരത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശാക്തീകരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

## f) <u>പരിശോധനകൾ ( Inspections )</u>

**4.44** പ്രീ രജിസ്ട്രേഷൻ ഇൻസ്പെക്ഷൻ, പ്രീ ലൈസൻസ് ഇൻസ്പെക്ഷൻ, റൂട്ടീൻ ഇൻസ്പെക്ഷൻ, ഫോളോ അപ്പ് ഇൻസ്പെക്ഷൻ, പരാതിയുടെ അടിസ്ഥാനത്തിലുള്ള ഇൻസ്പെക്ഷൻ തുടങ്ങിയവയാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രധാനമായും നടത്തുന്ന പരിശോധനകൾ.

**4.45** നിലവിൽ ഒരു സർക്കിൾ ഓഫീസിൽ പോലും പ്രീ രജിസ്ട്രേഷൻ ഇൻസ്പെക്ഷൻ നടക്കുന്നില്ല എന്നാണ് പഠനസംഘം മനസ്സിലാക്കുന്നത്. അപേക്ഷയും അതോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളും മാത്രം പരിശോധിച്ച് രജിസ്ട്രേഷൻ നൽകുന്ന രീതിയാണ് നിലവിൽ സർക്കിൾ ഓഫീസുകളിൽ പിന്തുടർന്ന് വരുന്നത്. ഹൈ റിസ്ക് കാറ്റഗറിയിൽപ്പെടുന്ന ഹോട്ടൽ/ബേക്കറി മുതലായ സ്ഥാപനങ്ങളിൽ മാത്രമേ പ്രീ ലൈസൻസ് ഇൻസ്പെക്ഷൻ ഇപ്പോൾ നടത്തുന്നുള്ളൂ. സർക്കിളിലെ ഭക്ഷ്യസുരക്ഷാ

ഓഫീസർമാരുടെ കൃത്യാന്തര ബാഹുല്യം കാരണം റുട്ടീൻ ഇൻസ്പെക്ഷനും ഫോളോ അപ്പ് ഇൻസ്പെക്ഷനും യഥാവിധി നടത്തുവാൻ കഴിയാത്ത സ്ഥിതിയാണ് വകുപ്പിൽ നിലവിലുള്ളത്.

**4.46** രജിസ്ട്രേഷനോ ലൈസൻസോ നേടിയിട്ടുള്ള അഞ്ച് ലക്ഷത്തോളം ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. 140 സർക്കിൾ ഓഫീസുകളിൽ നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ അവലോകനം ചെയ്തതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യസുരക്ഷ ഓഫീസർമാർ നടത്തിയ ആകെ പരിശോധനകളുടെ എണ്ണം 73,571 ആണെന്ന് കാണുന്നു. 2011-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര (ലൈസൻസിംഗ് ആൻഡ് രജിസ്ട്രേഷൻ) റെഗുലേഷനിലെ 2.1.1(6) റെഗുലേഷൻ പ്രകാരം രജിസ്ട്രേഷൻ/ലൈസൻസ് നേടിയിട്ടുള്ള സ്ഥാപനങ്ങളിൽ വർഷത്തിൽ ഒരു തവണയെങ്കിലും രജിസ്റ്ററിംഗ് അതോറിറ്റി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധന നടത്തണമെന്നാണ് വ്യവസ്ഥ. ഇതനുസരിച്ച് അഞ്ചുലക്ഷം സ്ഥാപനങ്ങളിലായി കുറഞ്ഞത് അഞ്ച് ലക്ഷം പരിശോധനകൾ പ്രതിവർഷം നടത്തേണ്ട സ്ഥാനത്ത് കേവലം 73,571 പരിശോധനകൾ മാത്രമേ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയിട്ടുള്ളൂ. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന ഏറ്റവും കുറഞ്ഞ പരിശോധനകളുടെ എണ്ണം മാനദണ്ഡമാക്കിയാൽ പോലും അതിന്റെ 14.71% പരിശോധനകൾ മാത്രമേ നിലവിൽ സംസ്ഥാനത്ത് നടക്കുന്നുള്ളൂ എന്നത് ഈ കണക്കുകളിൽ നിന്നും വ്യക്തമാകുന്നു.

**4.47** ഒരു ഭക്ഷ്യവ്യാപാര സ്ഥാപനത്തിൽ പരിശോധന നടത്തുമ്പോൾ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ബോധ്യപ്പെട്ടാൽ അത് പരിഹരിക്കുവാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകാറുണ്ട്. എന്നാൽ ഇത്തരം അപാകതകൾ പരിഹരിക്കപ്പെട്ടുവെന്ന് ഉറപ്പുവരുത്താനും അല്ലാത്തപക്ഷം സ്ഥാപനത്തിനെതിരെ തുടർനടപടി സ്വീകരിക്കാനും തുടർപരിശോധനകൾ സമയബന്ധിതമായി നടത്തേണ്ടതുണ്ട്. നിലവിലെ സ്ഥിതിയിൽ ഇത്തരം പരിശോധനകളൊന്നും യഥാസമയം നടത്താൻ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് കഴിയുന്നില്ല.

**4.48** നിരന്തരമായ പരിശോധനകളിലൂടെ മാത്രമേ ഭക്ഷ്യവ്യാപാര സ്ഥാപനങ്ങൾ

ഗുണനിലവാര മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ. ഇതിനായി സ്ഥാപനങ്ങളിൽ മിന്നൽപരിശോധനകൾ നടത്തേണ്ടത് ആവശ്യമാണ്. എന്നാൽ ചട്ടങ്ങൾ അനുശാസിക്കുന്ന മിനിമം പരിശോധനകളുടെ 14.71 % മാത്രം നടത്തുവാനേ നിലവിൽ വകുപ്പിന് കഴിയുന്നുള്ളൂ എന്നത് ഇപ്പോഴുള്ള എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ ദൗർബല്യത്തെ തുറന്നു കാട്ടുന്നു.

### g) <u>സ്പെഷ്യൽ ഡ്യൂട്ടികൾ</u>

**4.49** സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ വിവിധ സ്പെഷ്യൽ ഡ്യൂട്ടികൾക്കായി നിയോഗിക്കാറുണ്ട്. വി.ഐ.പി. സന്ദർശനത്തോടനുബന്ധിച്ചുള്ള സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഉത്സവങ്ങൾ, മേളകൾ എന്നിവയോടനുബന്ധിച്ചും ഇവരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കാറുണ്ട്. ഇതോടൊപ്പം ഭക്ഷ്യസുരക്ഷാ വകുപ്പ് ആസൂത്രണം ചെയ്യുന്ന സ്പെഷ്യൽ ഡ്രൈവുകളിലും ഇതര വകുപ്പുകളുമായി ചേർന്ന് നടത്തുന്ന സംയുക്ത സ്ക്വാഡുകളിലും സർക്കിളുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ ഡ്യൂട്ടിക്കായി നിയോഗിക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ക്വിക്ക് റെസ്പോൺസ് ടീമിൽ (QRT) പ്രവർത്തിക്കുന്നതും ഈ ഓഫീസർമാരാണ്. ഇതുകൂടാതെ ടേൺ അനുസരിച്ച് ചെക്ക്പോസ്റ്റുകളിലും ഇവരെ ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ട്. ഇത്തരം അവസരങ്ങളിലെല്ലാം ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് സർക്കിൾ പരിധിയിലുള്ള ചുമതലകളിൽ നിന്ന് വിട്ടു നിൽക്കേണ്ടി വരുന്നതിനാൽ ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സ്തംഭിക്കുന്നു.

**4.50** ഭക്ഷ്യസുരക്ഷാ ഓഫീസർ അവധിയിൽ പ്രവേശിക്കുന്ന അവസരത്തിലോ പ്രസ്തുത തസ്തിക ഒഴിഞ്ഞു കിടക്കുന്ന സാഹചര്യങ്ങളിലോ തൊട്ടടുത്തുള്ള സർക്കിളിലെ ഓഫീസർക്ക് അധിക ചുമതല നൽകാറുണ്ട്. അധികച്ചുമതല മാസങ്ങളോളം നീണ്ടുപോകുന്ന സാഹചര്യങ്ങളും പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സ്വന്തം സർക്കിളിലെ ജോലിഭാരത്തിനിടയിൽ മറ്റൊരു സർക്കിളിന്റെ ചുമതല കൂടി നൽകുന്നത് രണ്ട് ഓഫീസുകളുടേയും പ്രവർത്തനം താറുമാറാകുന്നതിന് ഇടയാക്കുന്നു.

## ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കുള്ള നോൺ സ്റ്റാറ്റ്യൂട്ടറി ചുമതലകൾ

**4.51** ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് സ്റ്റാറ്റ്യൂട്ടറി ചുമതലകളോടൊപ്പം നിരവധി നോൺസ്റ്റാറ്റ്യൂട്ടറി ചുമതലകളും നിർവഹിക്കാനുണ്ട്. സർവൈലൻസ് സാമ്പിൾ ശേഖരണമാണ് ഒരു പ്രധാന നോൺ സ്റ്റാറ്റ്യൂട്ടറി ചുമതല. നിലവിലുള്ള നിർദ്ദേശപ്രകാരം പ്രതിമാസം 25 സർവൈലൻസ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി ലബോറട്ടറിയിലേക്ക് അയക്കേണ്ടതുണ്ട്. ഇതോടൊപ്പം ഐ.ഇ.സി. പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള മൊബൈൽ ഭക്ഷ്യപരിശോധനാ സംവിധാനത്തിന്റെ (ഫുഡ് സേഫ്റ്റി ഓൺ വീൽസ്) വാഹനം ടേൺ അനുസരിച്ച് സർക്കിൾ ഓഫീസിന് വിട്ടു നൽകുമ്പോൾ പ്രസ്തുത വാഹനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തവും ഭക്ഷ്യസുരക്ഷാ ഓഫീസർക്കാണ്. FSSAI -യും ഭക്ഷ്യസുരക്ഷാ വകുപ്പും ചേർന്ന് ഒപ്പു വച്ചിട്ടുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈറ്റ് റൈറ്റ് പ്രോഗ്രാമുകൾ, സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ എന്നിവയുൾപ്പെടെയുള്ള ഐ.ഇ.സി പ്രവർത്തനങ്ങളുടെ സർക്കിൾ പരിധിയിലെ നടത്തിപ്പ് ചുമതലയും ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് നിർവഹിക്കേണ്ടി വരുന്നുണ്ട്.

## ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കുള്ള ഭരണപരമായ ചുമതലകൾ

**4.52** അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള സ്വതന്ത്ര ഓഫീസുകളായാണ് സർക്കിൾ ഓഫീസുകൾ പ്രവർത്തിച്ചു വരുന്നത്. ചില സ്ഥലങ്ങളിൽ രണ്ടു മുതൽ നാലു വരെ സർക്കിൾ ഓഫീസുകൾ ഒരേ കെട്ടിടത്തിൽ തന്നെ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ഓരോ സർക്കിൾ ഓഫീസും സ്വതന്ത്ര ഓഫീസുകളായാണ് പ്രവർത്തിക്കുന്നത്.

**4.53** ഓഫീസ് മാന്വൽ (MOP) പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും മറ്റ് രേഖകളും കൃത്യമായി പരിപാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല ഓഫീസ് തലവൻ എന്ന നിലയിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കുണ്ട്. കൂടാതെ ഐ.ഇ.സി. അനുബന്ധ പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന ഫണ്ട് വിനിയോഗം സംബന്ധിച്ച ചുമതലകളും ഇവർക്കുണ്ട്. വിവരാവകാശ നിയമപ്രകാരമുള്ള പബ്ലിക്

ഇൻഫർമേഷൻ ഓഫീസറായി ക്ലർക്കുമാരും അപ്പലേറ്റ് അതോറിറ്റിയായി ഭക്ഷ്യസുരക്ഷാ ഓഫീസർമാരും പ്രവർത്തിക്കുന്നു.

## സർക്കിൾ ഓഫീസുകളിലെ ക്ലർക്കുമാർ

**4.54** എല്ലാ സർക്കിൾ ഓഫീസിലും ഓരോ ക്ലർക്ക് തസ്തിക നിലവിലുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസറെ ചുമതലകളിൽ സഹായിക്കുക എന്നതാണ് ക്ലർക്കുമാരുടെ കർത്തവ്യം. ഇൻവേർഡ്, ഡെസ്പാച്ച്, തൻപതിവേട് (Personal Register), വിവരാവകാശ രജിസ്റ്റർ, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങി ഓഫീസ് മാന്വൽ (MOP) പ്രകാരം പരിപാലിക്കേണ്ട എല്ലാ രജിസ്റ്ററുകളും ഓഫീസുകളിൽ സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററുകൾ പരിപാലിക്കുക, എൻഫോഴ്സ്മെന്റിന്റെ ഭാഗമായുള്ള നോട്ടീസുകൾ അയക്കുക, വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകുക തുടങ്ങിയ ജോലികളാണ് പ്രധാനമായും ക്ലർക്ക് നിർവഹിക്കുന്നത്. ഡി.ഡി.ഒ. കോഡുള്ള സർക്കിൾ ഓഫീസുകളിൽ ശമ്പള ബിൽ തയ്യാറാക്കി ജില്ലാ ഓഫീസിലേയ്ക്ക് അയയ്ക്കുന്നതും ക്ലർക്കുമാരാണ്.

**4.55** ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകളിലും ക്ലർക്ക് തസ്തിക ഒഴിഞ്ഞുകിടക്കുന്ന മറ്റ് സർക്കിൾ ഓഫീസുകളിലും ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ സർക്കിൾ ഓഫീസുകളിലെ ക്ലർക്കുമാരെ വർക്കിംഗ് അറേഞ്ച്മെന്റ്/ടേൺ അടിസ്ഥാനത്തിൽ നിയോഗിക്കാറുണ്ട്. ഈ രീതിയിൽ ക്ലർക്കിനെ മറ്റൊരു ഓഫീസിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ദിവസങ്ങളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് പോകേണ്ടി വന്നാൽ ഓഫീസ് അടച്ചിടേണ്ടി വരുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഇത്തരം ദിവസങ്ങളിൽ ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് പോകാതെ ഓഫീസിൽ തന്നെ തുടരുന്ന അവസ്ഥ സംജാതമാകുന്നുണ്ട്.

**4.56** സർക്കിൾ ഓഫീസുകളിൽ ക്ലർക്കിന്റെ ഒരു തസ്തികയാണ് അനുവദിച്ചിട്ടുള്ളതെങ്കിലും മറ്റ് സർക്കാർ ഓഫീസുകളുടേതിന് സമാനമായ ഫയൽജോലികൾ ഈ ക്ലർക്കുമാർക്ക് നിർവഹിക്കുവാനുള്ളതായി കാണുന്നില്ല. അതുകൊണ്ടുതന്നെ മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയേഴ്സ് (MOP) പ്രകാരമുള്ള

ഫയൽ എഴുത്തുരീതികളോ ഫയൽ പരിപാലനമോ സർക്കിൾ ഓഫീസുകളിലില്ല. ഈ സാഹചര്യത്തിൽ ഒരു ക്ലർക്കിന് മുഴുവൻ സമയം നിർവഹിക്കുന്നതിന് പര്യാപ്തമായ ജോലികൾ സർക്കിൾ ഓഫീസുകളിൽ ഇല്ല എന്ന് പഠനസംഘം വിലയിരുത്തുന്നു.

## ഐ.ഇ.സി. പ്രവർത്തനങ്ങളുടെ പ്രാധാന്യം

**4.57** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ശിക്ഷാനടപടികൾക്ക് വിധേയമാക്കി നിയമലംഘനങ്ങൾ ആവർത്തിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. എന്നാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും എഫ്.ബി.ഒ/സ്ഥാപനങ്ങൾ/ പൊതുജനങ്ങളെ ബോധ്യപ്പെടുത്തി അതിലൂടെ പുതിയൊരു ഭക്ഷ്യസുരക്ഷാ സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യുകയെന്നതാണ് ഐ.ഇ.സി. ബോധവൽക്കരണ പരിപാടികളിലൂടെ ലക്ഷ്യമിടുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ഐ.ഇ.സി. അനുബന്ധ പ്രവർത്തനങ്ങളും തോളോടുതോൾ ചേർന്ന് പോയാൽ മാത്രമേ സമ്പൂർണമായ ഭക്ഷ്യസുരക്ഷാ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ.

## ഐ.ഇ.സി. പ്രവർത്തനങ്ങൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത

**4.58** സ്റ്റാറ്റ്യൂട്ടറി ചുമതലകൾ നിർവഹിക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമായ സമീപനമാണ് നോൺ സ്റ്റാറ്റ്യൂട്ടറി ചുമതലകൾക്കായി ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് സ്വീകരിക്കേണ്ടി വരുന്നത്. എൻഫോഴ്സ്മെന്റ് ചുമതലകൾ നിർവഹിക്കുമ്പോൾ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നൽകുന്ന വിപുലമായ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുടെ പിൻബലത്തോടു കൂടി ഇടപെടൽ നടത്താൻ സാധിക്കുന്നതാണ്. എന്നാൽ ഐ.ഇ.സി പ്രോഗ്രാമുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സൗഹാർദ്ദപരമായ ഇടപെടലാണ് ആവശ്യമായി വരുന്നത്. ഓരോ പ്രോഗ്രാമും ലക്ഷ്യമിടുന്ന വിഭാഗങ്ങളെ കണ്ടെത്തുകയും അവരുമായി നിരന്തരം ആശയവിനിമയം നടത്തി ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് അവരിൽ അവബോധം സൃഷ്ടിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ

പങ്കാളികളാക്കുക എന്ന ജോലിയാണ് ഇത്തരം പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് നിർവഹിക്കേണ്ടി വരുന്നത്. ഇതിന് മെച്ചപ്പെട്ട ആശയവിനിമയശേഷി ഉൾപ്പെടെയുള്ള സോഫ്റ്റ് സ്കില്ലുകൾ ആവശ്യമാണ്.

**4.59** എൻഫോഴ്സ്മെന്റ് ചുമതല വഹിക്കുന്ന അവസരത്തിൽ കർക്കശമായും ഐ.ഇ.സി. ബോധവൽക്കരണ പരിപാടികൾ നടത്തുന്ന വേളയിൽ സൗഹാർദ്ദപരമായും ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരോട് ഇടപെടേണ്ടി വരാറുണ്ട്. ഇത് പ്രായോഗിക തലത്തിൽ പലതരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുവെന്ന് നിരവധി ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പഠന സംഘത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

**4.60** തീർത്തും വ്യത്യസ്തമായ സമീപനം ആവശ്യപ്പെടുന്ന രണ്ട് ചുമതലകളും ഒരേ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയിട്ടുള്ള നിലവിലെ രീതി ഇവരിൽ 'റോൾ കോൺഫ്ലിക്റ്റ്' അഥവാ 'റോളുകളുടെ വൈരുദ്ധ്യം' എന്ന അവസ്ഥാവിശേഷം സൃഷ്ടിക്കുന്നുണ്ട്. റോൾ കോൺഫ്ലിക്ട് എന്ന അവസ്ഥ മാനസിക സമ്മർദ്ദം, കുറഞ്ഞ തൊഴിൽക്ഷമത, കാര്യശേഷിക്കുറവ്, ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയാത്ത അവസ്ഥ തുടങ്ങിയ നിരവധി ദൂഷ്യഫലങ്ങൾ ഉണ്ടാക്കുന്നു എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി ചുമതലകളും നോൺ സ്റ്റാറ്റ്യൂട്ടറി ചുമതലകളും നിർവഹിക്കുന്നതിന് വെവ്വേറെ സംവിധാനം ഏർപ്പെടുത്തുന്നതാകും അഭിലഷണീയം എന്ന നിഗമനത്തിൽ പഠനസംഘം എത്തിച്ചേർന്നു. പോലീസ് വകുപ്പിൽ ക്രമസമാധാനപാലനവും കുറ്റാന്വേഷണവും രണ്ട് പ്രത്യേക വിഭാഗങ്ങളായി പ്രവർത്തിക്കുന്നത് ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്. നോൺ സ്റ്റാറ്റ്യൂട്ടറി ചുമതലകളിൽ ഉൾപ്പെടുന്ന ഐ.ഇ.സി. അനുബന്ധ പ്രവർത്തനങ്ങൾക്കായി പുതിയ സംവിധാനം ഏർപ്പെടുത്തുന്ന പക്ഷം സ്റ്റാറ്റ്യൂട്ടറി ചുമതലകളുടെ ഭാഗമായുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നോൺ സ്റ്റാറ്റ്യൂട്ടറി പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കാൻ വകുപ്പിന് കഴിയുമെന്ന് പഠനസംഘം വിലയിരുത്തുന്നു.

## ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ കൊഴിഞ്ഞുപോക്ക്

**4.61** ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമത്തിൽ നിർവചിക്കപ്പെട്ടിട്ടുള്ളതാണ് ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തിക. ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഫുഡ് ടെക്നോളജി/ഡയറി ടെക്നോളജി/ബയോടെക്നോളജി/ ഓയിൽ ടെക്നോളജി/അഗ്രികൾച്ചറൽ സയൻസ്/വെറ്ററിനറി സയൻസ്/ബയോ കെമിസ്ട്രി/മെഡിസിൻ എന്നിവയിൽ ഏതെങ്കിലുമുള്ള ബിരുദമോ അല്ലെങ്കിൽ കെമിസ്ട്രിയിലുള്ള ബിരുദാനന്തര ബിരുദമോ ആണ്. ആയുർവേദം/അലോപ്പതി/ ഹോമിയോപ്പതി/വെറ്ററിനറി ഡോക്ടർമാർ ഉൾപ്പെടെയുള്ള പ്രൊഫഷണൽ ബിരുദധാരികൾക്ക് അപേക്ഷിക്കാൻ കഴിയുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയ്ക്ക് 39,300 - 83,000 എന്ന ശമ്പള സ്കെയിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് നോൺ ഗസറ്റഡ് തസ്തികയാണ്.

**4.62** ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് വിശാലമായ അധികാരപരിധിയും ഭക്ഷ്യസുരക്ഷാ നിയമം നൽകുന്ന വിപുലമായ അധികാരങ്ങളും സ്റ്റാറ്റ്യൂട്ടറി ചുമതലകളുമാണുള്ളത്. ഭക്ഷ്യവിഷബാധ പോലെയുള്ള വിഷയങ്ങൾ ഉണ്ടാകുമ്പോൾ ഇവർക്ക് രാപകൽ വ്യത്യാസമില്ലാതെ പ്രവർത്തിക്കേണ്ടി വരുന്നുണ്ട്. ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എതിർപ്പും ഭീഷണിയും നേരിട്ടുകൊണ്ടും കടുത്ത മാനസിക സംഘർഷത്തിലുമാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് പലപ്പോഴും ചുമതലകൾ നിർവഹിക്കേണ്ടി വരുന്നത്. ഈ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നേടിയവരിൽ ബഹുഭൂരിപക്ഷവും വനിതകളാണെന്നത് ഈ അവസ്ഥയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു.

**4.63** ചുമതലാ നിർവഹണത്തിന്റെ ഭാഗമായി പലവിധത്തിലുള്ള വെല്ലുവിളികൾ നേരിടേണ്ടി വരുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് എൻട്രി കേഡറിൽ അർഹമായ പരിഗണന ലഭിക്കുന്നില്ല. അവർക്ക് ലഭിക്കാവുന്ന സ്ഥാനക്കയറ്റ സാധ്യതകൾ വളരെ പരിമിതമാണെന്ന വസ്തുതയും പഠനസംഘം മനസ്സിലാക്കുകയുണ്ടായി. പതിനൊന്നാം ശമ്പള പരിഷ്കരണത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ആകെ തസ്തികകളുടെ മൂന്നിലൊന്നിന് 43,400 - 91,200 എന്ന ശമ്പള സ്കെയിലിൽ ഹയർ

ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ഈ തസ്തികയുടെ സീനിയോറിറ്റിയെ സംബന്ധിച്ച് തർക്കങ്ങൾ നിലനിന്നിരുന്നതിനാൽ 01.07.2019 മുതൽ അനുഭവവേദ്യമാകേണ്ടിയിരുന്ന പ്രസ്തുത ഹയർ ഗ്രേഡ്, ഈ പ്രവൃത്തിപഠനം നടന്നുവരവേ, 18.08.2023-ലെ സി.എഫ്.എസ്/1434/2023-എ 1 നമ്പർ നടപടിക്രമത്തിലൂടെ 2023 ആഗസ്റ്റ് മാസത്തിലാണ് അനുവദിച്ചു നൽകിയതെന്ന് കാണുന്നു.

**4.64** ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 160 തസ്തികകളാണ് വകുപ്പിലുള്ളത്. അസിസ്റ്റന്റ് കമ്മീഷണർ തസ്തികയാണ് ഇവരുടെ സ്ഥാനക്കയറ്റ തസ്തിക. അസിസ്റ്റന്റ് കമ്മീഷണർമാരുടെ 14 തസ്തികകൾ മാത്രമാണുള്ളത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ രൂപീകരണ സമയത്ത് ആരോഗ്യവകുപ്പിൽ നിന്നും മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും ഈ വകുപ്പിലേക്ക് വിന്യസിക്കപ്പെട്ട ഫുഡ് ഇൻസ്പെക്ടർമാരിൽ നിന്നും സ്ഥാനക്കയറ്റം നേടിയവരാണ് അസിസ്റ്റന്റ് കമ്മീഷണർ തസ്തിക മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ നിലവിൽ ജോലി ചെയ്തു വരുന്നത്. ഇപ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പിലേക്ക് വന്നവരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനിച്ചതിന് ശേഷം മാത്രമേ പി.എസ്.സി. മുഖാന്തരം വകുപ്പിൽ നേരിട്ട് നിയമനം നേടിയ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കപ്പെടുകയുള്ളൂ.

**4.65** ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിനുള്ള ആദ്യ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 09.09.2016-ലാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആകെ 171 പേരെ നിയമനത്തിനായി ശിപാർശ ചെയ്തിരുന്നു. 09.06.2022-ലാണ് പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ഇതിൽ നിന്നും 2023 ഏപ്രിൽ വരെ 43 ഉദ്യോഗാർത്ഥികളെ നിയമനത്തിനായി പി.എസ്.സി. ശിപാർശ ചെയ്തിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റുകളിൽ നിന്ന് 2023 ഏപ്രിൽ വരെ 214 പേർക്ക് (171 + 43) നിയമന ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ നിയമന ശിപാർശ ചെയ്യപ്പെട്ടവരിൽ നല്ലൊരു വിഭാഗവും പല കാരണങ്ങളാൽ ജോലിയിൽ നിന്നും വിട്ടുപോയിട്ടുള്ളതായി മനസ്സിലാക്കുവാൻ കഴിഞ്ഞു. പി.എസ്.സി. നിയമന ശിപാർശ നൽകിയ 214 പേരിൽ 76 ഓളം പേർ ഇത്തരത്തിൽ ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ അല്ലെങ്കിൽ ജോലിയിൽ പ്രവേശിച്ച ശേഷം മറ്റേതെങ്കിലും ജോലി ലഭിച്ചപ്പോൾ മാറിപ്പോവുകയോ അഥവാ ദീർഘകാല

അവധിയെടുത്ത് പോവുകയോ ചെയ്തിട്ടുള്ളതായി മനസ്സിലാക്കുന്നു. ഉദ്യോഗാർത്ഥികൾക്കിടയിൽ ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തിക അനാകർഷകമായി തുടരുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

**4.66** ഉയർന്ന റാങ്ക് നേടി ഭക്ഷ്യസുരക്ഷാ ഓഫീസറായി നിയമനം നേടുന്ന പ്രൊഫഷണൽ ബിരുദധാരികളായ ഉദ്യോഗാർത്ഥികൾ ഈ തസ്തികയേക്കാൾ വെല്ലുവിളികൾ കുറഞ്ഞതും എന്നാൽ ഉയർന്ന ശമ്പളവും ഗസറ്റഡ് പദവിയുമുള്ളതുമായ ആയുർവേദ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫീസർ, വെറ്ററിനറി സർജൻ, അഗ്രികൾച്ചർ ഓഫീസർ മുതലായ തസ്തികകളിലേക്ക് നിയമനം നേടി പോകുന്ന സ്ഥിതിയാണുള്ളത്. ഇതുമൂലം ഏറ്റവും മികച്ച ഉദ്യോഗസ്ഥരുടെ സേവനം വകുപ്പിന് ലഭിക്കാതെ വരികയാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ 2016-ലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നേടിയ ഏറ്റവും സീനിയറായ 14 പേർക്ക് മാത്രമാണ് അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് സാധ്യതയുള്ളത്. ബാക്കിയുള്ള ബഹുഭൂരിപക്ഷത്തിനും എൻട്രി കേഡറായ ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയിൽത്തന്നെ തങ്ങളുടെ സർവീസ് പൂർത്തീകരിക്കേണ്ടിവരും എന്ന അവസ്ഥ ഈ ഓഫീസർമാരുടെ മനോവീര്യം തകർക്കുന്നതാണ്.

**4.67** ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയിൽ തുടരുന്ന ഉദ്യോഗസ്ഥരിൽ പലരും ജോലിയിലെ വെല്ലുവിളികളും സ്ഥാനക്കയറ്റത്തിനുള്ള സാധ്യതക്കുറവും കണക്കിലെടുത്ത് മറ്റൊരു ജോലി ലഭിക്കുന്നതു വരെ തുടരാൻ മാത്രമുള്ള ഇടത്താവളമായാണ് ഈ തസ്തികയെ കാണുന്നതെന്ന് പഠനസംഘം മനസ്സിലാക്കുന്നു. ഇത് ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രവർത്തനങ്ങളുടെ നെടുംതൂണായി വർത്തിക്കേണ്ട ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഫലപ്രദമായ ചുമതലാ നിർവഹണത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം പ്രദാനം ചെയ്യുന്ന വിപുലമായ അധികാരങ്ങൾ കൈയാളുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാരിൽ ചിലരെയെങ്കിലും നിലവിലെ അസംതൃപ്തമായ സർവീസ് സാഹചര്യങ്ങൾ അഴിമതിയിലേയ്ക്കും മറ്റ് അനഭിലഷണീയ പ്രവണതകളിലേയ്ക്കും നയിക്കാനുള്ള സാധ്യതയും കാണാതിരുന്നുകൂടാ. ആയതിനാൽ ഈ വിഷയം സഗൗരവം പരിഗണിക്കേണ്ടതാണെന്ന് വിലയിരുത്തുകയും ഇത് പരിഹരിക്കുന്നതിനുള്ള ശിപാർശകൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

## എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

**4.68** ഭക്ഷ്യവസ്തുവിന്റെ സാമ്പിൾ പരിശോധനയിൽ ജീവന് ഹാനികരമായ പദാർത്ഥങ്ങൾ (Unsafe) കണ്ടെത്തിയാൽ അവ തുടർന്ന് ഉപഭോഗം ചെയ്യപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യവസ്ഥകളുണ്ട്. സ്റ്റാറ്റ്യൂട്ടറി സാമ്പിളിന്റെ പരിശോധനാഫലം Unsafe ആകുന്ന പക്ഷം പ്രസ്തുത ഭക്ഷ്യവസ്തു വിപണിയിൽ നിന്നും പൂർണ്ണമായും പിൻവലിക്കുന്നതിന് (Recall) ബന്ധപ്പെട്ട ഫുഡ് ബിസിനസ് ഓപ്പറേറ്റർ നിയമപ്രകാരം ബാധ്യസ്ഥനാകുന്നതാണ്. സർവൈലൻസ് സാമ്പിളിന്റെ പരിശോധനാഫലം Unsafe ആയാൽ പ്രസ്തുത ഭക്ഷ്യവസ്തുവിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരിച്ച ശേഷം നിയമത്തിലെ 38 (ബി), 38 (സി) വകുപ്പുകൾ പ്രകാരം ആ ഭക്ഷ്യവസ്തു പിടിച്ചെടുക്കുന്നതിന് (Seize) ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് കഴിയും. സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ഫലവും Unsafe ആകുന്ന പക്ഷം ഭക്ഷ്യവസ്തു പൂർണ്ണമായും പിൻവലിക്കുന്നതിനുള്ള നടപടികൾ (Recall) സ്വീകരിച്ച് ഉപഭോഗം തടയുവാൻ കഴിയുന്നതാണ്.

**4.69** ഒരു ഭക്ഷ്യവസ്തു Unsafe ആണെന്ന് സംശയിക്കപ്പെടുകയോ സ്ഥിരീകരിക്കുകയോ ചെയ്യുമ്പോൾ അതിന്റെ തുടർന്നുള്ള ഉപഭോഗം തടയുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യവസ്ഥകൾ ഉണ്ടെങ്കിലും നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് ഈ വ്യവസ്ഥകളൊന്നും പ്രയോഗിക്കുന്നതായി കാണുന്നില്ല. സർവൈലൻസ് സാമ്പിൾ പരിശോധനാ ഫലം ലഭിക്കുന്നതിന് മൂന്നുമാസം വരെ സമയമെടുക്കുന്നതിനാൽ ആദ്യം പരിശോധനയ്ക്ക് അയച്ച ബാച്ചിൽപ്പെട്ട ഭക്ഷ്യവസ്തു ഇക്കാലയളവിനുള്ളിൽ ഉപഭോഗം ചെയ്യപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. ഇക്കാരണത്താൽ അതേ ബാച്ചിൽപ്പെട്ട ഭക്ഷ്യവസ്തുവിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ലഭ്യമാകാതെ വരികയും മറ്റൊരു ബാച്ചിൽപ്പെട്ട സാമ്പിൾ ശേഖരിച്ച് പരിശോധിക്കേണ്ടി വരികയും ചെയ്യുന്നു. ഇതിലൂടെ ജീവന് ഹാനികരമായ (Unsafe) പദാർത്ഥങ്ങളടങ്ങിയ ഭക്ഷ്യവസ്തുക്കൾ പൊതുജനങ്ങളിലേക്കെത്താതെ തടയുകയെന്ന ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരമപ്രധാനമായ ചുമതലയാണ് നിറവേറ്റപ്പെടാതെ പോകുന്നതെന്ന് പഠനസംഘം വിലയിരുത്തുന്നു. ഇക്കാര്യം കംപ്ട്രോളർ & ആഡിറ്റർ

ജനറലിന്റെ കംപ്ലയൻസ് ആഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട് (2021 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തേയ്ക്കുള്ള റിപ്പോർട്ടിലെ ഖണ്ഡിക 2.1.4.9 & ഖണ്ഡിക 2.1.4.11)

**4.70** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിലവിലെ പ്രവർത്തനരീതിയനുസരിച്ച് ഒരു ഭക്ഷ്യ സാമ്പിൾ 'Unsafe' ആണെന്ന് കണ്ടെത്തിയാൽ ബന്ധപ്പെട്ട വ്യക്തികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിൽ മാത്രമായി വകുപ്പിന്റെ നടപടികൾ ഒതുങ്ങുകയാണ്. 1954-ലെ മായംചേർക്കൽ നിരോധന നിയമം നിലനിന്നിരുന്ന കാലത്തെ രീതികളിൽ നിന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് പൂർണ്ണമായി മോചിതമായിട്ടില്ലെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം വിഭാവനം ചെയ്യുന്ന ഗുണഫലങ്ങൾ പൂർണമായ അർത്ഥത്തിൽ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ വകുപ്പ് പരാജയപ്പെടുന്നതായി കാണുന്നു.

**4.71** ജീവന് ഹാനികരമായ (Unsafe) വസ്തുക്കളടങ്ങിയ ഭക്ഷണപദാർത്ഥങ്ങളുടെ നിരന്തരമായ ഉപഭോഗത്തിലൂടെ ഉണ്ടാകുന്ന ജീവിതശൈലീ രോഗങ്ങളും ക്യാൻസർ പോലുള്ള മാരകമായ അസുഖങ്ങളും സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സ്ഥിതിയാണുള്ളത്. Unsafe ആയ പദാർത്ഥങ്ങളടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വിപണനത്തിന് ഉത്തരവാദികളായവരെ പ്രോസിക്യൂട്ട് ചെയ്യുക എന്ന പ്രതികരണ സ്വഭാവത്തിലുള്ള നടപടിയിൽ (reactive response) നിന്നും ഇത്തരം ഭക്ഷ്യവസ്തുക്കളുടെ സാന്നിധ്യം പരമാവധി വേഗത്തിൽ തിരിച്ചറിഞ്ഞ് അത് പൊതുജനങ്ങൾ ഉപഭോഗം ചെയ്യാനുള്ള സാഹചര്യം ഒഴിവാക്കുക എന്ന മുൻകരുതൽ നടപടി (proactive response) സ്വീകരിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ഉയരാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് കഴിയേണ്ടതുണ്ട്.

**4.72** ഭക്ഷ്യസാമ്പിളുകളുടെ പരിശോധനാഫലം ലഭിക്കുന്നതിനുള്ള കാലതാമസം Food Recall, Seize തുടങ്ങിയ എൻഫോഴ്സ്മെന്റ് നടപടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ വിഭാഗങ്ങൾ പരസ്പര പൂരകങ്ങളായും ചടുലതയോടെയും പ്രവർത്തിച്ചാൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളുവെന്ന് പഠനസംഘം വിലയിരുത്തുകയും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

## സർക്കിൾ ഓഫീസുകളുടെ പുനസംഘടന - ശിപാർശകൾ

**4.73** സർക്കിൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിച്ചു കൊണ്ടു മാത്രമേ ഭക്ഷ്യസുരക്ഷാ വകുപ്പിന് അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഴിയൂ എന്നത് നിസ്തർക്കമാണ്. കേരളീയരുടെ മാറുന്ന ജീവിതശൈലിക്കും ഭക്ഷണരീതികൾക്കും അനുസരിച്ച് അനുദിനം വളരുന്ന ഭക്ഷ്യ ഉൽപന്ന-വിതരണ മേഖലയെ ശക്തമായ നിരീക്ഷണത്തിനും നിയന്ത്രണത്തിനും വിധേയമാക്കിയാൽ മാത്രമേ കലർപ്പില്ലാത്തതും ഭക്ഷ്യയോഗ്യവുമായ ആഹാരം ജനങ്ങളിലേക്ക് എത്തുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ.

**4.74** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും രജിസ്ട്രേഷൻ/ലൈസൻസ് നേടിയ സ്ഥാപനങ്ങൾ പൂർണമായും നിയമാനുസൃതമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനം വകുപ്പിൽ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്.

**4.75** സർക്കിൾ ഓഫീസുകളുടെ പ്രവർത്തനങ്ങളെയും പരിമിതികളെയും കുറിച്ച് മുൻഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നിയോജക മണ്ഡല അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള നിലവിലെ സർക്കിൾ ഓഫീസ് സംവിധാനം കാര്യക്ഷമമല്ല എന്ന് മേൽനിഗമനങ്ങളുടെ അടിസ്ഥാനത്തിൽ പഠനസംഘം വിലയിരുത്തുന്നു.

## സർക്കിൾ ഓഫീസുകളെ ക്ലസ്റ്ററുകളായി തിരിച്ച് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച ശിപാർശ

**4.76** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു.ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 09.12.2021-ൽ ചേർന്ന യോഗത്തിൽ, നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്വതന്ത്ര ഓഫീസുകളായി പ്രവർത്തിച്ചുവരുന്ന മൂന്നോ നാലോ സർക്കിൾ ഓഫീസുകൾ ഒന്നിപ്പിച്ച് ഒരു ക്ലസ്റ്ററായി പ്രവർത്തിപ്പിക്കുന്നത് ഏറെ ഗുണകരമാകുമെന്നും ഇതിലൂടെ വകുപ്പിന്റെ

പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവഹിക്കാൻ സാധിക്കുമെന്നുമുള്ള നിർദ്ദേശം ഉയർന്നു വരികയും വിശദമായ ശിപാർശ സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് സർക്കിൾ ഓഫീസുകളെ ക്ലസ്റ്ററുകളായി തിരിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള ശിപാർശ ഭക്ഷ്യസുരക്ഷാ കമ്മീഷണർ 15.03.2022-ലെ സിഎഫ്എസ്/6970/2021-സി1 നമ്പർ കത്ത് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കുകയുണ്ടായി.

**4.77** ഭൂമിശാസ്ത്രപരമായി മറ്റ് ജില്ലകളിൽ നിന്നും വേറിട്ട് നിൽക്കുന്ന പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ സർക്കിൾ ഓഫീസുകളെ ക്ലസ്റ്ററുകളാക്കി പ്രവർത്തിപ്പിക്കുന്നത് പ്രായോഗികമല്ലെന്നും ഈ ജില്ലകളിലെ 13 സർക്കിൾ ഓഫീസുകൾ (പത്തനംതിട്ട-5, ഇടുക്കി-5, വയനാട്-3) നിലവിലുള്ള പോലെ സ്വതന്ത്ര സർക്കിൾ ഓഫീസുകളായിത്തന്നെ പ്രവർത്തിപ്പിക്കാമെന്നും ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിർദ്ദേശിക്കുകയുണ്ടായി.

**4.78** പതിനൊന്ന് ജില്ലകളിലെ 127 സർക്കിൾ ഓഫീസുകളെ 39 ക്ലസ്റ്ററുകളായി തിരിച്ച് കൊണ്ടുള്ള ശിപാർശയാണ് 15.03.2022-ലെ കത്ത് പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ ലഭ്യമാക്കിയിരുന്നത്. ഈ ശിപാർശയിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനായി അധിക തസ്തികകൾ ഒന്നും ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ പ്രവൃത്തി പഠനം നടത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് 17.01.2023-ലെ കത്ത് പ്രകാരം സമർപ്പിച്ച ശിപാർശയിൽ 39 ക്ലസ്റ്ററുകളിലും ഒരു സീനിയർ ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയും ഒരു ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികയും ഉൾപ്പെടെ 78 അധിക തസ്തികകൾ അനുവദിക്കണമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

**4.79** ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളുടെ പ്രവർത്തനത്തിൽ നിലവിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ എൻഫോഴ്സ്മെന്റ് ഉൾപ്പെടെ വകുപ്പിന്റെ പ്രവർത്തനങ്ങളെ എത്രമാത്രം ദോഷകരമായി ബാധിക്കുന്നുവെന്നത് മുൻ ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗം ആവശ്യമായ മനുഷ്യ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ട് സർക്കിൾ ഓഫീസുകളെ

ശാക്തീകരിക്കുക എന്നതാണ്. എന്നാൽ ഇതിനായി വേണ്ടിവരുന്ന വർദ്ധിച്ച സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് സർക്കിൾ ഓഫീസുകളെ ക്ലസ്റ്ററുകളാക്കി തിരിച്ച് പ്രവർത്തിപ്പിക്കുകയെന്ന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിർദ്ദേശത്തിന്റെ പ്രായോഗികത പഠനസംഘം ആഴത്തിൽ പരിശോധിക്കുകയുണ്ടായി.

**4.80** നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കിൾ ഓഫീസുകളെ സംയോജിപ്പിച്ച് ക്ലസ്റ്റർ ഓഫീസുകൾ രൂപീകരിക്കുന്നതു മൂലം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സേവനം തേടുന്ന ഉപഭോക്താക്കൾക്കോ പൊതുജനങ്ങൾക്കോ എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുമോ എന്നതാണ് പഠനസംഘം ആദ്യം പരിശോധിച്ചത്. ഓഫീസുകളുടെ പുന:സംഘടനയിലൂടെ നേട്ടങ്ങൾ ഉണ്ടാകുമെങ്കിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടുമെങ്കിൽ പ്രസ്തുത പുന:സംഘടന അർത്ഥപൂർണ്ണമാകുകയില്ല.

**4.81** ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്ക് നൽകുന്ന രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നതും പ്രോസസ് ചെയ്യുന്നതും സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതും FoSCoS എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖാന്തരമാണ്. അപേക്ഷകർക്ക് നേരിട്ടോ അക്ഷയകേന്ദ്രങ്ങൾ വഴിയോ അപേക്ഷ സമർപ്പിക്കാമെന്നതിനാൽ ഈ ആവശ്യത്തിനായി ഭക്ഷ്യസുരക്ഷാ ഓഫീസുകൾ സന്ദർശിക്കേണ്ട ആവശ്യം വരുന്നില്ല. ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ പ്രവർത്തനം സംബന്ധിച്ച് ആക്ഷേപങ്ങളുള്ള പക്ഷം ഫോൺ/ടോൾ ഫ്രീ നമ്പർ/ഇ-മെയിൽ തുടങ്ങിയ മാധ്യമങ്ങളിലൂടെ പരാതികൾ നൽകുവാൻ സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിനും ഓഫീസ് സന്ദർശിക്കേണ്ട ആവശ്യം വരുന്നില്ലെന്ന് കാണാവുന്നതാണ്. പഠനസംഘം സന്ദർശനം നടത്തിയ സർക്കിൾ ഓഫീസുകളിൽ ലഭ്യമായ പരാതികളുടെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും നേരിട്ട് ലഭിച്ച പരാതികൾ വളരെ കുറവാണെന്നും ഭൂരിപക്ഷം പരാതികളും മുകളിൽ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗങ്ങളിലൂടെ ലഭിച്ചവയാണെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**4.82** ഇക്കാര്യങ്ങളിൽ നിന്നും, വിവിധ ആവശ്യങ്ങൾക്കായി പൊതുജനങ്ങൾക്ക് സർക്കിൾ ഓഫീസുകളിൽ നേരിട്ട് എത്തിച്ചേരേണ്ട ആവശ്യകതയില്ലെന്നും മറിച്ച്

ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരാണ് ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരിലേക്കും പൊതുജനങ്ങളിലേയ്ക്കും എത്തിച്ചേരേണ്ടതെന്നും വ്യക്തമാകുന്നു. ഈ ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിൽ സർക്കിൾ ഓഫീസുകളെ സംയോജിപ്പിച്ച് ക്ലസ്റ്റർ ഓഫീസ് രൂപീകരണം എന്ന നിർദ്ദേശവുമായി മുന്നോട്ടുപോകുവാൻ പഠനസംഘം തീരുമാനിക്കുകയുണ്ടായി.

**4.83** ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലും സമർപ്പിച്ച ശിപാർശകൾ പഠനസംഘം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത ശിപാർശകളിൽ ചുവടെ പറയുന്ന പോരായ്മകൾ ഉള്ളതായി കാണുന്നു.

- ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് സമർപ്പിച്ച ശിപാർശയിൽ ക്ലസ്റ്റർ ഓഫീസിന്റെ തലവൻ ആരായിരിക്കുമെന്നോ ചുമതലകൾ എന്തൊക്കെ ആയിരിക്കുമെന്നോ വ്യക്തമാക്കിയിരുന്നില്ല.

- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് സമർപ്പിച്ച ശിപാർശയിൽ ഓരോ ക്ലസ്റ്റർ ഓഫീസിലും രണ്ട് അധിക തസ്തികകൾ വീതം (സീനിയർ ഭക്ഷ്യ സുരക്ഷാ ഓഫീസർ-1, ഹെഡ് ക്ലർക്ക്/ജൂനിയർ സൂപ്രണ്ട്-1) ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത ഓഫീസ് സംവിധാനത്തിന് അനുയോജ്യമായ ചുമതലകൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിരുന്നില്ല.

- പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളെ ക്ലസ്റ്റർ രൂപീകരണത്തിൽ നിന്നും ഒഴിവാക്കുന്നത് വകുപ്പിന് ഈ ജില്ലകളിൽ വ്യത്യസ്തമായ സംഘടനാ ഘടനയ്ക്ക് (Organization Structure) കാരണമാകുന്നു. ഏതൊരു വകുപ്പിനും അവശ്യമുണ്ടായിരിക്കേണ്ട 'ഏകതാനമായ ഘടന' (Homogeneous Structure) എന്ന അടിസ്ഥാന സംഘടനാ തത്വത്തിന് വിരുദ്ധമാണിത്.

**4.84** എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ താഴെത്തട്ടിൽ കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ് ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ആദ്യപടി. എൻഫോഴ്സ്മെന്റ് സംബന്ധമായ ഭൂരിഭാഗം ചുമതലകളും നിലവിൽ

കേന്ദ്രീകരിച്ചിരിക്കുന്നത് സർക്കിൾ ഓഫീസ് തലത്തിലുള്ള ഭക്ഷ്യസുരക്ഷാ ഓഫീസറിലും ജില്ലാതലത്തിലുള്ള ഡെസിഗ്നേറ്റ് ഓഫീസറിലുമാണ്. രണ്ട് ഉദ്യോഗസ്ഥരുടെയും ചുമതലകൾ പരസ്പരബന്ധിതവും മെച്ചപ്പെട്ട ഏകോപനം ആവശ്യപ്പെടുന്നതുമാണ്. ഈ രണ്ടു ഉദ്യോഗസ്ഥരേയും ഒരേ ഓഫീസ് സംവിധാനത്തിനുള്ളിൽ കൊണ്ടുവന്നാൽ അത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ വലിയൊരളവിൽ സഹായിക്കുന്നതാണ്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

**4.85** ഭക്ഷ്യസുരക്ഷാ ഓഫീസർ കോമ്പൗണ്ടിങ്ങിനായി നോട്ടീസ് നൽകിയാലും കോമ്പൗണ്ടിംഗ് സംബന്ധമായ തുടർനടപടികൾ സ്വീകരിക്കുന്നത് ജില്ലാതലത്തിലുള്ള ഡെസിഗ്നേറ്റഡ് ഓഫീസറാണ്. ഫുഡ് ബിസിനസ് ഓപ്പറേറ്റർ ഹാജരായോ എന്നും പിഴ ഒടുക്കിയോ എന്നും ജില്ലാ ഓഫീസിൽ നിന്നും അറിയിപ്പ് ലഭിച്ചാൽ മാത്രമേ കോമ്പൗണ്ടിംഗ് നോട്ടീസ് നൽകിയ ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് ഇക്കാര്യം അറിയുവാൻ കഴിയുകയുള്ളൂ. നോട്ടീസ് നൽകുന്നതും പിഴ ഈടാക്കുന്നതും രണ്ട് ഓഫീസുകളിൽ നിന്നുമായതിനാൽ യഥാസമയം പിഴ ഒടുക്കുന്നുണ്ടോ എന്ന കാര്യം ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് വൈകി മാത്രമേ അറിയാൻ കഴിയുന്നുള്ളൂ.

**4.86** ജില്ലാതലത്തിലുള്ള ഡെസിഗ്നേറ്റഡ് ഓഫീസറിൽ കേന്ദ്രീകരിച്ചിരിക്കുന്ന ലൈസൻസിംഗ് പോലെയുള്ള അധികാരങ്ങൾ താഴെത്തട്ടിലേക്ക് വിഭജിച്ച് നൽകുന്നത് ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.87** ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ശിപാർശയിൽ സർക്കിൾ ഓഫീസുകളുടെ കൂട്ടിച്ചേർക്കൽ മാത്രമായിട്ടാണ് ക്ലസ്റ്ററുകളെ വിഭാവനം ചെയ്തിട്ടുള്ളത്. മുൻഖണ്ഡികകളിൽ പ്രതിപാദിച്ച വിധത്തിലുള്ള എൻഫോഴ്സ്മെന്റ് സംബന്ധമായ പുതിയ ചുമതലകൾ കൂടി ക്ലസ്റ്റർ ഓഫീസ് സംവിധാനത്തിന് നൽകാൻ പരിമിതികൾ ഉള്ളതായി വിലയിരുത്തുന്നു. ഈ വസ്തുതകളെല്ലാം കണക്കിലെടുത്ത് **സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾക്ക് പകരം, പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 'ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസ്' എന്ന പേരിൽ**

**പുതിയൊരു ഓഫീസ് സംവിധാനം രൂപീകരിക്കുവാൻ പഠനസംഘം ശിപാർശ ചെയ്യുന്നു.**

**4.88** സോണൽ ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള ശിപാർശയുടെ പ്രധാന ഉദ്ദേശം ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവും അതിന്റെ അനുബന്ധ പ്രവർത്തനങ്ങളും താഴെത്തട്ടിൽ തന്നെ ആരംഭിക്കുക എന്നതാണ്. 2 മുതൽ 5 വരെ സർക്കിൾ ഓഫീസുകൾ ഉൾപ്പെടുന്നതായിരിക്കും പുതിയതായി രൂപീകരിക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസുകൾ. സോണൽ ഓഫീസ് തലത്തിൽ ഡെസിഗ്നേറ്റഡ് ഓഫീസറുടെ അധികാരങ്ങളുള്ള ഒരു ഉദ്യോഗസ്ഥനെ ഓഫീസ് മേധാവിയായി നിയമിക്കേണ്ടതുണ്ട്. **സോണൽ ഓഫീസിന്റെ തലവനായി അസിസ്റ്റന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥനെ സോണൽ ഓഫീസിന്റെ അധികാരപരിധിയിലെ ഡെസിഗ്നേറ്റഡ് ഓഫീസറായി നിയമിക്കേണ്ടതുമാണെന്ന് ശിപാർശ ചെയ്യുന്നു.**

4.89 **2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 36-ാം വകുപ്പ് പ്രകാരം ഡെസിഗ്നേറ്റഡ് ഓഫീസറിൽ നിക്ഷിപ്തമായിട്ടുള്ള സാമ്പിളുകളുടെ സൂക്ഷിപ്പും അതുമായി ബന്ധപ്പെട്ട മറ്റു ചുമതലകളും (Sample custodian and allied matters), പ്രോസിക്യൂഷൻ അനുമതിയ്ക്കായി ശിപാർശ നൽകൽ, അഡ്ജുഡിക്കേഷൻ അനുമതി നൽകൽ എന്നിവ ഒഴികെയുള്ള എല്ലാ അധികാരങ്ങളും സോണൽ ഓഫീസുകളിൽ നിയമിക്കപ്പെടുന്ന ഡെസിഗ്നേറ്റഡ് ഓഫീസർക്ക് നൽകേണ്ടതാണ്.**

**4.90 ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 69-ാം വകുപ്പ് പ്രകാരമുള്ള കോമ്പൗണ്ടിംഗ് അധികാരം സോണൽ തലത്തിലെ ഡെസിഗ്നേറ്റഡ് ഓഫീസറിൽ നിക്ഷിപ്തമാക്കുവാൻ പഠനസംഘം ശിപാർശ ചെയ്യുന്നു.**

**4.91** ഓരോ ജില്ലയിലുമുള്ള സർക്കിൾ ഓഫീസുകളുടെ എണ്ണം, രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുടെ എണ്ണം, നഗര/മുനിസിപ്പൽ/ഗ്രാമ മേഖലകൾ, നിലവിലെ അധികാര പരിധിയുടെ വിസ്തൃതി, ഭൂപ്രകൃതി, ജനസാന്ദ്രത, ഫുഡ് ബിസിനസ്

ഓപ്പറേറ്റർമാർ കേന്ദ്രീകരിച്ചിരിക്കുന്ന മേഖലകൾ, പരാതികളുടെ എണ്ണം മുതലായവ സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് ലഭ്യമാക്കിയതും പഠനസംഘം ശേഖരിച്ചതുമായ വിവരങ്ങൾ വിശദമായി വിശകലനം നടത്തുകയുണ്ടായി. ഈ വിവരങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ചതിന് ശേഷം ഭരണപരമായ സൗകര്യം കൂടി കണക്കിലെടുത്ത് **പതിനാല് ജില്ലകളിലായി 37 ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസുകൾ രൂപീകരിക്കുവാൻ ശിപാർശ ചെയ്യുന്നു**.

**4.92** പുതിയതായി രൂപീകരിക്കേണ്ട സോണൽ ഓഫീസുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 2</u>

| **ക്രമ നം.** | **സോൺ** | **ജില്ല** | **സോണൽ ഓഫീസിനായി നിർദ്ദേശിക്കുന്ന സർക്കിളുകൾ** | **സോണൽ ഓഫീസിനായി നിർദ്ദേശിക്കപ്പെടുന്ന ആസ്ഥാനം** |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | തിരുവനന്തപുരം, നേമം, വട്ടിയൂർക്കാവ് | തിരുവനന്തപുരം |
| 2 | ആറ്റിങ്ങൽ | | കഴക്കൂട്ടം, ആറ്റിങ്ങൽ, ചിറയിൻകീഴ്, വർക്കല | ആറ്റിങ്ങൽ |
| 3 | നെയ്യാറ്റിൻകര | | നെയ്യാറ്റിൻകര, പാറശ്ശാല, കോവളം, കാട്ടാക്കട | നെയ്യാറ്റിൻകര |
| 4 | നെടുമങ്ങാട് | | നെടുമങ്ങാട്, വാമനപുരം, അരുവിക്കര | നെടുമങ്ങാട് |
| 5 | കൊല്ലം | | കൊല്ലം, | കൊല്ലം |

| | | | | |
|---|---|---|---|---|
| | | | ഇരവിപുരം, കുണ്ടറ, ചാത്തന്നൂർ | |
| 6 | കൊട്ടാരക്കര | കൊല്ലം | കൊട്ടാരക്കര, പത്തനാപുരം, പുനലൂർ, ചടയമംഗലം | കൊട്ടാരക്കര |
| 7 | കരുനാഗപ്പള്ളി | | കരുനാഗപ്പള്ളി, ചവറ, കുന്നത്തൂർ | കരുനാഗപ്പള്ളി |
| 8 | പത്തനംതിട്ട | പത്തനംതിട്ട | തിരുവല്ല,റാന്നി, ആറന്മുള,അടൂർ, കോന്നി | പത്തനംതിട്ട |
| 9 | ആലപ്പുഴ | ആലപ്പുഴ | അരൂർ,ചേർത്തല, ആലപ്പുഴ, കുട്ടനാട് | ആലപ്പുഴ |
| 10 | ഹരിപ്പാട് | | അമ്പലപ്പുഴ, ഹരിപ്പാട്, ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം | ഹരിപ്പാട് |
| 11 | കോട്ടയം | കോട്ടയം | കോട്ടയം, ഏറ്റുമാന്നൂർ, വൈക്കം, ചങ്ങനാശ്ശേരി | കോട്ടയം |
| 12 | പാലാ | | കടുത്തുരുത്തി, കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ,പാലാ, പുതുപ്പള്ളി | പാലാ |
| 13 | തൊടുപുഴ | ഇടുക്കി | ദേവികുളം, തൊടുപുഴ | തൊടുപുഴ * |
| 14 | ഇടുക്കി | | ഉടുമ്പൻചോല, ഇടുക്കി, പീരുമേട് | കട്ടപ്പന * |

| | | | | |
|---|---|---|---|---|
| 15 | എറണാകുളം | | എറണാകുളം, കൊച്ചി,വൈപ്പിൻ | എറണാകുളം |
| 16 | തൃപ്പൂണിത്തുറ | | തൃക്കാക്കര, തൃപ്പൂണിത്തുറ, പിറവം | തൃപ്പൂണിത്തുറ |
| 17 | ആലുവ | എറണാകുളം | കളമശ്ശേരി,ആലുവ, പറവൂർ, അങ്കമാലി | ആലുവ |
| 18 | പെരുമ്പാവൂർ | | കോതമംഗലം, മൂവാറ്റുപുഴ, പെരുമ്പാവൂർ, കുന്നത്തുനാട് | പെരുമ്പാവൂർ |
| 19 | തൃശ്ശൂർ | | തൃശ്ശൂർ, ഒല്ലൂർ, പുതുക്കാട് | തൃശ്ശൂർ |
| 20 | കുന്നംകുളം | തൃശ്ശൂർ | വടക്കാഞ്ചേരി, ചേലക്കര, കുന്നംകുളം, ഗുരുവായൂർ, മണലൂർ | കുന്നംകുളം |
| 21 | ഇരിങ്ങാലക്കുട | | കൊടുങ്ങല്ലൂർ, കയ്പമംഗലം, ഇരിങ്ങാലക്കുട, ചാലക്കുടി, നാട്ടിക | ഇരിങ്ങാലക്കുട |
| 22 | പാലക്കാട് | പാലക്കാട് | പാലക്കാട്, കോങ്ങാട്, മണ്ണാർക്കാട്, മലമ്പുഴ | പാലക്കാട് |
| 23 | ആലത്തൂർ | | ആലത്തൂർ,തരൂർ, നെന്മാറ, ചിറ്റൂർ | ആലത്തൂർ |
| 24 | ഷൊർണ്ണൂർ | | പട്ടാമ്പി,ഒറ്റപ്പാലം, ഷൊർണ്ണൂർ, | ഷൊർണ്ണൂർ |

| | | | | |
|---|---|---|---|---|
| | | | തൃത്താല | |
| 25 | മഞ്ചേരി | | നിലമ്പൂർ,ഏറനാട്, വണ്ടൂർ, മഞ്ചേരി | മഞ്ചേരി |
| 26 | മലപ്പുറം | | മലപ്പുറം, വേങ്ങര, മങ്കട, പെരിന്തൽമണ്ണ | മലപ്പുറം |
| 27 | തിരൂരങ്ങാടി | മലപ്പുറം | കൊണ്ടോട്ടി, വള്ളിക്കുന്ന്, തിരൂരങ്ങാടി, താനൂർ | തിരൂരങ്ങാടി |
| 28 | തിരൂർ | | തിരൂർ,കോട്ടക്കൽ, തവനൂർ, പൊന്നാനി | തിരൂർ |
| 29 | വടകര | | നാദാപുരം,വടകര, കൊയിലാണ്ടി, കുറ്റ്യാടി | വടകര |
| 30 | ബാലുശ്ശേരി | | പേരാമ്പ്ര, തിരുവമ്പാടി, കൊടുവള്ളി, ബാലുശ്ശേരി | ബാലുശ്ശേരി |
| 31 | കോഴിക്കോട് നോർത്ത് | കോഴിക്കോട് | കോഴിക്കോട് നോർത്ത്, കുന്നമംഗലം, എലത്തൂർ | കോഴിക്കോട് നോർത്ത് |
| 32 | കോഴിക്കോട് സൗത്ത് | | കോഴിക്കോട് സൗത്ത്,ബേപ്പൂർ | കോഴിക്കോട് സൗത്ത് |
| 33 | കൽപ്പറ്റ | വയനാട് | മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ | കൽപ്പറ്റ |
| 34 | കൂത്തുപ്പറമ്പ് | | തലശ്ശേരി, | കൂത്തുപ്പറമ്പ് |

| | | | | |
|---|---|---|---|---|
| | | | കൂത്തുപ്പറമ്പ്, മട്ടന്നൂർ,പേരാവൂർ | |
| 35 | കണ്ണൂർ | കണ്ണൂർ | കണ്ണൂർ, അഴീക്കോട്, കല്യാശ്ശേരി, ധർമ്മടം | കണ്ണൂർ |
| 36 | തളിപ്പറമ്പ് | | തളിപ്പറമ്പ്, പയ്യന്നൂർ, ഇരിക്കൂർ | തളിപ്പറമ്പ് |
| 37 | കാഞ്ഞങ്ങാട് | കാസർഗോഡ് | മഞ്ചേശ്വരം, കാസർഗോഡ്, ഉദുമ, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ | കാഞ്ഞങ്ങാട് |

**ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് തൊടുപുഴ, ഇടുക്കി സോണുകളിൽ ഉൾപ്പെടുന്ന ദേവികുളം, പീരുമേട് എന്നീ സർക്കിളുകളിൽ നിലവിലുള്ള ഓഫീസുകൾ നിർദ്ദിഷ്ട സോണൽ ഓഫീസുകളുടെ ക്യാമ്പ് ഓഫീസുകളായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്.*

**4.93** നിലവിലുണ്ടായിരുന്ന 140 സർക്കിൾ ഓഫീസുകളുടെ പ്രവർത്തനം അവസാനിപ്പിച്ചാണ് പുതിയതായി സോണൽ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ നൽകിയിട്ടുള്ളത്. **നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന സർക്കിൾ ഓഫീസുകളുടെയെല്ലാം അധികാര പരിധി കൂട്ടിച്ചേർത്ത് സോണൽ ഓഫീസുകൾക്കായി ഒറ്റ അധികാര പരിധി നിശ്ചയിക്കേണ്ടതാണ്.**

**4.94** നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 37 ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസുകൾക്കായി 37 അസിസ്റ്റന്റ് കമ്മീഷണർ തസ്തികകൾ ആവശ്യമുണ്ട്. **ജില്ലാ ഓഫീസുകളിൽ നിലവിലുള്ള 14 അസിസ്റ്റന്റ് കമ്മീഷണർ തസ്തികകൾ സോണൽ ഓഫീസുകളിലേക്ക് പുനർവിന്യസിക്കേണ്ടതാണ്. ഇതിനു പുറമേ അസിസ്റ്റന്റ് കമ്മീഷണറുടെ 23 തസ്തികകൾ അധികമായി സൃഷ്ടിക്കുവാൻ ശിപാർശ ചെയ്യുന്നു.**

**4.95** സർക്കിൾ ഓഫീസുകളുടെ പ്രവർത്തനം അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഓഫീസുകളിൽ നിലവിലുള്ള ഭക്ഷ്യസുരക്ഷാ ഓഫീസറുടെ 140 തസ്തികകൾ, ക്ലർക്കിന്റെ 140 തസ്തികകൾ, ഓഫീസ് അറ്റൻഡന്റിന്റെ 87 തസ്തികകൾ എന്നിവ സോണൽ ഓഫീസുകളിലും വകുപ്പിന്റെ മറ്റ് ഓഫീസുകളിലുമായി വിന്യസിക്കാവുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**4.96 സർക്കിൾ ഓഫീസുകളിൽ നിലവിലുള്ള 140 ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികകളെ പട്ടിക നമ്പർ - 2 പ്രകാരമുള്ള 37 സോണൽ ഓഫീസുകളിലായി വിന്യസിക്കേണ്ടതാണ്**. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ നിലവിലെ അധികാര പരിധി (Jurisdictional Area) കുറയ്ക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. അതിനായി **37 സോണൽ ഓഫീസുകളിലും ഓരോ ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ അധികമായി വിന്യസിക്കുവാൻ ശിപാർശ ചെയ്യുന്നു.**

**4.97 ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ കൂടുതലുള്ള തിരുവനന്തപുരം, എറണാകുളം, തൃപ്പൂണിത്തുറ, തൃശ്ശൂർ, കോഴിക്കോട് സൗത്ത് എന്നീ സോണുകളിൽ എൻഫോഴ്സ്മെന്റിന് അധിക മനുഷ്യ വിഭവശേഷി ആവശ്യമാണെന്ന് വിലയിരുത്തുന്നു. ഇത് പരിഗണിച്ച് ഈ സോണൽ ഓഫീസുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ഒരു തസ്തിക വീതം അധികമായി അനുവദിക്കുവാനും (5 തസ്തികകൾ) ശിപാർശ ചെയ്യുന്നു.**

**4.98** ഇപ്രകാരം സോണൽ ഓഫീസുകളിൽ ആകെ 182 ഭക്ഷ്യസുരക്ഷാ ഓഫീസറുടെ തസ്തികകളാണ് ആവശ്യമായി വരുന്നത് (140+37+5=182). **സർക്കിൾ ഓഫീസുകളിൽ നിലവിലുള്ള 140 തസ്തികകൾക്കു പുറമേ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ 42 തസ്തികകൾ അധികമായി സൃഷ്ടിക്കുവാൻ ശിപാർശ ചെയ്യുന്നു.**

**4.99 നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 37 ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസുകളിൽ അഞ്ച് സർക്കിളുകൾ ഉൾപ്പെടുത്തി രൂപീകരിക്കുന്ന പത്തനംതിട്ട, ഹരിപ്പാട്, പാലാ, കുന്നംകുളം, ഇരിങ്ങാലക്കുട, കാഞ്ഞങ്ങാട് എന്നീ ആറ് സോണൽ ഓഫീസുകളിൽ**

**ക്ലർക്കിന്റേയും ഓഫീസ് അറ്റൻഡന്റിന്റേയും 3 വീതം തസ്തികകളും (6 x 3 = 18 തസ്തികകൾ വീതം) ബാക്കിയുള്ള 31 സോണൽ ഓഫീസുകളിൽ രണ്ട് വീതം തസ്തികകളും (31 x 2 = 62 തസ്തികകൾ വീതം) ഉൾപ്പെടെ 80 ക്ലർക്കിന്റേയും 80 ഓഫീസ് അറ്റൻഡന്റിന്റേയും തസ്തികകൾ വിന്യസിക്കേണ്ടതാണ്.**

**4.100** ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾക്കു പകരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 37 ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസുകളുടെ പ്രവർത്തനത്തിനായി 37 അസിസ്റ്റന്റ് കമ്മീഷണർ, 182 ഭക്ഷ്യ സുരക്ഷാ ഓഫീസർ, 80 ക്ലർക്ക്, 80 ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളാണ് ആവശ്യമായിട്ടുള്ളത്. 37 സോണൽ ഓഫീസുകൾക്ക് ആവശ്യമായ തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 3</u>

| ജില്ല | സോൺ | ആവശ്യമായ തസ്തികകൾ | | | |
|---|---|---|---|---|---|
| | | അസിസ്റ്റന്റ് കമ്മീഷണർ | ഭക്ഷ്യസുരക്ഷാ ഓഫീസർ | ക്ലർക്ക് | ഓഫീസ് അറ്റൻഡന്റ് |
| തിരുവനന്തപുരം | തിരുവനന്തപുരം | 1 | 5 | 2 | 2 |
| | ആറ്റിങ്ങൽ | 1 | 5 | 2 | 2 |
| | നെയ്യാറ്റിൻകര | 1 | 5 | 2 | 2 |
| | നെടുമങ്ങാട് | 1 | 4 | 2 | 2 |
| കൊല്ലം | കൊല്ലം | 1 | 5 | 2 | 2 |
| | കൊട്ടാരക്കര | 1 | 5 | 2 | 2 |
| | കരുനാഗപ്പള്ളി | 1 | 4 | 2 | 2 |
| പത്തനംതിട്ട | പത്തനംതിട്ട | 1 | 6 | 3 | 3 |
| ആലപ്പുഴ | ആലപ്പുഴ | 1 | 5 | 2 | 2 |
| | ഹരിപ്പാട് | 1 | 6 | 3 | 3 |
| കോട്ടയം | കോട്ടയം | 1 | 5 | 2 | 2 |
| | പാലാ | 1 | 6 | 3 | 3 |

| | | | | | |
|---|---|---|---|---|---|
| ഇടുക്കി | തൊടുപുഴ | 1 | 3 | 2 | 2 |
| | ഇടുക്കി | 1 | 4 | 2 | 2 |
| എറണാകുളം | എറണാകുളം | 1 | 5 | 2 | 2 |
| | തൃപ്പൂണിത്തുറ | 1 | 5 | 2 | 2 |
| | ആലുവ | 1 | 5 | 2 | 2 |
| | പെരുമ്പാവൂർ | 1 | 5 | 2 | 2 |
| തൃശ്ശൂർ | തൃശ്ശൂർ | 1 | 5 | 2 | 2 |
| | കുന്നംകുളം | 1 | 6 | 3 | 3 |
| | ഇരിങ്ങാലക്കുട | 1 | 6 | 3 | 3 |
| പാലക്കാട് | പാലക്കാട് | 1 | 5 | 2 | 2 |
| | ആലത്തൂർ | 1 | 5 | 2 | 2 |
| | ഷൊർണ്ണൂർ | 1 | 5 | 2 | 2 |
| മലപ്പുറം | മഞ്ചേരി | 1 | 5 | 2 | 2 |
| | മലപ്പുറം | 1 | 5 | 2 | 2 |
| | തിരൂരങ്ങാടി | 1 | 5 | 2 | 2 |
| | തിരൂർ | 1 | 5 | 2 | 2 |
| കോഴിക്കോട് | വടകര | 1 | 5 | 2 | 2 |
| | ബാലുശ്ശേരി | 1 | 5 | 2 | 2 |
| | കോഴിക്കോട് നോർത്ത് | 1 | 4 | 2 | 2 |
| | കോഴിക്കോട് സൗത്ത് | 1 | 4 | 2 | 2 |
| വയനാട് | കൽപ്പറ്റ | 1 | 4 | 2 | 2 |
| കണ്ണൂർ | കൂത്തുപ്പറമ്പ് | 1 | 5 | 2 | 2 |
| | കണ്ണൂർ | 1 | 5 | 2 | 2 |
| | തളിപ്പറമ്പ് | 1 | 4 | 2 | 2 |

| | | | | | |
|---|---|---|---|---|---|
| കാസർഗോഡ് | കാഞ്ഞങ്ങാട് | 1 | 6 | 3 | 3 |
| **ആകെ** | | **37** | **182** | **80** | **80** |

**4.101** ഭക്ഷ്യസുരക്ഷാ ഓഫീസറുടെ നോൺസ്റ്റാറ്റ്യൂട്ടറി ചുമതലകളിൽ ഉൾപ്പെടുന്ന ഐ.ഇ.സി. പ്രോഗ്രാമുകളുടെ നടത്തിപ്പിനും ഏകോപനത്തിനുമായി ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിന്റെ **4.118 മുതൽ 4.128 വരെ** ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ട്. പകരം സംവിധാനം നിലവിൽ വരുന്നതോടെ സോണൽ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ മുഴുവൻ സമയവും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നതാണ്.

**4.102 ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എണ്ണം, സോണിന്റെ പ്രത്യേകതകൾ തുടങ്ങിയവ കണക്കിലെടുത്ത് സോണുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധികാരപരിധി ഉചിതമായ രീതിയിൽ പുനർനിർണയിച്ച് നൽകുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നിരുന്നാലും, അത്യാവശ്യഘട്ടങ്ങളിൽ ഓഫീസ് മേധാവിയുടെ നിർദ്ദേശപ്രകാരം സോണൽ ഓഫീസിന്റെ പരിധിയ്ക്കുള്ളിലെവിടെയും പ്രവർത്തിക്കുവാനുള്ള അധികാരവും ആ സോണിലെ എല്ലാ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കും നൽകേണ്ടതുമാണ്.**

**4.103** 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 29(6)-ാം വകുപ്പ്, ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ എല്ലാ അധികാരങ്ങളും ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കും ഡെസിഗ്നേറ്റഡ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. താഴേത്തട്ടു മുതൽ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പിൽവരുത്തുന്നതിനാണ് സോണൽ ഓഫീസുകൾ രൂപീകരിക്കുന്നത്. **സോണൽ ഓഫീസിലെ ഡെസിഗ്നേറ്റഡ് ഓഫീസറായ അസിസ്റ്റന്റ് കമ്മീഷണർ, നിയമത്തിലെ 29(6)-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ കൂടി വിനിയോഗിച്ചുകൊണ്ട് സോണിലെ എൻഫോഴ്സ്മെന്റ്**

**പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കേണ്ടതാണ്.**

**4.104** ആവശ്യത്തിന് വാഹനങ്ങൾ ഉണ്ടെങ്കിൽ മാത്രമേ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സുഗമമായി നിർവഹിക്കുന്നതിന് സാധിക്കുകയുള്ളൂ. അതിനാൽ **സോണൽ ഓഫീസുകളുടെ വിസ്തൃതി, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ കണക്കിലെടുത്ത് ആവശ്യമായ വാഹനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഇതിനായി കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്കെടുക്കുന്ന നിലവിലെ രീതി അവലംബിക്കാവുന്നതാണ്. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഈ ജില്ലകളിലെ ഓഫീസുകൾക്ക് വാഹനം ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.**

**4.105 സോണൽ ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പഠനസംഘം ചുവടെ പറയുന്ന ശിപാർശകൾ കൂടി നൽകുന്നു.**

1. **രജിസ്ട്രേഷൻ/ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിൽ സ്ഥലപരിശോധന കൃത്യമായി നടത്തിയശേഷം മാത്രം ലൈസൻസ്/രജിസ്ട്രേഷൻ അനുവദിക്കേണ്ടതാണ്.**

2. **ഫുഡ് ബിസിനസ് സ്ഥാപനങ്ങളുടെ പരിശോധന, തുടർപരിശോധനകൾ, പരാതികളിന്മേലുള്ള അന്വേഷണം തുടങ്ങിയ എല്ലാവിധ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

3. **Unsafe ആണെന്ന് സംശയിക്കപ്പെടുകയോ സ്ഥിരീകരിക്കപ്പെടുകയോ ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുക്കുക (Seize), വിപണിയിൽ നിന്നും**

**പിൻവലിക്കുക (Food Recall) തുടങ്ങിയ നടപടികൾ സ്വീകരിച്ചുകൊണ്ട് ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ ഒന്നുംതന്നെ ജനങ്ങളിലേയ്ക്ക് എത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.**

4. **സോണൽ ഓഫീസിന് ഡി.ഡി.ഒ കോഡ് അനുവദിക്കേണ്ടതും ഓഫീസിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ബില്ലുകളും അതത് ഓഫീസുകളിൽ പ്രോസസ് ചെയ്യേണ്ടതുമാണ്. ജീവനക്കാര്യവുമായി ബന്ധപ്പെട്ട മറ്റെല്ലാ വിഷയങ്ങളും ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ നിർവഹിക്കേണ്ടതാണ്.**

**4.106 <u>നിർദ്ദിഷ്ട സോണൽ ഓഫീസുകളുടെ രൂപീകരണത്തിലൂടെ വകുപ്പിന് ലഭ്യമാകുന്ന ഗുണഫലങ്ങൾ</u>**

1. സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള ഭക്ഷ്യസുരക്ഷാ ഓഫീസറും ഡെസിഗ്നേറ്റഡ് ഓഫീസറും ഒരേ ഓഫീസ് സംവിധാനത്തിനുള്ളിൽ പ്രവർത്തിക്കുമ്പോൾ എഫ്.ബി.ഒ രജിസ്ട്രേഷൻ, ലൈസൻസിംഗ്, പരിശോധനകളിന്മേലുള്ള തുടർനടപടികൾ, കോമ്പൗണ്ടിംഗ് നടപടിക്രമങ്ങൾ എന്നിവയുൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട ഏകോപനം സാധ്യമാകുന്നു.
2. ഭക്ഷ്യവിഷബാധ പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ അതിവേഗം നടപടി സ്വീകരിക്കുവാൻ കഴിയുന്നു.
3. സോണൽ ഓഫീസ് തലത്തിൽത്തന്നെ എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ കഴിയുന്നതിലൂടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുന്നു.
4. നിലവിലുള്ള മനുഷ്യവിഭവശേഷിയെ ഏറ്റവും ഫലപ്രദമായി വിന്യസിക്കുവാൻ സാധിക്കുന്നു.

5. സോണൽ ഓഫീസിന് ഒരു മേധാവിയും ആവശ്യമായ സ്റ്റാഫ് സംവിധാനവും ഉള്ളതിനാൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് ഓഫീസ് ചുമതലകളിൽ നിന്നും ഒഴിവായി മുഴുവൻ സമയവും ഫീൽഡ്തല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നു. ഓഫീസ് അടഞ്ഞുകിടക്കുന്ന സാഹചര്യം ഒഴിവാകുന്നു.
6. സാമ്പിളുകൾ ശേഖരിക്കുന്നതിനും മറ്റുമായി ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ സോണൽ ഓഫീസ് തലത്തിലൊരുക്കിയാൽ മതിയാകും. അതിലൂടെ ഈ ഇനത്തിലുള്ള ചെലവുകൾ കുറയ്ക്കാൻ സാധിക്കും.
7. ഇന്റർനെറ്റ്, വൈദ്യുതി കണക്ഷനുകളുടെ എണ്ണത്തിൽ കുറവ് വരുന്നതുമൂലം ഈ ചെലവിനത്തിലുള്ള തുക, ഓഫീസുകളുടെ വാടകയിനത്തിലുള്ള തുക എന്നിവ ലാഭിക്കുവാൻ കഴിയും.

## ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ പ്രവർത്തനങ്ങളുടെ നിരീക്ഷണം

**4.107** ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിൽ ഫീൽഡ്തല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് സുപ്രധാനമായ സ്ഥാനമാണുള്ളത്. ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ/ലൈസൻസ് അനുവദിക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല വകുപ്പിന്റെ ചുമതല. രജിസ്ട്രേഷൻ/ലൈസൻസ് നേടിയ സ്ഥാപനങ്ങൾ അനുദിനം പ്രവർത്തിക്കുന്നത് ഭക്ഷ്യസുരക്ഷാ ഗുണനിലവാരം പാലിച്ചു കൊണ്ടാണോയെന്ന് ഉറപ്പുവരുത്തുകയെന്ന പ്രധാനപ്പെട്ട ചുമതലയും വകുപ്പിനുണ്ട്. ഇതിനായി സ്ഥാപനങ്ങളിൽ നിരന്തര പരിശോധനകൾ നടത്തേണ്ടി വരുന്നതാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിരീക്ഷണ വലയത്തിലാണ് തങ്ങളെന്നും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഏത് സമയത്തും സ്ഥാപനങ്ങളിൽ പരിശോധന നടത്താൻ സാധ്യതയുണ്ടെന്നുമുള്ള ബോധ്യം സ്ഥാപന നടത്തിപ്പുകാർക്ക് ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇതിനാലാണ് സോണൽ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ

ഓഫീസർമാരെ ഫീൽഡ്തല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് മാത്രമായി നിയോഗിക്കുവാൻ ശിപാർശ ചെയ്തിട്ടുള്ളത്.

**4.108** സർക്കിൾ ഓഫീസുകളെ സംയോജിപ്പിച്ച് സോണൽ ഓഫീസുകൾ രൂപീകരിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ എല്ലാ ദിവസവും സോണൽ ഓഫീസിലെത്തി റിപ്പോർട്ട് ചെയ്ത ശേഷം അവരവരുടെ അധികാര പരിധിയിലെ ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് പോകേണ്ടിവരുന്നത് അപ്രായോഗികവും സമയനഷ്ടം ഉണ്ടാക്കുന്നതുമാണ്. ഓഫീസ് മേധാവിയുടെ നിർദ്ദേശാനുസരണം ആഴ്ചയിൽ നിശ്ചിത ദിവസം/ദിവസങ്ങളിൽ ഇവർ ഓഫീസിൽ ഹാജരാകുന്നതാണ് പ്രായോഗികമെന്ന് വിലയിരുത്തുന്നു. എന്നാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാർ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായും തികഞ്ഞ ചുമതലാബോധത്തോടും കൂടി നിർവഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും അതീവ പ്രാധാന്യമുള്ളതാണ്.

**4.109** ഫീൽഡ്തല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ദിവസേന ചെയ്യുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും ഇവരുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി അവലോകനം ചെയ്യേണ്ടതും ഈ ഘട്ടത്തിൽ അനിവാര്യമാണ്. ഇതിനായി വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണെന്ന് പഠനസംഘം കരുതുന്നു.

**4.110** ഫുഡ് ബിസിനസ് ഓപ്പറേറ്ററുടെ വിവരങ്ങൾ ഉൾപ്പെടുന്ന ക്യൂ.ആർ. കോഡ് (QR Code) സഹിതമാണ് FSSAI രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നത്. പരിശോധന, സാമ്പിൾ ശേഖരണം, പരാതി അന്വേഷണം തുടങ്ങിയ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഭക്ഷ്യസുരക്ഷാ ഓഫീസർ ഭക്ഷ്യവ്യാപാര സ്ഥാപനം സന്ദർശിക്കുന്ന സമയത്ത് പ്രസ്തുത ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് സന്ദർശന വിവരം

ഓൺലൈനായി രേഖപ്പെടുത്തുന്ന സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ഫീൽഡ്തല ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും മേലുദ്യോഗസ്ഥർക്ക് ഇവരുടെ പ്രവർത്തനം ഓൺലൈനായി വിലയിരുത്തുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കും.

**4.111 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഓദ്യോഗികാവശ്യങ്ങൾക്കായി ഭക്ഷ്യവ്യാപാര സ്ഥാപനങ്ങൾ സന്ദർശിക്കുന്ന അവസരങ്ങളിൽ രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റിലെ ക്യൂ.ആർ.കോഡ് സ്കാൻ ചെയ്ത് സന്ദർശന വിവരം ഓൺലൈനായി രേഖപ്പെടുത്തുന്നതിനും ഇത് സംബന്ധിച്ച വിവരങ്ങൾ മേലുദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനും കഴിയുന്ന തരത്തിൽ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ശിപാർശ ചെയ്യുന്നു. ഇതോടൊപ്പം ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് ടാർജറ്റ് നിശ്ചയിച്ചു നൽകേണ്ടതും പ്രതിമാസ അവലോകനത്തിലൂടെ ജില്ലാമേധാവി സോണൽ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.**

## ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ ഡാറ്റാബേസ്

**4.112** 2011-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര ചട്ടങ്ങളിലെ ചട്ടം 2.1.3.4(എഫ്) അനുസരിച്ച് ഭക്ഷ്യസുരക്ഷാ ഓഫീസർ തന്റെ അധികാരപരിധിയിലുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ ഡാറ്റാബേസ് സൂക്ഷിക്കേണ്ടതാണ്. എന്നാൽ സംസ്ഥാനത്ത് ഒരിടത്തും ഇത്തരത്തിൽ ഡാറ്റാബേസ് സൂക്ഷിക്കുന്നതായി കാണുന്നില്ല. ഡാറ്റാബേസ് ഇല്ലാത്തതുമൂലം രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതും രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനോ നടപടി സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്നു.

ഈ പോരായ്മ കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2021 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തേക്കുള്ള കംപ്ലയൻസ് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

**4.113 2011-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഓരോ ഭക്ഷ്യസുരക്ഷാ ഓഫീസറും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ സംബന്ധിച്ച ഡാറ്റാബേസ് തയ്യാറാക്കേണ്ടതും അത് കാലികമാക്കി (update) സൂക്ഷിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു**. ഈ ഡാറ്റാബേസിൽ പ്രദേശത്തെ എല്ലാ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരും ഉൾപ്പെടുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

**ജില്ലാ ഭക്ഷ്യ സുരക്ഷാ ഓഫീസുകളുടെ പുനസംഘടന - ശിപാർശകൾ**

**4.114** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജില്ലാതല മേധാവിയായി ഒന്നാം ഗസറ്റഡ് തസ്തികയിലുള്ള അസിസ്റ്റന്റ് കമ്മീഷണറെയാണ് നിയമിച്ചിരിക്കുന്നത്. ജില്ലാ മേധാവിയുടെ കുറഞ്ഞ സ്റ്റാറ്റസ് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട് (**ഖണ്ഡിക 4.10 & 4.11**). ഈ സാഹചര്യത്തിൽ, **മറ്റ് സർക്കാർ വകുപ്പുകളിലേതിന് സമാനമായി, രണ്ടാം ഗസറ്റഡ് തസ്തികയായ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിലുള്ള ഉദ്യോഗസ്ഥനെ ജില്ലാ മേധാവിയായി നിയമിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** ഭരണ സംവിധാനത്തിൽ സോണൽ, ജില്ലാ തലങ്ങളിൽ ഉചിതമായ അധികാരശ്രേണി ഈ പുനക്രമീകരണത്തിലൂടെ സൃഷ്ടിക്കുവാൻ കഴിയും.

**4.115 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ജില്ലാതലത്തിലെ ഡെസിഗ്നേറ്റഡ് ഓഫീസറായി ജില്ലാ മേധാവിയായ ഡെപ്യൂട്ടി കമ്മീഷണറെ നിയമിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. സാമ്പിളുകളുടെ സൂക്ഷിപ്പും അതുമായി ബന്ധപ്പെട്ട മറ്റു ചുമതലകളും** (Sample custodian and allied matters),

**പ്രോസിക്യൂഷൻ അനുമതിയ്ക്കായി ശിപാർശ നൽകൽ, അഡ്ജുഡിക്കേഷൻ അനുമതി നൽകൽ എന്നീ അധികാരങ്ങൾ ജില്ലാ തലത്തിലെ ഡെസിഗ്നേറ്റഡ് ഓഫീസറായ ഡെപ്യൂട്ടി കമ്മീഷണർക്ക് നൽകേണ്ടതാണ്.**

**4.116 ജില്ലയിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ മേൽനോട്ടം, സോണൽ ഓഫീസുകളുടെ പ്രവർത്തനങ്ങളുടെ അവലോകനം, സോണൽ ഓഫീസുകളിൽ പരിശോധന നടത്തൽ തുടങ്ങിയ ചുമതലകളും ഡെപ്യൂട്ടി കമ്മീഷണറിൽ നിക്ഷിപ്തമാക്കേണ്ടതാണ്.** ഡെപ്യൂട്ടി കമ്മീഷണർമാർ അവരുടെ അധികാര പരിധിയിലുള്ള സോണൽ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും വീഴ്ച കണ്ടെത്തുന്ന പക്ഷം ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

**4.117** ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ആകെ 14 ഡെപ്യൂട്ടി കമ്മീഷണർ തസ്തികകളാണ് ആവശ്യമായിട്ടുള്ളത്. **മൂന്ന് മേഖലാ ഓഫീസുകളിലെ ഡെപ്യൂട്ടി കമ്മീഷണർ തസ്തികകൾ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണ്. ഇതിനു പുറമേ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ 11 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

## ജില്ലാതല ഐ.ഇ.സി വിഭാഗം- ശിപാർശകൾ

**4.118** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, റൂൾസ്, റെഗുലേഷൻസ് എന്നിവ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ഇവയെക്കുറിച്ച് ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരേയും ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവരേയും ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം ഐ.ഇ.സി പ്രവർത്തനങ്ങൾക്കും തുല്യപ്രാധാന്യമാണുള്ളത്.

**4.119** ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ പദ്ധതി വിഹിതമായി

അനുവദിക്കുന്ന തുക കൂടാതെ 2020-21 സാമ്പത്തിക വർഷം മുതൽ FSSAI-യും സംസ്ഥാന സർക്കാരും ചേർന്നുള്ള ധാരണാപത്രം പ്രകാരം 60:40 എന്ന അനുപാതത്തിൽ വാർഷിക വർക്ക് പ്ലാൻ മുഖേനയും തുക അനുവദിക്കുന്നുണ്ട്. വിവിധ പ്രോഗ്രാമുകൾക്കും പ്രവർത്തനങ്ങൾക്കുമായി 2022-23 കാലയളവിൽ ലഭ്യമായതും ചെലവഴിച്ചതുമായ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ - 4

| ക്രമ നം. | ജില്ല | സ്റ്റേറ്റ് ഫണ്ട് | | FSSAI ഫണ്ട് | |
|---|---|---|---|---|---|
| | | **ലഭ്യമായ തുക** | **ചെലവഴിച്ച തുക** | **ലഭ്യമായ തുക** | **ചെലവഴിച്ച തുക** |
| 1 | തിരുവനന്തപുരം | 8,74,176 | 7,15,617 | 59,44,960 | 31,76,728 |
| 2 | കൊല്ലം | 8,80,000 | 7,93,726 | 47,38,000 | 32,76,288 |
| 3 | പത്തനംതിട്ട | 3,50,000 | 2,38,194 | 33,88,071 | 12,11,751 |
| 4 | ആലപ്പുഴ | 6,48,144 | 5,51,901 | 29,28,160 | 14,68,561 |
| 5 | കോട്ടയം | 5,60,000 | 3,70,346 | 40,51,955 | 22,12,223 |
| 6 | ഇടുക്കി | 3,95,000 | 2,94,432 | 26,77,000 | 10,30,191 |
| 7 | എറണാകുളം | 8,50,000 | 7,02,901 | 55,46,340 | 34,85,114 |
| 8 | തൃശ്ശൂർ | 7,92,000 | 4,38,097 | 56,03,900 | 30,05,918 |
| 9 | പാലക്കാട് | 6,95,000 | 3,43,734 | 45,65,000 | 17,59,867 |
| 10 | മലപ്പുറം | 9,75,000 | 6,59,332 | 52,33,200 | 20,04,334 |
| 11 | കോഴിക്കോട് | 8,25,000 | 7,61,672 | 43,51,044 | 24,42,606 |
| 12 | വയനാട് | 2,85,000 | 2,62,731 | 30,10,380 | 19,53,763 |
| 13 | കണ്ണൂർ | 6,57,183 | 4,90,033 | 42,14,980 | 19,52,174 |
| 14 | കാസർഗോഡ് | 5,19,500 | 2,83,198 | 33,01,500 | 12,74,125 |
| | **ആകെ** | **93,06,003** | **69,05,914** | **5,95,54,490** | **3,02,53,643** |
| **ലഭ്യമായ തുക - 6,88,60,493** | | | | | |
| **വിനിയോഗിച്ച തുക - 3,71,59,557 (53.96% വിനിയോഗം)** | | | | | |

**4.120** വിവിധ പ്രോഗ്രാമുകൾക്കും പ്രവർത്തനങ്ങൾക്കുമായി 2022-23 കാലയളവിൽ ലഭിച്ച 6.89 കോടി രൂപയിൽ നിന്നും 3.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ മൊത്തം തുകയുടെ 53.96% മാത്രമാണ് വിനിയോഗം. ഇതിൽ സ്റ്റേറ്റ് ഫണ്ടിനത്തിൽ 93.06 ലക്ഷം രൂപ ലഭിക്കുകയും 69.06 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു (74.2% വിനിയോഗം). FSSAI ഫണ്ടിനത്തിൽ ലഭ്യമായ 5.96 കോടി രൂപയിൽ 3.03 കോടി രൂപയാണ് ചെലവഴിച്ചത്. FSSAI ഫണ്ടിനത്തിൽ ലഭ്യമായ തുകയുടെ 50.8% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി വകുപ്പിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്.

**4.121** ഏറ്റവും താഴേത്തട്ടിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ഭക്ഷ്യസുരക്ഷാ സുരക്ഷാ ഓഫീസർമാർ തന്നെയാണ് നിലവിൽ ഐ.ഇ.സി പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത്. ഈ രണ്ട് ചുമതലകളും ഒരുപോലെ പ്രാധാന്യമുള്ളതാണെങ്കിലും ഒരേ സമയം ഇവ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുവാൻ ഈ ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ല. എൻഫോഴ്സ്മെന്റിന് പ്രാമുഖ്യം നൽകിയാൽ ഐ.ഇ.സി പ്രവർത്തനങ്ങൾ പിന്നിലാവുകയും അതുപോലെ തിരിച്ച് സംഭവിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ഐ.ഇ.സി. പ്രവർത്തനങ്ങൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനസംഘത്തിന്റെ നിരീക്ഷണങ്ങൾ **ഖണ്ഡിക 4.58 മുതൽ 4.60 വരെ** കാണാവുന്നതാണ്.

**4.122** ഐ.ഇ.സി പ്രവർത്തനങ്ങൾക്ക് മാത്രമായി ജില്ലാതലത്തിൽ പ്രത്യേക സംവിധാനം ആരംഭിക്കുന്നതായിരിക്കും ഉചിതമെന്ന് പഠനസംഘം വിലയിരുത്തുന്നു. ഐ.ഇ.സി പ്രവർത്തനങ്ങളുടെ നിർവഹണവും ഏകോപനവും ജില്ലാതലത്തിൽ നടപ്പിലാക്കുന്നതോടെ സോണൽ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ സേവനം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി പൂർണമായി വിനിയോഗിക്കാൻ കഴിയും.

**4.123** ഇടുക്കി, വയനാട് ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ഒഴികെയുള്ള എല്ലാ ജില്ലാ ഓഫീസുകളിലും ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ നോഡൽ ഓഫീസറായി

പ്രവർത്തിക്കുന്നുണ്ട് (12 തസ്തികകൾ). ഇവർ നിലവിൽ ചെയ്യുന്ന ജോലികളും ഇതു സംബന്ധിച്ച പഠനസംഘത്തിന്റെ നിരീക്ഷണവും **4.12, 4.13 ഖണ്ഡികകളിൽ** കാണാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, **ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ ജില്ലാ ഓഫീസുകളിൽ നോഡൽ ഓഫീസർമാരായി നിയോഗിക്കുന്ന നിലവിലെ രീതി അവസാനിപ്പിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.124** മേഖലാ/ ജില്ലാ/ സർക്കിൾ ഓഫീസുകൾ മുഖേന നിർവഹിച്ചിരുന്ന ഐ.ഇ.സി. പ്രവർത്തനങ്ങൾ ജില്ലാ ഓഫീസിന്റെ ചുമതലയിൽ കൊണ്ടുവരുന്നതിനായി **ജില്ലാ ഓഫീസുകളിൽ പ്രത്യേക ഐ.ഇ.സി വിഭാഗം ആരംഭിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഐ.ഇ.സി പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനായി രണ്ട് ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ വീതം ഈ വിഭാഗത്തിൽ നിയോഗിക്കേണ്ടതാണ്.** പതിനാല് ജില്ലാ ഓഫീസുകളിലും ഐ.ഇ.സി. വിഭാഗം രൂപീകരിക്കുന്നതിനായി ആകെ 28 ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികകളാണ് ആവശ്യമായിട്ടുള്ളത് (14 x 2 = 28).

**4.125 നോഡൽ ഓഫീസർ ചുമതലയിൽ നിന്നും പിൻവലിക്കുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 12 തസ്തികകൾ ഐ.ഇ.സി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി വിന്യസിക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ മൂന്ന് ഓഫീസുകളിലായി (മേഖലാ ഓഫീസുകൾ) നിലവിലുള്ള ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ആറ് തസ്തികകളും ജില്ലാ ഓഫീസിലെ ഐ.ഇ.സി. വിഭാഗത്തിൽ വിന്യസിക്കേണ്ടതാണ്.**

**4.126** നോഡൽ ഓഫീസർ ചുമതലയിൽ നിന്നും പിൻവലിക്കുന്ന 12 തസ്തികകൾ, ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസുകളിൽനിന്നും പുനർവിന്യസിക്കുന്ന 6 തസ്തികകൾ എന്നിവയ്ക്ക് പുറമേ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 10 തസ്തികകൾ കൂടി ആവശ്യമുള്ളതിനാൽ **ജില്ലാ ഓഫീസുകളിലെ ഐ.ഇ.സി. വിഭാഗത്തിന്റെ രൂപീകരണത്തിനായി ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 10 തസ്തികകൾ അധികമായി സൃഷ്ടിക്കാൻ ശിപാർശ ചെയ്യുന്നു.**

**4.127** എല്ലാ ജില്ലാ ഓഫീസുകളിലും രണ്ട് വീതം ഭക്ഷ്യസുരക്ഷാ ഓഫീസർമാരെയാണ് ഐ.ഇ.സി. പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനായി ചുമതലപ്പെടുത്തുന്നത്. ഈ

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോഗ്രാമുകളുടെ ആസൂത്രണം, ഏകോപനം, നിർവഹണം, ഫണ്ട് വിനിയോഗം, ഫലപ്രാപ്തി വിലയിരുത്തൽ എന്നീ ചുമതലകൾ ഐ.ഇ.സി. വിഭാഗം നിർവഹിക്കേണ്ടതാണ്. ഐ.ഇ.സി വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും ജില്ലാ മേധാവിയായ ഡെപ്യൂട്ടി കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും.

**4.128** ഐ.ഇ.സി. പ്രവർത്തനങ്ങൾ പൂർണമായും ജില്ലാഓഫീസിലെ ഐ.ഇ.സി. വിഭാഗത്തിന്റെ ചുമതലയിൽ വരുമ്പോൾ അതുമായി ബന്ധപ്പെട്ട ഫണ്ട് വിനിയോഗത്തിലും മറ്റ് പ്രവർത്തനങ്ങളിലും ക്ലർക്കിന്റെ സേവനം ആവശ്യമായി വരും. **ഐ.ഇ.സി. വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി എല്ലാ ജില്ലാ ഓഫീസിലും ക്ലർക്കിന്റേയും ഓഫീസ് അറ്റൻഡന്റിന്റെയും ഓരോ തസ്തിക വീതം വിന്യസിക്കേണ്ടതാണ്.**

## <u>മിനിസ്റ്റീരിയൽ വിഭാഗം- ശിപാർശകൾ</u>

**4.129** ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകളുടെ ചുമതലകൾ പുനക്രമീകരിച്ചതിന്റെ ഭാഗമായി ഡെസിഗ്നേറ്റഡ് ഓഫീസർമാർക്കുള്ള പ്രധാനപ്പെട്ട അധികാരങ്ങൾ ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസുകളിലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. അതേസമയം താഴെത്തട്ടിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നിർവഹിച്ചിരുന്ന ഐ.ഇ.സി. അനുബന്ധ ചുമതലകൾ ജില്ലാ ഓഫീസിലേക്ക് കൈമാറിയിട്ടുമുണ്ട്. ഈ പുന:ക്രമീകരണങ്ങളുടെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലർക്കുമാരുടെ ചുമതലകളിലും ജോലിഭാരത്തിലും വ്യത്യാസങ്ങൾ വരുന്നതാണ്.

**4.130** ഓഫീസുകൾ പുന:സംഘടിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ ജില്ലാതലത്തിലെ ഡെസിഗ്നേറ്റഡ് ഓഫീസറിൽ നിലനിർത്തിയിട്ടുള്ള ചുമതലകളുടെ അനുബന്ധ ജോലികൾ, ജില്ലാതല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, സോണൽ ഓഫീസുകളുടെ മേൽനോട്ടം, ജീവനക്കാരുടെ സർവീസ് സംബന്ധമായ വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ മാത്രമേ ജില്ലാ ഓഫീസിൽ പ്രധാനമായും ചെയ്യേണ്ടി വരുന്നുള്ളൂ. ഐ.ഇ.സി. വിഭാഗത്തിന്റെ പ്രവർത്തനത്തിനായി ജില്ലാ ഓഫീസുകളിൽ പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.

**4.131** ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എണ്ണം താരതമ്യേന കൂടുതലുള്ള തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ഓഫീസുകളിൽ നാല് വീതം ക്ലർക്കുമാരേയും മറ്റ് ജില്ലാ ഓഫീസുകളിൽ മൂന്ന് വീതം ക്ലർക്കുമാരേയും നിയോഗിച്ചുകൊണ്ട് ഈ ഓഫീസുകളിലെ ജോലികൾ സുഗമമായി നിർവഹിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നു.

**4.132 ഐ.ഇ.സി. വിഭാഗത്തിന്റെ പ്രവർത്തനത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഒരു ക്ലർക്ക് തസ്തിക ഉൾപ്പെടെ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ഓഫീസുകളിൽ 5 ക്ലർക്ക് തസ്തികകൾ വീതവും (ആകെ 8 x 5 = 40 തസ്തികകൾ) പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലാ ഓഫീസുകളിൽ 4 ക്ലർക്ക് തസ്തികകൾ വീതവും (ആകെ 6x4=24 തസ്തികകൾ) വിന്യസിക്കേണ്ടതാണ്.** ജില്ലാ ഓഫീസുകൾ പുന:സംഘടിപ്പിക്കുന്ന സാഹചര്യത്തിൽ ക്ലർക്കുമാരുടെ ജോലികൾ ഉചിതമായ രീതിയിൽ വിഭജിച്ച് നൽകുന്നതിന് ജില്ലാമേധാവികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4.133** ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ സൂപ്പർവൈസറി തസ്തികയുടെ അഭാവം ഭരണ നിർവഹണത്തിൽ കാര്യമായ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് പഠന സംഘത്തിന്റെ കണ്ടെത്തലുകൾ **ഖണ്ഡിക 4.6 മുതൽ 4.9 വരെ** വിവരിച്ചിട്ടുണ്ട്. ജില്ലയിലെ മുഴുവൻ ജീവനക്കാരുടെയും സർവീസ് സംബന്ധമായ വിഷയങ്ങൾ, ഐ.ഇ.സി. പ്രവർത്തനങ്ങൾ, ഫണ്ട് വിനിയോഗം, സോണൽ ഓഫീസുകളുടെ മേൽനോട്ടം മുതലായവ കൈകാര്യം ചെയ്യുന്ന ജില്ലാ ഓഫീസുകളിൽ ഒരു സൂപ്പർവൈസറി തസ്തിക അനിവാര്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു. **പതിനാല് ജില്ലാ ഓഫീസുകളിലും ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥനെ സൂപ്പർവൈസറി ഓഫീസറായി നിയോഗിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.134** ജില്ലാ ഓഫീസുകളിൽ വിന്യസിക്കുന്നതിനായി 14 ജൂനിയർ സൂപ്രണ്ട് തസ്തികകളാണ് ആവശ്യമായി വരുന്നത്. തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ്

ലബോറട്ടറിയിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക ജില്ലാ ഓഫീസിലേയ്ക്ക് പുനർവിന്യസിക്കുന്നതിലൂടെയും എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ നിലവിലുള്ള 2 ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളായി അപ്ഗ്രേഡ് ചെയ്ത് ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിലൂടെയും ജൂനിയർ സൂപ്രണ്ടിന്റെ 3 തസ്തികകൾ ലഭ്യമാകുന്നതാണ്. ജൂനിയർ സൂപ്രണ്ടിന്റെ 11 തസ്തികകൾ പുതിയതായി സൃഷ്ടിക്കാവുന്നതുമാണ്.

**4.135 തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക ജില്ലാ ഓഫീസിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണ്.**

**4.136 എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ നിലവിലുള്ള 2 ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളായി അപ്ഗ്രേഡ് ചെയ്യേണ്ടതും ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടതുമാണ്.**

**4.137 ജില്ലാ ഓഫീസുകളിലേയ്ക്ക് ജൂനിയർ സൂപ്രണ്ടിന്റെ 11 തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതാണ്.**

**4.138** പത്തനംതിട്ട, കാസർഗോഡ് ജില്ലാ ഓഫീസുകളിലായി ക്ലർക്ക് ടൈപ്പിസ്റ്റിന്റെ ഓരോ തസ്തികകളും (ആകെ 2 തസ്തികകൾ) മറ്റ് ജില്ലാ ഓഫീസുകളിൽ എൽ.ഡി ടൈപ്പിസ്റ്റിന്റെ ഓരോ തസ്തികകളും (ആകെ 12 തസ്തികകൾ) നിലവിലുണ്ട്. ഈ തസ്തികകളുടെ കാര്യത്തിൽ മാറ്റങ്ങളൊന്നും നിർദ്ദേശിക്കുന്നില്ല.

**4.139** പതിനാല് ജില്ലാ ഓഫീസുകളിലായി 15 ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് നിലവിലുള്ളത് (കോട്ടയം ജില്ലാ ഓഫീസിൽ 2 തസ്തികകൾ). **പുനസംഘടനയുടെ ഭാഗമായി ഐ.ഇ.സി വിഭാഗത്തിനായി ശിപാർശ ചെയ്തിട്ടുള്ള ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക ഉൾപ്പെടെ രണ്ട് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ വീതം എല്ലാ ജില്ലാ ഓഫീസിലും വിന്യസിക്കേണ്ടതാണ് (2 x 14 = 28 തസ്തികകൾ).**

**4.140** വിവിധ തസ്തികകളുടെ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ അധ്യായം 5-ലെ **പട്ടിക നമ്പർ - 31** ൽ കാണാവുന്നതാണ്.

## ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസുകൾ (മേഖലാ ഓഫീസുകൾ)

**4.141** ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഡെപ്യൂട്ടി കമ്മീഷണർമാരുടെ മൂന്ന് ഓഫീസുകൾ (മേഖലാ ഓഫീസുകൾ) പ്രവർത്തിച്ചു വരുന്നു. മൊബൈൽ വിജിലൻസ് സ്ക്വാഡ് (ഇന്റലിജൻസ്) എന്ന തസ്തിക പുനർനാമകരണം ചെയ്താണ് ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയാക്കി മാറ്റിയത്. ഈ ഓഫീസുകൾ ഓരോന്നിലും ഡെപ്യൂട്ടി കമ്മീഷണർ-1, ഭക്ഷ്യ സുരക്ഷാ ഓഫീസർ-2, ക്ലർക്ക്-1, ടൈപ്പിസ്റ്റ്-1, ഡ്രൈവർ-1, ഓഫീസ് അറ്റൻഡന്റ്-2 എന്നിങ്ങനെ 8 വീതം തസ്തികകളാണുള്ളത്.

**4.142** തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ തിരുവനന്തപുരം മേഖലാ ഓഫീസിന്റേയും, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകൾ എറണാകുളം മേഖലാ ഓഫീസിന്റേയും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ കോഴിക്കോട് മേഖലാ ഓഫീസിന്റേയും അധികാര പരിധിയിൽ ഉൾപ്പെടുന്നു.

**4.143** അധികാരപരിധിയിലുള്ള ജില്ലകളിലെ പരാതി പരിശോധന, ഭക്ഷ്യവ്യാപാര സ്ഥാപനങ്ങളിലെ പരിശോധന, കോമ്പൗണ്ടിംഗ്, സാമ്പിൾ ശേഖരണം തുടങ്ങിയ ചുമതലകളും ഐ.ഇ.സി. പ്രവർത്തനങ്ങൾ, സ്പെഷ്യൽ ഡ്രൈവുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ മുതലായവയുടെ സംഘാടനവുമായി ബന്ധപ്പെട്ടുള്ള ചുമതലകളുമാണ് മേഖലാ ഓഫീസുകളിൽ നിർവ്വഹിക്കുന്നതെങ്കിലും ഇവയെല്ലാം സർക്കിൾ/ജില്ലാ ഓഫീസ് തലങ്ങളിൽ നിർവഹിച്ചു പോരുന്ന ചുമതലകളുടെ ആവർത്തന സ്വഭാവമുള്ളവ തന്നെയാണ്. മേഖലാ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി അയയ്ക്കുന്നുണ്ടെങ്കിലും സാമ്പിൾ ശേഖരണത്തിൽ മാത്രമായി ഈ ഓഫീസർമാരുടെ ചുമതലകൾ അവസാനിക്കുന്നുവെന്ന് കാണാം. പരിശോധനാഫലം പ്രതികൂലമാകുന്ന പക്ഷം അതിന്മേൽ നിയമനടപടികളുമായി മുന്നോട്ട് പോകുന്നത് ബന്ധപ്പെട്ട സർക്കിളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരാണ്.

**4.144** ഈ പ്രവൃത്തിപഠനം നടന്നുവരവേ, ഭക്ഷ്യസുരക്ഷാ നിയമലംഘനവുമായി

ബന്ധപ്പെട്ട കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമായിരുന്ന അധികാരം 2023 ജൂലൈ മുതൽ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് പ്രത്യായോജനം ചെയ്തു നൽകുകയുണ്ടായി (ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 22.06.2023-ലെ സിഎഫ്എസ്/80/2023-എ 1 നമ്പർ നടപടിക്രമം).

**4.145** അധികാരപരിധിയിലുള്ള ജില്ലകളിലെ ഓഫീസുകളിൽ പരിശോധന നടത്തേണ്ട ചുമതല കൂടാതെ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള സവിശേഷമായ ഏക ചുമതല പ്രോസിക്യൂഷൻ അനുമതി നൽകുക എന്നത് മാത്രമാണ്. ആവർത്തന സ്വഭാവമുള്ള സ്റ്റാറ്റ്യൂട്ടറി ചുമതലകളല്ലാതെ പ്രോസിക്യൂഷൻ അനുമതി നൽകുക എന്ന പരിമിതമായ ചുമതല മാത്രമാണ് ഇപ്പോൾ മേഖലാ ഓഫീസുകളിൽ നിക്ഷിപ്തമായിട്ടുള്ളത്. മേഖലാ ഓഫീസുകളിലെ തസ്തികകൾ ജില്ലാതലത്തിൽ വിന്യസിച്ചാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവഹിക്കാൻ കഴിയുമെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.146** എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ താഴേത്തട്ടു മുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കിൾ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ എന്നിവയുടെ ഘടനയും ചുമതലകളും സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ മേഖലാതല ഓഫീസുകൾക്ക് പ്രസക്തിയുള്ളതായി കാണുന്നില്ല. **ഈ സാഹചര്യത്തിൽ, നിലവിൽ മേഖലാ ഓഫീസുകളിൽ നിർവഹിച്ചു വരുന്ന ചുമതലകൾ ജില്ലാ ഓഫീസുകളിലും കമ്മീഷണറേറ്റിലും നിക്ഷിപ്തമാക്കിക്കൊണ്ട് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന ഡെപ്യൂട്ടി കമ്മീഷണർമാരുടെ മേഖലാ ഓഫീസുകൾ നിർത്തലാക്കേണ്ടതാണെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.**

**<u>അതിർത്തി ചെക്ക്പോസ്റ്റുകളിൽ മുഴുവൻ സമയ എൻഫോഴ്സ്മെന്റ് വിഭാഗത്തിനെ നിയോഗിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ പ്രായോഗികത</u>**

**4.147** സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട അതിർത്തി ചെക്ക്പോസ്റ്റുകളായ അമരവിള, ആര്യങ്കാവ്, വാളയാർ, മഞ്ചേശ്വരം എന്നിവിടങ്ങളിലൂടെ സംസ്ഥാനത്തേയ്ക്കു

കടന്നുവരുന്ന മത്സ്യം, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പാൽ, പാലുത്പ്പന്നങ്ങൾ, ഭക്ഷ്യ എണ്ണകൾ മുതലായ ഭക്ഷ്യവസ്തുക്കളെല്ലാം പരിശോധിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഈ ചെക്ക്പോസ്റ്റുകളിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് സംവിധാനം സജ്ജമാക്കേണ്ടത് ആവശ്യമാണെന്നും ഇതിനായി 36 തസ്തികകൾ അനുവദിക്കണമെന്നും (ഭക്ഷ്യസുരക്ഷാ ഓഫീസർ - 12, ക്ലർക്ക് - 12, ഓഫീസ് അറ്റൻഡന്റ് - 12) ഭക്ഷ്യസുരക്ഷാ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ പ്രായോഗികതയെ സംബന്ധിച്ച് പഠനസംഘം വിശദമായി പരിശോധിക്കുകയുണ്ടായി.

**4.148** ചെക്ക്പോസ്റ്റുകളിലൂടെ കൊണ്ടുവരുന്ന ഭക്ഷ്യോൽപ്പന്നം ഉപയോഗ യോഗ്യമല്ലെന്ന് കണ്ടെത്തി നിയമപ്രകാരം പിടിച്ചെടുക്കുകയോ സംസ്ഥാനത്തിനുള്ളിലേക്ക് പ്രവേശിപ്പിക്കാതെ തിരിച്ചയക്കുകയോ ചെയ്യണമെങ്കിൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറിയിലെ പരിശോധനാഫലം ആവശ്യമാണ്. ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് ലബോറട്ടറി സംവിധാനം ഇല്ലാത്തതിനാൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ലബോറട്ടറികളിൽ അയച്ച് ഭക്ഷ്യവസ്തുവിന്റെ സാമ്പിൾ പരിശോധിക്കേണ്ടതായി വരും. പരിശോധനാഫലം ലഭിക്കുന്നതിന് രണ്ടോ അതിലധികമോ ദിവസങ്ങൾ വേണ്ടിവരുന്നതാണ്. പച്ചക്കറി, പഴവർഗ്ഗങ്ങൾ, പാൽ തുടങ്ങി വളരെവേഗം കേടാകുന്ന ഭക്ഷ്യവസ്തുക്കളുമായി എത്തുന്ന വാഹനങ്ങളെ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നത് വരെ ചെക്ക്പോസ്റ്റിൽ തടഞ്ഞു വയ്ക്കാൻ കഴിയില്ല. ഫലത്തിൽ, ചെക്ക്പോസ്റ്റുകളിൽ മുഴുവൻ സമയ എൻഫോഴ്സ്മെന്റ് സംവിധാനം ഏർപ്പെടുത്തിയാലും ഭക്ഷ്യയോഗ്യമായ വസ്തുക്കൾ മാത്രം സംസ്ഥാനത്തേയ്ക്ക് കടത്തിവിടുകയെന്നത് പ്രായോഗികമാവില്ല.

**4.149** 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം രാജ്യത്തുടനീളം ഭക്ഷ്യവസ്തുക്കൾക്ക് ഒരേ ഗുണനിലവാര മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്രസ്ഥാപനമായ FSSAI-യും (ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ) വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ അതോറിറ്റികളും തമ്മിലുള്ള ഏകോപിത ശ്രമത്തിലൂടെ രാജ്യത്ത് ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിനാണ് ഈ നിയമം

ലക്ഷ്യമിടുന്നത്. FSSAI-യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ അതോറിറ്റികൾ പ്രവർത്തിക്കുന്നത്. ഈ വസ്തുതകളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ, ഭക്ഷ്യസുരക്ഷാ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ട് സംസ്ഥാനങ്ങൾക്കിടയിൽ ഭക്ഷ്യസുരക്ഷാ ചെക്ക്പോസ്റ്റ് ഏർപ്പെടുത്തുന്നത് ഈ നിയമത്തിന്റെ അന്ത:സത്തയ്ക്ക് ചേർന്നതല്ലെന്ന് കാണാവുന്നതാണ്. ഒരു സംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കളെല്ലാം പരിശോധന നടത്തിയ ശേഷം മാത്രമേ മറ്റൊരു സംസ്ഥാനത്തേക്ക് കടത്തി വിടുകയുള്ളൂവെന്ന സ്ഥിതി വന്നാൽ അത് അന്തർസംസ്ഥാന വ്യാപാരത്തേയും സംസ്ഥാനങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ ബന്ധത്തേയും ദോഷകരമായി ബാധിക്കുമെന്നതും കാണേണ്ടതുണ്ട്.

**4.150** ഈ വസ്തുതകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അതിർത്തി ചെക്ക്പോസ്റ്റുകളിൽ മുഴുവൻസമയ എൻഫോഴ്സ്മെന്റ് വിഭാഗത്തെ നിയോഗിക്കുവാനുള്ള നിർദ്ദേശം പ്രായോഗികമല്ലെന്ന വിലയിരുത്തലിൽ പഠനസംഘം എത്തിച്ചേർന്നു. എന്നാൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്സവ സീസണുകളിലും നിശ്ചിത സമയങ്ങളിലും ചെക്ക്പോസ്റ്റുകളിൽ പരിശോധനാ സ്ക്വാഡുകളെ നിയോഗിക്കുന്ന നിലവിലെ രീതി തുടരാവുന്നതാണ്.

## അനലിറ്റിക്കൽ വിഭാഗം

**4.151** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അനലിറ്റിക്കൽ വിഭാഗത്തിൽ തിരുവനന്തപുരത്ത് ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളും പ്രവർത്തിക്കുന്നു. കണ്ണൂർ ജില്ലയിലും പുതിയതായി ഒരു റീജിയണൽ ലബോറട്ടറി അനുവദിച്ചിട്ടുണ്ട്. കൂടാതെ പത്തനംതിട്ടയിൽ ഒരു ജില്ലാ ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. അനലിറ്റിക്കൽ വിഭാഗത്തിലെ നിലവിലെ സ്റ്റാഫ് ഘടന **അനുബന്ധം III**-ൽ കാണാവുന്നതാണ്. പുതുതായി ആരംഭിച്ച കണ്ണൂർ റീജിയണൽ ലബോറട്ടറിയ്ക്കായി തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ കോഴിക്കോട് ലബോറട്ടറിയിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചാണ് ഈ ലബോറട്ടറി

പ്രവർത്തിപ്പിക്കുന്നത്.

**4.152** തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ നിന്നും എറണാകുളം റീജിയണൽ ലബോറട്ടറിയിൽ ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്നും കോഴിക്കോട് റീജിയണൽ ലബോറട്ടറിയിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നുമുള്ള ഭക്ഷ്യസാമ്പിളുകളാണ് പരിശോധിക്കുന്നത്.

**4.153** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികൾ എൻ.എ.ബി.എൽ. (NABL- National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷൻ ലഭിച്ചവയാണ്. തിരുവനന്തപുരം ലബോറട്ടറിയിൽ 1305 പാരാമീറ്ററുകൾക്കും എറണാകുളം ലബോറട്ടറിയിൽ 496 പാരാമീറ്ററുകൾക്കും കോഴിക്കോട് ലബോറട്ടറിയിൽ 613 പാരാമീറ്ററുകൾക്കും NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 140 സർക്കിളുകളിൽ നിന്നും ശേഖരിക്കുന്ന സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും സർവൈലൻസ് സാമ്പിളുകളും ഈ ലബോറട്ടറികളിൽ പരിശോധിക്കുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സ്വകാര്യ സാമ്പിളുകളും പണം ഈടാക്കി ഈ ലബോറട്ടറികളിൽ പരിശോധിക്കുന്നു.

**4.154** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം സാമ്പിളുകൾ 14 ദിവസത്തിനകം പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതുണ്ട്. FSSAI നോട്ടിഫൈ ചെയ്തിട്ടുള്ളതും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ളതുമായ ലബോറട്ടറികളിലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**4.155** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിൽ 2018-2019 മുതൽ 2022-2023 വരെയുള്ള കാലയളവിൽ പരിശോധിച്ച സാമ്പിളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പരിശോധിച്ച സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകൾ

പട്ടിക നമ്പർ - 5

| ലാബ് | 2018-2019 | | 2019-2020 | | 2020-2021 | | 2021-2022 | | 2022-2023 | |
|---|---|---|---|---|---|---|---|---|---|---|
| | സ്റ്റാറ്റ്യൂട്ടറി | സർവൈലൻസ് | സ്റ്റാറ്റ്യൂട്ടറി | സർവൈലൻസ് | സ്റ്റാറ്റ്യൂട്ടറി | സർവൈലൻസ് | സ്റ്റാറ്റ്യൂട്ടറി | സർവൈലൻസ് | സ്റ്റാറ്റ്യൂട്ടറി | സർവൈലൻസ് |
| TVM | 1791 | 2216 | 1598 | 2654 | 2381 | 3121 | 3135 | 5265 | 3667 | 5099 |
| EKM | 1612 | 2994 | 1559 | 2079 | 2240 | 2462 | 2161 | 1773 | 2182 | 2773 |
| KKD | 1314 | 2014 | 1271 | 2013 | 2350 | 2933 | 2596 | 3544 | 2816 | 3768 |
| **ആകെ** | **4717** | **7224** | **4428** | **6746** | **6971** | **8516** | **7892** | **10582** | **8665** | **11640** |

സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകൾ ഒഴികെ വിവിധ ലാബുകളിൽ ലഭിച്ചതും പരിശോധിച്ചതുമായ സാമ്പിളുകളുടെ എണ്ണം

പട്ടിക നമ്പർ - 6

| ലാബ് | 2018-2019 | | 2019-2020 | | 2020-2021 | | 2021-2022 | | 2022-2023 | |
|---|---|---|---|---|---|---|---|---|---|---|
| | സ്വീകരിച്ചത് | പരിശോധിച്ചത് | സ്വീകരിച്ചത് | പരിശോധിച്ചത് | സ്വീകരിച്ചത് | പരിശോധിച്ചത് | സ്വീകരിച്ചത് | പരിശോധിച്ചത് | സ്വീകരിച്ചത് | പരിശോധിച്ചത് |
| TVM | 4248 | 4248 | 4800 | 4800 | 2873 | 2873 | 4706 | 4706 | 6398 | 6398 |
| EKM | 2095 | 2095 | 2243 | 2243 | 1131 | 1131 | 1385 | 1385 | 2219 | 2219 |
| KKD | 3345 | 3345 | 2555 | 2555 | 1427 | 1427 | 1513 | 1513 | 1993 | 1993 |
| **ആകെ** | **9688** | **9688** | **9598** | **9598** | **5431** | **5431** | **7604** | **7604** | **10610** | **10610** |

**ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുന്നതിൽ ലബോറട്ടറികൾക്കുള്ള പ്രാധാന്യം**

**4.156** 1954-ലെ മായംചേർക്കൽ നിരോധനനിയമം (Prevention of Food Adulteration Act - 1954) നടപ്പിലാക്കുന്നതിനായി ആരോഗ്യവകുപ്പിന് കീഴിൽ ആരംഭിച്ച ലബോറട്ടറി സംവിധാനമാണ് ഇപ്പോൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളായി പ്രവർത്തിച്ചു വരുന്നത്. ഈ നിയമം നിലനിന്നിരുന്നപ്പോൾ ഭക്ഷ്യവസ്തുക്കളിൽ മായം കലർന്നിട്ടുണ്ടോയെന്ന് കണ്ടുപിടിക്കുകയെന്ന ചുമതല മാത്രമാണ് ലബോറട്ടറികൾക്ക്

ഉണ്ടായിരുന്നത്. എന്നാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം നടപ്പിൽ വന്നതോടെ ഈ ലബോറട്ടറികളുടെ ചുമതലകളിൽ വളരെ വലിയ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. ഭക്ഷ്യ വസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ കലർന്നിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനൊപ്പം കെമിക്കൽ, മൈക്രോബയോളജിക്കൽ വിഭാഗങ്ങളിൽപ്പെടുന്ന നിരവധി പാരാമീറ്ററുകൾ പരിശോധിച്ച് ഭക്ഷ്യവസ്തുവിന്റെ ഗുണനിലവാരം ഉറപ്പാക്കുക, അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശോധനാരീതികൾ പിന്തുടരുക, നൂതന പരിശോധനാ മാർഗ്ഗങ്ങൾ കണ്ടെത്തുക, ഭക്ഷ്യസുരക്ഷാ രംഗത്തെ പുതിയ വെല്ലുവിളികളെ നേരിടുന്നതിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ നിരവധി ഉത്തരവാദിത്തങ്ങളാണ് അനലിറ്റിക്കൽ വിഭാഗം നിർവഹിക്കേണ്ടത്.

**അനലിറ്റിക്കൽ ലബോറട്ടറികളുടെ സംഘടനാ സംവിധാനം**

**4.157** അനലിറ്റിക്കൽ വിഭാഗത്തിന് കീഴിലെ ലബോറട്ടറികളുടെ നിയന്ത്രണാധികാരിയായ ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിലാണ്. ഈ ലബോറട്ടറി അനലിറ്റിക്കൽ വിഭാഗത്തിന്റെ ആസ്ഥാനമായും പ്രവർത്തിക്കുന്നു. ഈ പ്രത്യേകത ഒഴിച്ചാൽ എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികൾക്ക് സമാനമാണ് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയുടേയും പ്രവർത്തനം. ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ ആസ്ഥാനം എന്ന നിലയിൽ മറ്റ് ലബോറട്ടറികളിലെയും ജീവനക്കാരുടെ സർവീസ് വിഷയങ്ങൾ, ഉപകരണങ്ങളുടേയും കെമിക്കലുകളുടേയും പർച്ചേസ് തുടങ്ങിയ എല്ലാ വിഷയങ്ങളും ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി മുഖാന്തരമാണ് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് എത്തുന്നത്.

**4.158** ജീവനക്കാരുടെ സർവ്വീസ് സംബന്ധമായോ അനലിറ്റിക്കൽ വിഭാഗത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടതോ ആയ തീരുമാനങ്ങളൊന്നും തന്നെ ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ തലത്തിൽ കൈക്കൊള്ളുന്നില്ല. ലബോറട്ടറികളിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ/കത്തുകൾ തീരുമാനത്തിനായി കമ്മീഷണറേറ്റിലേക്ക് അയക്കുന്നതിനുള്ള ചാലകം മാത്രമായിട്ടാണ് ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ

ഓഫീസ് പ്രവർത്തിക്കുന്നത്.

**4.159** ലബോറട്ടറികളുമായി ബന്ധപ്പെട്ട് കമ്മീഷണർ തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയങ്ങൾ ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി മുഖാന്തരം കമ്മീഷണറേറ്റിലേക്ക് എത്തുന്നത് അനാവശ്യ കാലതാമസത്തിനും ജീവനക്കാരുടെ ജോലിഭാരം ഇരട്ടിക്കുന്നതിനും കാരണമാകുന്നു. ഭരണ സംവിധാനത്തിൽ അനാവശ്യമായ തട്ടുകൾ കുറച്ച് ഭരണപ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയവുമാണ്.

**4.160 എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ലബോറട്ടറികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി വഴി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലേക്ക് അയക്കുന്ന നിലവിലെ രീതി അവസാനിപ്പിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളെ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** ഈ ലബോറട്ടറികൾ എല്ലാ കത്തിടപാടുകളും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റുമായി നേരിട്ട് നടത്തേണ്ടതാണ്.

**4.161 പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിയന്ത്രണച്ചുമതല തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിലനിർത്തേണ്ടതാണ്.**

**4.162 ഓഫീസ് സംവിധാനമുൾപ്പെടെ പൂർണമായ രീതിയിൽ പ്രവർത്തന സജ്ജമാകുന്നതു വരെ കണ്ണൂർ റീജിയണൽ ലബോറട്ടറിയുടെ നിയന്ത്രണച്ചുമതല കോഴിക്കോട് റീജിയണൽ ലബോറട്ടറിയിൽ നിലനിർത്തേണ്ടതാണ്.**

**4.163** ലബോറട്ടറികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കുന്നതിനുള്ള അധികാരം വകുപ്പുതലവനെന്ന നിലയിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കാണ്. ചീഫ് ഗവൺമെന്റ് അനലിസ്റ്റിന് പ്രത്യേകമായി ഓഫീസിന്റേയോ ഭരണസംവിധാനത്തിന്റേയോ ആവശ്യകതയുള്ളതായി കാണുന്നില്ല. ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തികയെ കമ്മീഷണറേറ്റിൽ വിന്യസിക്കുന്നതായിരിക്കും ഫലപ്രദമെന്ന്

പഠനസംഘം വിലയിരുത്തുന്നു. ഈ തസ്തിക കമ്മീഷണറേറ്റിൽ വിന്യസിക്കാവുന്നതും ലബോറട്ടറികളുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം ചീഫ് ഗവൺമെന്റ് അനലിസ്റ്റ് മുഖേന കമ്മീഷണർക്ക് സമർപ്പിക്കാവുന്നതുമാണ്. ഈ പരിഷ്കാരത്തിലൂടെ തീരുമാനങ്ങൾ എടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് കഴിയും. അതിനാൽ, **തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിന്നും ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തിക ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലേയ്ക്ക് പുനർവിന്യസിക്കുവാൻ ശിപാർശ ചെയ്യുന്നു**.

**4.164** ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ തസ്തിക കമ്മീഷണറേറ്റിലേയ്ക്ക് പുനർവിന്യസിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിക്ക് അനലിറ്റിക്കൽ വിഭാഗത്തിന്റെ ആസ്ഥാന ഓഫീസായി പ്രവർത്തിക്കേണ്ട സാഹചര്യം ഇല്ലാതാകുന്നു. ആയതിനാൽ **എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ലബോറട്ടറികൾക്ക് സമാനമായി തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയെ "റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, തിരുവനന്തപുരം" എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ്.**

**4.165** ഗവൺമെന്റ് അനലിസ്റ്റ് തസ്തികയിലുള്ള ഉദ്യോഗസ്ഥരാണ് എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളുടെ മേധാവികളായി പ്രവർത്തിക്കുന്നത്. എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ ഗവൺമെന്റ് അനലിസ്റ്റിന്റെ ഓരോ തസ്തികയും തിരുവനന്തപുരം ലബോറട്ടറിയിൽ ഗവൺമെന്റ് അനലിസ്റ്റിന്റെ രണ്ട് തസ്തികകളുമാണ് നിലവിലുള്ളത്. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾക്ക് അവയുടെ സംഘടനാ ഘടനയിൽ (Organization Structure) ഏകരൂപം ആവശ്യമാണ്. ആയതിനാൽ **എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലേതിന് സമാനമായി നിർദ്ദിഷ്ട തിരുവനന്തപുരം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ മേധാവിയായി ഗവൺമെന്റ് അനലിസ്റ്റ് തസ്തികകയിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.166** റീജിയണൽ ലബോറട്ടറികളിൽ റിസർച്ച് & ഡവലപ്മെന്റ് വിഭാഗം രൂപീകരിക്കുവാനുള്ള ശിപാർശകൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. **റിസർച്ച് &**

**ഡവലപ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതല തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിലവിലുള്ള രണ്ടാമത്തെ ഗവൺമെന്റ് അനലിസ്റ്റ് തസ്തികയിൽ നിക്ഷിപ്തമാക്കേണ്ടതാണ്. കണ്ണൂർ റീജിയണൽ അനലിറ്റിക്കൽ & റിസർച്ച് ലബോറട്ടറി പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ റിസർച്ച് & ഡവലപ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപന ചുമതല സഹിതം ഈ ഗവൺമെന്റ് അനലിസ്റ്റ് തസ്തിക പ്രസ്തുത ലബോറട്ടറിയിലേക്ക് വിന്യസിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.**

**ലബോറട്ടറികളിലെ ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ നിയമനം**

**4.167** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ നിയമനം അതത് ജില്ലാ ഓഫീസുകൾ മുഖേനയാണ് നിലവിൽ നടത്തിവരുന്നത്. ലബോറട്ടറികൾക്കായി നിർദ്ദേശിച്ചിട്ടുള്ള പുതിയ സംഘടനാ സംവിധാനത്തിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് റീജിയണൽ ലബോറട്ടറികൾ വരുന്നത്. ഈ സാഹചര്യത്തിൽ ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ നിയമനം ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ നിലനിർത്തുന്നത് പ്രസ്തുത സംഘടനാഘടനയ്ക്ക് വിരുദ്ധമാകും. മാത്രവുമല്ല മേഖലാടിസ്ഥാനത്തിലുള്ള ലബോറട്ടറികളിൽ ഉണ്ടാകുന്ന ഒഴിവുകൾ ഒരു ജില്ലയിലെ മാത്രം റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നത് ശരിയായ നടപടിയുമല്ല. **ആയതിനാൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകൾ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളായി പരിഗണിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് മുഖാന്തരം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു**.

**4.168** പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിയന്ത്രണച്ചുമതല തിരുവനന്തപുരം ലബോറട്ടറിയിലും, കണ്ണൂർ റീജിയണൽ ലബോറട്ടറിയുടെ നിയന്ത്രണച്ചുമതല കോഴിക്കോട് റീജിയണൽ ലബോറട്ടറിയിലും നിലനിർത്തിയിരിക്കുന്ന സാഹചര്യത്തിൽ ഈ ലബോറട്ടറികളിലെ ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകൾ യഥാക്രമം തിരുവനന്തപുരം, കോഴിക്കോട് റീജിയണൽ

ലബോറട്ടറികൾ മുഖാന്തരം കമ്മീഷണറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളിലെ പരിശോധനാ വിഭാഗങ്ങൾ

**4.169** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കുന്നതിനായി നിലവിൽ ചുവടെ പറയുന്ന 7 സെക്ഷനുകൾ പൊതുവായി പ്രവർത്തിക്കുന്നു.

Food Section (Receiving)
Food Section (Milk)
Food Section (Oil)
Food Section (Tea, Coffee & Spices)
Food Section (Water)
Food Section (Instrumentation)
Food Section (Microbiology)

**4.170** മൂന്ന് ലബോറട്ടറികളിലും മൈക്രോബയോളജി ഒഴികെയുള്ള ആറ് വിഭാഗങ്ങളിലായി 8 റിസർച്ച് ഓഫീസർമാർ, 8 ജൂനിയർ റിസർച്ച് ഓഫീസർമാർ, 8 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II, 9 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- I എന്നീ തസ്തികകൾ നിലവിലുണ്ട്. മൈക്രോബയോളജി വിഭാഗത്തിൽ തിരുവനന്തപുരം ലബോറട്ടറിയിൽ മാത്രമേ റിസർച്ച് ഓഫീസർ തസ്തിക നിലവിലുള്ളൂ. എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ ഈ വിഭാഗത്തിൽ മൈക്രോബയോളജിസ്റ്റിന്റെ ഒരു തസ്തിക വീതമാണുള്ളത്.

**4.171** ഓരോ പരിശോധനാ വിഭാഗത്തിന്റേയും ചുമതല ഓരോ റിസർച്ച് ഓഫീസർക്ക് നൽകിയിട്ടുണ്ട്. റിസർച്ച് ഓഫീസറെ കൂടാതെ ജൂനിയർ റിസർച്ച് ഓഫീസറും ഓരോ വിഭാഗത്തിലുമുണ്ട്. ചില വിഭാഗങ്ങളിൽ 2 റിസർച്ച് ഓഫീസർ/ജൂനിയർ റിസർച്ച് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിലും സാമ്പിളുകൾ പരിശോധന നടത്തുന്നത് ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II, റിസർച്ച് ഓഫീസർ, ജൂനിയർ റിസർച്ച് ഓഫീസർ എന്നീ ഉദ്യോഗസ്ഥരാണ്. മൈക്രോബയോളജി വിഭാഗത്തിൽ റിസർച്ച് ഓഫീസർ(മൈക്രോ),

മൈക്രോബയോളജിസ്റ്റ് എന്നീ ഉദ്യോഗസ്ഥർക്കാണ് പരിശോധനാ ചുമതല. പരിശോധനാ നടപടികളിൽ സഹായിക്കുന്നതിനായി ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികകളും നിലവിലുണ്ട്. ഭക്ഷ്യസാമ്പിൾ പായ്ക്കറ്റ് പൊട്ടിച്ച് തരംതിരിച്ച് ഓരോ വിഭാഗത്തിനും നൽകുന്നതിനും സാമ്പിൾ പായ്ക്ക് ചെയ്യുന്നതിനുമായി 'പായ്ക്കർ' തസ്തികയും അനലിറ്റിക്കൽ വിഭാഗത്തിലുണ്ട്. ഡാറ്റാ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും വിശകലനത്തിന് ലഭ്യമാക്കുന്നതിനുമായി സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്ന് അന്യത്ര സേവനത്തിൽ നിയമിക്കപ്പെടുന്ന സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റിന്റെയും, റിസർച്ച് അസിസ്റ്റന്റിന്റെയും ഓരോ തസ്തികകൾ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ അനുവദിച്ചിട്ടുണ്ട്.

## ഭക്ഷ്യസാമ്പിളുകളുടെ പരിശോധന- അവലോകനം

**4.172** സാമ്പിൾ സ്വീകരിച്ച തീയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ഫുഡ് അനലിസ്റ്റുമാർ പരിശോധനാഫലം നൽകണമെന്നാണ് ഭക്ഷ്യസുരക്ഷാ നിയമത്തിലെ 46(3) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്നത്. ഈ സമയപരിധിക്കുള്ളിൽ പരിശോധനാഫലം നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ അത് വൈകുന്നതിന്റെ കാരണങ്ങൾ, ഫലം ലഭ്യമാക്കുന്നതിന് വേണ്ടിവരുന്ന സമയം എന്നിവയെക്കുറിച്ച് ഫുഡ് അനലിസ്റ്റ്, ഭക്ഷ്യസുരക്ഷാ കമ്മീഷണറേയും ഡെസിഗ്നേറ്റഡ് ഓഫീസറേയും അറിയിക്കേണ്ടതുണ്ട്. നിലവിൽ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ പരിശോധനാഫലം നിശ്ചിത സമയപരിധിയ്ക്കുള്ളിൽത്തന്നെ ഏറെക്കുറെ നൽകിവരുന്നുണ്ട്. 14 ദിവസങ്ങൾക്കുള്ളിൽ ഫലം നൽകാൻ സാധിക്കാത്ത കേസുകളിൽ ഫലം ലഭ്യമാക്കുന്നതിനായി ഫുഡ് അനലിസ്റ്റ് മുകളിൽ പ്രസ്താവിച്ച വ്യവസ്ഥപ്രകാരം കൂടുതൽ സമയം എടുക്കാറുമുണ്ട്. സർവൈലൻസ് സാമ്പിളുകളുടെ പരിശോധനാ ഫലങ്ങളിൽ ഭൂരിഭാഗവും നിയമം അനുശാസിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ നൽകുവാൻ കഴിയുന്നില്ലെന്ന് കാണുന്നു. ഒന്ന് മുതൽ മൂന്ന് മാസം വരെ സമയമെടുത്താണ് സർവൈലൻസ് സാമ്പിൾഫലം എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ലഭ്യമാകുന്നത്.

**4.173** പരിശോധനാഫലം unsafe ആകുന്ന അവസരങ്ങളിൽ ബന്ധപ്പെട്ട ആളുകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് മാത്രമേ നിലവിൽ

വകുപ്പിന് സാധിക്കുന്നുള്ളൂ. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള Food Recall, Seizing തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിൽ വകുപ്പ് നേരിടുന്ന ബുദ്ധിമുട്ടുകളെപ്പറ്റി **4.68 മുതൽ 4.72 വരെയുള്ള** ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. സാമ്പിൾ പരിശോധനാഫലം വളരെ വേഗം നൽകുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ എൻഫോഴ്സ്മെന്റ് നടപടികൾ ഫലപ്രദമാവുകയുള്ളൂ. പരിശോധനയ്ക്കായി ലഭിക്കുന്ന ഭക്ഷ്യസാമ്പിളുകളുടെ ഫലം സാധ്യമായ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകുന്നതിനും പ്രസ്തുത പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുവാനും കഴിഞ്ഞെങ്കിൽ മാത്രമേ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സാമ്പിളിംഗ് പ്രക്രിയ അർത്ഥവത്താകുകയുള്ളൂവെന്ന് പഠനസംഘം വിലയിരുത്തുന്നു. പരിശോധനാഫലം നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ള പരമാവധി സമയപരിധിക്കുള്ളിൽ ഫലം നൽകുന്ന നിലവിലെ രീതിയിൽ നിന്നും മാറി സാമ്പിൾ ലഭിച്ചാൽ എത്രയും വേഗത്തിൽ ഫലം നൽകാൻ കഴിയുന്ന നിലയിലേയ്ക്ക് ലബോറട്ടറി സംവിധാനം മാറേണ്ടത് ആവശ്യമാണ്.

**4.174** FSSAI അംഗീകരിച്ച കെമിക്കൽ/മൈക്രോബയോളജിക്കൽ ടെസ്റ്റ് പാരാമീറ്ററുകൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം IV** ആയി ചേർത്തിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളുടെ പരിശോധനാഫലം എത്രയും വേഗം ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പരിശോധനാഫലം ലഭ്യമാക്കുന്നതിനാവശ്യമായ സമയം സംബന്ധിച്ച് പഠനസംഘം വിശദമായ പഠനം നടത്തി. വിവിധ ഭക്ഷ്യവസ്തുക്കൾക്കുള്ള FSSAI അംഗീകരിച്ച കെമിക്കൽ/മൈക്രോബയോളജിക്കൽ ടെസ്റ്റ് പാരാമീറ്ററുകൾ, ഇവയുടെ പരിശോധനയ്ക്ക് ആവശ്യമായ സമയം എന്നിവ വിശകലനം ചെയ്യുകയുണ്ടായി. ഇതിനായി ഭക്ഷ്യസാമ്പിൾ പരിശോധനാരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ പ്രവർത്തനരീതികൾ മനസ്സിലാക്കുകയും പ്രവൃത്തിപരിചയമുള്ള വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തു.

**4.175** മാതൃകാ സാഹചര്യങ്ങളിൽ (ideal conditions), വിവിധ ഭക്ഷ്യ വസ്തുക്കളുടെ കെമിക്കൽ പാരാമീറ്ററുകൾ പരിശോധിക്കുന്നതിന് 3 മുതൽ 5 വരെ ദിവസങ്ങളും മൈക്രോബയോളജിക്കൽ പാരാമീറ്ററുകളുടെ പരിശോധനക്ക് 5 മുതൽ 7 വരെ ദിവസങ്ങളും ആവശ്യമാണെന്ന് കാണുകയുണ്ടായി. വിവിധ വിഭാഗങ്ങളിൽ ഒരേ സമയം

പരിശോധന നടത്തിയാൽ പരമാവധി ഏഴ് ദിവസം കൊണ്ട് പരിശോധന പൂർത്തിയാക്കാൻ കഴിയുമെന്നാണ് പഠനസംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധതരം ഭക്ഷ്യവസ്തുക്കളുടെ അന്തിമ പരിശോധനാഫലം ലഭ്യമാക്കുന്നതിന് വേണ്ടിവരുന്ന ഏറ്റവും കുറഞ്ഞ ദിവസങ്ങൾ സംബന്ധിച്ചുള്ള പഠനസംഘത്തിന്റെ നിഗമനം ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 7</u>

| **ഭക്ഷ്യ വസ്തു** | **കെമിക്കൽ പരിശോധനാ ഫലം ലഭ്യമാക്കുന്നതിന് ആവശ്യമായ ദിവസങ്ങൾ** | **മൈക്രോബയോളജി പരിശോധനാ ഫലം ലഭ്യമാക്കുന്നതിന് ആവശ്യമായ ദിവസങ്ങൾ** | **അന്തിമ പരിശോധനാ ഫലം ലഭ്യമാക്കുന്നതിന് ആവശ്യമായ ദിവസങ്ങൾ (മൈക്രോബയോളജി പരിശോധന ഉൾപ്പെടെ)** |
|---|---|---|---|
| Milk | 4 | 5 - 7 | 7 |
| Milk Products | 4 | 5 - 7 | 7 |
| Spices & Condiments | 5 | 5 - 7 | 7 |
| Oil | 4 | NA | 4 |
| Fruit & Vegetable Products | 4 | 5 - 7 | 7 |
| Cereals & Cereal Products | 5 | 5 - 7 | 7 |
| Drinking Water | 4 | 4 | 4 |
| Packaged Drinking Water | 4 | 5 - 7 | 7 |
| Meat & Meat Products | 4 | 5 - 7 | 7 |
| Nutritional Factors | 3 | NA | 3 |

| | | | |
|---|---|---|---|
| Sweets & Confectionery | 3 | 5 - 7 | 7 |
| Egg & Egg Products | 3 | 5 - 7 | 7 |
| Fish & Fish Products | 4 | 5 - 7 | 7 |
| Sweetening Agents including Honey | 4 | NA | 4 |
| Beverages other than Dairy, Fruits & Vegetables | 4 | 5 - 7 | 7 |
| Other Food Products & Ingredients (Eg. Infant Food) | 3 | 5 - 7 | 7 |
| Alcoholic Beverages | 3 | 5 | 5 |

**4.176** ഈ പട്ടിക പരിശോധിക്കുമ്പോൾ, മൈക്രോബയോളജിക്കൽ പരിശോധനയ്ക്കായി വേണ്ടിവരുന്ന ദിവസങ്ങളെ ആശ്രയിച്ചാണ് സാമ്പിളുകളുടെ അന്തിമപരിശോധനാഫലം ലഭ്യമാക്കാൻ കഴിയുന്നതെന്ന് കാണാവുന്നതാണ്. മൈക്രോബയോളജിക്കൽ പരിശോധനയുടെ ആദ്യഘട്ടമായ അഞ്ച് ദിവസങ്ങൾകൊണ്ട് സംശയാസ്പദമായ സൂക്ഷ്മാണുവിന്റെ സാന്നിദ്ധ്യം കണ്ടെത്തിയാൽ അത് സ്ഥിരീകരിക്കുന്നതിനായാണ് തുടർന്നുള്ള രണ്ട് ദിവസത്തെ പരിശോധനകൾ വേണ്ടിവരുന്നത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിൽ കഴിഞ്ഞ മൂന്നു വർഷം നടത്തിയ പരിശോധനകളുടെ ഫലം വിശകലനം ചെയ്തതിൽനിന്നും ശരാശരി പത്ത് ശതമാനം സാമ്പിളുകളുടെ പരിശോധനയ്ക്ക് മാത്രമേ അഞ്ച് ദിവസത്തിൽ കൂടുതൽ സമയം ആവശ്യമായി വന്നിട്ടുള്ളൂവെന്ന് കാണുകയുണ്ടായി. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 8</u>

| **വർഷം** | **തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിൽ പരിശോധിച്ച ആകെ സാമ്പിളുകളുടെ എണ്ണം** | **പരിശോധനയ്ക്കായി 5 മുതൽ 7 ദിവസം വരെ എടുത്ത സാമ്പിളുകളുടെ എണ്ണം** | **ശതമാനം** |
|---|---|---|---|
| 2020 - 2021 | 5012 | 598 | 11.93 |
| 2021 - 2022 | 6611 | 565 | 8.54 |
| 2022 - 2023 | 10172 | 1101 | 10.82 |

**4.177** ഇതിൽ നിന്നും, **ഭക്ഷ്യസുരക്ഷാ ലബോറട്ടറികളിൽ പരിശോധനയ്ക്കെത്തുന്ന 90% സാമ്പിളുകളുടേയും അന്തിമ പരിശോധനാഫലം അഞ്ച് ദിവസങ്ങൾകൊണ്ട് ലഭ്യമാക്കാൻ സാധിക്കുമെന്ന് പഠനസംഘം വിലയിരുത്തുന്നു.**

**<u>പരിശോധനാഫലം വൈകുന്നതിന്റെ കാരണങ്ങൾ</u>**

**4.178** ഭക്ഷ്യസുരക്ഷാ ലബോറട്ടറികളുടെ നിലവിലുള്ള പ്രവർത്തനരീതി അവലോകനം ചെയ്തതിൽ പരിശോധനാഫലം ഏറ്റവും വേഗം നൽകുകയെന്ന ലക്ഷ്യത്തിന് തടസ്സമായി നിൽക്കുന്ന നിരവധി ഘടകങ്ങൾ നിലനിൽക്കുന്നതായി കാണാൻ കഴിഞ്ഞു. ഇതു സംബന്ധിച്ച പഠനസംഘത്തിന്റെ കണ്ടെത്തലുകളും അതിന്മേലുള്ള ശിപാർശകളും ചുവടെ ചേർക്കുന്നു.

**a) <u>ക്ലറിക്കൽ ജോലിക്കായി സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിക്കൽ</u>**

**4.179** വിവിധ പരിശോധനാ വിഭാഗങ്ങളുടെ പ്രവർത്തനരീതി വിലയിരുത്തിയപ്പോൾ ഫുഡ് സെക്ഷൻ (റിസീവിംഗ്) ഒഴികെയുള്ള വിഭാഗങ്ങൾ സാമ്പിൾ പരിശോധനയുമായി

ബന്ധപ്പെട്ട ജോലികളാണ് ചെയ്യുന്നതെന്ന് കാണുകയുണ്ടായി. എന്നാൽ റിസീവിംഗ് സെക്ഷനിൽ അനലിറ്റിക്കൽ ജോലികൾ ചെയ്യേണ്ട നിരവധി സാങ്കേതിക വിഭാഗം ജീവനക്കാരെ ക്ലറിക്കൽ ജോലികൾക്ക് നിയോഗിച്ചിട്ടുള്ളതായി പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ ഈ സെക്ഷന്റെ പ്രവർത്തനം പ്രത്യേകമായി പരിശോധിച്ചു.

## ഫുഡ് സെക്ഷൻ (റിസീവിംഗ്) വിഭാഗം

**4.180** ലബോറട്ടറികളിൽ പരിശോധനയ്ക്കായി എത്തുന്ന ഭക്ഷ്യസാമ്പിളുകൾ ഫുഡ് അനലിസ്റ്റ് സ്വീകരിച്ചതിനുശേഷം ഫുഡ് സെക്ഷൻ (റിസീവിംഗ്) വിഭാഗത്തിലാണ് എത്തുന്നത്. സാമ്പിളുകൾക്കൊപ്പമുള്ള ഫോം VI മെമ്മോറാണ്ടം, പേപ്പർ സീൽ, സ്പെസിമെൻ ഇംപ്രഷൻ സ്ലിപ്പ്, ഒറിജിനൽ ലേബൽ എന്നിവ ഒത്തു നോക്കുക, ലാബ് നമ്പർ നൽകിയ ശേഷം സാമ്പിൾ എൻട്രി രജിസ്റ്ററിൽ രേഖപ്പെടുത്തുക, കോഡിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം ലാബ് നമ്പർ, സാമ്പിൾ ലഭിച്ച തീയതി, തൂക്കം എന്നിവ രേഖപ്പെടുത്തുക തുടങ്ങിയ ജോലികൾക്ക് ശേഷം ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ബന്ധപ്പെട്ട അനലിറ്റിക്കൽ സെക്ഷനിലേക്ക് കൈമാറുകയും ചെയ്യുന്നു. സർവൈലൻസ് സാമ്പിളുകൾ, സ്വകാര്യ സാമ്പിളുകൾ, ആശുപത്രി, കോടതി എന്നിവിടങ്ങളിൽ നിന്നുള്ള സാമ്പിളുകൾ, കുടിവെള്ള സാമ്പിളുകൾ എന്നിവയും സമാനമായ നടപടികൾ പാലിച്ചാണ് മറ്റു സെക്ഷനുകളിലേക്ക് നൽകുന്നത്. സാമ്പിളുകളുടെ പരിശോധന പൂർത്തിയാക്കി കരട് റിപ്പോർട്ട് റിസീവിംഗ് സെക്ഷനിലാണ് സ്വീകരിക്കുന്നത്. നിശ്ചിത മാതൃകയിലുള്ള റിപ്പോർട്ട് ഫുഡ് അനലിസ്റ്റിനു സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയ ശേഷം ബന്ധപ്പെട്ട ഡെസിഗ്നേറ്റഡ് ഓഫീസർക്ക് അയക്കുന്നതും സ്വകാര്യ സാമ്പിളുകളുടെ പരിശോധനാഫലം അപേക്ഷകർക്ക് ഇ-മെയിൽ മുഖേന അയയ്ക്കുന്നതും ഈ സെക്ഷനിൽ നിന്നാണ്.

**4.181** മൂന്ന് ലബോറട്ടറികളിലും റിസീവിംഗ് സെക്ഷനിലാണ് ഏറ്റവും കൂടുതൽ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ - 9

| തസ്തിക | ലബോറട്ടറി | | |
|---|---|---|---|
| | **ഗവൺമെന്റ് അനലിസ്റ്റ് സ് ലബോറട്ടറി, തിരുവനന്തപുരം** | **റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം** | **റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട്** |
| റിസർച്ച് ഓഫീസർ | 2 | 1 | -- |
| ജൂനിയർ റിസർച്ച് ഓഫീസർ | 2 | 2 | 1 |
| ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- I | 1 | -- | 1 |
| ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II | 1 | 2 | 3 |
| ടെക്നിക്കൽ അസിസ്റ്റന്റ് (കോൺട്രാക്ട്) | -- | 1 | -- |
| ലാബ് അസിസ്റ്റന്റ് (കോൺട്രാക്ട്) | 1 | 1 | -- |
| **ആകെ** | **7** | **7** | **5** |

**4.182** ഭക്ഷ്യസാമ്പിളുകളുടെ യാതൊരു പരിശോധനയും നടത്താത്ത റിസീവിംഗ് സെക്ഷനിലാണ് 19 സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. ഭക്ഷ്യസാമ്പിൾ സ്വീകരിക്കുകയും അന്തിമ റിപ്പോർട്ട് അയയ്ക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട മിനിസ്റ്റീരിയൽ ജോലികളാണ് ഈ സെക്ഷനിൽ ചെയ്യുന്നത്.

**സ്റ്റോറുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാർ**

**4.183** എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ സ്റ്റോറിന്റെ ചുമതല വഹിക്കുന്നതും സാങ്കേതിക വിഭാഗം ജീവനക്കാരാണ്. എറണാകുളം ലാബിൽ ഒരു ജൂനിയർ റിസർച്ച് ഓഫീസർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I; കോഴിക്കോട് ലാബിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II എന്നിങ്ങനെ നാല് ജീവനക്കാരാണ് സ്റ്റോറിന്റെ ചുമതല വഹിക്കുന്നത്.

**4.184** റിസീവിംഗ് സെക്ഷൻ, സ്റ്റോർ സെക്ഷൻ എന്നിവയിൽ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിനായി 23 സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിച്ചിരിക്കുന്നത് സാമ്പിൾ പരിശോധനകളെ പ്രതികൂലമായി ബാധിക്കുന്നു. സാങ്കേതിക വിഭാഗത്തെ കൂടുതലായി മിനിസ്റ്റീരിയൽ ജോലികൾക്കായി നിയോഗിക്കുമ്പോൾ സ്വാഭാവികമായും ലബോറട്ടറികളുടെ പ്രാഥമിക ചുമതലയായ ഭക്ഷ്യസാമ്പിൾ പരിശോധനയ്ക്കാവശ്യമായ മനുഷ്യ വിഭവശേഷി കുറയുകയും സമയബന്ധിതമായി റിപ്പോർട്ടുകൾ നൽകാൻ കഴിയാതെ വരികയും ചെയ്യും. ഓരോ തസ്തികയുടേയും ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമായി നിർവചിക്കപ്പെട്ടിട്ടുണ്ട്. അതിനനുസരിച്ചുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവഹിക്കുമ്പോൾ മാത്രമേ മനുഷ്യശേഷിയുടെ ഫലപ്രദമായ വിനിയോഗവും പരമാവധി ഫലവും ലഭിക്കുകയുള്ളൂ.

**4.185** ഫുഡ് സെക്ഷൻ (റിസീവിംഗ്), സ്റ്റോർ എന്നിവിടങ്ങളിൽ മിനിസ്റ്റീരിയൽ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന സാങ്കേതിക വിഭാഗം ജീവനക്കാരെ അവരുടെ യഥാർത്ഥ ചുമതലകൾക്കായി നിയോഗിക്കുമ്പോൾ അനലിറ്റിക്കൽ വിഭാഗത്തിന് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്നും **പട്ടിക നമ്പർ - 7-ൽ** പരാമർശിച്ചിട്ടുള്ള സമയ പരിധിയിൽ പരിശോധനാഫലം ലഭ്യമാക്കുന്നതിന് സഹായകരമാകുമെന്നും പഠനസംഘം വിലയിരുത്തുന്നു.

**4.186 മൂന്നു ലബോറട്ടറികളിലേയും ഫുഡ് സെക്ഷനുമായി (റിസീവിംഗ്) ബന്ധപ്പെട്ട ശിപാർശകൾ ചുവടെ ചേർക്കുന്നു.**

1. **ഭക്ഷ്യസാമ്പിളുകൾ സ്വീകരിച്ച് പരിശോധനയ്ക്കായി കൈമാറുകയും പരിശോധനാഫലം നിശ്ചിത മാതൃകയിൽ തയ്യാറാക്കി അയയ്ക്കുകയും ചെയ്യുന്ന സെക്ഷൻ എന്ന നിലയ്ക്ക് ലബോറട്ടറികളിലെ ഫുഡ് സെക്ഷൻ (റിസീവിംഗ്) വിഭാഗത്തിന്റെ ചുമതല റിസർച്ച് ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കേണ്ടതാണ്. ഇതൊഴികെയുള്ള മറ്റെല്ലാ സാങ്കേതിക വിഭാഗം ജീവനക്കാരേയും ഇവിടെ നിന്നും പിൻവലിച്ച് അനലിറ്റിക്കൽ ജോലികൾക്കായി നിയോഗിക്കേണ്ടതാണ്.**
2. **സെക്ഷനിലെ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിനായി 3 ക്ലർക്ക് തസ്തികകൾ**

**വീതം വിന്യസിക്കേണ്ടതാണ്.**

3. **നിർദ്ദിഷ്ട തിരുവനന്തപുരം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിലെ അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലുള്ള ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തിക, പ്രസ്തുത ലബോറട്ടറിയിലെ ഫുഡ് സെക്ഷൻ (റിസീവിംഗ്)- ലേയ്ക്ക് വിന്യസിക്കേണ്ടതാണ്.**

4. **എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലെ ഫുഡ് സെക്ഷൻ (റിസീവിംഗ്)-ൽ ഒരു ടൈപ്പിസ്റ്റ് തസ്തിക വീതം വിന്യസിക്കേണ്ടതാണ്.**

**4.187** സ്റ്റോർ സെക്ഷനുമായി ബന്ധപ്പെട്ട ശിപാർകൾ **ഖണ്ഡിക 4.247** ൽ നൽകിയിട്ടുണ്ട്. തസ്തികകളുടെ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ അധ്യായം 5-ലെ **പട്ടിക നമ്പർ - 31 - ൽ** കാണാവുന്നതാണ്.

**b) <u>രജിസ്റ്ററുകളുടെ പരിപാലനം</u>**

**4.188** ഭക്ഷ്യസുരക്ഷാ ലബോറട്ടറികളിലെ റിസീവിംഗ് സെക്ഷനിലും മറ്റ് പരിശോധന സെക്ഷനുകളിലും സാമ്പിൾ സ്വീകരിക്കുന്നതുമായും പരിശോധനയുമായും ബന്ധപ്പെട്ട് നിരവധി രജിസ്റ്ററുകളാണ് എഴുതി സൂക്ഷിച്ചുവരുന്നത്. ലബോറട്ടറികളുടെ എൻ.എ.ബി.എൽ. ഡോക്യുമെന്റേഷന്റെ ഭാഗമായും നിരവധി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്. ഭക്ഷ്യസാമ്പിളുകൾ പരിശോധന നടത്തുന്നതിനായി വിനിയോഗിക്കപ്പെടേണ്ട സമയത്തിന്റെ നല്ലൊരുഭാഗവും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനായി മാറ്റിവയ്ക്കേണ്ടി വരുന്നു. ഇക്കാര്യം ബോധ്യപ്പെട്ട സാഹചര്യത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പഠനസംഘം തേടുകയുണ്ടായി.

**4.189** ഭക്ഷ്യസാമ്പിളുകളുടെ പരിശോധന നടത്തുന്നതിനായി FSSAI നോട്ടിഫൈ ചെയ്തിട്ടുള്ള ഏതാനും സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനരീതി പഠനസംഘം മനസിലാക്കുകയും അതിനെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളുടെ പ്രവർത്തനവുമായി താരതമ്യ പഠനത്തിന് വിധേയമാക്കുകയും ചെയ്തു. ഇംപോർട്ട്/ എക്സ്പോർട്ട് സാമ്പിൾ പരിശോധനകളുൾപ്പെടെ നടത്തപ്പെടുന്ന പ്രശസ്തമായ സ്വകാര്യ

ലബോറട്ടറികളിൽ **ലബോറട്ടറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം** (LIMS) പോലുള്ള സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഓൺലൈനായിട്ടാണ് സാമ്പിളുകൾ ലഭിക്കുന്നതു മുതൽ പരിശോധനാഫലം നൽകുന്നത് വരെയുള്ള ഡോക്യുമെന്റേഷൻ മുഴുവൻ നടത്തുന്നതെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. എൻ.എ.ബി.എൽ., FSSAI, എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിൽ (EIC) എന്നിവയുടെ ഇന്റഗ്രേറ്റഡ് ഓഡിറ്റിനും സോഫ്റ്റ്‌വെയറിൽ നിന്നുള്ള രേഖകളാണ് സമർപ്പിക്കുന്നതെന്നും മനസിലാക്കാൻ കഴിഞ്ഞു. സാമ്പിളുകളുടെ പരിശോധനാ സമയത്ത് ഉപയോഗിക്കുന്ന വർക്ക് ഷീറ്റുകൾ പോലുള്ള ചുരുക്കം ചില രേഖകൾ മാത്രമേ പ്രസ്തുത ലബോറട്ടറികളിൽ എഴുതി സൂക്ഷിക്കുന്നുള്ളൂ. ഇതിലൂടെ അനലിസ്റ്റുമാർക്ക് കൂടുതൽ സമയം സാമ്പിൾ പരിശോധനയ്ക്കായി വിനിയോഗിക്കുന്നതിനും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധനാഫലം നൽകുന്നതിനും കഴിയുന്നുണ്ട്.

4.190 വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സ്വകാര്യ മേഖലയിലുള്ള ലബോറട്ടറികൾ അത്യന്തം കാര്യക്ഷമതയോടെ പ്രവർത്തിക്കുമ്പോൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികൾക്ക് ഇപ്പോഴത്തെ നിലയിൽ അധികനാൾ തുടരുവാൻ കഴിയുമെന്ന് തോന്നുന്നില്ല. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് സ്വയം നവീകരിക്കപ്പെടുന്നില്ലെങ്കിൽ വകുപ്പിന്റെ ലബോറട്ടറി സംവിധാനങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് തൽസ്ഥാനം സ്വകാര്യലാബുകൾ കൈയ്യടക്കുന്ന കാലം വിദൂരമല്ല എന്ന വസ്തുത തിരിച്ചറിയേണ്ടതുണ്ട്.

4.191 **ഭക്ഷ്യസുരക്ഷാ ലബോറട്ടറികളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി ലബോറട്ടറികളിൽ ഓൺലൈൻ ഡോക്യുമെന്റേഷൻ നടപ്പിൽ വരുത്തുന്നതിനായി** LIMS (Laboratory Information Management System) **മാതൃകയിലുള്ള അനുയോജ്യമായ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്താൻ പഠനസംഘം ശിപാർശ ചെയ്യുന്നു.** ഇതിലൂടെ വർക്ക് ഷീറ്റ് പോലെ ഒഴിവാക്കാനാവാത്ത രേഖകൾ മാത്രം എഴുതി സൂക്ഷിച്ചുകൊണ്ട് ജീവനക്കാർക്ക് മുഴുവൻ സമയവും സാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെടാൻ കഴിയുന്നതാണ്.

## c) ഒന്നിലധികം വിഭാഗങ്ങളിൽ പരിശോധന ആവശ്യമായി വരുന്ന സാഹചര്യം

**4.192** ഫുഡ് സെക്ഷൻ (റിസീവിംഗ്) വിഭാഗത്തിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യസാമ്പിളുകൾക്ക് ഒന്നിൽ കൂടുതൽ വിഭാഗങ്ങളിൽ പരിശോധന ആവശ്യമായി വരുമ്പോൾ ഒരു സെക്ഷനിലെ പരിശോധന പൂർത്തിയാക്കിയതിന് ശേഷമാണ് അടുത്ത സെക്ഷനിൽ പരിശോധനയ്ക്കായി സാമ്പിളുകൾ നൽകുന്നത്. ഇതുമൂലം സാമ്പിൾ പരിശോധന പൂർത്തിയാക്കുന്നതിന് ദിവസങ്ങൾ എടുക്കുന്ന സാഹചര്യമുണ്ട്. എന്നാൽ, വ്യത്യസ്തമായ മറ്റൊരു രീതി എറണാകുളം റീജിയണൽ ലബോറട്ടറിയിൽ അടുത്തിടെ ആരംഭിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നത് പഠന സംഘത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

**4.193** എറണാകുളം റീജിയണൽ ലബോറട്ടറിയിൽ ഫുഡ് സെക്ഷൻ (സബ് സാമ്പിളിംഗ് & പ്രിലിമിനറി അനാലിസിസ്) എന്ന പേരിൽ ഒരു പുതിയ സെക്ഷൻ രൂപീകരിച്ചിട്ടുണ്ട്. സ്വീകരിക്കപ്പെടുന്ന സാമ്പിൾ പ്രാഥമിക പരിശോധനയ്ക്ക് ശേഷം ഏതൊക്കെ വിഭാഗങ്ങളിൽ പരിശോധിക്കപ്പെടേണ്ടതാണെന്ന് തീരുമാനിച്ച ശേഷം അതിനെ ഭാഗങ്ങളാക്കി ഒരേസമയം കൈമാറുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്. ഇതുമൂലം വിവിധ സെക്ഷനുകളിലെ പരിശോധന ഒരേസമയം നടക്കുകയും വളരെ പെട്ടെന്ന് അന്തിമഫലം ലഭ്യമാവുകയും ചെയ്യുന്നു. സബ് സാമ്പിളിംഗിലൂടെ കുറഞ്ഞ സമയത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ കഴിയുന്നതിനാൽ എറണാകുളം ലബോറട്ടറിയിൽ നടപ്പിലാക്കിയ ഈ മാതൃക തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിലും നടപ്പിലാക്കാവുന്നതാണ്.

**4.194 എറണാകുളം റീജിയണൽ ലബോറട്ടറിയുടെ മാതൃകയിൽ തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിൽ ഫുഡ് സെക്ഷൻ (സബ് സാമ്പിളിംഗ് & പ്രിലിമിനറി അനാലിസിസ്) എന്ന വിഭാഗം രൂപീകരിക്കാൻ പഠനസംഘം ശിപാർശ ചെയ്യുന്നു. ഈ വിഭാഗത്തിനായി ഒരു റിസർച്ച് ഓഫീസർ, ഒരു ജൂനിയർ റിസർച്ച് ഓഫീസർ, രണ്ട് ടെക്നിക്കൽ അസിസ്റ്റന്റ്, ഒരു ലാബ് അസിസ്റ്റന്റ് എന്നിവരെ നിയോഗിക്കേണ്ടതാണ്.**

## d) ഒരു സെക്ഷനിൽ കൂടുതൽ സാമ്പിളുകൾ എത്തുന്ന സാഹചര്യം

**4.195** സാമ്പിൾ ശേഖരണത്തിലുള്ള ആസൂത്രണത്തിന്റെ അഭാവം, എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന സ്പെഷ്യൽ ഡ്രൈവുകൾ, മറ്റ് അടിയന്തര സാഹചര്യങ്ങൾ എന്നിവയുടെ ഭാഗമായി ചില സെക്ഷനുകളിൽ അവയുടെ പരിശോധനാ ശേഷിയേക്കാൾ കൂടുതൽ സാമ്പിളുകൾ ചില പ്രത്യേക സമയങ്ങളിൽ എത്താറുണ്ട്.

**4.196** ലബോറട്ടറിയിലെ വിവിധ വിഭാഗങ്ങളുടെ പരിശോധനാശേഷിക്ക് അനുയോജ്യമായ എണ്ണം സാമ്പിളുകൾ അതത് വിഭാഗങ്ങളിൽ എത്തുന്ന തരത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സാമ്പിൾ ശേഖരണ പ്രക്രിയ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (**ഖണ്ഡിക 4.328 മുതൽ 4.339 വരെ**). എന്നാൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തുമ്പോഴും എൻഫോഴ്സ്മെന്റ് സംബന്ധമായ മറ്റ് അടിയന്തര സാഹചര്യങ്ങൾ ഉണ്ടാകുമ്പോഴും സാമ്പിളുകളുടെ ക്രമീകരണം സാധ്യമാകണമെന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ ചില വിഭാഗങ്ങളിൽ സാമ്പിളുകൾ കൂടുതലായി എത്താനും മറ്റു ചില വിഭാഗങ്ങളിൽ സാമ്പിളുകളുടെ എണ്ണം കുറയാനും സാധ്യതയുണ്ട്.

**4.197** കെമിക്കൽ വിഭാഗത്തിലുള്ള ജീവനക്കാർ മൈക്രോബയോളജി ഒഴികെയുള്ള എല്ലാ വിഭാഗങ്ങളിലും പരിശോധന നടത്തുന്നതിനുള്ള പ്രാവീണ്യം നേടിയവരാണ്. അതിനാൽ കെമിക്കൽ വിഭാഗത്തിൽ എവിടെയെങ്കിലും സാമ്പിളുകളുടെ എണ്ണം കൂടുതലുണ്ടെങ്കിൽ സാമ്പിളുകളുടെ എണ്ണം താരതമ്യേന കുറവുള്ള വിഭാഗങ്ങളിൽ നിന്ന് ജീവനക്കാരെ അവിടേക്ക് നിയോഗിച്ച് സമയബന്ധിതമായി പരിശോധന പൂർത്തിയാക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നു.

**4.198** മേൽസാഹചര്യത്തിൽ, **പരിശോധനാഫലം സമയബന്ധിതമായി നൽകുന്നതിനായി കെമിക്കൽ വിഭാഗത്തിലെ ജീവനക്കാരുടെ സേവനം ആവശ്യാനുസൃതം പൂൾ ചെയ്തുകൊണ്ട് വിവിധ സെക്ഷനുകളിൽ വിനിയോഗിക്കുന്നതിന് ലബോറട്ടറി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

## e) <u>ഹൈ എൻഡ് ഉപകരണങ്ങളുടെ ന്യൂനവിഭവ വിനിയോഗം (Underutilization)</u>

**4.199** ലബോറട്ടറിയിലെ ഇൻസ്ട്രുമെന്റേഷൻ സെക്ഷനിലുള്ള അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ ഉപകരണങ്ങൾ (ഹൈ എൻഡ് എക്യുപ്മെന്റ്സ്) മിക്ക അവസരങ്ങളിലും ശേഷിയുടെ പകുതിയോ അതിൽ താഴെയോ എണ്ണം സാമ്പിളുകളുമായാണ് പ്രവർത്തിക്കുന്നതെന്ന് കാണുകയുണ്ടായി. ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള സാമ്പിളിംഗ് ആസൂത്രണത്തിലൂടെയും, ലബോറട്ടറിയിലെ വിവിധ വിഭാഗങ്ങളിൽ നിന്ന് ഇൻസ്ട്രുമെന്റേഷൻ സെക്ഷനിലേക്ക് നൽകുന്ന സാമ്പിളുകൾ ശരിയായ വിധത്തിൽ ക്രമീകരിക്കുന്നതിലൂടെയും ഉപകരണങ്ങൾ അവയുടെ പൂർണശേഷിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നു. പരമാവധി സാമ്പിളുകൾ ഒരേ സമയം പരിശോധിച്ച് ഫലം ലഭ്യമാക്കാൻ ഇതിലൂടെ കഴിയുന്നതാണ്.

## f) <u>ലബോറട്ടറികളിലെ പരിശോധനാ ഉപകരണങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ</u>

**4.200** ഇൻസ്ട്രുമെന്റേഷൻ സെക്ഷനിലുള്ള അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ ഉപകരണങ്ങളും (ഹൈ എൻഡ് എക്യുപ്മെന്റ്സ്) ഇലക്ട്രോണിക് വെയിംഗ് ബാലൻസ്, പി.എച്ച്. മീറ്റർ, മൈക്രോസ്കോപ്പ്, ടി.ഡി.എസ്. മീറ്റർ പോലുള്ള നിരവധി ഉപകരണങ്ങളും ലബോറട്ടറികളിൽ ഉപയോഗിക്കുന്നുണ്ട്. ഇവയ്ക്കുണ്ടാകുന്ന കേടുപാടുകൾ സാമ്പിൾ പരിശോധനയെ വലിയതോതിൽ ബാധിക്കുന്നുണ്ട്. പല ഉപകരണങ്ങൾക്കും കോംപ്രിഹെൻസീവ് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് (CAMC), ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് (AMC) എന്നിവ നിലവിലുണ്ട്. ലബോറട്ടറി ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അത് പരിഹരിക്കുന്നതിൽ പലപ്പോഴും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലബോറട്ടറി ഉപകരണങ്ങളുടെ കാലിബ്രേഷൻ കൃത്യസമയത്ത് നടത്താത്തതും പരിശോധനകളെ ബാധിക്കുന്നുണ്ട്. ഉപകരണം കൈകാര്യം ചെയ്യുന്ന സെക്ഷനുകളും സ്റ്റോർ സെക്ഷനും തമ്മിലുള്ള ഏകോപനമില്ലായ്മയാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണമെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.201 ലബോറട്ടറിയിലെ ഉപകരണങ്ങൾ കേടാകുന്ന പക്ഷം ബന്ധപ്പെട്ട സെക്ഷനിൽ നിന്നും സ്റ്റോർ സെക്ഷനെ ഇക്കാര്യം രേഖാമൂലം അറിയിക്കേണ്ടതും**

**പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്റ്റോർ സെക്ഷൻ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണെന്ന് ശിപാർശ ചെയ്യുന്നു.** ഉപകരണങ്ങൾ പ്രവർത്തന രഹിതമായ സമയവും ദിവസവും; സെക്ഷനിൽ നിന്നും അറിയിപ്പ് ലഭ്യമാക്കിയ സമയവും ദിവസവും; സ്റ്റോർ സെക്ഷനിൽ സ്വീകരിച്ച നടപടികൾ; ഉപകരണം പ്രവർത്തനക്ഷമമാക്കിയ ദിവസം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങളടങ്ങുന്ന രജിസ്റ്റർ സ്റ്റോർ സെക്ഷനിൽ സൂക്ഷിക്കേണ്ടതാണ്.

**g) <u>ലബോറട്ടറികളുടെ പ്രവർത്തന സമയം</u>**

**4.202** ഭക്ഷ്യസുരക്ഷാ ലബോറട്ടറികളുടെ പ്രവർത്തന സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ്. ഈ സമയത്തിനനുസരിച്ച് ജീവനക്കാർ പരിശോധനകൾ ക്രമീകരിക്കുന്നതും പൊതുഅവധി ദിവസങ്ങളിൽ ലബോറട്ടറികൾ പ്രവർത്തിക്കാത്തതും സാമ്പിളുകളുടെ പരിശോധനാഫലം നൽകുന്നതിൽ കാലതാമസം സൃഷ്ടിക്കുന്നുണ്ട്.

**4.203 പരിശോധനാഫലം വേഗത്തിൽ നൽകുകയെന്ന ലക്ഷ്യം മുൻനിർത്തി, ആവശ്യമായ സന്ദർഭങ്ങളിൽ, ഷിഫ്റ്റ് സമ്പ്രദായത്തിൽ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. തുടർച്ചയായി അവധി ദിനങ്ങൾ വരുന്നതു കാരണം പരിശോധനാഫലം വൈകുന്നത് ഒഴിവാക്കുന്നതിനായി അവശ്യം വേണ്ട ജീവനക്കാരെ ഹോളിഡേ ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടതാണ്. ഹോളിഡേ ഡ്യൂട്ടിക്ക് പകരമായി നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കോമ്പൻസേഷൻ ഓഫ് അനുവദിക്കാവുന്നതാണ്.**

**h) <u>സർട്ടിഫിക്കറ്റുകൾ അയയ്ക്കുന്നതിലെ കാലതാമസം</u>**

**4.204** പരിശോധന പൂർത്തിയായാലും സർട്ടിഫിക്കറ്റ് തയ്യാറാക്കി ഫുഡ് അനലിസ്റ്റ് ഒപ്പുവച്ച് ബന്ധപ്പെട്ട ഡെസിഗ്നേറ്റഡ് ഓഫീസർക്ക് അയയ്ക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. നിലവിൽ unsafe സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് രജിസ്റ്റേർഡ് തപാൽ മാർഗ്ഗമാണ് ഡെസിഗ്നേറ്റഡ് ഓഫീസർക്ക് അയയ്ക്കുന്നത്. ഇത് ജില്ലാ ഓഫീസിൽ ലഭിക്കുന്നതിന് രണ്ടോ മൂന്നോ ദിവസങ്ങൾ കൂടി എടുക്കുന്നതാണ്.

## 'Unsafe' ആകുന്ന സാമ്പിളിന്റെ ഇടക്കാല റിപ്പോർട്ട് നൽകുന്നതിനുള്ള നടപടി

**4.205** സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകളുടെ പരിശോധനാഫലം Unsafe ആകുന്ന പക്ഷം റിപ്പോർട്ട് എത്രയും വേഗം എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ലഭ്യമാക്കിയാൽ മാത്രമേ അതിന്മേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഭക്ഷ്യസാമ്പിളിന്റെ വിവിധ പാരാമീറ്ററുകൾ ലബോറട്ടറികളിൽ പരിശോധിക്കുന്നുണ്ട്. നിലവിലുള്ള രീതിയനുസരിച്ച്, ആദ്യഘട്ട പരിശോധനയിൽ സാമ്പിൾ 'Unsafe' ആണെന്ന് തെളിഞ്ഞാലും പ്രസ്തുത സാമ്പിളിന്റെ ബാക്കിയുള്ള പരിശോധനകളും പൂർത്തീകരിച്ച ശേഷമാണ് പരിശോധനാഫലം നൽകുന്നത്. 'Unsafe' ആയ ഭക്ഷ്യവസ്തുവിന്റെ വിപണനം തടയുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഇടപെടൽ ഉടനടി ഉണ്ടാകേണ്ടതുണ്ട്. ഇത് സാധ്യമാക്കുന്നതിനായി **സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകളുടെ പരിശോധനയിൽ സാമ്പിൾ 'Unsafe' ആണെന്ന് കണ്ടെത്തുന്ന ഘട്ടത്തിൽത്തന്നെ പ്രസ്തുത വിവരമടങ്ങുന്ന ഇടക്കാല റിപ്പോർട്ട് ഇ-മെയിലായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ഉടനടി കൈമാറേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഇടക്കാല റിപ്പോർട്ട് നൽകിയശേഷം ബാക്കിയുള്ള പരിശോധനകൾ പൂർത്തിയാക്കി സമ്പൂർണ്ണ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.**

**4.206 പരിശോധനാ റിപ്പോർട്ടുകൾ ഡെസിഗ്നേറ്റഡ് ഓഫീസർക്ക് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എല്ലാ റിപ്പോർട്ടുകളും ഇ-മെയിൽ മുഖാന്തിരം അയച്ചു കൊടുക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. അതോടൊപ്പം, സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ പരിശോധനാഫലം രജിസ്റ്റേർഡ് തപാൽ മുഖേന അയയ്ക്കുന്ന നിലവിലെ രീതിയും തുടരാവുന്നതാണ്.**

**4.207** ലബോറട്ടറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേല്പറയുന്ന ശിപാർശകൾ നടപ്പിലാക്കുന്നതിലൂടെ പരിശോധനാഫലം വേഗത്തിൽ നൽകാൻ കഴിയുന്നതാണ്. ഫുഡ് സെക്ഷൻ (റിസീവിംഗ്)-ലും സ്റ്റോർ സെക്ഷനിലുമായി നിയോഗിച്ചിരിക്കുന്ന സാങ്കേതിക വിഭാഗത്തിലുള്ള 23 ജീവനക്കാരിൽ നിന്നും 20 പേരെ പിൻവലിച്ച് അനലിറ്റിക്കൽ ജോലികൾക്ക് മാത്രമായി നിയോഗിക്കാൻ റിപ്പോർട്ടിൽ ശിപാർശ

ചെയ്തിട്ടുണ്ട്. അനലിറ്റിക്കൽ വിഭാഗത്തിൽ സാമ്പിൾ പരിശോധിക്കുന്നതിനായി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക കൂടി ചെയ്താൽ **പട്ടിക നമ്പർ- 7-ൽ** കാണിച്ചിട്ടുള്ള സമയപരിധിയിൽ തന്നെ പരിശോധനാഫലം സുഗമമായി ലഭ്യമാക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നു.

**4.208 സാമ്പിളുകളുടെ പരിശോധനാഫലം സമയബന്ധിതമായി നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ അഞ്ചു വീതം ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതാണെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു (ആകെ 15 തസ്തികകൾ)**. ഫുഡ് സെക്ഷൻ (റിസീവിംഗ്) വിഭാഗത്തിൽ നിന്നും സ്റ്റോർ സെക്ഷനിൽ നിന്നും പിൻവലിക്കുന്ന 20 ജീവനക്കാരും പുതിയതായി സൃഷ്ടിക്കുന്ന 15 തസ്തികകളും ഉൾപ്പെടെ 35 പേരുടെ അധിക മനുഷ്യ വിഭവശേഷിയാണ് പരിശോധനാ വിഭാഗത്തിന് ലഭ്യമാകുന്നത്. പരിശോധനാഫലം അതിവേഗം നൽകാൻ ലബോറട്ടറികളെ സജ്ജമാക്കുന്നതിന് ഈ അധിക വിഭവശേഷി കൊണ്ട് സാധിക്കുന്നതാണ്.

**പരിശോധനാ റിപ്പോർട്ടിൽ ഒപ്പ് വയ്ക്കാനുള്ള അധികാരം**

**4.209** ഫുഡ് അനലിസ്റ്റ് ടെസ്റ്റ് വിജയിച്ച ആർക്കും പരിശോധനാ റിപ്പോർട്ട് നൽകുവാൻ അധികാരമുണ്ട്. നിലവിൽ പരിശോധനാ റിപ്പോർട്ടിൽ ഒപ്പുവയ്ക്കാൻ അധികാരം നൽകിയിരിക്കുന്നത് ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഗവൺമെന്റ് അനലിസ്റ്റ്, ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് എന്നീ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ്. ഭരണപരമായ സൗകര്യത്തിനായി ഈ അധികാരം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. എല്ലാ ലബോറട്ടറികളിലും ഫുഡ് അനലിസ്റ്റ് ടെസ്റ്റ് വിജയിച്ച റിസർച്ച് ഓഫീസർമാരും ജൂനിയർ റിസർച്ച് ഓഫീസർമാരും ഉണ്ടെങ്കിലും അവർക്കൊന്നും പരിശോധനാ റിപ്പോർട്ട് അംഗീകരിച്ചു നൽകാൻ അധികാരമില്ല.

**4.210** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ അനലിറ്റിക്കൽ ലബോറട്ടറികളിലെ ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഗവൺമെന്റ് അനലിസ്റ്റ്, ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് എന്നീ തസ്തികകളിലുള്ള 9 പേർക്കു പുറമേ 12 റിസർച്ച്

ഓഫീസർ, 13 ജൂനിയർ റിസർച്ച് ഓഫീസർ, 3 മൈക്രോബയോളജിസ്റ്റ്, 9 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -I എന്നിങ്ങനെ 37 ഉദ്യോഗസ്ഥർ ഫുഡ് അനലിസ്റ്റ് യോഗ്യത നേടിയവരാണ്. പരിശോധനാ റിപ്പോർട്ടിൽ ഒപ്പ് വയ്ക്കാനുള്ള അധികാരം ഉന്നതതലത്തിൽ മാത്രമായി നിജപ്പെടുത്താതെ ഫുഡ് അനലിസ്റ്റ് യോഗ്യത നേടിയ മറ്റ് ഉദ്യോഗസ്ഥർക്കു കൂടി നൽകുന്നതുവഴി ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റിന്റെയും ഗവൺമെന്റ് അനലിസ്റ്റിന്റെയും ജോലിഭാരം കുറയ്ക്കുവാനും അവർക്ക് ഗവേഷണ പ്രവർത്തനങ്ങൾ ഉൾപ്പെടെ ലബോറട്ടറികളുമായി ബന്ധപ്പെട്ട ചുമതലകൾ കൃത്യമായി നിർവഹിക്കുവാനും കഴിയുമെന്ന് വിലയിരുത്തുന്നു. റിപ്പോർട്ട് ഒപ്പ് വയ്ക്കാനുള്ള അധികാരം താഴെത്തട്ടിലേക്ക് വിഭജിച്ച് നൽകുന്നതോടെ റിപ്പോർട്ടുകൾ വേഗത്തിൽ നൽകുവാനും കഴിയും.

**4.211 എല്ലാ ലബോറട്ടറികളിലേയും ഫുഡ് അനലിസ്റ്റ് യോഗ്യതയുള്ള റിസർച്ച് ഓഫീസർമാരേയും ജൂനിയർ റിസർച്ച് ഓഫീസർമാരേയും ഫുഡ് അനലിസ്റ്റുമാരായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

## സൂപ്പർവൈസറി തസ്തികകളുടെ ചുമതലകൾ

**4.212** ലബോറട്ടറിയിലെ പരിശോധനാ വിഭാഗങ്ങളിലെ ഗസറ്റഡ് പദവിയുള്ള തസ്തികകളാണ് ജൂനിയർ റിസർച്ച് ഓഫീസർ, റിസർച്ച് ഓഫീസർ എന്നിവ. ഒരു റിസർച്ച് ഓഫീസർ, ഒരു ജൂനിയർ റിസർച്ച് ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ, ലാബ് അസിസ്റ്റന്റ് എന്നിവർ ഉൾപ്പെടുന്നതാണ് ഒരു പരിശോധനാ സെക്ഷന്റെ പൊതുവായ ഘടന. ഇതിൽ നിന്നും വ്യത്യസ്തമായി ചില സെക്ഷനുകളിൽ ഒന്നിൽ കൂടുതൽ റിസർച്ച് ഓഫീസർമാരേയോ ജൂനിയർ റിസർച്ച് ഓഫീസർമാരേയോ ഒരേ സമയം ജോലിക്ക് നിയോഗിക്കാറുമുണ്ട്. ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കുകയെന്ന പ്രാഥമിക ചുമതല ടെക്നിക്കൽ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്കാണ്. എന്നാൽ ഓരോ സെക്ഷനിലും ലഭിക്കുന്ന സാമ്പിളുകളുടെ ചില പ്രത്യേക പാരാമീറ്ററുകൾ പരിശോധിക്കുന്നത് ജൂനിയർ റിസർച്ച് ഓഫീസർ/റിസർച്ച് ഓഫീസർ തസ്തികയിലുള്ളവരാണ്.

**4.213** ജൂനിയർ റിസർച്ച് ഓഫീസർ തലം മുതൽ മുകളിലേയ്ക്കുള്ള തസ്തികകളുടെ ചുമതലകൾ വ്യക്തമാക്കുന്ന വർക്ക് ഡിസ്ട്രിബ്യൂഷൻ ഉത്തരവുകൾ നിലവിലുള്ളതായി കാണുന്നില്ല. ഇക്കാരണത്താൽ റിസർച്ച് ഓഫീസർ/ജൂനിയർ റിസർച്ച് ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ ചുമതല സാമ്പിൾ പരിശോധനയിലും ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് തലം മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ ചുമതല സർട്ടിഫിക്കറ്റുകൾ ഒപ്പ് വയ്ക്കുന്നതിലും മാത്രമായി പരിമിതപ്പെട്ടു പോകുന്ന സ്ഥിതിയാണുള്ളത്. ഭക്ഷ്യസുരക്ഷാ രംഗത്തെ മാറുന്ന സാഹചര്യങ്ങൾക്കനുസൃതമായി റിസർച്ച് & ഡെവലപ്മെന്റ് മേഖലയിൽ പുതിയ ദൗത്യങ്ങൾ അനലിറ്റിക്കൽ വിഭാഗം ഏറ്റെടുക്കുന്നതായി കാണുന്നില്ല. പദവിക്കനുയോജ്യമായ ചുമതലകൾ ഗസറ്റഡ് പദവിയുള്ള ഈ തസ്തികകൾക്ക് നിശ്ചയിച്ച് നൽകാത്തത് മൂലം പ്രസ്തുത തസ്തികകൾ സൃഷ്ടിക്കപ്പെട്ടതിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും, മനുഷ്യ വിഭവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥ സംജാതമാവുകയും ചെയ്യുന്നുണ്ട്.

## റിസർച്ച് & ഡവലപ്മെന്റ് വിഭാഗം (Research & Development Wing)

**4.214** സാമ്പിൾ പരിശോധനയ്ക്കൊപ്പം അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശോധനാരീതികൾ പിന്തുടരുക, നൂതന പരിശോധനാ മാർഗ്ഗങ്ങൾ കണ്ടെത്തുക, ഭക്ഷ്യസുരക്ഷാ രംഗത്തെ പുതിയ വെല്ലുവിളികളെ നേരിടുന്നതിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ നിരവധി ഉത്തരവാദിത്തങ്ങൾ അനലിറ്റിക്കൽ വിഭാഗത്തിനുണ്ട്. റിസർച്ച് & ഡവലപ്മെന്റ് മേഖലയിൽ പുതിയ ദൗത്യങ്ങളൊന്നും ഏറ്റെടുക്കാതെ സാമ്പിൾ പരിശോധനാ ജോലികൾ മാത്രം ചെയ്യുന്നത് ലബോറട്ടറികളുടെ ഗുണനിലവാരത്തെ പ്രത്യക്ഷമായിത്തന്നെ ബാധിക്കുന്നതായി കാണുന്നു. ടൈറ്റാനിയം ഡയോക്സൈഡ് തുടങ്ങി മനുഷ്യന് ഹാനികരമാകുന്ന പലവിധത്തിലുള്ള രാസവസ്തുക്കളുടെ സാന്നിധ്യം പരിശോധിക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നതിനോ ഇക്കാര്യങ്ങൾ യഥാസമയം FSSAI-യുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ലായെന്നത് അനലിറ്റിക്കൽ വിഭാഗത്തിന്റെ പോരായ്മയാണ്. ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട നിരവധി പാരാമീറ്ററുകൾ NABL-ന്റേയും FSSAI-യുടേയും സംയോജിത വിലയിരുത്തലിന്റെ

(Integrated Assessment) പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി റീജിയണൽ ലബോറട്ടറികളിൽ റിസർച്ച് & ഡെവലപ്മെന്റ് വിഭാഗം പുതുതായി രൂപീകരിക്കേണ്ടത് അനിവാര്യമാണ്.

**4.215** NABL-ന്റേയും FSSAI-യുടേയും സംയോജിത വിലയിരുത്തലിന്റെ ഭാഗമായുള്ള അതിപ്രധാനമായ പ്രക്രിയകളായ Selection, Verification, Validation of methods എന്നിവ അനലിറ്റിക്കൽ ലബോറട്ടറിയിലെ വിവിധ പരിശോധനാ വിഭാഗങ്ങൾ പ്രത്യേകം ചെയ്യുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് പുതിയ പാരാമീറ്ററുകളെ NABL - FSSAI integrated assessment-ന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് തടസ്സമാകുന്നുണ്ട്. ഈ പ്രവർത്തനം വിവിധ വിഭാഗങ്ങളിലെ സാമ്പിളുകളുടെ പരിശോധനയേയും ദോഷകരമായി ബാധിക്കുന്നുണ്ട്.

**4.216** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ ടെക്നിക്കൽ അസിസ്റ്റന്റ് മുതൽ റിസർച്ച് ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥരിൽ 37 പേർ FSSAI നടത്തുന്ന ഫുഡ് അനലിസ്റ്റ് പരീക്ഷ വിജയിച്ച് ഫുഡ് അനലിസ്റ്റുമാരായി പ്രവർത്തിക്കുവാനുള്ള യോഗ്യത നേടിയിട്ടുള്ളവരാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആവശ്യത്തിന് ഫുഡ് അനലിസ്റ്റുമാർ ഇല്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിൽ ഈ യോഗ്യത നേടിയിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം അവിടുത്തെ തൊഴിൽ ശക്തിയുടെ മേന്മയെയാണ് സൂചിപ്പിക്കുന്നത്. ഈ ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനവും ദിശാബോധവും നൽകുവാൻ സാധിച്ചാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ കഴിയുന്നതാണ്.

**4.217** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ റീജിയണൽ ലബോറട്ടറികളിൽ റിസർച്ച് & ഡവലപ്മെന്റ് വിഭാഗം ആരംഭിച്ചാൽ വിവിധ ക്വാളിറ്റി പാരാമീറ്ററുകളുടെ വെരിഫിക്കേഷൻ/വാലിഡേഷൻ എന്നിവ ഈ വിഭാഗത്തിൽ നടത്താനും ബന്ധപ്പെട്ട പരിശോധനാ വിഭാഗത്തിന് കൈമാറാനും സാധിക്കുന്നതാണ് (Method Transfer). ഇതിലൂടെ വിവിധ സെക്ഷനുകളിലെ സാമ്പിളുകളുടെ പരിശോധനയെ ബാധിക്കാതെ തന്നെ വെരിഫിക്കേഷൻ/വാലിഡേഷൻ പ്രക്രിയ വളരെ പെട്ടെന്ന് പൂർത്തീകരിക്കുവാനും

ലബോറട്ടികളുടെ പ്രവർത്തന പരിധി (Scope) വിപുലീകരിക്കുവാനും കഴിയും. ഭക്ഷ്യസുരക്ഷാ രംഗത്തെ പുതിയ വെല്ലുവിളികൾ നേരിടുന്നതിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തി നവീന പരിശോധനാ മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിലും റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിന് നിർണായകമായ പങ്ക് വഹിക്കുവാൻ കഴിയും. ഇതിലൂടെ രാജ്യത്തെ ഭക്ഷ്യപരിശോധനാ സംവിധാനങ്ങൾക്ക് മാതൃകയായി പ്രവർത്തിക്കുവാൻ വകുപ്പിന്റെ ലബോറട്ടറികൾക്ക് കഴിയുമെന്നും വിലയിരുത്തുന്നു.

**4.218 തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പുതിയതായി റിസർച്ച് & ഡവലപ്മെന്റ് വിഭാഗം ആരംഭിക്കുവാൻ ശിപാർശ ചെയ്യുന്നു. ഒരു റിസർച്ച് ഓഫീസർ, രണ്ട് ജൂനിയർ റിസർച്ച് ഓഫീസർമാർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരെ ഈ വിഭാഗത്തിന്റെ പ്രവർത്തനത്തിനായി നിയോഗിക്കേണ്ടതാണ്.**

**4.219** ഭക്ഷ്യസുരക്ഷാ രംഗത്തെ മാറുന്ന പ്രവണതകൾക്ക് അനുസൃതമായ ഗവേഷണ പ്രവർത്തനങ്ങൾക്കും നവീന പരിശോധനാ മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനും റിസർച്ച് & ഡവലപ്മെന്റ് വിഭാഗം മുൻകൈയെടുക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ രൂപീകരിക്കുന്ന റിസർച്ച് & ഡവലപ്മെന്റ് വിഭാഗങ്ങൾക്ക് ഗവേഷണ വിഷയങ്ങൾ പ്രത്യേകം വിഭജിച്ച് നൽകേണ്ടതാണ്. ഓരോ വിഷയത്തിലും പാരാമീറ്ററുകളുടെ വെരിഫിക്കേഷൻ/ വാലിഡേഷൻ പൂർത്തീകരിച്ച് എല്ലാ ലബോറട്ടറികളിലേയും ബന്ധപ്പെട്ട പരിശോധനാ വിഭാഗത്തിന് കൈമാറുന്നതിന് (Method Transfer) ഈ വിഭാഗം ശ്രദ്ധ പുലർത്തേണ്ടതാണ്. ലബോറട്ടറികളിലെ റിസർച്ച് & ഡവലപ്മെന്റ് വിഭാഗങ്ങളുടെ ഏകോപനച്ചുമതല കണ്ണൂർ റീജിയണൽ അനലിറ്റിക്കൽ & റിസർച്ച് ലബോറട്ടറിയുടെ മേധാവിയായി നിർദ്ദേശിച്ചിട്ടുള്ള ഗവൺമെന്റ് അനലിസ്റ്റ് (**ഖണ്ഡിക 4.166**) നിർവഹിക്കേണ്ടതാണ്.

**4.220** ഭക്ഷ്യപരിശോധനാ സെക്ഷനുകളിലെ റിസർച്ച് ഓഫീസർമാർ, ജൂനിയർ റിസർച്ച് ഓഫീസർമാർ എന്നിവർ ഇപ്പോൾ നിർവഹിച്ചു വരുന്ന ചുമതലകളോടൊപ്പം തങ്ങളുടെ പരിശോധനാ വിഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ പാരാമീറ്ററുകൾ

എൻ.എ.ബി.എൽ. പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളിലും റിസർച്ച് & ഡെവലപ്മെന്റ് വിഭാഗവുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. പരിശോധനാ വിഭാഗത്തിലെ ജീവനക്കാരുടെയും ഉപകരണങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തി ഭക്ഷ്യസാമ്പിളുകളുടെ പരിശോധനാഫലം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകുകയെന്ന സൂപ്പർവൈസറി ചുമതല റിസർച്ച് ഓഫീസർമാർ നിർവഹിക്കേണ്ടതാണ്.

**4.221** ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റുമാർക്ക് ലബോറട്ടറികളിലെ വിവിധ പരിശോധനാ വിഭാഗങ്ങളുടെ സൂപ്പർവൈസറി ചുമതല നിശ്ചയിച്ച് നൽകേണ്ടതാണ്. **ഗവൺമെന്റ് അനലിസ്റ്റ്, ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്, റിസർച്ച് ഓഫീസർ, ജൂനിയർ റിസർച്ച് ഓഫീസർ എന്നീ തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിച്ചുകൊണ്ട് വർക്ക് ഡിസ്ട്രിബ്യൂഷൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.**

**<u>റിസർച്ച് ഓഫീസർമാരുടേയും ജൂനിയർ റിസർച്ച് ഓഫീസർമാരുടേയും വിന്യാസം</u>**

**4.222** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ മൈക്രോബയോളജി ഒഴികെയുള്ള 6 വിഭാഗങ്ങളുണ്ട് [ഫുഡ് സെക്ഷൻ (റിസീവിംഗ്) ഉൾപ്പെടെ]. ഓരോ ലബോറട്ടറിയിലും കെമിക്കൽ വിഭാഗത്തിൽ റിസർച്ച് ഓഫീസറുടേയും ജൂനിയർ റിസർച്ച് ഓഫീസറുടേയും 8 വീതം തസ്തികകളാണുള്ളത്. നിലവിൽ ആറ് വിഭാഗങ്ങളാണുള്ളതെങ്കിലും അധികമുള്ള 2 വീതം റിസർച്ച് ഓഫീസർമാരേയും ജൂനിയർ റിസർച്ച് ഓഫീസർമാരേയും ജോലിക്രമീകരണത്തിന്റെ ഭാഗമായി ചില വിഭാഗങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

**4.223** ലബോറട്ടറികളിൽ സബ് സാമ്പിളിംഗ് & പ്രിലിമിനറി അനാലിസിസ് വിഭാഗവും (**ഖണ്ഡിക 4.194**) റിസർച്ച് & ഡവലപ്മെന്റ് വിഭാഗവും (**ഖണ്ഡിക 4.218**) രൂപീകരിക്കാൻ പഠനസംഘം ശിപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം നിലവിൽ വരുന്ന 8 വിഭാഗങ്ങളിലായി, കെമിക്കൽ വിഭാഗത്തിലെ റിസർച്ച് ഓഫീസർമാരേയും ജൂനിയർ റിസർച്ച് ഓഫീസർമാരേയും ചുവടെ ചേർക്കും പ്രകാരം വിന്യസിക്കാവുന്നതാണ്.

പട്ടിക നമ്പർ - 10

| ക്രമ നമ്പർ | ഫുഡ് സെക്ഷൻ | റിസർച്ച് ഓഫീസർ | | | ജൂനിയർ റിസർച്ച് ഓഫീസർ | | |
|---|---|---|---|---|---|---|---|
| | | TVM | EKM | KKD | TVM | EKM | KKD |
| 1. | Receiving | 1 | 1 | 1 | - | - | - |
| 2. | Milk | 1 | 1 | 1 | 1 | 1 | 1 |
| 3. | Oil | 1 | 1 | 1 | 1 | 1 | 1 |
| 4. | Tea, Coffee & Spices | 1 | 1 | 1 | 1 | 1 | 1 |
| 5. | Water | 1 | 1 | 1 | 1 | 1 | 1 |
| 6. | Instrumentation | 1 | 1 | 1 | 1 | 1 | 1 |
| 7. | Subsampling & Preliminary Analysis | 1 | 1 | 1 | 1 | 1 | 1 |
| 8. | Research & Development | 1 | 1 | 1 | 2 | 2 | 2 |
| **ആകെ** | | **8** | **8** | **8** | **8** | **8** | **8** |

## മൈക്രോബയോളജി വിഭാഗം

**4.224** ഭക്ഷ്യവിഷബാധയുണ്ടാകുന്ന സന്ദർഭങ്ങളിൽ മൈക്രോബയോളജി പരിശോധനയിലൂടെ മാത്രമേ ബാക്ടീരിയ പോലുള്ള സൂക്ഷ്മാണുക്കൾ, അവയുടെ ടോക്സിനുകൾ എന്നിവയുടെ സാന്നിധ്യം കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ മൈക്രോബയോളജിയിൽ പ്രാവീണ്യമുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യം പരിശോധനയ്ക്ക് അനിവാര്യമാണ്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിൽ രാസപരിശോധന പോലെ തന്നെ മൈക്രോബയോളജി പരിശോധനയ്ക്കും തുല്യപ്രാധാന്യമാണ് ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (FSSAI) നൽകിയിരിക്കുന്നത്.

**4.225** പായ്ക്ക് ചെയ്ത് ലഭ്യമാകുന്ന കുടിവെള്ളം, പാൽ, പാലുൽപ്പന്നങ്ങൾ, കുട്ടികളുടെ ഭക്ഷണം, പഴം, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ, മാംസം, മത്സ്യം, മുട്ട, ഭക്ഷ്യധാന്യ ഉൽപ്പന്നങ്ങൾ, യീസ്റ്റ്, വൈൻ എന്നിങ്ങനെ വിവിധങ്ങളായ ഭക്ഷണ പദാർത്ഥങ്ങളുടെ സാമ്പിളുകളാണ് മൈക്രോബയോളജി പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ഇവകൂടാതെ കുടിവെള്ളം, ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട സാമ്പിളുകൾ എന്നിവയ്ക്കും മൈക്രോബയോളജി പരിശോധന നടത്തുന്നുണ്ട്. മൈക്രോബയോളജി പരിശോധനകൾക്കായി 5 മുതൽ 7 ദിവസം വരെ സമയം ആവശ്യമാണ്.

**4.226** മൈക്രോബയോളജി വിഭാഗത്തിൽ ഒരു റിസർച്ച് ഓഫീസറും 5 മൈക്രോബയോളജിസ്റ്റും ഉൾപ്പെടെ ആറ് സ്ഥിരം തസ്തികകളാണ് നിലവിലുള്ളത്. ഈ തസ്തികകളുടെ വിന്യാസം ചുവടെ ചേർക്കും പ്രകാരമാണ്.

പട്ടിക നമ്പർ - 11

| ലബോറട്ടറി | തസ്തിക | | ആകെ |
|---|---|---|---|
| | റിസർച്ച് ഓഫീസർ | മൈക്രോ ബയോളജിസ്റ്റ് | |
| ഗവ. അനലിറ്റിക്കൽ ലബോറട്ടറി, തിരുവനന്തപുരം | 1 | 3 | 4 |
| റീജിയണൽ ലബോറട്ടറി, എറണാകുളം | -- | 1 | 1 |
| റീജിയണൽ ലബോറട്ടറി, കോഴിക്കോട് | -- | 1 | 1 |

**4.227** ഭക്ഷ്യവിഷബാധ പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ സാമ്പിളുകൾ എത്രയും വേഗം പരിശോധിച്ച് ഫലം ലഭ്യമാക്കേണ്ടതുണ്ട്. ഒരു മൈക്രോബയോളജിസ്റ്റ് തസ്തിക മാത്രം നിലവിലുള്ള എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ അടിയന്തര സാഹചര്യങ്ങളിൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് പലപ്പോഴും പ്രായോഗികമാകാറില്ല. മൈക്രോബയോളജിസ്റ്റ് അവധിയിലായിരിക്കുമ്പോൾ സെക്ഷനിലെ പരിശോധനയും സാമ്പിൾ സ്വീകരിക്കലും തടസപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. റിപ്പോർട്ട്

നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനായി മൊബൈൽ ലാബിലെ മൈക്രോബയോളജിസ്റ്റിന്റെ സേവനം താൽക്കാലികമായി ഉപയോഗപ്പെടുത്തുന്നതിനാൽ മൊബൈൽ ലാബിന്റെ പ്രവർത്തനവും തടസപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു.

**4.228** കോഴിക്കോട്, എറണാകുളം റീജിയണൽ ലബോറട്ടറികളിൽ റിസർച്ച് ഓഫീസർ (മൈക്രോബയോളജി) തസ്തികകൾ നിലവിലില്ല. മൈക്രോബയോളജി മീഡിയ, കെമിക്കലുകൾ, ഉപകരണങ്ങൾ, ഗ്ലാസ് വെയറുകൾ എന്നിവയുടെ പർച്ചേസ് ഇൻഡന്റ് തയ്യാറാക്കുക, മൈക്രോബയോളജി ഉപകരണങ്ങളുടെ ശരിയായ സമയത്തെ കാലിബ്രേഷൻ ഉറപ്പാക്കുക, അനലൈസ് ചെയ്യുന്ന സാമ്പിളുകളുടെ പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കുക തുടങ്ങിയ പല ജോലികളും പരിശോധനയ്ക്ക് പുറമെ ഇവിടങ്ങളിലെ മൈക്രോബയോളജിസ്റ്റുകൾ തന്നെ ചെയ്തു വരുന്നു.

**4.229** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ കെമിക്കൽ വിഭാഗത്തിലെ പരിശോധനയ്ക്ക് എൻ.എ.ബി.എൽ. (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുണ്ട്. എന്നാൽ മൈക്രോബയോളജി പരിശോധനകൾക്ക് ഇതുവരെയും അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. എൻ.എ.ബി.എൽ അംഗീകാരം ലഭിച്ചാൽ മാത്രമേ മൈക്രോബയോളജി പരിശോധനാ ഫലത്തിന് നിയമസാധുത കൈവരികയുള്ളൂ. ഈ അംഗീകാരമില്ലാത്തതിനാൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ കോടതികളിൽ ഫയൽ ചെയ്യുന്ന കേസുകൾ പരാജയപ്പെടുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്.

**4.230** FSSAI പദ്ധതി പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ലബോറട്ടറികളിലും മൈക്രോബയോളജി വിഭാഗത്തിന്റെ ലാബുകൾ നവീകരിച്ച് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരികയാണ്. ഈ പദ്ധതി പ്രകാരം ലബോറട്ടറി നവീകരണത്തിനോടൊപ്പം മൂന്ന് മൈക്രോബയോളജിസ്റ്റുകളുടെ സേവനവും മൂന്ന് വർഷത്തേയ്ക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ലഭിക്കുന്നതാണ്.പൂർണസജ്ജമായ രീതിയിൽ മൈക്രോബയോളജി വിഭാഗം നിലവിൽ വരുമ്പോൾ കെമിക്കൽ വിഭാഗത്തിലേതു പോലെ സ്ഥിരം തസ്തികകൾ ഈ വിഭാഗത്തിലും ആവശ്യമാണ്.

**4.231** അനലിറ്റിക്കൽ ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിൽ 2018 - 2019 മുതൽ 2022-2023 വരെ പരിശോധിച്ച സാമ്പിളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 12</u>

| വർഷം | പരിശോധിച്ച സാമ്പിളുകളുടെ എണ്ണം | | |
|---|---|---|---|
| | തിരുവനന്തപുരം | എറണാകുളം | കോഴിക്കോട് |
| 2018 - 2019 | 3775 | 2673 | 1573 |
| 2019 - 2020 | 4163 | 2644 | 1960 |
| 2020 - 2021 | 2428 | 1280 | 1304 |
| 2021 - 2022 | 3406 | 1643 | 1562 |
| 2022 - 2023 | 5552 | 2494 | 2126 |

**4.232** കേരളത്തിൽ ഭക്ഷ്യവിഷബാധ പോലെയുള്ള സംഭവങ്ങൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ മൈക്രോബയോളജി വിഭാഗത്തിന്റെ പ്രസക്തി വർദ്ധിച്ചിട്ടുണ്ട്. രാസപരിശോധനയ്ക്ക് അനുവദിച്ചിട്ടുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം പരിഗണിക്കുമ്പോൾ മൈക്രോബയോളജി വിഭാഗത്തിലെ അംഗബലം തീർത്തും കുറവാണെന്ന് കാണാം. **മൈക്രോബയോളജി വിഭാഗത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിൽ റിസർച്ച് ഓഫീസറുടെ ഒരു തസ്തിക വീതവും (ആകെ 2 തസ്തികകൾ) മൈക്രോബയോളജിസ്റ്റിന്റെ രണ്ട് തസ്തികകൾ വീതവും (ആകെ 4 തസ്തികകൾ) അധികമായി സൃഷ്ടിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** തിരുവനന്തപുരത്തെ ലബോറട്ടറിയിൽ ഈ വിഭാഗത്തിൽ തൽസ്ഥിതി തുടരാവുന്നതാണ്.

**4.233** മൈക്രോബയോളജി വിഭാഗത്തിൽ റിസർച്ച് ഓഫീസറാണ് നിലവിലുള്ള ഉയർന്ന തസ്തിക. കെമിക്കൽ വിഭാഗത്തിന് മാത്രമാണ് ഇപ്പോൾ ഡെപ്യൂട്ടി ഗവൺമെന്റ്

അനലിസ്റ്റ്, ഗവൺമെന്റ് അനലിസ്റ്റ് തുടങ്ങിയ സ്ഥാനക്കയറ്റ തസ്തികകൾ അനുഭവവേദ്യമാകുന്നത്. ഇതുകാരണം മൈക്രോബയോളജി വിഭാഗത്തിലെ റിസർച്ച് ഓഫീസർക്ക് അതേ തസ്തികയിൽ തന്നെ സർവീസ് പൂർത്തീകരിക്കേണ്ട സാഹചര്യമാണുള്ളത്. FSSAI മാർഗരേഖ പ്രകാരം സീനിയർ ഫുഡ് അനലിസ്റ്റ്, ഫുഡ് അനലിസ്റ്റ്, ചീഫ് ഫുഡ് അനലിസ്റ്റ് എന്നീ പദവികൾക്ക് മൈക്രോബയോളജി യോഗ്യതയും അനുവദനീയമാണ്. എന്നാൽ സംസ്ഥാനത്ത് ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് തസ്തികയിലേയ്ക്കുള്ള ഫീഡർ കാറ്റഗറിയിൽ മൈക്രോബയോളജി വിഭാഗത്തിൽ നിന്നുള്ളവരെ ഉൾപ്പെടുത്തിയിട്ടില്ല. ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് തലം മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിലേക്ക് സ്ഥാനക്കയറ്റത്തിന് മൈക്രോബയോളജി വിഭാഗത്തെ പൂർണമായും ഒഴിവാക്കുന്നത് നീതീകരിക്കാൻ കഴിയുന്നതല്ല. ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്, ഗവൺമെന്റ് അനലിസ്റ്റ് തസ്തികകളിലേക്ക് FSSAI അനുശാസിക്കുന്ന എം.എസ്.സി മൈക്രോബയോളജി യോഗ്യത കൂടി ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. **അതിനാൽ ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് തലം മുതൽ ഉയർന്ന തസ്തികകളിലേക്ക് മൈക്രോബയോളജി വിഭാഗത്തിൽപ്പെടുന്നവർക്കും സ്ഥാനക്കയറ്റം പ്രാപ്യമാകുന്ന തരത്തിൽ നിലവിലുള്ള ചട്ടങ്ങൾ അടിയന്തരമായി ഭേദഗതി ചെയ്യേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.234** ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റിന്റെ ഫീഡർ തസ്തികയാണ് റിസർച്ച് ഓഫീസർ തസ്തിക. ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റിന്റെ ആറ് തസ്തികകളാണ് നിലവിലുള്ളത്. **റിസർച്ച് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിൽ, കെമിക്കൽ, മൈക്രോബയോളജി വിഭാഗങ്ങളിലെ റിസർച്ച് ഓഫീസർമാരെ ഉൾപ്പെടുത്തി, റിസർച്ച് ഓഫീസർ തസ്തികയിൽ പൊതു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഈ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നടത്തേണ്ടതാണെന്നും ഇതിനനുസൃതമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതാണെന്നും പഠനസംഘം ശിപാർശ ചെയ്യുന്നു.**

## ലബോറട്ടറികളിലെ മിനിസ്റ്റീരിയൽ വിഭാഗം

**4.235** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ നിലവിലുള്ള വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം III**-ൽ കാണാവുന്നതാണ്. പ്രവൃത്തിപഠനത്തിന്റെ ഭാഗമായി എല്ലാ ലബോറട്ടറികളിലേയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലിഭാരം പ്രത്യേകം നിർണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, തിരുവനന്തപുരം

പട്ടിക നമ്പർ - 13

| സീറ്റ് | **ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി & എഫ് അലവൻസ് ഉൾപ്പെടെ) (മിനിട്ടിൽ)** | **ജോലിഭാരം (മണിക്കൂറിൽ)** |
|---|---|---|
| എ 1 | 91020 | 1517 |
| എ 2 | 109650 | 1827.50 |
| ബി1 | 50106.45 | 835.11 |
| ബി2 | 75190.25 | 1253.17 |
| സി1 | 107925 | 1798.75 |
| സി2 | 199350 | 3322.50 |
| ആകെ | 633241.70 | 10554.03 |
| | **മനുഷ്യ വിഭവശേഷി സൂചിക** | **6.21** |
| | **ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം** | **6** |

**4.236** തിരുവനന്തപുരം ലബോറട്ടറിയിൽ നിലവിൽ 5 ക്ലർക്കുമാരാണുള്ളത്. കൂടാതെ ക്ലർക്ക്-ടൈപ്പിസ്റ്റിനും ക്ലറിക്കൽ ജോലികൾ നൽകിയിട്ടുണ്ട്. സീറ്റുകളിലെ ജോലിഭാരം നിർണയിച്ചതിൽ ജോലികൾ ചെയ്യുന്നതിന് ആകെ 6 ക്ലർക്ക് തസ്തികകൾ ആവശ്യമാണെന്ന് കാണുന്നു. സി2 സീറ്റിലെ ക്ലർക്കിന് ലബോറട്ടറിയിലെ സ്റ്റോറിന്റെ

ചുമതല കൂടി നൽകിയിട്ടുള്ളതു കൊണ്ട് പ്രസ്തുത സീറ്റിലെ ജോലിഭാരം വളരെ കൂടുതലായി കാണുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ സ്റ്റോർ സെക്ഷനുകൾക്കായി പ്രത്യേകം ശിപാർശകൾ റിപ്പോർട്ടിലെ തുടർഖണ്ഡികകളിൽ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്റ്റോറിന്റെ ചുമതല സി2 സീറ്റിൽ നിന്നും മാറ്റാവുന്നതാണ്.

**4.237** അനലിറ്റിക്കൽ ലബോറട്ടറികളുടെ സംഘടനാ സംവിധാനത്തിൽ ശിപാർശ ചെയ്തിട്ടുള്ള മാറ്റങ്ങളുടെ ഭാഗമായി എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികൾ കമ്മീഷണറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടു വന്നിട്ടുള്ളതിനാൽ ഈ ഓഫീസുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ തിരുവനന്തപുരത്തെ ലബോറട്ടറി വഴി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലേക്ക് അയക്കുന്ന നിലവിലെ രീതി ഒഴിവാക്കപ്പെടുന്നതാണ്. ഇക്കാരണത്താൽ തിരുവനന്തപുരത്തെ ലബോറട്ടറിയുടെ ഓഫീസിലെ ജോലിഭാരത്തിൽ കുറവ് വരുന്നതാണ്. നാല് ക്ലർക്കുമാരെ ഉപയോഗപ്പെടുത്തിക്കൊണ്ടു തന്നെ ജോലികൾ സുഗമമായി നിർവഹിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നു.

**4.238 നിർദ്ദിഷ്ട തിരുവനന്തപുരം റീജിയണൽ ലബോറട്ടറിയിലെ ഓഫീസ് വിഭാഗത്തിൽ നാല് ക്ലർക്ക് തസ്തികകകൾ നിലനിർത്തുവാനും ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തിക സാമ്പിൾ സ്വീകരിക്കുന്ന സെക്ഷനിലേയ്ക്ക് (റിസീവിംഗ്) വിന്യസിക്കുവാനും ശിപാർശ ചെയ്യുന്നു.** ഓഫീസ് വിഭാഗത്തിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ നാല് ക്ലർക്കുമാർക്കുമായി ഉചിതമായ രീതിയിൽ പുന:ക്രമീകരിക്കേണ്ടതാണ്.

<u>റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം</u>

**4.239** എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ ക്ലർക്കിന്റെ 3 തസ്തികകളാണ് നിലവിലുള്ളത്.

<u>പട്ടിക നമ്പർ - 14</u>

| സീറ്റ് | ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി & എഫ് അലവൻസ് ഉൾപ്പെടെ)(മിനിട്ടിൽ) | ജോലിഭാരം (മണിക്കൂറിൽ) |
|---|---|---|
| ബിൽ/അക്കൗണ്ട്സ് | 68250 | 1137.50 |
| എസ്റ്റാബ്ലിഷ്മെന്റ് | 84120 | 1402 |
| സി | 134465.85 | 2241.10 |
| ആകെ | 286835.85 | 4780.60 |
| | **മനുഷ്യ വിഭവശേഷി സൂചിക** | **2.81** |
| | **ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം** | **3** |

**4.240** ഇവിടുത്തെ ജോലിഭാരം നിർണയിച്ചതിൽ, ഓഫീസിലെ ജോലികൾ നിർവഹിക്കുന്നതിന് 3 ക്ലർക്കുമാർ ആവശ്യമാണെന്ന് കാണുന്നു. നിലവിൽ 3 ക്ലർക്കുമാരുള്ളതിനാൽ **എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി ഓഫീസിൽ ക്ലർക്ക് തസ്തികകളുടെ കാര്യത്തിൽ തൽസ്ഥിതി തുടരാവുന്നതാണ്.**

**<u>റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട്</u>**

**4.241** കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ ക്ലർക്കിന്റെ 3 തസ്തികകളാണ് വിന്യസിച്ചിട്ടുള്ളത്. നിലവിലുള്ള ക്ലർക്ക് തസ്തികകൾക്കു പുറമേ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിലെ ഒരു ക്ലർക്കിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ സ്റ്റോറിലെ ജോലികൾ ചെയ്യുന്നതിന് അധികമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടിക നമ്പർ - 15

| സീറ്റ് | ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി & എഫ് അലവൻസ് ഉൾപ്പെടെ)(മിനിട്ടിൽ) | ജോലിഭാരം (മണിക്കൂറിൽ) |
|---|---|---|
| അക്കൗണ്ട്സ് | 106200 | 1770 |
| എസ്റ്റാബ്ലിഷ്മെന്റ് | 95850 | 1597.50 |
| ജി | 82740 | 1379 |
| സ്റ്റോർ | 28940.70 | 482.35 |
| ആകെ | 313730.70 | 5228.85 |
| **മനുഷ്യ വിഭവശേഷി സൂചിക** | | **3.08** |
| **ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം** | | **3** |

**4.242** ജോലിഭാരം നിർണയിച്ചതിൽ ഓഫീസിലെ ജോലികൾ ചെയ്യുന്നതിന് 3 ക്ലർക്കുമാർ മതിയാകുമെന്ന് കാണുന്നു. നിലവിൽ 3 ക്ലർക്ക് തസ്തികകൾ ഉള്ളതിനാൽ **കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി ഓഫീസിൽ ക്ലർക്ക് തസ്തികകളുടെ കാര്യത്തിൽ തൽസ്ഥിതി തുടരാവുന്നതാണ്**.

**സ്റ്റോർ സെക്ഷൻ**

**4.243** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ സാമ്പിൾ പരിശോധനകൾക്ക് ആവശ്യമായ രാസവസ്തുക്കൾ, കൺസ്യൂമബിൾസ്, ഗ്ലാസ് വെയറുകൾ, ആസിഡുകൾ, സോൾവെന്റുകൾ, സ്റ്റേഷനറി സാധനങ്ങൾ, രജിസ്റ്ററുകൾ, ഫോമുകൾ തുടങ്ങിയവ സംഭരിക്കുന്നതിനും അവ വിവിധ സെക്ഷനുകൾക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുമായി പ്രത്യേകം സ്റ്റോറുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് തിരുവനന്തപുരത്തു നിന്നും കണ്ണൂർ റീജിയണൽ ലബോറട്ടറിയിലേക്ക് കോഴിക്കോട് നിന്നുമാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത്.

**4.244** തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ സി2 സീറ്റ് കൈകാര്യം ചെയ്യുന്ന ക്ലർക്കിനാണ് സ്റ്റോറിന്റെ ചുമതല നൽകിയിരിക്കുന്നത്. എറണാകുളം റീജിയണൽ ലബോറട്ടറിയിൽ ഒരു ജൂനിയർ റിസർച്ച് ഓഫീസറും ഒരു ടെക്നിക്കൽ അസിസ്റ്റന്റും ; കോഴിക്കോട് റീജിയണൽ ലബോറട്ടറിയിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - I, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II എന്നിവരും സ്റ്റോറിന്റെ ചുമതല നിർവഹിക്കുന്നു. വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു ക്ലർക്കിനേയും കോഴിക്കോട് ലബോറട്ടറിയിലെ സ്റ്റോറിൽ നിയമിച്ചിട്ടുണ്ട്.

**4.245** ലബോറട്ടറികളിലെ സ്റ്റോറിന്റെ പ്രവർത്തനം പഠനസംഘം വിശദമായി പരിശോധിക്കുകയുണ്ടായി. സ്റ്റോക്ക് എൻട്രി, ഉപകരണങ്ങളുടെ റിപ്പയർ, എ.എം.സി. (Annual Maintenance Contract) പുതുക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട നടപടികൾ, ലബോറട്ടറി ഉപകരണങ്ങളുടെയും ഗ്ലാസ് വെയറുകളുടെയും കാലിബ്രേഷൻ, ആസിഡുകൾ, സോൾവെന്റുകൾ, ഉപകരണങ്ങൾ, കെമിക്കലുകൾ, അപ്പാരറ്റസ്, കൺസ്യൂമബിൾസ്, ഇൻഡിക്കേറ്റേഴ്സ്, മൈക്രോബയോളജി കെമിക്കലുകൾ, പെസ്റ്റിസൈഡുകൾ, സ്റ്റേഷനറി, സ്പിരിറ്റ് മുതലായ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുക, കെമിക്കലുകൾ, കൺസ്യൂമബിൾസ്, ഗ്ലാസ് വെയറുകൾ, വിവിധ തരം ഗ്യാസുകൾ, ചെറിയ ഉപകരണങ്ങൾ തുടങ്ങിയവ ലോക്കൽ പർച്ചേസ് നടത്തുക, ആനുവൽ പർച്ചേസ് ഇൻഡന്റ് തയ്യാറാക്കുക തുടങ്ങിയ ജോലികളാണ് സ്റ്റോറിലെ ജീവനക്കാർ നിർവഹിക്കുന്നത്. വിവിധ സെക്ഷനുകൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതും സ്റ്റോറിന്റെ ചുമതലയുള്ള മേൽപ്പറഞ്ഞ ജീവനക്കാരാണ്.

**4.246** സ്റ്റോറിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ പരിപാലിക്കുക, സാധനങ്ങൾ വാങ്ങുന്നതും ഉപകരണങ്ങളുടെ എ.എം.സി. പുതുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ജോലികൾ ചെയ്യുക, സെക്ഷനുകൾക്ക് ആവശ്യാനുസരണം സാധനങ്ങൾ വിതരണം ചെയ്യുക തുടങ്ങിയവയെല്ലാം മിനിസ്റ്റീരിയൽ വിഭാഗത്തിലെ ക്ലർക്ക് കൈകാര്യം ചെയ്യേണ്ട ജോലികളാണ്. സ്റ്റോർ കൈകാര്യം ചെയ്യുന്നതിനായി ഒരു ക്ലർക്ക് തസ്തിക പ്രത്യേകമായി ആവശ്യമാണെന്ന് പഠനസംഘത്തിന് ബോധ്യപ്പെട്ടുകയുണ്ടായി. തിരുവനന്തപുരം ലബോറട്ടറിയിൽ മാത്രമാണ് സ്റ്റോറിന്റെ ചുമതല ക്ലർക്കിന് നൽകിയിരിക്കുന്നത്. എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ സ്റ്റോർ കൈകാര്യം

ചെയ്യുന്നത് അനലിറ്റിക്കൽ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥരാണ്. ഭക്ഷ്യസാമ്പിളുകൾ പരിശോധന നടത്തുന്നതിനുള്ള യോഗ്യതയും പരിജ്ഞാനവും നേടിയിട്ടുള്ള ഈ ജീവനക്കാർ മിനിസ്റ്റീരിയൽ വിഭാഗം ചെയ്യേണ്ട ജോലികളിൽ ഏർപ്പെടുന്നതു മൂലം അനലിറ്റിക്കൽ വിഭാഗത്തിൽ ഇവരുടെ സേവനം വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നു.

**4.247** ഒരു ക്ലർക്കിന്റേയും ഒരു ഓഫീസ് അറ്റൻഡന്റിന്റേയും സേവനം വിനിയോഗിച്ച് ലബോറട്ടറികളിലെ സ്റ്റോറുമായി ബന്ധപ്പെട്ട ചുമതലകൾ ഫലപ്രദമായി നിർവഹിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നു. **തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലെ സ്റ്റോറിന്റെ പ്രവർത്തനങ്ങൾക്കായി ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക വീതം വിന്യസിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** സ്റ്റോറിൽ സംഭരിക്കുന്നതും വിതരണം നടത്തുന്നതുമായ വസ്തുക്കളും ഉപകരണങ്ങളുമെല്ലാം വിവിധ പരിശോധനകൾക്കും ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതാണ്. അതിനാൽ അവ കൈകാര്യം ചെയ്യുന്ന രീതി, അളവ്, കാലാവധി തുടങ്ങിയ സാങ്കേതിക കാര്യങ്ങളിൽ സ്റ്റോർ ക്ലർക്കിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും സ്റ്റോറിന്റെ മേൽനോട്ടം വഹിക്കുന്നതിനുമായി അനലിറ്റിക്കൽ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടവും ആവശ്യമാണ്. **തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ ഓരോ റിസർച്ച് ഓഫീസർമാർക്ക് സ്റ്റോറിന്റെ മേൽനോട്ടം അധികചുമതലയായി നൽകേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** ലബോറട്ടറിയിലെ ഉപകരണങ്ങൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്റ്റോർ സെക്ഷൻ സ്വീകരിക്കേണ്ടതും അതുമായി ബന്ധപ്പെട്ട് **ഖണ്ഡിക 4.201 - ൽ** നിർദ്ദേശിച്ച തരത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

**4.248** മേൽപ്പറഞ്ഞ രീതിയിൽ സ്റ്റോറിനായി പ്രത്യേകം മിനിസ്റ്റീരിയൽ വിഭാഗം തസ്തികകൾ വിന്യസിക്കുന്നതിനാൽ എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ നിലവിൽ ചുമതല വഹിക്കുന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെ സ്റ്റോറിന്റെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യേണ്ടതും അവർക്ക് ഭക്ഷ്യസാമ്പിൾ പരിശോധനയുമായി ബന്ധപ്പെട്ട ചുമതലകൾ നൽകിക്കൊണ്ടുള്ള ക്രമീകരണം

ഏർപ്പെടുത്തേണ്ടതുമാണ്.

**<u>മിനിസ്റ്റീരിയൽ ജീവനക്കാരുടെ സൂപ്പർവൈസറി തസ്തികകൾ</u>**

**4.249** വകുപ്പിന് കീഴിൽ അഞ്ച് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മാത്രമാണ് നിലവിൽ മിനിസ്റ്റീരിയൽ ജീവനക്കാരുള്ളത്. സൂപ്പർവൈസറി വിഭാഗത്തിൽ തിരുവനന്തപുരത്ത് ഒരു ജൂനിയർ സൂപ്രണ്ട് തസ്തികയും എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഓരോ ഹെഡ് ക്ലർക്ക് തസ്തികകൾ വീതവും അനുവദിച്ചിട്ടുണ്ട്. എല്ലാ ലബോറട്ടറികളിലുമായി വിവിധ വിഭാഗങ്ങളിലായി 188 സ്ഥിരം ജീവനക്കാരുണ്ട്. ലബോറട്ടറികളിൽ ആവശ്യമായ പരിശോധനാ ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട് വലിയതുകയുടെ പർച്ചേസാണ് എല്ലാവർഷവും നടത്തുന്നത്. മൂന്ന് ലബോറട്ടറികളിലും വിപുലമായ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. കുടിവെള്ളവും ഭക്ഷ്യസാമ്പിളുകളും പരിശോധിക്കുന്നതിനുള്ള ഫീസ് ലബോറട്ടറികളിൽ നേരിട്ട് സ്വീകരിക്കുന്നുമുണ്ട്. തിരുവനന്തപുരം ലബോറട്ടറിയിൽ മാത്രം പരിശോധനാ ഫീസിനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 72,68,536 രൂപ ലഭിച്ചിട്ടുണ്ട്.

**4.250** നിലവിൽ എല്ലാ ലബോറട്ടറികളിലും സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥരാണ് ഡി.ഡി.ഒ. ആയി പ്രവർത്തിക്കുന്നത്. അനലിറ്റിക്കൽ ജോലികളിൽ ശ്രദ്ധ പുലർത്തേണ്ട ഈ വിഭാഗത്തെ ഡി.ഡി.ഒ. പദവിയിൽ നിന്നും ഒഴിവാക്കി അവരുടെ പ്രവർത്തനം പൂർണ്ണമായി അനലിറ്റിക്കൽ ചുമതലകൾക്ക് മാത്രമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനാൽ ഗസറ്റഡ് പദവിയിലുള്ള ഒരു സൂപ്പർവൈസറി ഉദ്യോഗസ്ഥന്റെ തസ്തിക റീജിയണൽ ലബോറട്ടറികളുടെ ഓഫീസിൽ ആവശ്യമാണെന്ന് വിലയിരുത്തുന്നു.

**4.251** തിരുവനന്തപുരം ലബോറട്ടറിയിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക ജില്ലാ ഓഫീസിലേയ്ക്ക് പുനർവിന്യസിക്കുന്നതിനും എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ നിലവിലുള്ള 2 ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളായി അപ്ഗ്രേഡ് ചെയ്ത് ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുമുള്ള ശിപാർശകൾ **4.135, 4.136 എന്നീ ഖണ്ഡികകളിൽ**

നൽകിയിട്ടുണ്ട്.

4.252 റീജിയണൽ ലബോറട്ടറി ഓഫീസുകളിലെ ഭരണവിഭാഗത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി മൂന്ന് ലബോറട്ടറികളിലും നിലവിലുള്ള സൂപ്പർവൈസറി തസ്തികകൾ അപര്യാപ്തമാണെന്ന് പഠനസംഘം വിലയിരുത്തുന്നു. **അതിനാൽ നിർദ്ദിഷ്ട തിരുവനന്തപുരം റീജിയണൽ ലബോറട്ടറിയിലും എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലും 51400 -110300 എന്ന ശമ്പളസ്കെയിലിൽ സീനിയർ സൂപ്രണ്ടിന്റെ ഓരോ തസ്തിക വീതം പുതിയതായി സൃഷ്ടിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു (ആകെ 3 തസ്തികകൾ). ലബോറട്ടറികളുടെ ഡി.ഡി.ഒ. ആയി സീനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തേണ്ടതാണ്.**

4.253 തസ്തികകളുടെ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ അധ്യായം 5-ലെ **പട്ടിക നമ്പർ - 31 - ൽ** കാണാവുന്നതാണ്.

## റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കണ്ണൂർ

4.254 അനലിറ്റിക്കൽ വിഭാഗത്തിന് കീഴിൽ നിലവിലുള്ള റീജിയണൽ ലബോറട്ടറികൾക്ക് പുറമേ പുതിയതായി അനുവദിക്കപ്പെട്ടതാണ് കണ്ണൂർ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി. കണ്ണൂർ കുത്തുപറമ്പിൽ സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സിന്റെ മൂന്നാം നിലയിൽ വാടകയ്ക്കാണ് ലബോറട്ടറി ഇപ്പോൾ പ്രവർത്തിക്കുന്നത്. കണ്ണൂർ റീജിയണൽ ലബോറട്ടറിയുടെ പ്രവർത്തനത്തിനായി തസ്തികകൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. കോഴിക്കോട് റീജിയണൽ ലബോറട്ടറിയിൽ നിന്നും ഒരു റിസർച്ച് ഓഫീസർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ്, ഒരു ലാബ് അസിസ്റ്റന്റ് എന്നിവരെ രണ്ടുമാസ കാലയളവിലേയ്ക്കായി ഈ ലബോറട്ടറിയുടെ പ്രവർത്തനത്തിനായി നിയോഗിച്ചു വരുന്നു. റിസർച്ച് ഓഫീസർക്കാണ് ലബോറട്ടറിയുടെ മേൽനോട്ട ചുമതല. ഇതോടൊപ്പം കോഴിക്കോട് റീജിയണൽ ലബോറട്ടറിയിലെ മൈക്രോബയോളജിസ്റ്റിനെ ആഴ്ചയിൽ മൂന്നു ദിവസം കണ്ണൂർ ലബോറട്ടറിയിൽ നിയോഗിച്ചിട്ടുമുണ്ട്. എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭ്യമായിട്ടില്ലാത്ത ഈ ലബോറട്ടറിയിൽ സർവൈലൻസ് സാമ്പിളുകളുടെ ഏതാനും പാരാമീറ്ററുകൾ മാത്രമാണ് പരിശോധിക്കുന്നത്.

**4.255** വിലപിടിപ്പുള്ളതും അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുമായ ഉപകരണങ്ങൾ സൂക്ഷിച്ചിരിക്കുന്ന ലബോറട്ടറി ഇപ്പോൾ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ സുരക്ഷിതമാണെന്ന് കാണുന്നില്ല. വെള്ളം പരിശോധിക്കുവാനും മറ്റും വരുന്ന പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലല്ല നിലവിൽ ലബോറട്ടറിയുടെ സ്ഥാനം. കൂടാതെ ലബോറട്ടറിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഈ കെട്ടിടം അനുയോജ്യവുമല്ല. നിലവിൽ 22,532 രൂപയാണ് കെട്ടിടത്തിന് മാസവാടകയായി നൽകുന്നത്. **കണ്ണൂർ റീജിയണൽ ലബോറട്ടറി നിലവിലുള്ള കെട്ടിടത്തിൽ നിന്നും കൂടുതൽ സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു**.

**4.256** കണ്ണൂർ ലബോറട്ടറിയുടെ പ്രവർത്തനത്തിനായി കോഴിക്കോട് ലബോറട്ടറിയിൽ നിന്നും രണ്ട് മാസത്തേക്ക് വീതമാണ് ജീവനക്കാരെ നിയോഗിച്ചു വരുന്നത്. പരിശോധനകൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങൾ, കെമിക്കലുകൾ, അനുബന്ധ സാമഗ്രികൾ എന്നിവയുൾപ്പെടെയുള്ള ലബോറട്ടറിയുടെ ഉത്തരവാദിത്തം നിലവിൽ ഒരുദ്യോഗസ്ഥനിലും നിക്ഷിപ്തമാക്കപ്പെട്ടിട്ടില്ല. കോഴിക്കോട് ലബോറട്ടറിയിൽ നിന്നും ജീവനക്കാരെ നിയമിക്കുന്നത് കാരണം ആ ലബോറട്ടറിയുടെ പ്രവർത്തനത്തിനും തടസ്സം നേരിടുന്നുണ്ട്. അതിനാൽ കണ്ണൂർ ലബോറട്ടറിയുടെ പ്രവർത്തനങ്ങൾക്കായി പൂർണ്ണ ചുമതലയുള്ള ജീവനക്കാർ ആവശ്യമുള്ളതായി വിലയിരുത്തുന്നു. തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിലെ ഒരു ഗവൺമെന്റ് അനലിസ്റ്റ് തസ്തിക കണ്ണൂർ റീജിയണൽ ലബോറട്ടറിയിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള ശിപാർശ **ഖണ്ഡിക 4.166-ൽ** നൽകിയിട്ടുണ്ട്. **കണ്ണൂർ റീജിയണൽ ലബോറട്ടറി പൂർണതോതിൽ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ, നിലവിലെ പ്രവർത്തനങ്ങൾക്കായി, റിസർച്ച് ഓഫീസർ, മൈക്രോബയോളജിസ്റ്റ് എന്നിവയുടെ ഓരോ തസ്തിക വീതവും ടെക്നിക്കൽ അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ് എന്നിവയുടെ രണ്ട് തസ്തിക വീതവും പുതിയതായി സൃഷ്ടിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവയുടെ ഓരോ തസ്തിക വീതം ഈ ലബോറട്ടറിയിലേയ്ക്ക് വിന്യസിക്കേണ്ടതുമാണ്**.

**4.257** കണ്ണൂർ റീജിയണൽ ലബോറട്ടറിയിലേയ്ക്ക് നിർദ്ദേശിക്കുന്ന തസ്തികകളുടെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 16</u>

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | റിസർച്ച് ഓഫീസർ | 1 |
| 2 | മൈക്രോബയോളജിസ്റ്റ് | 1 |
| 3 | ടെക്നിക്കൽ അസിസ്റ്റന്റ് | 2 |
| 4 | ലാബ് അസിസ്റ്റന്റ് | 2 |
| 5 | ക്ലർക്ക് | 1 |
| 6 | ഓഫീസ് അറ്റൻഡന്റ് | 1 |
| | **ആകെ** | **8** |

**4.258** കുത്തുപറമ്പിലെ 'വലിയവെളിച്ചം' എന്ന സ്ഥലത്ത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ പാട്ടത്തിനെടുത്ത ഒരേക്കർ ഭൂമിയാണ് കണ്ണൂർ റീജിയണൽ അനലിറ്റിക്കൽ & റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്നത്. ലബോറട്ടറി നിർമ്മിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം 3.30 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും നിർമ്മാണം പൂർത്തിയാകുന്നത് വരെ അനുയോജ്യമായ കെട്ടിടം വാടകയ്ക്ക് എടുത്ത് ലബോറട്ടറിയുടെ പ്രവർത്തനം താൽക്കാലികമായി തുടങ്ങുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു.

**4.259** ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിലുള്ള നിർദിഷ്ട സ്ഥലം പഠനസംഘം സന്ദർശിക്കുകയുണ്ടായി. ലബോറട്ടറിയ്ക്കായി സ്ഥലം വേർതിരിച്ച് മാറ്റിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. 11 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയുടെ ശിലാസ്ഥാപനം 28.02.2019-ൽ അന്നത്തെ

ആരോഗ്യവകുപ്പ് മന്ത്രി നിർവഹിക്കുകയുണ്ടായി. ഭരണാനുമതി ലഭ്യമായി അഞ്ചു വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഗവേഷണ സംബന്ധമായ മേഖലകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് സഹായകരമാകുന്നതാണ് ഈ പദ്ധതി. **കണ്ണൂർ റീജിയണൽ അനലിറ്റിക്കൽ & റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറും ആരോഗ്യ കുടുംബക്ഷേമ വകുപ്പും സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി, പത്തനംതിട്ട</u>**

**4.260** ശബരിമല തീർത്ഥാടകർക്കുള്ള കുടിവെള്ളം, വഴിപാട് നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ തുടങ്ങിയവ പരിശോധിക്കുവാൻ ലബോറട്ടറി ആവശ്യമാണെന്ന ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് പ്രകാരം 1998-ലാണ് ഈ ലബോറട്ടറി സ്ഥാപിതമായത്. ലബോറട്ടറി ഇപ്പോൾ പത്തനംതിട്ട ടൗണിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. റിസർച്ച് ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -II, ഓഫീസ് അറ്റൻഡന്റ് എന്നീ മൂന്ന് തസ്തികകളാണ് ഈ ലബോറട്ടറിയ്ക്ക് അനുവദിച്ചിട്ടുള്ളത്.

**4.261** വഴിപാട് സാധനങ്ങൾക്ക് പുറമേ പൊതുജനങ്ങളിൽ നിന്നുള്ള കുടിവെള്ള സാമ്പിളുകളുടെ പരിശോധനയും ഹോസ്പിറ്റൽ ഡയറ്ററി സാമ്പിളുകൾ, സർവൈലൻസ് സാമ്പിളുകൾ, പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ/ആശുപത്രി സൂപ്രണ്ട് നൽകുന്ന സാമ്പിളുകൾ എന്നിവ പത്തനംതിട്ട ലബോറട്ടറിയിൽ നിലവിൽ പരിശോധിക്കുന്നുണ്ട്. ഭക്ഷ്യസാമ്പിളിന്റെ എല്ലാ പാരാമീറ്ററുകളും ഇനം തിരിച്ച് പരിശോധിക്കുവാനുള്ള സംവിധാനമോ അതിനു വേണ്ട മനുഷ്യ വിഭവശേഷിയോ ഇവിടെയില്ല. പരിശോധന നടത്തി റിപ്പോർട്ട് നൽകുവാൻ അധികാരപ്പെട്ട ഫുഡ് അനലിസ്റ്റും നിലവിലില്ല.

**4.262** ഭക്ഷ്യസാമ്പിളുകളുടെ എല്ലാ പാരാമീറ്ററുകളും പരിശോധിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ വെള്ളത്തിന്റെ പരിശോധനയാണ് പ്രധാനമായും ഈ

ലബോറട്ടറിയിൽ നടത്തുന്നത്. പത്തനംതിട്ട കൂടാതെ സമീപ ജില്ലകളിൽ നിന്നും ഭക്ഷ്യ സാമ്പിളുകളുമായി ആളുകൾ ഇവിടെയെത്തുന്നുണ്ട്. സാമ്പിളുകളുടെ മൈക്രോബയോളജി പരിശോധന നടത്തുവാനുള്ള സൗകര്യങ്ങളും ഇപ്പോൾ നിലവിലില്ല. പരിശോധനാ സൗകര്യങ്ങൾ കുറവായതിനാൽ ഇത്തരം സാമ്പിളുകൾ തിരുവനന്തപുരം/എറണാകുളം റീജിയണൽ ലബോറട്ടറികളിൽ ആളുകൾ നേരിട്ടെത്തിക്കേണ്ട അവസ്ഥയാണുള്ളത്.

**4.263 പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ മൈക്രോബയോളജി വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി മൈക്രോബയോളജിസ്റ്റിന്റെ ഒരു തസ്തിക പുതിയതായി സൃഷ്ടിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ലബോറട്ടറിയുടെ പ്രവർത്തനങ്ങൾക്കായി ലാബ് അസിസ്റ്റന്റിന്റെ ഒരു തസ്തികയും സൃഷ്ടിക്കേണ്ടതാണ്. മിനിസ്റ്റീരിയൽ ജോലികൾക്കായി ക്ലർക്കിന്റെ ഒരു തസ്തിക ഈ ലബോറട്ടറിയിലേയ്ക്ക് വിന്യസിക്കേണ്ടതുമാണ്.**

**4.264** പത്തനംതിട്ട ലബോറട്ടറിയ്ക്ക് കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ അനുവദിച്ച ഭൂമി പഠനസംഘം സന്ദർശിച്ചു. പത്തനംതിട്ട നഗരത്തിന് സമീപം 'അണ്ണായിപ്പാറ' എന്ന സ്ഥലത്താണ് നിർദ്ദിഷ്ട ലബോറട്ടറിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നത്. പുതിയ കെട്ടിടത്തിൽ ആധുനിക സംവിധാനങ്ങളോടെ ഭക്ഷ്യപരിശോധനാ ലബോറട്ടറി സജ്ജമാക്കുവാനും റീജിയണൽ ലബോറട്ടറിയായി ഉയർത്തി, എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭ്യമാക്കാനും കഴിഞ്ഞാൽ പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നിന്നുള്ള സാമ്പിളുകളുടെ പരിശോധന ഈ ലബോറട്ടറിയിൽ തന്നെ ചെയ്യാൻ കഴിയുമെന്ന് കാണുന്നു.

**4.265** പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയെ റീജിയണൽ ലബോറട്ടറിയായി ഉയർത്തുന്നതിനും അധിക തസ്തികകൾ അനുവദിക്കുന്നതിനും ഭക്ഷ്യസുരക്ഷാ കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ പുതിയ കെട്ടിടത്തിൽ ആധുനിക സംവിധാനങ്ങളോടെ ഭക്ഷ്യപരിശോധനാ ലബോറട്ടറി പ്രവർത്തന സജ്ജമാകുമ്പോൾ പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയെ റീജിയണൽ ലബോറട്ടറിയായി ഉയർത്തുന്നത് സംബന്ധിച്ചും തസ്തികകകളുടെ ആവശ്യകത സംബന്ധിച്ചും തുടർ പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം

കൈക്കൊള്ളുന്നതാവും ഉചിതമെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.266** തസ്തികകളുടെ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ അധ്യായം 5-ലെ **പട്ടിക നമ്പർ - 31 -ൽ** കാണാവുന്നതാണ്.

## പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

**4.267** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിൽ നിന്നുള്ള പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലാണ് എൻഫോഴ്സ്മെന്റ് വിഭാഗം Food Recall, Seizure, പ്രോസിക്യൂഷൻ, അഡ്ജുഡിക്കേഷൻ തുടങ്ങിയ നിയമ നടപടികളിലേക്ക് കടക്കുന്നത്. അതിനാൽ പരിശോധനാഫലം ആധികാരികവും പിഴവുകളിൽ നിന്ന് മുക്തവും ആയിരിക്കേണ്ടത് അത്യാവശ്യമാണ്.

**4.268** എൻ.എ.ബി.എൽ. അക്രഡിറ്റേഷന്റെ ഭാഗമായുള്ള പ്രൊഫിഷ്യൻസി പരിശോധനകൾ റീജിയണൽ ലബോറട്ടറികളിൽ നടത്താറുണ്ടെങ്കിലും മാസംതോറും നിരവധി ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കപ്പെടുന്ന ഈ ലബോറട്ടറികളുടെ പരിശോധനാ ഫലത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് ഇത്തരം പ്രൊഫിഷ്യൻസി ടെസ്റ്റുകൾ കൊണ്ടു മാത്രം സാധിക്കില്ല എന്ന് വിലയിരുത്തുന്നു.

**4.269** സ്റ്റാറ്റ്യൂട്ടറി സാമ്പിൾ പരിശോധനാഫലം 'Unsafe' ആയാൽ അത് റഫറൽ ലാബിൽ അയച്ച് വീണ്ടും പരിശോധിക്കണമെന്ന് ഫുഡ് ബിസിനസ് ഓപ്പറേറ്റർ ആവശ്യപ്പെടുന്ന അവസരങ്ങളിൽ മാത്രമാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറിയിലെ പരിശോധനാഫലം മറ്റൊരു അംഗീകൃത ലാബിൽ കൂടി പരിശോധിക്കപ്പെടുന്നത്. പരിശോധനാഫലം അനുകൂലമാകുന്ന (Safe) സാമ്പിളുകൾ മറ്റൊരു അംഗീകൃത ലബോറട്ടറിയിൽക്കൂടി പരിശോധന നടത്തി ഫലങ്ങൾ താരതമ്യം ചെയ്യുന്ന രീതി നിലവിലുള്ളതായി കാണുന്നില്ല.

**4.270** ലബോറട്ടറിയുടെ ഗുണനിലവാരവും പരിശോധനാഫലങ്ങളുടെ കൃത്യതയും ഉറപ്പുവരുത്തുന്നതിൽ മറ്റ് ലബോറട്ടറികളുമായി ഫലം താരതമ്യം ചെയ്യുന്ന നടപടിക്ക് (Inter Laboratory Comparison) പ്രധാന സ്ഥാനമാണുള്ളത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിൽ നിന്നുള്ള പരിശോധനാ ഫലങ്ങളുടെ നിശ്ചിത ശതമാനമെങ്കിലും

ഇത്തരത്തിലുള്ള താരതമ്യത്തിന് വിധേയമാക്കേണ്ടത് ആവശ്യമാണ്. ഇപ്രകാരം ചെയ്യുന്നതിലൂടെ ലബോറട്ടറിയുടെ പരിശോധനാ ഫലങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനും, സ്ഥിരമായി പിഴവുകൾ വരുന്ന മേഖലകൾ ഉണ്ടെങ്കിൽ തിരുത്തലുകൾ വരുത്തുന്നതിനും സാധിക്കുന്നതാണ്.

**4.271 ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിലെ പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി സർവൈലൻസ് സാമ്പിളുകളുടെ നിശ്ചിത ശതമാനം വകുപ്പിനു പുറത്തുള്ള അംഗീകൃത ലബോറട്ടറിയിൽ കൂടി പരിശോധിക്കേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട ഡെസിഗ്നേറ്റഡ് ഓഫീസർ കൺട്രോളർക്ക്(അനലിറ്റിക്കൽ വിംഗ്) സമർപ്പിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. ഈ ഫലങ്ങൾ താരതമ്യം ചെയ്ത് പിഴവുകൾ സംഭവിക്കുന്ന മേഖലകൾ കണ്ടെത്തി വകുപ്പിന്റെ ലബോറട്ടറി സംവിധാനത്തെ കുറ്റമറ്റതാക്കുന്നതിന് കൺട്രോളർ(അനലിറ്റിക്കൽ വിംഗ്) നടപടികൾ സ്വീകരിക്കേണ്ടതാണ്.**

**ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള നടപടികൾ**

**4.272** കെമിസ്ട്രി, ബയോകെമിസ്ട്രി, ഫുഡ് ടെക്നോളജി, ഫുഡ് സയൻസ് & ടെക്നോളജി, മൈക്രോബയോളജി, ടോക്സിക്കോളജി മുതലായ വിഷയങ്ങളിൽ സർവകലാശാലകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബിരുദ ബിരുദാനന്തര കോഴ്സുകൾ ചെയ്യുന്ന നിരവധി വിദ്യാർത്ഥികളുണ്ട്. എന്നാൽ ഈ വിദ്യാർത്ഥികൾക്ക് അവരുടെ പഠന മേഖലകളിൽ ശരിയായ പരിശീലനവും അവസരങ്ങളും ലഭിക്കാത്ത സാഹചര്യങ്ങളുണ്ട്.

**4.273** വിദ്യാർത്ഥിയുടെ പഠന/തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് അർത്ഥവത്തായതും പ്രായോഗികവുമായ പ്രൊഫഷണൽ പഠനാനുഭവമാണ് ഇന്റേൺഷിപ്പിലൂടെ ലഭിക്കുന്നത്. തങ്ങൾ ആർജ്ജിച്ച അറിവ് പ്രയോഗിക്കുന്നതിനും പ്രായോഗിക കഴിവുകൾ വികസിപ്പിക്കുന്നതിനും, ഉന്നത നിലവാരമുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രാവീണ്യം നേടുന്നതിനും ഇന്റേൺഷിപ്പ് വഴി വിദ്യാർത്ഥികൾക്ക് കഴിയും.

**4.274** ബിരുദ/ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഭക്ഷ്യസുരക്ഷാ മേഖലയുമായി ബന്ധപ്പെട്ട് ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) ഇന്റേൺഷിപ്പ് പ്രോഗ്രാം നൽകുന്നുണ്ട്. തിരുവനന്തപുരം,എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഉയർന്ന യോഗ്യതയും പരിശീലനം സിദ്ധിച്ചതും അനുഭവ പരിചയമുള്ളതുമായ നിരവധി സാങ്കേതിക വിദഗ്ധരുണ്ട്. എൻ.എ.ബി.എൽ ആക്രഡിറ്റേഷൻ ലഭിച്ച ഈ ലബോറട്ടറികളിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിന് ആവശ്യമായ വലുതും ചെറുതുമായ ഉപകരണങ്ങളുമുണ്ട്. ഈ സവിശേഷതകൾ കൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളും FSSAI-യുടെ ഇന്റേൺഷിപ്പ് പ്രോഗ്രാം പ്രകാരം വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകുന്നതിന് യോഗ്യതയുള്ളവയാണ്. ഒരേ സമയം പരമാവധി 6 പേരെ വീതം ഇന്റേൺഷിപ്പിനായി ഉൾക്കൊള്ളാൻ കഴിയുന്നവയാണ് മൂന്ന് ലബോറട്ടറികളും.

**4.275** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഇന്റേൺഷിപ്പ് നൽകുന്നതിനുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ഉള്ളതിനാൽ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി **വിവിധ സർവകലാശാലകളിലേയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികളിൽ നിന്നും നിശ്ചിത തുക ഫീസ് ഈടാക്കിയും FSSAI-യുടെ ഇന്റേൺഷിപ്പ് പ്രോഗ്രാം വഴിയും ഇന്റേൺഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശചെയ്യുന്നു.** ഇന്റേൺഷിപ്പിന് ഫീസ് ഈടാക്കുന്നതിലൂടെ വകുപ്പിന് അധിക വരുമാനം ലഭിക്കുമെന്ന നേട്ടവുമുണ്ട്.

## <u>ഇംപോർട്ട്/എക്സ്പോർട്ട് സാമ്പിൾ പരിശോധന നടത്തുന്നതിനുള്ള സൗകര്യം</u>

**4.276** തിരുവനന്തപുരം, നെടുമ്പാശ്ശേരി, കരിപ്പൂർ, കണ്ണൂർ എന്നീ വിമാനത്താവളങ്ങൾ, കൊച്ചി തുറമുഖം എന്നിവയെല്ലാം ലബോറട്ടറികളുടെ സമീപ പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും സമീപഭാവിയിൽ പ്രവർത്തനം ആരംഭിക്കുവാൻ തയ്യാറെടുക്കുന്നു. വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് നടക്കുന്ന ഇംപോർട്ട്/എക്സ്പോർട്ടിന്റെ സാമ്പിളുകൾ നിലവിൽ ചെന്നൈയിലും മറ്റ് സ്ഥലങ്ങളിലുമുള്ള സ്വകാര്യ ലബോറട്ടറികളിൽ അയച്ച് പരിശോധിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ പരിശോധന നടത്തുന്നതിന് സ്വകാര്യ ലാബുകൾ

പതിനായിരം രൂപയ്ക്ക് മുകളിലാണ് ഫീസായി ഈടാക്കുന്നത്. വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികൾ എൻ.എ.ബി.എൽ അംഗീകൃതവും ഇംപോർട്ട്/എക്സ്പോർട്ട് സാമ്പിൾ പരിശോധിക്കാൻ പ്രാപ്തവുമാണ്. സ്വകാര്യ ലാബുകളിലൂടെ നടത്തി വരുന്ന ഇംപോർട്ട്/എക്സ്പോർട്ട് സാമ്പിൾ പരിശോധന, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിലൂടെ നടത്താൻ കഴിഞ്ഞാൽ സർക്കാരിന് വലിയതോതിലുള്ള വരുമാനം ഉണ്ടാകുന്നതാണ്. **അതിനാൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഇംപോർട്ട്/എക്സ്പോർട്ട് സാമ്പിൾ പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>ലബോറട്ടികളിലെ നൈറ്റ് വാച്ച്മാൻ തസ്തിക</u>**

**4.277** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ നൈറ്റ് വാച്ച്മാന്റെ ഒരു തസ്തിക വീതമാണുള്ളത്. അതിനാൽ ഈ ജീവനക്കാർ അവധി എടുക്കുന്ന ദിവസങ്ങളിൽ പകരം ഡ്യൂട്ടി ചെയ്യാൻ ആളില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്.

**4.278** ലബോറട്ടറികളിലെല്ലാം വിലപിടിപ്പുള്ള ഉപകരണങ്ങളും മറ്റ് ആധുനിക സജ്ജീകരണങ്ങളുമാണുള്ളത്. രഹസ്യസ്വഭാവമുള്ള സാമ്പിളുകൾ, പരിശോധനകൾക്ക് ഉപയോഗിക്കുന്ന രാസവസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിന് മതിയായ സുരക്ഷ ഒരുക്കേണ്ടത് ആവശ്യമാണ്. നിലവിലുള്ള ഒരു നൈറ്റ് വാച്ച്മാനെ ഉപയോഗിച്ച് മാത്രം ലബോറട്ടറികളുടെ സുരക്ഷ ഉറപ്പുവരുത്താനാകില്ല.

**4.279 തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ രാത്രികാല സുരക്ഷാ ചുമതലയ്ക്കായി കെക്സ്കോൺ** (KEXCON - Kerala State Ex-Servicemen Development & Rehabilitation Corporation) **മുഖാന്തിരം രണ്ടുപേരെ വീതം നിയമിക്കാനുള്ള നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.**

**4.280** പബ്ലിക് സർവീസ് കമ്മീഷന്റെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയിലേയ്ക്കുള്ള പൊതു റാങ്ക് പട്ടികയിൽ നിന്നാണ് നൈറ്റ് വാച്ച്മാൻമാരേയും നിയമിക്കുന്നത്.

**തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ നൈറ്റ് വാച്ച്മാൻ തസ്തികകൾ നിർത്തലാക്കേണ്ടതും പകരം ഓഫീസ് അറ്റൻഡന്റിന്റെ മൂന്ന് തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. ഇപ്രകാരം സൃഷ്ടിക്കുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേയ്ക്ക് നിലവിലുള്ള നൈറ്റ് വാച്ച്മാൻമാരെ നിയമിക്കേണ്ടതുമാണ്.**

**4.281** ഈ തസ്തികകളുടെ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ അധ്യായം - 5-ലെ **പട്ടിക നമ്പർ -31 -ൽ** കാണാവുന്നതാണ്.

**ഒഴിവുകൾ നികത്താൻ നടപടി**

**4.282** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ അനലിറ്റിക്കൽ വിഭാഗത്തിൽ വിവിധ തസ്തികകൾ ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമുണ്ട്. തിരുവനന്തപുരത്ത് 17 തസ്തികകളിലും (റിസർച്ച് ഓഫീസർ-1, ജൂനിയർ റിസർച്ച് ഓഫീസർ-1 മൈക്രോബയോളജിസ്റ്റ്-1, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -I -1, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II -1, സീനിയർ ലാബ് അസിസ്റ്റന്റ്-3, ജൂനിയർ ലാബ് അസിസ്റ്റന്റ്-6, പായ്ക്കർ-1, ഓഫീസ് അറ്റൻഡന്റ്-2), എറണാകുളത്ത് 10 തസ്തികകളിലും (ഗവൺമെന്റ് അനലിസ്റ്റ്-1, റിസർച്ച് ഓഫീസർ-1, ജൂനിയർ ലാബ് അസിസ്റ്റന്റ്-7 പായ്ക്കർ-1) കോഴിക്കോട് 10 തസ്തികകളിലും (ഗവൺമെന്റ് അനലിസ്റ്റ്- 1, റിസർച്ച് ഓഫീസർ-2, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1, ജൂനിയർ ലാബ് അസിസ്റ്റന്റ് -5, പായ്ക്കർ-1) നിലവിൽ ജീവനക്കാരില്ല.

**4.283** തിരുവനന്തപുരം ലബോറട്ടറിയിലെ മൈക്രോബയോളജിസ്റ്റിന്റെയും ജൂനിയർ റിസർച്ച് ഓഫീസറുടെയും ഓരോ തസ്തിക വീതം സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നീക്കി വച്ചിട്ടുണ്ടെങ്കിലും ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയതായി കാണുന്നില്ല. മൂന്നു ലബോറട്ടറികളിലുമായി ലാബ് അസിസ്റ്റന്റിന്റെ 22 തസ്തികകൾ ഉണ്ടെങ്കിലും 21 തസ്തികകളിലും സ്ഥിര നിയമനം നടന്നിട്ടില്ല. 2016 മുതൽ ഈ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തുന്നത്. ആകെയുള്ള നാല് പായ്ക്കർ തസ്തികകളിൽ മൂന്നിലും ഒഴിവുകൾ നികത്തിയിട്ടില്ല. ഇത്രയധികം തസ്തികകൾ നികത്തപ്പെടാതെയിരിക്കുന്നത് നിലവിലുള്ള ജീവനക്കാരുടെ

ജോലിഭാരം അധികരിക്കുന്ന അവസ്ഥയുണ്ടാക്കുന്നു. **തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളും പബ്ലിക് സർവീസ് കമ്മീഷൻ/സ്ഥാനക്കയറ്റം/തസ്തികമാറ്റം എന്നിവ മുഖേന നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.**

**ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്**

**4.284** 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 30-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ നിയമിക്കുന്ന ഭക്ഷ്യസുരക്ഷാ കമ്മീഷണറാണ് വകുപ്പിന്റെ തലവൻ. ഭക്ഷ്യസുരക്ഷാ കമ്മീഷണറെ ഭരണകാര്യങ്ങളിൽ സഹായിക്കാനായി ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്), ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളും നിലവിലുണ്ട്.

**മിനിസ്റ്റീരിയൽ വിഭാഗം**

**4.285** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാരുടെ ജോലിഭാരം നിർണയിച്ചു. കമ്മീഷണറേറ്റിൽ ആകെ 12 ക്ലറിക്കൽ തസ്തികകളാണ് നിലവിലുള്ളത്. ഇതിനു പുറമേ വിവിധ സർക്കിൾ ഓഫീസുകളിൽ നിന്നും ക്ലർക്കുമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിക്കാറുണ്ട്. കമ്മീഷണറേറ്റിലെ വിവിധ സീറ്റുകളിലെ ജോലിഭാരം നിർണയിച്ചിരിക്കുന്നത് ചുവടെ കൊടുത്തിരിക്കും പ്രകാരമാണ്.

<u>പട്ടിക നമ്പർ - 17</u>

| സീറ്റ് | ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി & എഫ് അലവൻസ് ഉൾപ്പെടെ) (മിനിട്ടിൽ) | ജോലിഭാരം (മണിക്കൂറിൽ) |
|---|---|---|
| എ 1 | 122760 | 2046.00 |
| എ 2 | 258874 | 4314.57 |
| എ 3 | 105717 | 1761.95 |
| ബി1 | 250554.90 | 4175.92 |
| ബി2 | 160066 | 2667.77 |
| ബി3 | 154741.50 | 2579.03 |
| സി1 | 229675.50 | 3827.93 |
| സി2 | 104705 | 1745.08 |
| സി3 | 239573.55 | 3992.89 |
| ഡി1 | 103210 | 1720.17 |
| ജി | 103762 | 1729.37 |
| എച്ച് | 145633.50 | 2427.23 |
| ആകെ | 1979272.95 | 32987.88 |
| | **മനുഷ്യ വിഭവശേഷി സൂചിക** | **19.40** |
| | **ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം** | **20** |

**4.286** ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ ജോലിഭാരം നിർണയിച്ചതിൽ നിന്നും ഈ ഓഫീസിലെ ജോലികൾ നിർവ്വഹിക്കുന്നതിന് ആകെ 20 ക്ലർക്കുമാർ ആവശ്യമാണെന്ന് കാണുന്നു. പ്രോസിക്യൂഷൻ അനുമതി, വിജിലൻസ്, ഐ.ഇ.സി. എന്നിവയുമായി

ബന്ധപ്പെട്ട ജോലിഭാരം ഉൾപ്പെടെയാണ് ആവശ്യമായ മനുഷ്യ വിഭവശേഷി 20 എന്ന് കണ്ടെത്തിയിട്ടുള്ളത്. **കമ്മീഷണറേറ്റിൽ നിലവിൽ 12 ക്ലർക്കുമാരാണുള്ളത്. അതിനാൽ ക്ലർക്കുമാരുടെ 8 തസ്തികകൾ കൂടി കമ്മീഷണറേറ്റിലേയ്ക്ക് വിന്യസിക്കേണ്ടതാണ്.**

**ലീഗൽ വിഭാഗം**

**4.287** ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമോപദേശം നൽകുന്നതിന് നിലവിൽ തസ്തികകൾ ഒന്നും തന്നെയില്ല. ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട സിവിൽ, ക്രിമിനൽ കേസുകളും വകുപ്പിലെ മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ട കേസുകളും കാര്യക്ഷമമായി കൈകാര്യം ചെയ്യുവാൻ വകുപ്പിനാകുന്നില്ല. കഴിഞ്ഞ നാല് വർഷങ്ങളിൽ ഫയൽ ചെയ്തിട്ടുള്ള സിവിൽ, ക്രിമിനൽ കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ - 18

| **വർഷം** | **സിവിൽ കേസുകൾ (അഡ്ജുഡിക്കേഷൻ)** | **ക്രിമിനൽ കേസുകൾ (പ്രോസിക്യൂഷൻ)** |
|---|---|---|
| 2019 - 2020 | 359 | 210 |
| 2020 - 2021 | 422 | 274 |
| 2021 - 2022 | 542 | 358 |
| 2022 - 2023 | 571 | 397 |

**4.288** പ്രോസിക്യൂഷൻ അനുമതി നേടിയശേഷം ഭക്ഷ്യസുരക്ഷാ ഓഫീസർമാർ സ്വന്തം നിലയ്ക്കാണ് കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നത്. ഇത്തരത്തിൽ ഫയൽ ചെയ്യുന്ന കേസുകളിലെ സാങ്കേതികമായ പിഴവുകളും കോടതി നടപടികളിലെ പരിജ്ഞാനക്കുറവും കാരണം കേസുകളിൽ തുടർച്ചയായി പരാജയം ഏറ്റുവാങ്ങേണ്ടി വരുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്.

**4.289** പ്രോസിക്യൂഷൻ അനുമതി നൽകുന്നതിനുള്ള അധികാരം ഡെപ്യൂട്ടി

കമ്മീഷണർമാർക്ക് കൈമാറിയിട്ടുണ്ടെങ്കിലും മേഖലാ ഓഫീസുകൾ തുടരേണ്ടതില്ലെന്ന് ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ അധികാരം ഭക്ഷ്യസുരക്ഷാ കമ്മീഷണറിൽ തന്നെ തിരികെ നിക്ഷിപ്തമാക്കുന്നതായിരിക്കും ഉചിതം.

**4.290** ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് അധികാരപ്പെട്ട വകുപ്പിന് അതുമായി ബന്ധപ്പെട്ട നിരവധി കോടതി വ്യവഹാരങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. അതിനാൽ ഒരു നിയമവിദഗ്ധന്റെ സേവനം വകുപ്പിൽ അനിവാര്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു. **ഇതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ 63,700-1,23,700 ശമ്പള സ്കെയിലിൽ ലോ ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. പ്രസ്തുത തസ്തികയിൽ സെക്രട്ടേറിയേറ്റിലെ നിയമ വകുപ്പിൽ നിന്നും അണ്ടർ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.**

**4.291 പ്രോസിക്യൂഷൻ അനുമതി നൽകുന്നതിനുള്ള അധികാരം കമ്മീഷണറേറ്റിൽ നിക്ഷിപ്തമാക്കുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ലീഗൽ വിഭാഗത്തിൽ രണ്ട് ക്ലർക്കുമാരുടെ തസ്തികകൾ വിന്യസിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** ഈ തസ്തികകളിലേക്ക് നിയമ ബിരുദമുള്ള ക്ലർക്കുമാർക്ക് മുൻഗണന നൽകാവുന്നതാണ്.

**<u>ലെയ്സൺ ഓഫീസർ</u>**

**4.292** ഭക്ഷ്യസുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളെ സംബന്ധിച്ച വിവരങ്ങൾ വകുപ്പിന് കൈമാറേണ്ടതും വകുപ്പിൽ നിന്നും കോടതിയിൽ സമർപ്പിക്കാനുള്ള രേഖകളും പത്രികകളും സർക്കാർ അഭിഭാഷകർ മുഖേന കൃത്യസമയത്തുതന്നെ സമർപ്പിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആവശ്യമാണ്. ഇതിനായി ഒരു സീനിയർ ക്ലർക്കിനെ നിയോഗിക്കാമെന്നും ഈ തസ്തിക എറണാകുളം ജില്ലാ ഓഫീസിൽ വിന്യസിക്കാവുന്നതാണെന്നും വിലയിരുത്തുന്നു. **ബഹു. ഹൈക്കോടതിയിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കേസുകളുമായി ബന്ധപ്പെട്ട ലെയ്സൺ ജോലികൾക്കായി ഒരു സീനിയർ ക്ലർക്കിന്റെ തസ്തിക എറണാകുളം ജില്ലാ ഓഫീസിൽ വിന്യസിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

## ആഭ്യന്തര വിജിലൻസ് വിഭാഗം

**4.293** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുന്നതിനും ഫീൽഡ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനും ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പൊതുജനങ്ങളുമായും ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുമായും നിരന്തരം ഇടപഴകേണ്ടി വരുന്നുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും സംഭവിക്കാവുന്ന ചെറിയ അശ്രദ്ധ പോലും വിമർശനങ്ങൾക്ക് ഇടയാക്കുന്ന സാഹചര്യം ഉണ്ടാക്കുന്നുണ്ട്. നിയമ നടപടികളിൽ നിന്നും രക്ഷപ്പെടുന്നതിന് ഉദ്യോഗസ്ഥരെ സ്വാധീനിക്കാനുള്ള ശ്രമങ്ങളും ഉണ്ടായേക്കാം. സംശുദ്ധവും അഴിമതിരഹിതവുമായ ഒരു സിവിൽ സർവീസിന് മാത്രമേ കാര്യക്ഷമമായും ജനോപകാരപ്രദമായും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഈ വകുപ്പിലും അത്തരം ഉദ്യോഗസ്ഥ വൃന്ദത്തെ സൃഷ്ടിക്കേണ്ടതും നിലനിർത്തിക്കൊണ്ടു പോകേണ്ടതും ആവശ്യമാണ്. ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതോടെ ഉദ്യോഗസ്ഥർക്കെതിരെ പരാതിയും അഴിമതി ആരോപണങ്ങളും ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വീഴ്ചകൾ സംഭവിക്കുന്ന അവസരങ്ങളിൽ അവ കണ്ടെത്തി തിരുത്തുന്നതിനും ശക്തമായ ഒരു ആഭ്യന്തര വിജിലൻസ് സംവിധാനം ഭക്ഷ്യസുരക്ഷാ വകുപ്പിൽ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുന്നു.

**4.294 ഉദ്യോഗസ്ഥർക്കെതിരായി ലഭ്യമാകുന്ന പരാതികൾ/നിവേദനങ്ങൾ പരിശോധിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് കേന്ദ്രമാക്കി ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിലവിലുള്ള ഒരു ജോയിന്റ് കമ്മീഷണർ തസ്തികയ്ക്ക് ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ ചുമതല നൽകേണ്ടതാണ്. കൂടാതെ കമ്മീഷണറേറ്റിലെ ഒരു ക്ലർക്ക് തസ്തിക ഈ വിഭാഗത്തിൽ വിന്യസിക്കേണ്ടതാണ്.**

**4.295** ഈ വിഭാഗത്തിനായി കമ്മീഷണറേറ്റിൽ നിലവിലുള്ള രണ്ട് ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടേയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ

അവലോകനം നടത്തേണ്ടതാണ്.

**ഐ.ഇ.സി. വിഭാഗം**

**4.296** ഭക്ഷ്യസുരക്ഷാ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം ഐ.ഇ.സി. പ്രവർത്തനങ്ങൾക്കുമുള്ള പ്രാധാന്യത്തെപ്പറ്റി ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഐ.ഇ.സി. സംബന്ധമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ജില്ലാ ഓഫീസുകളിൽ ഐ.ഇ.സി. വിഭാഗം രൂപീകരിക്കുന്നതിനുള്ള ശിപാർശകളും നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഐ.ഇ.സി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കമ്മീഷണറേറ്റിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് വിലയിരുത്തുന്നു. **ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് കേന്ദ്രമാക്കി ഐ.ഇ.സി. വിഭാഗം രൂപീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. കമ്മീഷണറേറ്റിൽ നിലവിലുള്ള ഒരു ജോയിന്റ് കമ്മീഷണർ തസ്തികയ്ക്ക് ഐ.ഇ.സി. വിഭാഗത്തിന്റെ ചുമതല നൽകേണ്ടതാണ്. കമ്മീഷണറേറ്റിലെ രണ്ട് ക്ലർക്ക് തസ്തികകൾ ഈ വിഭാഗത്തിൽ വിന്യസിക്കേണ്ടതാണ്**.

**ആഭ്യന്തര ഓഡിറ്റ് വിഭാഗം**

**4.297** എല്ലാ സർക്കാർ വകുപ്പുകളിലും ആഭ്യന്തര ഓഡിറ്റ് വിഭാഗം നിലവിലുണ്ടെങ്കിലും ഭക്ഷ്യസുരക്ഷാ വകുപ്പിൽ അത്തരം ഒരു സംവിധാനമില്ല. രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് ഇനത്തിലും കോമ്പൗണ്ടിംഗ് ഇനത്തിലും ലഭിക്കുന്ന തുകയെല്ലാം കൃത്യമായി സർക്കാരിൽ എത്തിച്ചേരുന്നതായി ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ വിവിധ തരം സ്കീമുകൾക്കും പ്രോഗ്രാമുകൾക്കും സർക്കാരും FSSAI-യും അനുവദിക്കുന്ന പണം കുറ്റമറ്റ രീതിയിൽ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ധനവിനിയോഗവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് സംഭവിച്ചേക്കാവുന്ന വീഴ്ചകൾ ഒഴിവാക്കുന്നതിനും സംഭവിച്ച വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനുമായി വകുപ്പിൽ പ്രത്യേകമായി ഒരു ആഭ്യന്തര ഓഡിറ്റ് വിഭാഗം രൂപീകരിക്കേണ്ടത് ആവശ്യമാണ്. **ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു സീനിയർ സൂപ്രണ്ടും രണ്ട് ക്ലർക്കുമാരും ഉൾപ്പെടുന്ന ആഭ്യന്തര ഓഡിറ്റ് വിഭാഗം രൂപീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു**.

**4.298 ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിനായി 51,400-1,10,300 ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടിന്റെ ഒരു തസ്തിക സൃഷ്ടിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.299 ജോലിഭാരം നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറേറ്റിൽ ആവശ്യമാണെന്ന് കണ്ടെത്തിയ 20 തസ്തികകൾക്കു പുറമേ, ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി ക്ലർക്കുമാരുടെ 2 തസ്തികകൾ കൂടി വിന്യസിക്കേണ്ടതാണ്.** നിർദ്ദേശിക്കപ്പെട്ട ഓഡിറ്റ് വിംഗിന്റെ ഘടന ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 19</u>

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | ക്ലർക്ക് | 2 |
| | **ആകെ** | **3** |

**<u>റവന്യൂ മോണിറ്ററിംഗ് വിഭാഗം</u>**

**4.300** 2017-2018 മുതൽ 2022-2023 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി 101.48 കോടി രൂപ നികുതിയേതര വരുമാനമായി ഭക്ഷ്യസുരക്ഷാ വകുപ്പിന് ലഭിച്ചിട്ടുണ്ട്. വകുപ്പിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വരുമാനത്തിന്റെ മൂന്നിലൊന്ന് മാത്രമാണ് ഈ തുകയെന്ന് കാണുന്നു. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ഈ റിപ്പോർട്ടിൽ നൽകിയിട്ടുള്ള ശിപാർശകൾ നടപ്പിലാക്കുന്നതിലൂടെ വകുപ്പിന്റെ നികുതിയേതര വരുമാനം വലിയതോതിൽ വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. **ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വരുമാന സ്രോതസ്സുകൾ പരിശോധിക്കുന്നതിനും കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനുമായി കമ്മിഷണറേറ്റിൽ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ റവന്യൂ മോണിറ്ററിംഗ് വിഭാഗം ആരംഭിക്കുവാൻ ശിപാർശ ചെയ്യുന്നു. ജോലിഭാരം നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറേറ്റിൽ ആവശ്യമാണെന്ന് കണ്ടെത്തിയ 20 തസ്തികകൾക്കു പുറമേ, ഈ വിഭാഗത്തിലേയ്ക്ക് ഒരു ക്ലർക്ക് തസ്തിക അധികമായി വിന്യസിക്കേണ്ടതാണ്.**

## ടൈപ്പിസ്റ്റ് തസ്തികകൾ

4.301 ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ടൈപ്പിംഗ് ജോലികൾക്കായി എൽ.ഡി. ടൈപ്പിസ്റ്റിന്റെ ഒരു തസ്തികയാണ് നിലവിലുള്ളത്. **മേഖലാ ഓഫീസുകൾ നിർത്തലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഓഫീസുകളിൽ നിലവിലുള്ള മൂന്ന് ടൈപ്പിസ്റ്റ് തസ്തികകളിൽ ഒരു തസ്തിക കമ്മീഷണറേറ്റിലേയ്ക്കും രണ്ട് തസ്തികകൾ എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലെ ഫുഡ് സെക്ഷൻ-റിസീവിംഗ് വിഭാഗങ്ങളിലേയ്ക്കും വിന്യസിക്കേണ്ടതാണ്.**

## ജോയിന്റ് കമ്മീഷണർ തസ്തികകൾ

4.302 ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്) എന്നിങ്ങനെ രണ്ട് തസ്തികകൾ നിലവിലുണ്ട്. **വകുപ്പിന്റെ പദ്ധതി നിർവ്വഹണം (Planning), ജീവനക്കാരുടെ ട്രെയിനിംഗ് എന്നീ ചുമതലകൾ കൂടി ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയ്ക്ക് നൽകേണ്ടതാണ്. ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയെ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്, ട്രെയിനിംഗ് & പ്ലാനിംഗ്) എന്ന് പുനർനാമകരണം ചെയ്യാൻ ശിപാർശ ചെയ്യുന്നു.**

4.303 ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഐ.ഇ.സി. പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് കേന്ദ്രീകരിച്ച് ഐ.ഇ.സി. വിഭാഗം രൂപീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഐ.ഇ.സി. വിഭാഗത്തിന്റെ ചുമതലയും ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ ചുമതലയും ഒരു ജോയിന്റ് കമ്മീഷണറിൽ നിക്ഷിപ്തമാക്കാവുന്നതാണ്. **നിലവിലെ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്) എന്ന തസ്തികയിൽ നിക്ഷിപ്തമായിരുന്ന അഡ്മിനിസ്ട്രേഷൻ, ലീഗൽ സംബന്ധമായ ചുമതലകൾ ഒഴിവാക്കിക്കൊണ്ട് ഈ തസ്തികയ്ക്ക് വിജിലൻസ് വിഭാഗത്തിന്റെയും ഐ.ഇ.സി പ്രവർത്തനങ്ങളുടെയും ചുമതല നൽകേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

4.304 **ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്)**

**തസ്തികയെ ജോയിന്റ് കമ്മീഷണർ (ഐ.ഇ.സി & വിജിലൻസ്) എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ്.**

**4.305** വിജിലൻസ് വിഭാഗത്തിന്റെ ചുമതലയുള്ള ജോയിന്റ് കമ്മീഷണറുടെ നിയമനം നടത്തുമ്പോൾ ആഭ്യന്തര വിജിലൻസ് വിഭാഗം മേധാവിയുടെ നിയമനവുമായി ബന്ധപ്പെട്ട് 02.05.2023-ൽ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ (അച്ചടി)നം.4/2023/വിജി. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായും പാലിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ)**

**4.306** 1954-ലെ മായം ചേർക്കൽ നിരോധന നിയമം (Prevention of Food Adulteration Act - 1954) പിൻവലിച്ചുകൊണ്ടാണ് 2006 -ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നിലവിൽ വന്നത്. ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നപ്പോൾ, മായം ചേർക്കൽ നിരോധന നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന പി.എഫ്.എ വിംഗിനെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി കൈമാറുകയുണ്ടായി. പി.എഫ്.എ. വിംഗിലുണ്ടായിരുന്ന ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) എന്ന തസ്തികയും ഇപ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഭാഗമായി.

**4.307** ചീഫ് ഗവണ്മെന്റ് അനലിസ്റ്റിന്റെ പ്രൊമോഷൻ തസ്തികയാണ് ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തിക. ലബോറട്ടറി വിഭാഗത്തിന്റെ തലവൻ, പർച്ചേസ് കമ്മിറ്റി കൺവീനർ, ലബോറട്ടറികളിൽ ആവശ്യമായ കെമിക്കലുകൾ, ആസിഡുകൾ, സോൾവെന്റുകൾ, സർട്ടിഫൈഡ് റഫറൻസ് മെറ്റീരിയലുകൾ, ഗ്ലാസ് വെയറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികൾ, ലബോറട്ടറികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധന, ലബോറട്ടറികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ FSSAI-യുമായി ആശയവിനിമയം നടത്തൽ, പഞ്ചിംഗ് നടപ്പാക്കുന്നതിന്റേയും ലീവുകൾ അംഗീകരിക്കുന്നതിന്റേയും നോഡൽ ഓഫീസർ എന്നീ ചുമതലകളാണ് ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) നിലവിൽ നിർവഹിച്ചു വരുന്നത്.

**4.308** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കുവാൻ ചുമതലപ്പെട്ട

ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നത് ഈ നിയമത്തിൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരിൽ ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) എന്ന തസ്തിക ഉൾപ്പെടുന്നില്ല. 1954-ലെ മായം ചേർക്കൽ നിരോധന നിയമ (Prevention of Food Adulteration- 1954) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ)-യ്ക്ക് നിശ്ചയിക്കപ്പെട്ട ചുമതലകൾ ഉണ്ടായിരുന്നുവെങ്കിലും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നിലവിൽ വന്നതോടെ ഈ തസ്തിക അപ്രസക്തമായതായി പഠനസംഘം വിലയിരുത്തുന്നു.

**4.309 1954-ലെ മായം ചേർക്കൽ നിരോധന നിയമം പിൻവലിക്കപ്പെട്ട സാഹചര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തിക തുടർന്നും നില നിലനിർത്തേണ്ട ആവശ്യകത ഇല്ലാത്തതിനാൽ ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തിക വാനിഷിങ് കാറ്റഗറിയായി മാറ്റേണ്ടതാണെന്നും നിലവിലെ ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) വിരമിക്കുന്ന മുറയ്ക്ക് ഈ തസ്തിക നിർത്തലാക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു** .

**4.310** തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിന്നും ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തിക ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലേയ്ക്ക് വിന്യസിക്കുവാനുള്ള ശിപാർശ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (**ഖണ്ഡിക - 4.163). ഇപ്രകാരം കമ്മീഷണറേറ്റിൽ പുനർവിന്യസിക്കപ്പെടുന്ന ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തികയെ കൺട്രോളർ (അനലിറ്റിക്കൽ വിംഗ്) എന്ന് പുനർനാമകരണം ചെയ്യേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു** .

**4.311** എൻഫോഴ്സ്മെന്റ് വിഭാഗത്തിനൊപ്പം തുല്യ പ്രാധാന്യമുള്ള അനലിറ്റിക്കൽ വിഭാഗത്തെ പ്രൊഫഷണലൈസ് ചെയ്യേണ്ടതും ശക്തിപ്പെടുത്തേണ്ടതും ആവശ്യമാണെന്ന് വിലയിരുത്തുന്നു. **ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും റിസർച്ച് & ഡെവലപ്പ്മെന്റ് മേഖലയിലെ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനുമായി കൺട്രോളർ (അനലിറ്റിക്കൽ വിംഗ്) -നെ ചുമതലപ്പെടുത്തേണ്ടതാണ്. ഈ തസ്തികയ്ക്ക് റിസർച്ച് & ഡെവലപ്പ്മെന്റ് വിഭാഗത്തിന്റെ തലവൻ (Head, Research & Development Wing) എന്ന ചുമതലയും നൽകേണ്ടതാണ്.**

**4.312 ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തിക നിർത്തലാക്കുമ്പോൾ പ്രസ്തുത തസ്തികയിൽ നിക്ഷിപ്തമായിട്ടുള്ള അനലിറ്റിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും കൺട്രോളർ (അനലിറ്റിക്കൽ വിംഗ്) -ന് നൽകേണ്ടതാണ്**.

**<u>അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്</u>**

**4.313** ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിലവിലുള്ള രണ്ട് ജോയിന്റ് കമ്മീഷണർ തസ്തികകളിൽ ഒന്നിന് എൻഫോഴ്സ്മെന്റ്, ട്രെയിനിംഗ്, പ്ലാനിംഗ് എന്നിവയുടേയും രണ്ടാമത്തെ തസ്തികയ്ക്ക് ഐ.ഇ.സി., വിജിലൻസ് എന്നിവയുടേയും ചുമതലകൾ നൽകുവാനാണ് ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്. വകുപ്പിലെ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെയുള്ള ഭരണപരമായ വിഷയങ്ങളിലും പർച്ചേസ് ഉൾപ്പെടെയുള്ള ധനപരമായ വിഷയങ്ങളിലും മേൽനോട്ടം വഹിക്കുന്നതിനും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ ശ്രേണിയിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ പ്രതിനിധീകരിക്കുന്നതിനുമായി ഒരു സൂപ്പർവൈസറി തസ്തിക ആവശ്യമാണെന്ന് വിലയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ **ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ പ്രമോഷൻ തസ്തികയായി 59300-1,20,900 എന്ന ശമ്പളസ്കെയിലിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഒരു തസ്തിക സൃഷ്ടിക്കുവാൻ ശിപാർശ ചെയ്യുന്നു.** അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവർക്ക് സമർപ്പിക്കപ്പെടുന്ന ഫയലുകൾ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് മുഖാന്തരം സമർപ്പിക്കേണ്ടതാണ്.

**<u>ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ മിനിസ്റ്റീരിയൽ വിഭാഗങ്ങൾ</u>**

**4.314** ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ചുമതലകൾ വ്യക്തമാക്കിക്കൊണ്ട് വർക്ക് ഡിസ്ട്രിബ്യൂഷൻ ഉത്തരവ് നിലവിലുണ്ട് (08.10.2020-ലെ എ 3-6368/20/സി.എഫ്.എസ് നമ്പർ ഓഫീസ് ഉത്തരവ്). ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പുന:സംഘടനയുടെ ഭാഗമായി കമ്മീഷണറേറ്റിൽ മൂന്നു സീനിയർ സൂപ്രണ്ട് തസ്തികകളും രണ്ട് ജൂനിയർ സൂപ്രണ്ട് തസ്തികകളും 23 ക്ലർക്ക് തസ്തികകളും നിലവിൽ വരുന്നതാണ്. ലീഗൽ, ആഭ്യന്തര വിജിലൻസ്, ഐ.ഇ.സി., ആഭ്യന്തര ഓഡിറ്റ്, റവന്യൂ മോണിറ്ററിംഗ് എന്നീ അഞ്ച് വിഭാഗങ്ങൾ

കമ്മീഷണറേറ്റിലേയ്ക്കായി പുതിയതായി നിർദ്ദേശിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമേ **അഡ്മിനിസ്ട്രേഷൻ, എൻഫോഴ്സ്മെന്റ്, ബിൽസ് & അക്കൗണ്ട്സ്, പർച്ചേസ്, ബഡ്ജറ്റ് & പ്ലാനിംഗ്, മിസല്ലേനിയസ്, തപാൽ/ഡെസ്പാച്ച് എന്നിങ്ങനെ ഏഴ് വിഭാഗങ്ങൾ കൂടി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ആരംഭിക്കണമെന്ന് ശിപാർശ ചെയ്യുന്നു**.

**4.315** സീനിയർ സൂപ്രണ്ട് തസ്തികകളെ സീനിയർ സൂപ്രണ്ട് I, II, III (SS-I, SS-II, SS-III) എന്നും ജൂനിയർ സൂപ്രണ്ട് തസ്തികകളെ ജൂനിയർ സൂപ്രണ്ട് I, II (JS-I, JS-II) എന്നും നാമകരണം ചെയ്യാവുന്നതാണ്. സീനിയർ സൂപ്രണ്ട് I തസ്തികയ്ക്ക് അഡ്മിനിസ്ട്രേഷൻ, മിസല്ലേനിയസ് വിഭാഗങ്ങളുടേയും; സീനിയർ സൂപ്രണ്ട് II തസ്തികയ്ക്ക് ബഡ്ജറ്റ് & പ്ലാനിംഗ്, ആഭ്യന്തര വിജിലൻസ്, ഐ.ഇ.സി വിഭാഗങ്ങളുടേയും; സീനിയർ സൂപ്രണ്ട് III തസ്തികയ്ക്ക് ഓഡിറ്റ്, റവന്യൂ മോണിറ്ററിംഗ് വിഭാഗങ്ങളുടേയും ചുമതല നൽകേണ്ടതാണ്. ജൂനിയർ സൂപ്രണ്ട് I തസ്തികയ്ക്ക് എൻഫോഴ്സ്മെന്റ്, ബിൽസ് & അക്കൗണ്ട്സ്, തപാൽ/ഡെസ്പാച്ച് വിഭാഗങ്ങളുടേയും ജൂനിയർ സൂപ്രണ്ട് II തസ്തികയ്ക്ക് പർച്ചേസ്, ലീഗൽ വിഭാഗങ്ങളുടേയും ചുമതല നൽകേണ്ടതാണ്.

**4.316** ഓരോ വിഭാഗത്തിനുമുള്ള തസ്തികകൾ, കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ, ഫയൽ റൂട്ടിംഗ് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ - 20

| ക്രമ നം. | വിഭാഗം | വിഷയങ്ങൾ | ജീവനക്കാരുടെ വിശദാംശങ്ങൾ | ഫയൽ റൂട്ടിംഗ് |
|---|---|---|---|---|
| 1 | അഡ്മിനിസ്ട്രേഷൻ | എസ്റ്റാബ്ലിഷ്മെന്റ് അച്ചടക്ക നടപടികൾ | സീനിയർ സൂപ്രണ്ട് I ക്ലർക്ക് 4 | SS-I→AA→ AO→CFS |
| 2 | എൻഫോഴ്സ്മെന്റ് | എൻഫോഴ്സ്മെന്റ് | ജൂനിയർ സൂപ്രണ്ട് I ക്ലർക്ക് 3 | JS-I→AO→ JC(E,T&P)→CFS |
| 3 | ബിൽസ് & അക്കൗണ്ട്സ് | എല്ലാത്തരം ബില്ലുകളും അക്കൗണ്ടുകളും | ജൂനിയർ സൂപ്രണ്ട് I ക്ലർക്ക് 2 | JS-I→AA→ FO→CFS |

| | | | | |
|---|---|---|---|---|
| 4 | ബഡ്ജറ്റ് & പ്ലാനിംഗ് | ബഡ്ജറ്റ്, ആസൂത്രണം | സീനിയർ സൂപ്രണ്ട് II<br>ക്ലർക്ക് 2 | SS-II→FO→ JC(E,T&P)→CFS |
| 5 | പർച്ചേസ് | എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പർച്ചേസ് | ജൂനിയർ സൂപ്രണ്ട് II<br>ക്ലർക്ക് 2 | എൻഫോഴ്സ്മെന്റ് വിഭാഗം<br>JSII→AA→FO→ JC(E,T&P)→CFS<br>അനലിറ്റിക്കൽ വിഭാഗം<br>JSII→AA→FO→ C(AW)→ CFS |
| 6 | മിസല്ലേനിയസ് | നിയമസഭയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പൊതുവായ വിഷയങ്ങൾ | സീനിയർ സൂപ്രണ്ട് I<br>ക്ലർക്ക് 1 | SS-I→AA→ AO→CFS |
| 7 | തപാൽ/ ഡെസ്പാച്ച് | തപാൽ, ഡെസ്പാച്ച് | ജൂനിയർ സൂപ്രണ്ട് I<br>ക്ലർക്ക് 1 | JS-I→AA→ AO→CFS |
| 8 | ലീഗൽ | നിയമപരമായ വിഷയങ്ങൾ | ജൂനിയർ സൂപ്രണ്ട് II<br>ക്ലർക്ക് 2 | JS-II→LO→CFS |
| 9 | ആഭ്യന്തര വിജിലൻസ് | ഉദ്യാഗസ്ഥർക്ക് എതിരായ പരാതികൾ/ നിവേദനങ്ങൾ എന്നിവയുടെ പരിശോധനയും നിരീക്ഷണവും | സീനിയർ സൂപ്രണ്ട് II<br>ക്ലർക്ക് 1 | SS-II→AO→ JC(IEC&Vig)→ CFS |
| 10 | ഐ.ഇ.സി. | ഐ.ഇ.സി പ്രവർത്തനങ്ങൾ | സീനിയർ സൂപ്രണ്ട് II<br>ക്ലർക്ക് 2 | SS-II→AO→ JC(IEC&Vig)→ CFS |
| 11 | ആഭ്യന്തര ഓഡിറ്റ് | ഓഡിറ്റ് | സീനിയർ സൂപ്രണ്ട് III<br>ക്ലർക്ക് 2 | SS-III→FO→CFS |

| | | | | |
|---|---|---|---|---|
| 12 | റവന്യൂ മോണിറ്ററിംഗ് | വരുമാന സ്രോതസ്സുകളുടെ പരിശോധന, മോണിറ്ററിംഗ് | സീനിയർ സൂപ്രണ്ട് III ക്ലർക്ക് 1 | SS-III→FO→CFS |

*(JS- Junior Superintendent, SS- Senior Superintendent, AA- Administrative Assistant, AO- Administrative Officer, FO- Finance Officer, LO- Law Officer, JC(E,T&P)- Joint Commissioner (Enforcement, Training & Planning), JC(IEC&Vig)- Joint Commissioner (IEC & Vigilance), C(AW)- Controller (Analytical Wing), CFS- Commissioner of Food Safety)*

**4.317** ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിർദ്ദേശിക്കുന്ന 12 വിഭാഗങ്ങൾക്കുമായി സൂപ്പർവൈസറി തസ്തികകളും ക്ലറിക്കൽ തസ്തികകളും മേൽപട്ടികയിൽ നിർദ്ദേശിച്ചിട്ടുണ്ട്. മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിലവിലുള്ള ചുമതലകൾ ക്രമപ്പെടുത്തി പുതിയ വർക്ക് ഡിസ്ട്രിബ്യൂഷൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.ഏതെങ്കിലും വിഭാഗത്തിൽ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ എണ്ണത്തിൽ മാറ്റം ആവശ്യമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ബോധ്യപ്പെടുന്ന പക്ഷം ഉചിതമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

**4.318** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പുന:സംഘടനയുടെ ഭാഗമായി ജില്ലാ ഓഫീസുകൾ, ലബോറട്ടറികളുടെ ഓഫീസുകൾ എന്നിവിടങ്ങളിലും മിനിസ്റ്റീരിയൽ ജീവനക്കാരുടെ സൂപ്പർവൈസറി തസ്തികകൾ ശിപാർശ ചെയ്തിട്ടുണ്ട്. ഈ സൂപ്പർവൈസറി തസ്തികകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചുകൊണ്ടും ഫയൽ റൂട്ടിംഗ് വ്യക്തമാക്കിക്കൊണ്ടുമുള്ള ഉത്തരവുകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിക്കേണ്ടതാണ്.

**<u>വകുപ്പിലെ ഡ്രൈവർ തസ്തികകൾ</u>**

**4.319** ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഡ്രൈവർമാരുടെ 18 തസ്തികകൾ നിലവിലുണ്ട്. കമ്മീഷണറേറ്റ്-1, മേഖലാ ഓഫീസുകൾ-3, ജില്ലാ ഓഫീസുകൾ-14 എന്നിങ്ങനെയാണ് ഈ തസ്തികകൾ വിന്യസിച്ചിട്ടുള്ളത്.

**4.320** കേന്ദ്രമോട്ടോർ വാഹന നിയമപ്രകാരം 15 വർഷം കഴിഞ്ഞ വാഹനങ്ങൾ

ഉപയോഗിക്കാൻ കഴിയാത്തതിനാൽ മിക്ക ഓഫീസുകളിലെയും വാഹനങ്ങൾ കണ്ടം ചെയ്യുകയോ അതിനുള്ള നടപടികൾക്കായി ഉപയോഗം നിർത്തുകയോ ചെയ്തിരിക്കുന്നു. വകുപ്പിൽ ഉപയോഗക്ഷമമായ രണ്ട് വാഹനങ്ങളാണ് ഇപ്പോഴുള്ളത്. ഒരു വാഹനം ആസ്ഥാന കാര്യാലയത്തിലും മറ്റൊന്ന് കണ്ണൂർ ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസിലും ഉപയോഗിക്കുന്നു. കണ്ണൂർ ജില്ലയിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ കാലാവധി 2024 മേയ് മാസത്തിൽ അവസാനിക്കും.

**4.321** സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലബോറട്ടറികൾക്കായി സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ രണ്ട് വാഹനങ്ങൾ ആലപ്പുഴ ജില്ലയിലും കോഴിക്കോട് ജില്ലയിലും ഉപയോഗിക്കുന്നു. ഈ വാഹനങ്ങളിലേക്ക് വകുപ്പിന്റെ രണ്ട് ഡ്രൈവർമാരെ നിയോഗിച്ചിട്ടുണ്ട്. വാഹനങ്ങളില്ലാത്തതിനാൽ 14 ഡ്രൈവർമാർ നിഷ്ക്രിയരായി തുടരുന്ന സ്ഥിതിയാണ് നിലവിൽ വകുപ്പിലുള്ളത്.

**4.322** നിലവിലുള്ള ഡ്രൈവർമാരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കേണ്ടതുണ്ട്. സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലബോറട്ടറികൾക്കായി (ഫുഡ് സേഫ്റ്റി ഓൺ വീൽസ്) 13 വാഹനങ്ങൾ FSSAI അനുവദിച്ചിട്ടുണ്ട് ( 11 ജില്ലകൾക്ക് ഒന്നു വീതവും ഇടുക്കി ജില്ലയ്ക്ക് രണ്ടും). കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർമാരാണ് FSSAI അനുവദിച്ചിട്ടുള്ള സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലബോറട്ടറി വാഹനങ്ങൾ ഇപ്പോൾ ഓടിക്കുന്നത്. **വാഹനങ്ങളില്ലാത്തതു മൂലം വകുപ്പിലെ ഡ്രൈവർമാർ നിഷ്ക്രിയരായിരിക്കുന്ന സാഹചര്യത്തിൽ സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലബോറട്ടറി വാഹനങ്ങളിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്ന ഡ്രൈവർമാർക്ക് പകരം വകുപ്പിലെ ഡ്രൈവർമാരെ നിയമിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.323 ഭക്ഷ്യസുരക്ഷാ മേഖലാ ഓഫീസുകൾ നിർത്തലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഓഫീസുകളിൽ നിലവിലുള്ള മൂന്ന് ഡ്രൈവർ തസ്തികകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ ഓഫീസുകളിൽ അറ്റാച്ച് ചെയ്യേണ്ടതാണ്.**

## പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ

**4.324** പാർട്ട് ടൈം സ്വീപ്പർമാരുടെ 28 അംഗീകൃത തസ്തികകളാണ് വകുപ്പിൽ നിലവിലുള്ളത്. ഈ തസ്തികകളുടെ വിന്യാസം ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ - 21

| ക്രമ നമ്പർ | ഓഫീസ് | എണ്ണം |
|---|---|---|
| 1 | ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസ് (പാലക്കാട് ഒഴികെ) | 13 |
| 2 | ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസ് (ദേവികുളം, പീരുമേട്, തൊടുപുഴ, അങ്കമാലി, കൊച്ചി) | 5 |
| 3 | ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, തിരുവനന്തപുരം | 4 |
| 4 | റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം | 3 |
| 5 | റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട് | 3 |
| | **ആകെ** | **28** |

**4.325** നിശ്ചിത സ്വീപ്പിംഗ് ഏരിയ ഇല്ലാത്തതിനാൽ സർക്കിൾ ഓഫീസുകളിൽ നിലവിലുള്ള 5 തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. **സർക്കിൾ ഓഫീസ് സംവിധാനം നിർത്തലാക്കുന്ന സാഹചര്യത്തിൽ ദേവികുളം,പീരുമേട്, തൊടുപുഴ, അങ്കമാലി, കൊച്ചി എന്നീ സർക്കിൾ ഓഫീസുകളിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ ആവശ്യമായ സ്വീപ്പിംഗ് ഏരിയ ഉള്ള മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**.

**4.326** മലപ്പുറം ജില്ലയിലെ ആരോഗ്യവകുപ്പിന്റെ ഓഫീസുകളിൽ നിന്നും രണ്ട് പാർട്ട് ടൈം സ്വീപ്പർമാരെ അന്തർവകുപ്പ് സ്ഥലംമാറ്റം മുഖേന മലപ്പുറം ജില്ലയിലെ മഞ്ചേരി, പൊന്നാനി എന്നീ സർക്കിൾ ഓഫീസുകളിൽ നിയമിച്ചതായി കാണുന്നു. നിലവിലുള്ള 28 അംഗീകൃത തസ്തികകൾക്കു പുറമേയാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളത് (ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 21.10.2017-ലെ എ 4/6110/2017/സി.എഫ്.എസ്, 26.05.2018-ലെ എ 3/3963/2018/സി.എഫ്.എസ്

നമ്പർ നടപടിക്രമങ്ങൾ). **പാർട്ട് ടൈം സ്വീപ്പറുടെ അംഗീകൃത തസ്തികയില്ലാത്ത മഞ്ചേരി, പൊന്നാനി എന്നീ സർക്കിൾ ഓഫീസുകളിൽ നിയമനങ്ങൾ നടത്താനുണ്ടായ സാഹചര്യം ഭക്ഷ്യസുരക്ഷാ കമ്മീഷണർ അടിയന്തരമായി പരിശോധിക്കേണ്ടതും വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.**

**4.327** ഭക്ഷ്യസുരക്ഷാ വകുപ്പിന് നിർദേശിക്കുന്ന ഓർഗനൈസേഷൻ ചാർട്ട് **അനുബന്ധം - V** ആയി ചേർക്കുന്നു. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്, ജില്ലാ ഓഫീസ്, സോണൽ ഓഫീസ്, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എന്നിവയുടെ ഘടന വ്യക്തമാക്കുന്ന ഓർഗനൈസേഷൻ ചാർട്ടുകൾ **അനുബന്ധം - VI മുതൽ IX വരെ** കാണാവുന്നതാണ്.

## <u>നിലവിലുള്ള സാമ്പിളിംഗ് സമ്പ്രദായത്തിലെ പോരായ്മകൾ</u>

**4.328** ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രതിമാസം ശേഖരിക്കേണ്ട സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടേയും സർവൈയലൻസ് സാമ്പിളുകളുടേയും എണ്ണം നിശ്ചയിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസർ 7 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും, 25 സർവൈലൻസ് സാമ്പിളുകളും പ്രതിമാസം ശേഖരിക്കണമെന്നതാണ് 2023 ഏപ്രിൽ മാസം മുതൽ നിലവിലുള്ള നിർദ്ദേശം. സാമ്പിളിന്റെ ക്വാട്ട മുൻകാലങ്ങളിൽ കുറവായിരുന്നത് വർദ്ധിപ്പിച്ചു കൊണ്ടാണ് ഇപ്പോഴത്തെ സ്ഥിതിയിൽ എത്തിയിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ ഓഫീസർ പ്രതിനിധാനം ചെയ്യുന്ന സർക്കിൾ ഓഫീസിന്റെ എഫ്.ബി.ഒ. പോപ്പുലേഷൻ ഉൾപ്പെടെയുള്ള അളവുകോലുകളൊന്നും പരിഗണിക്കാതെ എല്ലാ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കും ഒരേ തരത്തിലാണ് സാമ്പിളുകളുടെ ക്വാട്ട നിശ്ചയിച്ചുപോരുന്നത്.

**4.329** ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പരിശോധനയ്ക്കായി ശേഖരിക്കുന്ന സാമ്പിളുകളുടെ പരിശോധനാഫലം 14 ദിവസങ്ങൾക്കുള്ളിൽ നൽകണമെന്നതാണ് നിലവിലുള്ള വ്യവസ്ഥ . സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ പരിശോധനാഫലം നിശ്ചിത സമയപരിധിയായ 14 ദിവസങ്ങൾക്കുള്ളിൽ ഏറെക്കുറെ ലഭിക്കാറുണ്ട്. സർവൈലൻസ് സാമ്പിളിന്റെ പരിശോധനാഫലം ഒന്നു മുതൽ മൂന്നുമാസം വരെയെടുത്താണ് എൻഫോഴ്സ്മെന്റ്

വിഭാഗത്തിന് ലഭിക്കുന്നതെന്ന് കാണുന്നു. സാമ്പിൾ പരിശോധനാഫലം വേഗത്തിൽ ലഭ്യമാകാത്തതു മൂലം എൻഫോഴ്സ്മെന്റ് നടപടികളിലുണ്ടാകുന്ന പോരായ്മകളെ സംബന്ധിച്ച പഠനസംഘത്തിന്റെ വിലയിരുത്തലുകൾ **4.68 മുതൽ 4.72 വരെയുള്ള ഖണ്ഡികകളിൽ** കാണാവുന്നതാണ്.

**4.330** പരിശോധിക്കപ്പെടുന്ന സാമ്പിളുകളുടെ എണ്ണത്തിന് മാത്രം പ്രാധാന്യം നൽകിക്കൊണ്ടുള്ള സാമ്പിളിംഗ് സമ്പ്രദായമാണ് നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പിന്തുടരുന്നത്. പരിശോധിക്കപ്പെടുന്ന സാമ്പിളുകളുടെ എണ്ണത്തിനൊപ്പം തന്നെ പ്രാധാന്യം പരിശോധനാഫലം എത്ര വേഗത്തിൽ ലഭിക്കുന്നു, അതിന്മേൽ എന്ത് തുടർനടപടി സ്വീകരിക്കുന്നു എന്നീ ഘടകങ്ങൾക്കുണ്ടെന്ന് കാണാവുന്നതാണ്.

**4.331** പരിശോധിക്കുന്ന സാമ്പിളുകളുടെ എണ്ണം വർദ്ധിപ്പിക്കുക മാത്രമാണ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള ഏക മാർഗ്ഗമെന്ന് കരുതുന്നില്ല. വ്യക്തമായ ആക്ഷൻ പ്ലാൻ ഇല്ലാതെ സാമ്പിളുകളുടെ എണ്ണം മാത്രം വർദ്ധിപ്പിക്കുന്നതു കൊണ്ട് സാമ്പിളിംഗ് എന്നത് കേവലം 'ക്വാട്ട തികയ്ക്കൽ പ്രക്രിയ' മാത്രമായി ചുരുങ്ങുന്ന സ്ഥിതിയാണുള്ളത്. ഇതുമൂലം സാമ്പിളിംഗിനായി ചെലവഴിക്കപ്പെടുന്ന വിഭവങ്ങൾക്ക് ആനുപാതികമായ ഗുണഫലം വകുപ്പിനോ, പൊതുജനങ്ങൾക്കോ ലഭ്യമാകുന്നില്ലെന്ന് വിലയിരുത്തുന്നു.

**4.332** പ്രവൃത്തി പഠനത്തിന്റെ ഭാഗമായി വിവിധ ലബോറട്ടറികൾ സന്ദർശിച്ചപ്പോൾ, ദേശീയതലത്തിൽ ദീർഘകാലമായി നിലനിൽക്കുന്നതും സ്വന്തമായി ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ ഉള്ളതുമായ ജനപ്രിയ ബ്രാൻഡ് ഉൽപ്പന്നങ്ങൾ സർവൈലൻസ് സാമ്പിളുകളായി ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുള്ളതായി കാണുകയുണ്ടായി. ഇത്തരം സാമ്പിളുകൾ പരിശോധിക്കപ്പെടേണ്ടത് തന്നെയാണ്. എന്നാൽ, പ്രാദേശികമായി ഉത്പാദിപ്പിക്കപ്പെടുന്നതും വിപണിയിൽ പുതിയതും ജനങ്ങൾക്ക് പരിചിതമല്ലാത്തതും റിസ്ക് ഫാക്ടർ താരതമ്യേന കൂടുതലുള്ളതുമായ നിരവധി ഭക്ഷ്യോൽപ്പന്നങ്ങളെ അവഗണിച്ചുകൊണ്ടാണ് മുകളിൽ പറഞ്ഞ തരത്തിലുള്ള സാമ്പിളുകൾ പരിശോധനയ്ക്കായി അയക്കുന്നത്. തീർത്തും യാന്ത്രികമായാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നിലവിലുള്ള സാമ്പിളിംഗ് സമ്പ്രദായത്തോട്

പ്രതികരിക്കുന്നതതെന്നാണ് ഇത് ബോധ്യപ്പെടുത്തുന്നത്.

## സാമ്പിളിംഗിന് ആക്ഷൻ പ്ലാൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

**4.333** ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രതിമാസം 25 സർവൈലൻസ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി അയയ്ക്കുന്നുണ്ട്. വിപണിയിൽ ലഭ്യമായിട്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിരന്തരമായി നിരീക്ഷിച്ച് ഭക്ഷ്യവിപണിയിലെ പ്രവണത മനസ്സിലാക്കി, ഇതിന്റെ അടിസ്ഥാനത്തിൽ റിസ്ക് അസസ്മെന്റ് നടത്തി, ഗുണനിലവാരം ഇല്ലാത്തതും പൊതുജനാരോഗ്യത്തിന് ഹാനികരവുമായ ഭക്ഷണ പദാർത്ഥങ്ങൾ വിപണനം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സഹായിക്കുക എന്നതാണ് സർവൈലൻസ് സാമ്പിൾ പരിശോധനയുടെ ലക്ഷ്യം. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നിലവിൽ അനുവർത്തിച്ചു വരുന്ന സാമ്പിളിംഗ് രീതി ഫലപ്രദമല്ലെന്ന് കാണാവുന്നതാണ്.

**4.334** സർവൈലൻസ് സാമ്പിൾ പരിശോധനയുടെ യഥാർത്ഥ ഉദ്ദേശം പൂർത്തീകരിക്കണമെങ്കിൽ സാമ്പിൾ ശേഖരണം, അവയുടെ വേഗത്തിലുള്ള പരിശോധന, പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ എന്നിവ സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യഘട്ടമായ സാമ്പിൾ ശേഖരണം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലാബോറട്ടറികളുടെ പരിശോധനാശേഷിക്ക് അനുസൃതമായി കൃത്യമായി ആസൂത്രണം ചെയ്താൽ മാത്രമേ സാമ്പിളുകളുടെ പരിശോധനാ ഫലം ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് സാധിക്കുകയുള്ളൂ. അതിനാൽ സാമ്പിൾ ശേഖരണത്തിൽ വ്യക്തമായ ആസൂത്രണം ആവശ്യമാണെന്ന് കാണുന്നു.

**4.335** എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളതും പൂർണതോതിൽ പരിശോധനകൾ നടത്തുന്നതുമായ മൂന്ന് ലബോറട്ടറികളാണ് ഭക്ഷ്യസുരക്ഷാ വകുപ്പിനുള്ളത്. ലബോറട്ടറികളിലെ പരിശോധനാ വിഭാഗങ്ങളുടെ ശേഷിക്കനുസരിച്ചുള്ള സാമ്പിളുകൾ ഓരോ ദിവസവും അതത് വിഭാഗങ്ങളിൽ എത്തുന്ന തരത്തിൽ സർവൈലൻസ് സാമ്പിൾ ശേഖരണം ആസൂത്രണം ചെയ്താൽ, സാമ്പിളുകൾ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പരിശോധിച്ചു ഫലം നൽകുവാൻ സാധിക്കുന്നതാണ്.

ഇൻസ്ട്രുമെന്റേഷൻ വിഭാഗത്തിൽ എത്തുന്ന സാമ്പിളുകളുടെ എണ്ണത്തിലുള്ള കുറവ് മൂലം ഹൈ എൻഡ് ഉപകരണങ്ങൾ പരമാവധി ശേഷിയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വരുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇൻസ്ട്രുമെന്റേഷൻ വിഭാഗത്തിൽ എത്തുന്ന സാമ്പിളുകൾ കൃത്യമായി ആസൂത്രണം ചെയ്യപ്പെടുന്നതിലൂടെ ഈ അവസ്ഥ ഒഴിവാക്കാൻ കഴിയുന്നതാണ്.

**4.336** ലബോറട്ടറികളിൽ പരിശോധിക്കുവാൻ സാധ്യമായ പരമാവധി എണ്ണം സാമ്പിളുകൾ പരിശോധിച്ച് ഏറ്റവും വേഗത്തിൽ ഫലം ലഭ്യമാക്കുന്നതിനും വകുപ്പിന്റെ നിലവിലുള്ള വിഭവശേഷിയെ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സാമ്പിൾ ശേഖരണം ആസൂത്രണം ചെയ്യുന്നതിലൂടെ സാധിക്കുമെന്നതിനാൽ വകുപ്പിന് വ്യക്തമായ ഒരു സാമ്പിളിംഗ് ആക്ഷൻ പ്ലാൻ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഓരോ സമയത്തെയും ആവശ്യകതയനുസരിച്ച് സാമ്പിളിംഗ് പ്ലാൻ തയ്യാറാക്കുന്നതിനും ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ഒരു സ്ഥിരം സംവിധാനം ആവശ്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

4.337 **ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സാമ്പിളിംഗ് ആക്ഷൻ പ്ലാൻ സമയാസമയങ്ങളിൽ നിശ്ചയിക്കുക, എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പ്രസ്തുത പ്ലാനിന് അനുസൃതമായി സാമ്പിളുകൾ ശേഖരിച്ച് സമയബന്ധിതമായി പരിശോധന പൂർത്തീകരിക്കുക, പരിശോധനാഫലങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുക എന്നീ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ അധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. കൺട്രോളർ (അനലിറ്റിക്കൽ വിംഗ്), ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്, ട്രെയിനിംഗ് & പ്ലാനിംഗ്) എന്നിവർ ഈ സമിതിയിൽ അംഗങ്ങളായിരിക്കേണ്ടതാണ്.**

## സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരണം

4.338 റാൻഡം സാമ്പിളിംഗും ടാർജറ്റഡ് സാമ്പിളിംഗും യുക്തിസഹമായി സംയോജിപ്പിച്ചു കൊണ്ടുള്ള സാമ്പിളിംഗ് രീതിയാണ് ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഏറ്റവും സമഗ്രമായ മാർഗം. സർവ്വൈലൻസ് സാമ്പിൾ ഫലങ്ങളുടെ നിരന്തരമായ അവലോകനത്തിലൂടെ ലഭ്യമാകുന്ന സൂചനകൾക്കനുസൃതമായി സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരണം ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടത് ആവശ്യമാണ്. എല്ലാ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കും ഒരേ സാമ്പിളിംഗ് ക്വാട്ട നിശ്ചയിക്കുന്ന നിലവിലുള്ള രീതി മാറ്റി ഭക്ഷ്യസുരക്ഷാ ഓഫീസറുടെ അധികാര പരിധിയിലുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എണ്ണം തുടങ്ങിയ പ്രാദേശിക ഘടകങ്ങൾ കൂടി കണക്കിലെടുത്ത് ഓരോ ഓഫീസർക്കും പ്രത്യേകം ക്വാട്ട നിശ്ചയിച്ചു നൽകുന്നതാണ് അഭികാമ്യമെന്നും വിലയിരുത്തുന്നു.

**4.339 സർവൈലൻസ് സാമ്പിൾ ഫലങ്ങളുടെ നിരന്തരമായ അവലോകനത്തിലൂടെ ലഭ്യമാകുന്ന സൂചനകളുടെ അടിസ്ഥാനത്തിലുള്ള ടാർജറ്റഡ് സാമ്പിളിംഗിനോടൊപ്പം റാൻഡം സാമ്പിളിംഗും യുക്തിസഹമായി സംയോജിപ്പിച്ചു കൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരണം ക്രമീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. എല്ലാ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കും ഒരേ സാമ്പിളിംഗ് ക്വാട്ട നിശ്ചയിക്കുന്ന നിലവിലെ രീതി മാറ്റി പകരം ഭക്ഷ്യസുരക്ഷാ ഓഫീസറുടെ അധികാരപരിധിയിലുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എണ്ണം തുടങ്ങിയ പ്രാദേശിക ഘടകങ്ങൾ കൂടി കണക്കിലെടുത്ത് ഓരോ ഭക്ഷ്യസുരക്ഷാ ഓഫീസർക്കും പ്രത്യേകം ക്വാട്ട നിശ്ചയിച്ചു നൽകുന്ന രീതി ആവിഷ്കരിക്കുവാനും ശിപാർശ ചെയ്യുന്നു.**

# അധ്യായം - 5

# തസ്തികകളുടെ വിന്യാസവും അധിക തസ്തികകളും

**5.1** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിലവിവുള്ള ഓഫീസ് സംവിധാനങ്ങൾ പുന:സംഘടിപ്പിക്കുന്നതിനും തസ്തികകൾ പുനർവിന്യസിക്കുന്നതിനും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശകൾ മുൻ അധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**5.2** ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകൾക്കു പകരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 37 ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസുകളുടെ പ്രവർത്തനത്തിനായി ചുവടെ പറയുന്ന തസ്തികകൾ ആവശ്യമാണ്.

**ഭക്ഷ്യ സുരക്ഷാ സോണൽ ഓഫീസുകൾ**

പട്ടിക നമ്പർ - 22

| ക്രമ നമ്പർ | തസ്തിക | ആവശ്യമായ തസ്തികകൾ |
|---|---|---|
| 1 | അസിസ്റ്റന്റ് കമ്മീഷണർ | 37 |
| 2 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 182 |
| 4 | ക്ലർക്ക് | 80 |
| 5 | ഓഫീസ് അറ്റൻഡന്റ് | 80 |
| | **ആകെ** | **379** |

**5.3** പുന:സംഘടനയുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്, ജില്ലാ ഓഫീസുകൾ, ലബോറട്ടറികൾ എന്നിവിടങ്ങളിൽ നിലവിലുള്ള തസ്തികകൾക്കു പുറമേ ആവശ്യമായ തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്**

പട്ടിക നമ്പർ - 23

| ക്രമ നം. | തസ്തിക | നിലവിലുള്ള തസ്തികകൾ | ആവശ്യമായ തസ്തികകൾ | അധികമായി ആവശ്യമുള്ള തസ്തികകൾ |
|---|---|---|---|---|
| 1 | ലോ ഓഫീസർ | - - | 1 | 1 |
| 2 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - - | 1 | 1 |
| 3 | സീനിയർ സൂപ്രണ്ട് | 2 | 3 | 1 |
| 4 | ക്ലർക്ക് | 12 | 23 | 11 |
| 5 | ഓഫീസ് അറ്റൻഡന്റ് | 3 | 5 | 2 |

**ഭക്ഷ്യസുരക്ഷാ ജില്ലാ ഓഫീസുകൾ**

പട്ടിക നമ്പർ - 24

| ക്രമ നം. | തസ്തിക | നിലവിലുള്ള തസ്തികകൾ | ആവശ്യമായ തസ്തികകൾ | അധികമായി ആവശ്യമുള്ള തസ്തികകൾ |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി കമ്മീഷണർ | - - | 14 | 14 |
| 2 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 12 | 28 | 16 |
| 3 | ജൂനിയർ സൂപ്രണ്ട് | - - | 14 | 14 |
| 4 | ക്ലർക്ക് | 26 | 65 | 39 |
| 5 | ഓഫീസ് അറ്റൻഡന്റ് | 15 | 28 | 13 |
| 6 | പാർട്ട് ടൈം സ്വീപ്പർ | 13 | 14 | 1 |

## നിർദ്ദിഷ്ട റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, തിരുവനന്തപുരം

പട്ടിക നമ്പർ - 25

| ക്രമ നം. | തസ്തിക | നിലവിലുള്ള തസ്തികകൾ | ആവശ്യമായ തസ്തികകൾ | അധികമായി ആവശ്യമുള്ള തസ്തികകൾ |
|---|---|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | - - | 1 | 1 |
| 2 | ക്ലർക്ക് | 5 | 8 | 3 |
| 3 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II | 8 | 13 | 5 |
| 4 | ഓഫീസ് അറ്റൻഡന്റ് | 6 | 4 | - - |

## റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം

പട്ടിക നമ്പർ - 26

| ക്രമ നം. | തസ്തിക | നിലവിലുള്ള തസ്തികകൾ | ആവശ്യമായ തസ്തികകൾ | അധികമായി ആവശ്യമുള്ള തസ്തികകൾ |
|---|---|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | - - | 1 | 1 |
| 2 | ക്ലർക്ക് | 3 | 7 | 4 |
| 3 | റിസർച്ച് ഓഫീസർ (മൈക്രോബയോളജി) | - - | 1 | 1 |
| 4 | മൈക്രോബയോളജിസ്റ്റ് | 1 | 3 | 2 |
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II | 8 | 13 | 5 |
| 6 | ഓഫീസ് അറ്റൻഡന്റ് | 2 | 3 | 1 |

## റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട്

പട്ടിക നമ്പർ - 27

| ക്രമ നം. | തസ്തിക | നിലവിലുള്ള തസ്തികകൾ | ആവശ്യമായ തസ്തികകൾ | അധികമായി ആവശ്യമുള്ള തസ്തികകൾ |
|---|---|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | - - | 1 | 1 |
| 2 | ക്ലർക്ക് | 3 | 7 | 4 |
| 3 | റിസർച്ച് ഓഫീസർ (മൈക്രോബയോളജി) | - - | 1 | 1 |
| 4 | മൈക്രോബയോളജിസ്റ്റ് | 1 | 3 | 2 |
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II | 8 | 13 | 5 |
| 6 | ഓഫീസ് അറ്റൻഡന്റ് | 2 | 3 | 1 |

## റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കണ്ണൂർ

പട്ടിക നമ്പർ - 28

| ക്രമ നം. | തസ്തിക | നിലവിലുള്ള തസ്തികകൾ | ആവശ്യമായ തസ്തികകൾ | അധികമായി ആവശ്യമുള്ള തസ്തികകൾ |
|---|---|---|---|---|
| 1 | റിസർച്ച് ഓഫീസർ | - - | 1 | 1 |
| 2 | മൈക്രോബയോളജിസ്റ്റ് | - - | 1 | 1 |
| 3 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II | - - | 2 | 2 |
| 4 | ക്ലർക്ക് | - - | 1 | 1 |
| 5 | ലാബ് അസിസ്റ്റന്റ് | - - | 2 | 2 |
| 6 | ഓഫീസ് അറ്റൻഡന്റ് | - - | 1 | 1 |

**ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി, പത്തനംതിട്ട**

പട്ടിക നമ്പർ - 29

| ക്രമ നം. | തസ്തിക | നിലവിലുള്ള തസ്തികകൾ | ആവശ്യമായ തസ്തികകൾ | അധികമായി ആവശ്യമുള്ള തസ്തികകൾ |
|---|---|---|---|---|
| 1 | മൈക്രോബയോളജിസ്റ്റ് | - - | 1 | 1 |
| 2 | ക്ലർക്ക് | - - | 1 | 1 |
| 3 | ലാബ് അസിസ്റ്റന്റ് | - - | 1 | 1 |

**5.4** വകുപ്പിന്റെ പുന:സംഘടനയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളും മൂന്ന് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും പ്രവർത്തനം അവസാനിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസുകളിൽ നിന്നും പുതിയ ഓഫീസ് സംവിധാനത്തിലേയ്ക്ക് വിന്യസിക്കുന്നതിനായി ലഭ്യമാകുന്ന തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ - 30

| ക്രമ നം. | തസ്തിക | ഓഫീസ് | | ആകെ |
|---|---|---|---|---|
| | | സർക്കിൾ ഓഫീസ് | ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് | |
| 1 | ഡെപ്യൂട്ടി കമ്മീഷണർ | - - | 3 | 3 |
| 2 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 140 | 6 | 146 |
| 3 | ക്ലർക്ക് | 140 | 3 | 143 |
| 4 | ടൈപ്പിസ്റ്റ് | - - | 3 | 3 |
| 5 | ഡ്രൈവർ | - - | 3 | 3 |
| 6 | ഓഫീസ് അറ്റൻഡന്റ് | 87 | 6 | 93 |
| 7 | പാർട്ട് ടൈം സ്വീപ്പർ ** | 5 | - - | 5 |

*** ദേവികുളം, പീരുമേട്, തൊടുപുഴ, അങ്കമാലി, കൊച്ചി എന്നീ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പറുടെ ഓരോ തസ്തിക വീതമുണ്ട്.*

**5.5** ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിലവിലുള്ളതും അപ്ഗ്രേഡ് ചെയ്യേണ്ടതും പുതിയതായി സൃഷ്ടിക്കേണ്ടതുമായ തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 31</u>

| **ക്രമ നം.** | **തസ്തിക** | **നിലവിലുള്ള തസ്തികകൾ** | **അധിക മായി നിർദ്ദേ ശിക്കുന്ന തസ്തികകൾ** | **ആവശ്യ മായ ആകെ തസ്തികകൾ** | **തസ്തികകളുടെ വിവരണം** | **കോളം നമ്പർ (d)-ലെ തസ്തികകളുടെ വിന്യാസം സംബന്ധിച്ച നിർദ്ദേശങ്ങൾ** |
|---|---|---|---|---|---|---|
| | (a) | (b) | (c) | (d) | (e) | (f) |
| 1. | ഡെപ്യൂട്ടി കമ്മീഷണർ | 3 | 11 | 14 | നിർത്തലാക്കുന്ന മൂന്ന് മേഖലാ ഓഫീസുകളിലെ 3 ഡെപ്യൂട്ടി കമ്മീഷണർ തസ്തികകൾക്കു പുറമേ 11 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതാണ് | ജില്ലാ ഓഫീസുകളിൽ ഒന്നു വീതം |
| 2. | ലോ ഓഫീസർ | - - | 1 | 1 | പുതിയതായി സൃഷ്ടിക്കേണ്ടതാണ് | കമ്മീഷണറേറ്റ് |
| 3. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - - | 1 | 1 | പുതിയതായി സൃഷ്ടിക്കേണ്ടതാണ് | കമ്മീഷണറേറ്റ് |
| 4. | സീനിയർ സൂപ്രണ്ട് | 2 | 4 | 6 | നിലവിലുള്ള 2 തസ്തികകൾക്കു പുറമേ 4 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതാണ്. | കമ്മീഷണറേറ്റ്-3, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഒന്നു വീതം - 3 |

| | | | | | | |
|---|---|---|---|---|---|---|
| 5. | അസിസ്റ്റന്റ് കമ്മീഷണർ | 14 | 23 | 37 | ജില്ലാ ഓഫീസുകളിൽ നിന്നും പുനർവിന്യസിക്കുന്ന 14 അസിസ്റ്റന്റ് കമ്മീഷണർ തസ്തികകൾക്കുപുറമേ 23 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതാണ്. | 37 സോണൽ ഓഫീസുകളിൽ ഒന്നു വീതം |
| 6. | ജൂനിയർ സൂപ്രണ്ട് | 3 | 13 | 16 | കമ്മീഷണറേറ്റിലുള്ള 2 തസ്തികകൾ, തിരുവനന്തപുരം, ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിലുള്ള 1 തസ്തിക എന്നിവയ്ക്കു പുറമേ 11 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതാണ്. കൂടാതെ എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ നിലവിലുള്ള ഹെഡ് ക്ലർക്കിന്റെ 2 തസ്തികകൾ അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. | കമ്മീഷണറേറ്റ്-2,<br><br>ജില്ലാ ഓഫീസുകളിൽ ഒന്നു വീതം - 14 |

| | | | | | | |
|---|---|---|---|---|---|---|
| 7. | ഭക്ഷ്യ സുരക്ഷാ ഓഫീസർ | 160 | 52 | 212 | നിർത്തലാക്കുന്ന 140 സർക്കിൾ ഓഫീസുകളിലെ 140 തസ്തികകൾ<br><br>നിർത്തലാക്കുന്ന മൂന്ന് മേഖലാ ഓഫീസുകളിലെ 6 തസ്തികകൾ<br><br>കമ്മീഷണറേറ്റിൽ നിലവിലുള്ള 2 തസ്തികകൾ<br><br>ജില്ലാ ഓഫീസുകളിൽ നിലവിലുള്ള 12 തസ്തികകൾ എന്നിവ ഉൾപ്പെടെ ആകെ 160 തസ്തികകൾ<br><br>ഇതിനു പുറമേ 52 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതാണ്. | കമ്മീഷണറേറ്റ്-2,<br><br>ജില്ലാ ഓഫീസുകളിൽ രണ്ട് വീതം -28,<br><br>**<u>സോണൽ ഓഫീസുകൾ -182</u>**<br>തൊടുപുഴ - 3<br><br>നെടുമങ്ങാട്, കരുനാഗപ്പള്ളി, ഇടുക്കി, കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, കൽപ്പറ്റ, തളിപ്പറമ്പ് എന്നീ 7 സോണുകളിൽ നാല് തസ്തികകൾ വീതം - 28<br><br>പത്തനംതിട്ട, ഹരിപ്പാട്, പാലാ, കുന്നംകുളം, ഇരിങ്ങാലക്കുട, കാഞ്ഞങ്ങാട് എന്നീ 6 സോണുകളിൽ -ആറ് തസ്തികകൾ വീതം - 36<br><br>മറ്റ് 23 സോണുകളിൽ അഞ്ച് തസ്തികകൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വീതം - 115 |
| 8. | റിസർച്ച് ഓഫീസർ | 25 | 1 | 26 | നിലവിലുള്ള 25 തസ്തികകൾക്കു പുറമേ ഒരു തസ്തിക അധികമായി സൃഷ്ടിക്കേണ്ട താണ്. | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറി കളിൽ എട്ട് വീതം- 24,<br><br>കണ്ണൂർ ലബോറട്ടറി -1<br><br>പത്തനംതിട്ട ലബോറട്ടറി - 1 |
| 9. | റിസർച്ച് ഓഫീസർ (മൈക്രോ ബയോളജി) | 1 | 2 | 3 | നിലവിലുള്ള ഒരു തസ്തികയ്ക്കു പുറമേ 2 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ട താണ്. | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറി കളിൽ ഒന്ന് വീതം - 3 |
| 10. | മൈക്രോബ യോളജിസ്റ്റ് | 5 | 6 | 11 | നിലവിലുള്ള 5 തസ്തികകൾക്കു പുറമേ 6 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ട താണ്. | തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് ലബോറട്ടറി കളിൽ മൂന്ന് വീതം - 9,<br><br>കണ്ണൂർ, പത്തനംതിട്ട ലബോറട്ടറി കളിൽ ഒന്ന് വീതം - 2 |
| 11. | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II | 25 | 17 | 42 | നിലവിലുള്ള 25 തസ്തികകൾക്ക് പുറമേ 17 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ട താണ്. | തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് ലബോറട്ടറികളി ൽ 13 വീതം -39<br><br>കണ്ണൂർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലബോറട്ടറി - 2<br><br>പത്തനംതിട്ട ലബോറട്ടറി - 1 |
| 12. | ക്ലർക്ക് | 192 | - - | 192 | നിർത്തലാക്കുന്ന മൂന്ന് മേഖലാ ഓഫീസുകൾ -3 തസ്തികകൾ<br><br>നിർത്തലാക്കുന്ന 140 സർക്കിൾ ഓഫീസുകൾ -140 തസ്തികകൾ<br><br>കമ്മീഷണറേറ്റ് -12 തസ്തികകൾ<br><br>ജില്ലാ ഓഫീസുകൾ - 26 തസ്തികകൾ<br><br>തിരുവനന്തപുരം ലബോറട്ടറി - 5 തസ്തികകൾ<br><br>എറണാകുളം ലബോറട്ടറി -3 തസ്തികകൾ<br><br>കോഴിക്കോട് ലബോറട്ടറി - 3 തസ്തികകൾ എന്നിങ്ങനെ ആകെ 192 തസ്തികകളാണ് | **കമ്മീഷണറേറ്റ്- 23 (12 വിഭാഗങ്ങൾ)**<br>ലീഗൽ വിംഗ്-2, ആഭ്യന്തര വിജിലൻസ് വിംഗ് -1, ഐ.ഇ.സി വിംഗ് -2, ഓഡിറ്റ് വിംഗ്-2, റവന്യൂ മോണിറ്ററിംഗ് വിഭാഗം -1, അഡ്മിനിസ്ട്രേഷൻ - 4, എൻഫോഴ്സ്മെന്റ് -3, ബിൽസ് & അക്കൗണ്ട്സ്-2, പർച്ചേസ്-2 ബഡ്ജറ്റ് & പ്ലാനിംഗ്-2, മിസല്ലേനിയസ്-1 തപാൽ/ ഡെസ്പാച്ച് -1<br><br>**ജില്ലാ ഓഫീസ്- 65**<br>തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ഏഴ് ജില്ലാ ഓഫീസുകളിൽ അഞ്ച് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നിലവിലുള്ളത്.<br><br>തസ്തികകളൊന്നും പുതിയതായി സൃഷ്ടിക്കേണ്ടതില്ല. | തസ്തികകൾ വീതം -35<br><br>എറണാകുളം ജില്ലാ ഓഫീസിൽ അഞ്ച് തസ്തികകളും ലെയ്സൺ ഓഫീസർ തസ്തികയും ഉൾപ്പെടെ - 6<br><br>പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ആറ് ജില്ലാ ഓഫീസുകളിൽ നാല് തസ്തികകൾ വീതം - 24<br><br>**<u>സോണൽ ഓഫീസ്- 80</u>**<br>പത്തനംതിട്ട, ഹരിപ്പാട്, പാലാ, കുന്നംകുളം, ഇരിങ്ങാലക്കുട, കാഞ്ഞങ്ങാട് എന്നീ ആറ് സോണൽ ഓഫീസുകളിൽ മൂന്ന് തസ്തികകൾ വീതം -18<br><br>മറ്റ് 31 സോണൽ ഓഫീസുകളിൽ രണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തസ്തികകൾ<br>വീതം -62<br><br>**<u>തിരുവനന്തപുരം</u>**<br>**<u>ലബോറട്ടറി - 8</u>**<br>ഭരണ വിഭാഗം -4<br>സ്റ്റോർ -1<br>ഫുഡ് സെക്ഷൻ<br>(റിസീവിംഗ്) -3<br><br>**<u>എറണാകുളം</u>**<br>**<u>ലബോറട്ടറി -7</u>**<br>ഭരണ വിഭാഗം -3<br>സ്റ്റോർ -1<br>ഫുഡ് സെക്ഷൻ<br>(റിസീവിംഗ്) -3<br><br>**<u>കോഴിക്കോട്</u>**<br>**<u>ലബോറട്ടറി -7</u>**<br>ഭരണ വിഭാഗം -3<br>സ്റ്റോർ -1<br>ഫുഡ് സെക്ഷൻ<br>(റിസീവിംഗ്) -3<br><br>**<u>കണ്ണൂർ</u>**<br>**<u>ലബോറട്ടറി - 1</u>**<br><br>**<u>പത്തനംതിട്ട</u>**<br>**<u>ലബോറട്ടറി - 1</u>** |
| 13 | ലാബ് അസിസ്റ്റന്റ് | 22 | 3 | 25 | നിലവിലുള്ള 22 തസ്തികകൾക്കു പുറമേ 3 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ട താണ്. | തിരുവനന്തപുരം<br>ലബോറട്ടറി -9<br><br>എറണാകുളം<br>ലബോറട്ടറി -7<br><br>കോഴിക്കോട്<br>ലബോറട്ടറി -6<br><br>കണ്ണൂർ<br>ലബോറട്ടറി - 2 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പത്തനംതിട്ട ലബോറട്ടറി - 1 |
| 14 | ഓഫീസ് അറ്റൻഡന്റ് | 122 | 3 | 125 | നിർത്തലാക്കുന്ന 3 ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകൾ-6 തസ്തികകൾ<br><br>നിർത്തലാക്കുന്ന സർക്കിൾ ഓഫീസുകൾ- 87 തസ്തികകൾ<br><br>കമ്മീഷണറേറ്റ് - 3 തസ്തികകൾ<br><br>ജില്ലാ ഓഫീസുകൾ- 15 തസ്തികകൾ (കോട്ടയം ജില്ലാ ഓഫീസിലെ രണ്ട് തസ്തികകൾ ഉൾപ്പെടെ)<br><br>തിരുവനന്തപുരം ലബോറട്ടറി- 6 തസ്തികകൾ<br><br>എറണാകുളം ലബോറട്ടറി- 2 തസ്തികകൾ<br><br>കോഴിക്കോട് ലബോറട്ടറി- 2 തസ്തികകൾ<br><br>പത്തനംതിട്ട | കമ്മീഷണറേറ്റ്-5 ജില്ലാ ഓഫീസുകളിൽ രണ്ട് വീതം -28<br><br>**<u>സോണൽ ഓഫീസ്-80</u>**<br>പത്തനംതിട്ട, ഹരിപ്പാട്, പാലാ, കുന്നംകുളം, ഇരിങ്ങാലക്കുട, കാഞ്ഞങ്ങാട് എന്നീ ആറ് സോണൽ ഓഫീസുകളിൽ മൂന്ന് തസ്തികകൾ വീതം -18<br><br>മറ്റ് 31 സോണൽ ഓഫീസുകളിൽ രണ്ട് തസ്തികകൾ വീതം -62<br><br>**<u>തിരുവനന്തപുരം ലബോറട്ടറി -4</u>**<br>ഭരണ വിഭാഗം -1<br>സ്റ്റോർ -1<br>അനലിറ്റിക്കൽ വിഭാഗം -2<br><br>**<u>എറണാകുളം ലബോറട്ടറി -3</u>**<br>ഭരണ വിഭാഗം -1<br>സ്റ്റോർ -1<br>അനലിറ്റിക്കൽ വിഭാഗം -1 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലബോറട്ടറി- 1 തസ്തിക<br><br>ആകെ 122 തസ്തികകൾ<br><br>ഇവയ്ക്കു പുറമേ തിരുവനന്ത പുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറിക ളിൽ നിലവിലുള്ള 3 നൈറ്റ് വാച്ച്മാൻ തസ്തികകൾ നിർത്തലാക്കേ ണ്ടതും പകരം 3 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സൃഷ്ടിക്കേണ്ടതു മാണ്. | **<u>കോഴിക്കോട് ലബോറട്ടറി -3</u>**<br>ഭരണ വിഭാഗം -1<br>സ്റ്റോർ -1<br>അനലിറ്റിക്കൽ വിഭാഗം -1<br><br>കണ്ണൂർ ലബോറട്ടറി - 1<br><br>പത്തനംതിട്ട ലബോറട്ടറി - 1 |
| 15 | ക്ലർക്ക് ടൈപ്പിസ്റ്റ് | 3 | - | 3 | തിരുവനന്ത പുരം ലബോറട്ടറി, പത്തനംതിട്ട, കാസർഗോഡ് ജില്ലാ ഓഫീസുകൾ എന്നിവിട ങ്ങളിൽ ക്ലർക്ക് ടൈപ്പിസ്റ്റിന്റെ ഓരോ തസ്തികകളുണ്ട് (ആകെ 3 തസ്തികകൾ). തസ്തികക ളൊന്നും പുതിയതായി | തിരുവനന്തപുരം ലബോറട്ടറി യിലെ ഫുഡ് സെക്ഷൻ (റിസീവിംഗ്) -1<br><br>പത്തനംതിട്ട, കാസർഗോഡ് ജില്ലാ ഓഫീസുകളിൽ ഒരു തസ്തിക വീതം -2 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | സൃഷ്ടിക്കേണ്ടതില്ല. | |
| 16 | എൽ.ഡി ടൈപ്പിസ്റ്റ് | 20 | - | 20 | കമ്മീഷണറേറ്റിലേയും, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലേയും ഒരോ തസ്തികകൾ (ആകെ -3),<br><br>നിർത്തലാക്കുന്ന മൂന്ന് മേഖലാ ഓഫീസുകളിലെ ഓരോ തസ്തികകൾ (ആകെ -3),<br><br>തിരുവനന്തപുരം ലബോറട്ടറിയിലെ രണ്ട് തസ്തികകൾ,<br><br>പത്തനംതിട്ട, കാസർഗോഡ് എന്നിവ ഒഴികെയുള്ള ജില്ലാ ഓഫീസുകളിലെ ഓരോ തസ്തിക വീതം (ആകെ -12) എന്നിങ്ങനെ 20 തസ്തികകൾ നിലവിലുണ്ട്. തസ്തികകളൊന്നും പുതിയതായി സൃഷ്ടിക്കേണ്ട | കമ്മീഷണറേറ്റ് -2<br><br>പത്തനംതിട്ട, കാസർഗോഡ് എന്നിവ ഒഴികെയുള്ള ജില്ലാ ഓഫീസുകളിൽ ഒന്ന് വീതം- 12<br><br>തിരുവനന്തപുരം ലബോറട്ടറി -2<br><br>**എറണാകുളം ലബോറട്ടറി -2**<br>ഭരണ വിഭാഗം -1<br>ഫുഡ് സെക്ഷൻ (റിസീവിംഗ്) -1<br><br>**കോഴിക്കോട് ലബോറട്ടറി -2**<br>ഭരണ വിഭാഗം -1<br>ഫുഡ് സെക്ഷൻ (റിസീവിംഗ്) -1 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | തില്ല. | |
| 17 | ഡ്രൈവർ | 18 | - - | 18 | കമ്മീഷണറേറ്റ്, ജില്ലാ ഓഫീസുകൾ എന്നിവയിലെ ഒരോ തസ്തിക വീതം (ആകെ -15), നിർത്തലാക്കുന്ന മൂന്ന് മേഖലാ ഓഫീസുകളിലെ ഓരോ തസ്തികകൾ (ആകെ -3), എന്നിങ്ങനെ 18 തസ്തികകൾ നിലവിലുണ്ട്.<br><br>തസ്തികകളൊന്നും പുതിയതായി സൃഷ്ടിക്കേണ്ടതില്ല. | കമ്മീഷണറേറ്റ്- 1 ജില്ലാ ഓഫീസുകളിൽ ഒന്ന് വീതം- 14<br><br>മേഖലാ ഓഫീസുകളിലെ മൂന്ന് ഡ്രൈവർ തസ്തികകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ ഓഫീസുകളിൽ അറ്റാച്ച് ചെയ്യുന്നത് - 3 |

**5.6** ഈ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന/അപ്ഗ്രേഡ് ചെയ്യപ്പെടുന്ന തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ - 32

| ക്രമ നം. | തസ്തിക | നിലവിലുള്ള തസ്തികകൾ | പുതിയതായി സൃഷ്ടിക്കേണ്ട തസ്തികകൾ |
|---|---|---|---|
| 1 | ഡെപ്യൂട്ടി കമ്മീഷണർ | 3 | 11 |
| 2 | ലോ ഓഫീസർ | - - | 1 |
| 3 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - - | 1 |
| 4 | സീനിയർ സൂപ്രണ്ട് | 2 | 4 |
| 5 | അസിസ്റ്റന്റ് കമ്മീഷണർ | 14 | 23 |
| 6 | ജൂനിയർ സൂപ്രണ്ട് | 3 | പുതിയ തസ്തികകൾ -11<br>ഹെഡ് ക്ലർക്ക് തസ്തികകളുടെ അപ്ഗ്രഡേഷൻ - 2 |
| 7 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 160 | 52 |
| 8 | റിസർച്ച് ഓഫീസർ | 25 | 1 |
| 9 | റിസർച്ച് ഓഫീസർ (മൈക്രോബയോളജി) | 1 | 2 |
| 10 | മൈക്രോ ബയോളജിസ്റ്റ് | 5 | 6 |
| 11 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II | 25 | 17 |
| 12 | ലാബ് അസിസ്റ്റന്റ് | 22 | 3 |
| **പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം** | | | **132** |
| **അപ്ഗ്രേഡ് ചെയ്യേണ്ട തസ്തികകളുടെ എണ്ണം** | | | **2** |

# അധ്യായം- 6

# പൊതു ശിപാർശകൾ (General Recommendations)

## സാമ്പിൾ ശേഖരണത്തിന് അഡ്വാൻസ് തുക അനുവദിക്കൽ

**6.1** സ്റ്റാറ്റ്യൂട്ടറി, സർവൈലൻസ് സാമ്പിൾ പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ ഓഫീസർമാർ സാമ്പിൾ ശേഖരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വിലകൊടുത്താണ് വാങ്ങുന്നത്. ബില്ലുകൾ ജില്ലാ ഓഫീസുകളിൽ സമർപ്പിക്കുന്ന മുറയ്ക്ക് ചെലവാകുന്ന തുക തിരികെ നൽകുന്നു. ഔദ്യോഗിക ജോലിയുടെ ഭാഗമായി സാമ്പിളുകൾ വിലകൊടുത്തു വാങ്ങുന്നതിനായി സ്വന്തം പണം മുടക്കുന്നത് ന്യായയുക്തമല്ല എന്ന് കാണുന്നു. ഇത്തരം ചെലവുകൾ ആവർത്തന സ്വഭാവമുള്ളവയുമാണ്. അതിനാൽ **സ്റ്റാറ്റ്യൂട്ടറി, സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുന്നതിനായി ഭക്ഷ്യസുരക്ഷ ഓഫീസർമാർക്ക് നിശ്ചിത തുക അഡ്വാൻസായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു**.

## ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ വി.ഐ.പി. ഡ്യൂട്ടി

**6.2** രാഷ്ട്രപതി, ഉപരാഷ്ട്രപതി, ഗവർണർമാർ, മറ്റു പ്രമുഖ വ്യക്തികൾ തുടങ്ങിയവർ സംസ്ഥാനത്ത് സന്ദർശനം നടത്തുമ്പോൾ അവരുടെ സുരക്ഷയുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നു. വി.ഐ.പി. സന്ദർശനം പൂർത്തിയാക്കി മടങ്ങുന്നതു വരെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഡ്യൂട്ടിയിൽ തുടരേണ്ടതുണ്ട്.

**6.3** ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ വി.ഐ.പി. ഡ്യൂട്ടി സംബന്ധിച്ച് നിരവധി അവ്യക്തതകൾ നിലനിൽക്കുന്നു. നിലവിൽ ഏതൊക്കെ സുരക്ഷാ വിഭാഗത്തിൽപ്പെടുന്ന വ്യക്തികൾക്കാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ ഉൾപ്പെടുത്തിയുള്ള സുരക്ഷാ സംവിധാനം ഒരുക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഇക്കാരണത്താൽ ഏതെങ്കിലും പ്രമുഖ വ്യക്തി സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന സമയത്ത് അവരുടെ സുരക്ഷാ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം ഭക്ഷ്യസുരക്ഷാ

ഓഫീസറുടെ സേവനം വി.ഐ.പി. ഡ്യൂട്ടിക്ക് വിട്ടു നൽകേണ്ടി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

**6.4** വി.ഐ.പി. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർ നിർവഹിക്കേണ്ട ചുമതലകൾ എന്തൊക്കെയാണെന്ന കാര്യത്തിലും നിലവിൽ വ്യക്തതയില്ല. ഭക്ഷ്യസുരക്ഷാ വകുപ്പിന് ലബോറട്ടറി സംവിധാനമുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ വി.ഐ.പി.ക്കുള്ള ഭക്ഷണം തയ്യാറാക്കുന്നതിനായി ശേഖരിച്ചിട്ടുള്ള ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിച്ച് പരിശോധനയ്ക്കായി അയക്കാറുണ്ടെങ്കിലും ലബോറട്ടറി സംവിധാനം ഇല്ലാത്ത മറ്റു ജില്ലകളിൽ ഇത്തരം പരിശോധന നടത്തപ്പെടുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്.

**6.5** വി.ഐ.പി. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ചുമതലകൾ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ സുരക്ഷാ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന കാര്യങ്ങളെല്ലാം അതേപടി അനുസരിക്കാൻ ഇവർ നിർബന്ധിതരാകുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

**6.6** ഭക്ഷ്യസുരക്ഷാ ഓഫീസറെ വി.ഐ.പി. ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോൾ ബന്ധപ്പെട്ട സർക്കിൾ ഓഫീസിന്റെ പ്രവർത്തനം നിലയ്ക്കുന്നു. 2022-23 വർഷത്തിൽ തിരുവനന്തപുരം നഗരപരിധിയിലുള്ള തിരുവനന്തപുരം, നേമം, കഴക്കൂട്ടം, വട്ടിയൂർക്കാവ് എന്നീ സർക്കിൾ ഓഫീസുകളിലെ ഓഫീസർമാർ 30 വീതം വി.ഐ.പി.ഡ്യൂട്ടികൾ ചെയ്തിട്ടുള്ളതായി കാണുന്നു. തൃശൂർ, മണലൂർ എന്നീ സർക്കിൾ ഓഫീസുകളിലെ ഓഫീസർമാർ ഇക്കാലയളവിൽ യഥാക്രമം 28-ഉം 20-ഉം വി.ഐ.പി. ഡ്യൂട്ടികൾ ചെയ്തിട്ടുണ്ട്. ഇവ കൂടാതെ 14 സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഇക്കാലയളവിൽ പത്തോ അതിലധികമോ വി.ഐ.പി. ഡ്യൂട്ടികൾ ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ആകെ 778 വി.ഐ.പി. ഡ്യൂട്ടികൾ ചെയ്തിട്ടുള്ളതായി കാണുന്നു. വി.ഐ.പി. ഡ്യൂട്ടി സർക്കിൾ ഓഫീസുകളുടെ പ്രവർത്തനത്തെ എങ്ങനെ ദോഷകരമായി ബാധിക്കുന്നു എന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു.

**6.7** ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ ബാധ്യതപ്പെട്ട ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ

ഏറ്റവും അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ വി.ഐ.പി. ഡ്യൂട്ടിക്ക് നിയോഗിക്കുവാൻ പാടുള്ളൂ. വി.ഐ.പി. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഒരു ഓഫീസർ എന്തൊക്കെ ചുമതലകളാണ് നിർവഹിക്കേണ്ടത് എന്നതിലും വ്യക്തത വരുത്തേണ്ടത് അത്യാവശ്യമാണ്. **അതിനാൽ, ആഭ്യന്തരം, പൊതുഭരണ (പൊളിറ്റിക്കൽ) എന്നീ വകുപ്പുകളുമായി കൂടിയാലോചന നടത്തി, ഏതൊക്കെ വിഭാഗത്തിലുള്ള വ്യക്തികളുടെ സുരക്ഷയ്ക്കാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ സേവനം ലഭ്യമാക്കേണ്ടതെന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിനും വി.ഐ.പി. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർ നിറവേറ്റേണ്ട ചുമതലകൾ എന്തൊക്കെയാണെന്ന് നിർവചിക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ (SOP) തയ്യാറാക്കുന്നതിനും ഭരണവകുപ്പായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുൻകൈ എടുക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികൾ</u>**

**6.8** ഭക്ഷ്യവിഷബാധ സംശയിക്കപ്പെടുന്ന സാഹചര്യങ്ങളിലും സ്ഥിരീകരിക്കപ്പെട്ട കേസുകളിലും ഭക്ഷ്യസുരക്ഷാ ഓഫീസർ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം കേസുകളിൽ മഹസ്സർ തയ്യാറാക്കുക, സംഭവവുമായി ബന്ധപ്പെട്ട വ്യക്തികളുടെ മൊഴി രേഖപ്പെടുത്തുക, ഭക്ഷ്യവിഷബാധയ്ക്ക് കാരണമായ ഭക്ഷ്യവസ്തുവിന്റെ സാമ്പിൾ ലഭ്യമാണെങ്കിൽ അത് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയയ്ക്കുക തുടങ്ങിയ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെങ്കിലും അതിന് ഏകീകൃത സ്വഭാവമുള്ളതായി കാണുന്നില്ല. ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കിടയിൽ അവ്യക്തത നിലനിൽക്കുന്നതായി കാണുന്നു. **ഭക്ഷ്യവിഷബാധ സ്ഥിരീകരിക്കപ്പെട്ട കേസുകളിലും ഭക്ഷ്യവിഷബാധ സംശയിക്കപ്പെടുന്ന സാഹചര്യങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസർ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുന്ന ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

## അഡ്ജുഡിക്കേഷൻ /പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ

**6.9** ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വിപണിയിൽ നിന്നും ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകൾ പരിശോധനയ്ക്കായി ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും പരിശോധനയിൽ മിസ് ബ്രാന്റഡായോ നിശ്ചിത ഗുണനിലവാരമില്ലാത്തതായോ കണ്ടെത്തുന്ന വേളയിൽ കുറ്റക്കാർക്കെതിരെ ആർ.ഡി.ഒ. കോടതിയിൽ അഡ്ജുഡിക്കേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്യുന്നു. പരിശോധനയിൽ ഭക്ഷ്യ സാമ്പിളിൽ ജീവന് ഹാനിയുണ്ടാക്കുന്നതും സുരക്ഷിതമല്ലാത്തതുമായ (Unsafe) വസ്തുക്കൾ കണ്ടെത്തിയാൽ ഉത്തരവാദികളായവർക്കെതിരെ ക്രിമിനൽ കോടതിയിലാണ് കേസ് ഫയൽ ചെയ്യുന്നത്. ബന്ധപ്പെട്ട ഭക്ഷ്യസുരക്ഷാ ഓഫീസറാണ് അഡ്ജുഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ കോടതികളിൽ ഫയൽ ചെയ്യുന്നത്.

**6.10** ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസറാണ് അഡ്ജുഡിക്കേഷൻ കേസ് ഫയൽ ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 42-ാം വകുപ്പിൽ പ്രോസിക്യൂഷൻ നടപടിക്രമം വിവരിക്കുന്നുണ്ട്. വകുപ്പ് 42(3) അനുസരിച്ച് ഫുഡ് അനലിസ്റ്റിന്റെ റിപ്പോർട്ട് ഡെസിഗ്നേറ്റഡ് ഓഫീസർ പരിശോധിക്കേണ്ടതും, ഉണ്ടായിട്ടുള്ള നിയമലംഘനം ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണെന്ന് ബോധ്യമാകുന്നപക്ഷം 14 ദിവസങ്ങൾക്കുള്ളിൽ പ്രോസിക്യൂഷൻ അനുമതി ലഭ്യമാക്കുന്നതിനുള്ള ശിപാർശ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണമെന്നുമാണ് വ്യവസ്ഥ.

**6.11** കേസിൽ പ്രതിചേർക്കേണ്ട മുഴുവൻ ആളുകളുടെയും (റീട്ടെയിലർ, ഹോൾ സെയിലർ, ഡിസ്ട്രിബ്യൂട്ടർ, മാനുഫാക്ചറർ മുതലായവർ) പേരും മേൽവിലാസവും ഡെസിഗ്നേറ്റഡ് ഓഫീസറുടെയോ ഭക്ഷ്യസുരക്ഷാ ഓഫീസറുടെയോ പക്കൽ ലഭ്യമല്ലാത്തതിനാൽ ബഹുഭൂരിപക്ഷം കേസുകളിലും ലബോറട്ടറി റിപ്പോർട്ട് ലഭിച്ച് 14 ദിവസങ്ങൾക്കുള്ളിൽ പ്രോസിക്യൂഷൻ അനുമതിക്കായുള്ള ശിപാർശ സമർപ്പിക്കാൻ ഡെസിഗ്നേറ്റഡ് ഓഫീസർമാർക്ക് കഴിയാത്ത സാഹചര്യമാണുള്ളത്. കേസിനാസ്പദമായ ഭക്ഷ്യസാമ്പിളിൽ ഫുഡ് ബിസിനസ് ഓപ്പറേറ്ററുടെ ലൈസൻസ് നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടാകുമെങ്കിലും ഭക്ഷ്യസുരക്ഷാ ഓഫീസർക്ക്, തന്റെ അധികാര

പരിധിയ്ക്കു പുറത്തു നിന്നും ലൈസൻസ് നേടിയ സ്ഥാപനത്തിന്റെ നടത്തിപ്പ് ചുമതലയുള്ള വ്യക്തിയുടെ പേരുവിവരം FoSCoS സോഫ്റ്റ് വെയറിൽ നിന്നും നിലവിൽ ലഭ്യമാകില്ല. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് നിയമപരമായി ഉത്തരവാദിത്തമുള്ള വ്യക്തിയുടെ പേരില്ലാതെ സ്ഥാപനത്തിന്റെ മാത്രം പേരിൽ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യാൻ സാധിക്കില്ല. ഇതുമൂലം, ബന്ധപ്പെട്ട ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ/ഡെസിഗ്നേറ്റഡ് ഓഫീസറുടെ അധികാരപരിധിക്ക് പുറത്ത് ലൈസൻസ് നേടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് കേസിൽ ഉൾപ്പെട്ടിട്ടുള്ളതെങ്കിൽ ആ സ്ഥാപനത്തിന്മേൽ നിയമപരമായ ഉത്തരവാദിത്തമുള്ള വ്യക്തിയെ കണ്ടെത്തി കേസിൽ പ്രതി ചേർക്കുന്നതിനായി കമ്മീഷണറേറ്റ് മുഖേന വിവരം ശേഖരിക്കേണ്ടതായി വരുന്നു.

**6.12** ഇത്തരം കേസുകളിൽ പ്രതിപ്പട്ടിക തയ്യാറാക്കുന്നതിനുണ്ടാകുന്ന കാലതാമസം നിമിത്തം പ്രോസിക്യൂഷൻ നടപടികൾ വൈകുന്ന സ്ഥിതിയുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ ലബോറട്ടറികളിൽ നിന്നും പരിശോധനാഫലം ലഭ്യമായിട്ടും തുടർനടപടികൾ സ്വീകരിക്കാതിരിക്കുന്നു എന്നത് ഒരു പോരായ്മയായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സമയബന്ധിതമായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് ഇത്തരം സാങ്കേതികമായ ബുദ്ധിമുട്ടുകളും കാരണമാകുന്നുണ്ടെന്ന വസ്തുത കാണാതിരുന്നുകൂടാ.

**6.13 ഭക്ഷ്യസുരക്ഷാ ലൈസൻസോ, രജിസ്ട്രേഷനോ ഉള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് നിയമപരമായി ഉത്തരവാദിത്തമുള്ള വ്യക്തിയുടെ പേരുവിവരം ജില്ലാ ഓഫീസർമാർക്ക് ലഭ്യമാകുന്ന തരത്തിൽ FoSCoS സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിനായി FSSAI-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

## <u>പ്രോസിക്യൂഷൻ/അഡ്ജുഡിക്കേഷൻ കേസുകളിൽ സമയബന്ധിതമായ നടപടി ഉറപ്പുവരുത്തൽ</u>

**6.14** പ്രോസിക്യൂഷൻ നടപടി ആവശ്യമായി വരുന്ന നിയമലംഘനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾക്ക് സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള നിർദേശങ്ങളൊന്നും ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിലവിലില്ലായെന്ന് കാണുന്നു. ഇത് മൂലം നിയമലംഘനം

ശ്രദ്ധയിൽപ്പെട്ടാലും യഥാസമയം കേസ് ഫയൽ ചെയ്യാതെ നീട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങൾ ഉണ്ടാകുന്നതായി വിജിലൻസിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി കേസ് ഫയൽ ചെയ്യുന്നതിന് മുകളിൽ സൂചിപ്പിച്ച സാങ്കേതിക കാരണങ്ങൾ കൊണ്ട് തടസ്സം ഉണ്ടാകാമെങ്കിലും പ്രതിപ്പട്ടികയിൽ ഉൾപ്പെടുന്നവരെ സഹായിക്കുന്നതിനായി കേസ് ഫയൽ ചെയ്യുന്നത് ബോധപൂർവ്വം വൈകിപ്പിക്കാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയുകയില്ല.

**6.15** മേൽസാഹചര്യത്തിൽ, **നിയമ ലംഘനങ്ങളിൽ പ്രോസിക്യൂഷൻ നടപടികൾ യഥാസമയം സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമലംഘനം ശ്രദ്ധയിൽപ്പെടുന്നതു മുതൽ കേസുമായി ബന്ധപ്പെട്ട രേഖകൾ സമാഹരിച്ച് അന്വേഷണം പൂർത്തീകരിക്കൽ, പ്രോസിക്യൂഷൻ അനുമതിക്കുള്ള ശിപാർശ സമർപ്പിക്കൽ, പ്രോസിക്യൂഷൻ അനുമതി നൽകൽ, കേസ് കോടതിയിൽ ഫയൽ ചെയ്യൽ തുടങ്ങിയ ഓരോ ഘട്ടങ്ങൾക്കും സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശം ഭക്ഷ്യസുരക്ഷാ കമ്മീഷണർ അടിയന്തരമായി പുറപ്പെടുവിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഈ സമയക്രമം കൃത്യമായി പാലിക്കപ്പെടുന്നു എന്ന് സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും മതിയായ കാരണങ്ങളില്ലാതെ കേസ് ഫയൽ ചെയ്യുന്നത് വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്**.

**ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ കോടതി സന്ദർശനം**

**6.16** ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ കോടതി സന്ദർശനം അവരുടെ ദൈനംദിന പ്രവർത്തനങ്ങളെ എങ്ങനെ ദോഷകരമായി ബാധിക്കുന്നു എന്നത് ഈ റിപ്പോർട്ടിന്റെ **4.36 മുതൽ 4.38 വരെയുള്ള** ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കേസുകൾ സ്വകാര്യ അന്യായങ്ങളായിട്ടാണ് കോടതികളിൽ ഫയൽ ചെയ്യപ്പെടുന്നത്. ഇക്കാരണത്താൽ കോടതി കേസ് പരിഗണിക്കുന്ന ദിവസങ്ങളിലെല്ലാം ഹർജിക്കാരനായ ഭക്ഷ്യസുരക്ഷാ ഓഫീസർക്കും കോടതിയിൽ ഹാജരാകേണ്ടി വരുന്നു. എന്നാൽ സർക്കാർ വാദിയായി വരുന്ന ക്രിമിനൽ കേസുകളിൽ മൊഴിയെടുപ്പ്, സാക്ഷിവിസ്താരം, ക്രോസ്

വിസ്താരം തുടങ്ങിയ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ കുറ്റാന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഹാജരാകേണ്ടി വരുന്നുള്ളൂ. ഇത്തരമൊരു സൗകര്യം ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് കൂടി ലഭ്യമായാൽ കേസ് പരിഗണിക്കുന്ന ദിവസങ്ങളിലെല്ലാം ഇവർ കോടതിയിൽ ഹാജരാകേണ്ടി വരുന്ന സ്ഥിതി ഒഴിവാക്കാവുന്നതാണ്.

**6.17** ഭക്ഷ്യസുരക്ഷാ വകുപ്പ് ഫയൽ ചെയ്യുന്ന കേസുകളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരികയാണ്. തത്ഫലമായി ഭക്ഷ്യസുരക്ഷാ ഓഫീസർമാർ കോടതിയിൽ ഹാജരാകേണ്ടി വരുന്ന ദിവസങ്ങളുടെ എണ്ണവും വർദ്ധിക്കുന്നു. കോടതികളിൽ ഹാജരാകേണ്ടി വരുന്നതുമൂലം ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുന്നത് പൊതുജന താൽപര്യത്തിന് യോജിച്ചതല്ല. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ ഇടപെടലുകൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. **കോടതി സന്ദർശനം മൂലം ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ജോലി തടസ്സപ്പെടുന്നതിന്റെ ഗൗരവം ആഭ്യന്തരവകുപ്പ് മുഖാന്തിരം ബഹു. ഹൈക്കോടതിയെ ബോധ്യപ്പെടുത്തി, ഭക്ഷ്യസുരക്ഷാ ഓഫീസർമാർ കോടതിയിൽ ഹാജരാകേണ്ടിവരുന്ന സാഹചര്യം അത്യാവശ്യ സന്ദർഭങ്ങളിലേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. ഇതോടൊപ്പം ഭക്ഷ്യസുരക്ഷാ ഓഫീസർ ഹാജരാകാത്ത ദിവസങ്ങളിൽ അദ്ദേഹത്തെ പ്രതിനിധീകരിച്ച് കോടതിയിൽ ഹാജരാകുന്നതിനുള്ള നിർദ്ദേശം പ്രോസിക്യൂട്ടർമാർക്കും നൽകേണ്ടതാണ്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുൻകൈയെടുത്തുകൊണ്ട് ആഭ്യന്തരവകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.**

**<u>രജിസ്റ്ററുകളുടെ പരിപാലനം</u>**

**6.18** ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ക്ലർക്കിന്റെ ചുമതലയിൽ 29 തരം രജിസ്റ്ററുകൾ പരിപാലിക്കേണ്ടതാണെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഓഫീസ് മാന്വൽ (MOP) പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഇതിൽ ഉൾപ്പെടുന്നു.

സോണൽ ഓഫീസുകൾ നിലവിൽ വരുന്ന സാഹചര്യത്തിൽ MOP പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സോണൽ ഓഫീസ് തലം മുതൽ സൂക്ഷിച്ചാൽ മതിയാകുന്നതാണ്.

**6.19** ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നടത്തുന്ന പരിശോധനകൾ, സാമ്പിൾ ശേഖരണം മുതലായ സ്റ്റാറ്റ്യൂട്ടറി ജോലികൾ FoSCoS ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നുണ്ട്. കൂടാതെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ അനുവദിക്കുന്നതും ഓൺലൈൻ സോഫ്റ്റ് വെയറായ FoSCoS മുഖേനയാണ്. ഇത്തരത്തിൽ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകുന്ന വിവരങ്ങൾക്കും പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചുവരുന്നതായി കാണുന്നു. വിജിലൻസ് പരിശോധനാവേളയിൽ രജിസ്റ്ററുകൾ ആവശ്യപ്പെടുന്ന സാഹചര്യം ഉള്ളതിനാലാണ് മിക്ക ഓഫീസുകളിലും ഇത്തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടി വരുന്നതെന്നാണ് മനസിലാകുന്നത്. ഡിജിറ്റൽ രൂപത്തിൽ ലഭ്യമായ വിവരങ്ങൾ പ്രിന്റെടുത്ത് രജിസ്റ്റർ രൂപത്തിൽ സൂക്ഷിക്കാമെന്നിരിക്കെ അതു ചെയ്യാതെ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നത് മനുഷ്യവിഭവശേഷിയുടെ പാഴാക്കലാണ്.

**6.20 ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പുന:സംഘടിപ്പിക്കുന്ന ഓഫീസുകളിൽ MOP പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും, വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഏതൊക്കെയെന്ന് വ്യക്തമാക്കിക്കൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** ഡിജിറ്റൽ രൂപത്തിൽ ലഭ്യമായ വിവരങ്ങൾ വീണ്ടും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നത് പൂർണമായും ഒഴിവാക്കേണ്ടതാണ്.

**വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന**

**6.21** 'ഓപ്പറേഷൻ ജീവൻ-2' എന്ന പേരിൽ സംസ്ഥാനവ്യാപകമായി ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി വയനാട് ജില്ലയിലെ മാനന്തവാടി ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിൽ 03.12.2021-ന് പരിശോധന നടത്തുകയുണ്ടായി. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ വകുപ്പുകൾ പ്രകാരം മാത്രമാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ കോടതി മുമ്പാകെ കേസുകൾ രജിസ്റ്റർ ചെയ്യുന്നതെന്നും ഇന്ത്യൻ ശിക്ഷാ

നിയമത്തിലെ 272, 273 വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്നും വിജിലൻസ് പരിശോധനാ സംഘം നിരീക്ഷിച്ചു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 272, 273 വകുപ്പുകൾ കൂടി ഉൾപ്പെടുത്തി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കും നിർദ്ദേശം നൽകേണ്ടതാണെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്യുകയുണ്ടായി (19.08.2022-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നൽകിയ ഇ 16 (എസ്.സി.45/2021/വയനാട്) 22919/22 നമ്പർ കത്ത്). സമാനമായ നിരീക്ഷണം തൃശൂർ ജില്ലയിലെ പുതുക്കാട് ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ടിലും ഉൾപ്പെടുത്തിയതായി കാണുന്നുണ്ട് (27.07.2022-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നൽകിയ ഇ 11 (എസ്.സി.66/21) ടി.എസ്.ആർ) 17866/2022 നമ്പർ കത്ത്).

**6.22** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം-2006 പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ ഉള്ളവരാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ. നിയമം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കോടതികളിൽ കേസ് ഫയൽ ചെയ്യുന്നത് ഭക്ഷ്യസുരക്ഷാ ഓഫീസറാണ്. ഭക്ഷ്യസുരക്ഷാ കമ്മീഷണർ പ്രോസിക്യൂഷൻ അനുമതി നൽകുന്ന കേസുകളാണ് കോടതികളിൽ ഫയൽ ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം-2006-ന്റെ ലംഘനങ്ങൾക്ക് മാത്രമേ ഈ ഉദ്യോഗസ്ഥർക്ക് കേസുമായി മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ കൂടി ഉൾപ്പെടുത്തി കേസുകൾ രജിസ്റ്റർ ചെയ്യാനുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ അധികാര പരിധിയിൽ വരുന്നതല്ല എന്ന് കാണുന്നു. ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം പോലീസ് വകുപ്പിനാണുള്ളത്. അതിനാൽ മേൽപ്പറഞ്ഞ ശിപാർശ യുക്തിസഹമല്ലെന്നും സാങ്കേതികമായി നടപ്പിലാക്കാൻ കഴിയാത്തതാണെന്നും പഠനസംഘം വിലയിരുത്തുന്നു. വസ്തുതാപരമായി നിലനിൽക്കാത്ത ശിപാർശകൾ പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നത് അവരുടെ മനോവീര്യം തകർക്കുന്നതിന് കാരണമാവും.

**6.23** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം-2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ അധികാരങ്ങൾ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കും ഡെസിഗ്നേറ്റഡ് ഓഫീസർമാർക്കും വിഭജിച്ച് നൽകിയിട്ടുണ്ട്. ഈ **അധികാരങ്ങളുടെ ദുർവിനിയോഗം തടയുന്നതിനും അഴിമതി കണ്ടെത്തുന്നതിനുമായി പരിശോധന നടത്തുന്ന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങളേയും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തേയും കുറിച്ച് പൊതുവായ ധാരണ ഉണ്ടാവുകയാണെങ്കിൽ അപ്രായോഗികവും നിയമപരമായി നിലനിൽക്കാത്തതുമായ ശിപാർശകൾ പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുന്നത് ഒഴിവാക്കുന്നതിനും പരിശോധന കൂടുതൽ ഫലപ്രദമായി നടത്തുന്നതിനും സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ വിജിലൻസ് വകുപ്പ് മുഖേന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഭരണ വകുപ്പായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുൻകൈ എടുക്കേണ്ടതാണ്.**

**കോഴിക്കോട് ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം**

**6.24** കോഴിക്കോട് നഗരഹൃദയത്തിലുള്ള മാനാഞ്ചിറ മൈതാനത്തിന് സമീപത്തായി, ആരോഗ്യ വകുപ്പിൽ നിന്ന് കൈമാറി ലഭിച്ച കെട്ടിടത്തിലാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജില്ലാ, മേഖലാ ഓഫീസുകളും നാല് സർക്കിൾ ഓഫീസുകളും പ്രവർത്തിച്ചുവരുന്നത്. ഉദ്ദേശം 50 സെന്റോളം സ്ഥലം വകുപ്പിന് ഇവിടെ സ്വന്തമായുണ്ട്. കാലപ്പഴക്കം ചെന്ന ഈ കെട്ടിടത്തിൽ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ഓഫീസും പ്രവർത്തിച്ചുവരുന്നു.

**6.25** നഗരത്തിന്റെ ഹൃദയഭാഗത്ത് വാണിജ്യപ്രാധാന്യമുള്ള സ്ഥലം സ്വന്തമായിട്ടുള്ള സാഹചര്യത്തിൽ അതിന്റെ സാധ്യത പൂർണമായും പ്രയോജനപ്പെടുത്തുവാൻ വകുപ്പിന് കഴിയേണ്ടതുണ്ട്. കാലപ്പഴക്കം ചെന്ന നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി ഈ സ്ഥലത്ത് ഒരു ബഹുനില മന്ദിരം പണി കഴിപ്പിച്ചാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് പ്രയോജനപ്രദമാകുന്ന ട്രെയിനിംഗ് സെന്റർ, കോൺഫറൻസ് ഹാൾ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെ വകുപ്പിന്റെ ഓഫീസുകൾക്ക് അവിടെ പ്രവർത്തിക്കുവാൻ കഴിയുന്നതാണ്. കൂടാതെ കെട്ടിടം മറ്റ് ഓഫീസുകൾക്കും, വാണിജ്യ സ്ഥാപനങ്ങൾക്കും വാടകയ്ക്ക് നൽകുന്നതിലൂടെ

നല്ലൊരു തുക വകുപ്പിന് വരുമാനമായും ലഭിക്കുന്നതാണ്.

**6.26 ഈ സാധ്യതകൾ കണക്കിലെടുത്ത് കോഴിക്കോട് നഗരഹൃദയത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതുതായി ഓഫീസ് സമുച്ചയം പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**ഐ.ഇ.സി. ബോധവൽക്കരണ/പരിശീലന ക്ലാസുകൾ**

**6.27** ഐ.ഇ.സി. ബോധവൽക്കരണ പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കുന്നതിന്റെ ഭാഗമായി 10.08.2023-ന് വയനാട് ജില്ലയിലെ കൽപ്പറ്റ സർക്കിൾ ഓഫീസിന്റെ പരിധിയിലുള്ള പൂക്കോട് ഡയറി അംഗനവാടിയിൽ (സെന്റർ നമ്പർ. 115) നടത്തിയ ബോധവൽക്കരണ പരിപാടി പഠനസംഘം നിരീക്ഷിക്കുകയുണ്ടായി. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അവബോധം വളർത്തിയെടുക്കുന്നതിനായി സംഘടിപ്പിച്ച പ്രസ്തുത പരിപാടിയിൽ ഗോത്രവിഭാഗക്കാർ ഉൾപ്പെടെയുള്ള ഇരുപതോളം പ്രദേശവാസികളാണ് പങ്കെടുത്തത്. പ്രാഥമിക വിദ്യാഭ്യാസം പോലുമില്ലാത്ത ഗോത്രവിഭാഗക്കാർ ഉൾപ്പെടുന്ന സംഘത്തിന് അവബോധം നൽകുന്നതിനുള്ള പരിശീലന പരിപാടിയിൽ ഇംഗ്ലീഷിലുള്ള സാങ്കേതിക പദങ്ങളും ശാസ്ത്രീയ വിശദീകരണങ്ങളും വളരെയധികം ഉൾപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. അതുകൊണ്ടുതന്നെ ഇവരിൽ നല്ലൊരു വിഭാഗത്തിനും ക്ലാസ്സ് പൂർണമായും ഉൾക്കൊള്ളാൻ കഴിയുന്നില്ലായെന്ന് മനസിലാക്കുന്നു.

**6.28** പങ്കെടുക്കുന്നവരുടെ സാമൂഹിക,വിദ്യാഭ്യാസ പശ്ചാത്തലം പരിഗണിക്കാതെയുള്ള ബോധവൽക്കരണ/പരിശീലന പരിപാടികൾ കൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയില്ല. അതിനാൽ **സാധാരണ ജനവിഭാഗങ്ങൾക്കായി ബോധവൽക്കരണ/പരിശീലന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സാങ്കേതിക പദങ്ങളും ശാസ്ത്രീയ വിശദീകരണങ്ങളും അനായാസം ഗ്രഹിക്കാൻ കഴിയുന്ന രീതിയിലുള്ള മോഡ്യൂളുകൾ തയ്യാറാക്കി കഴിവതും പ്രാദേശിക ഭാഷയിൽത്തന്നെ അവതരിപ്പിക്കുവാൻ ഐ.ഇ.സി. വിഭാഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

## വെള്ളത്തിന്റെ പരിശോധനാ നടപടിക്രമങ്ങൾ വെബ് സൈറ്റിൽ ഉൾപ്പെടുത്തൽ

**6.29** വിവിധ ആവശ്യങ്ങൾക്കായി വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനാണ് പൊതുജനങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളെ കൂടുതലായി ആശ്രയിക്കുന്നത്. സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും സ്കൂളുകളിൽ നിന്നും ഇതേ ആവശ്യത്തിനായി ലബോറട്ടറികളിൽ എത്താറുണ്ട്. പരിശോധിക്കുവാനുള്ള വെള്ളത്തിന്റെ സാമ്പിളുമായിട്ടാണ് കൂടുതൽപേരും എത്തുന്നത്. എന്നാൽ അണുവിമുക്തമാക്കിയ കുപ്പിയിൽ ശേഖരിച്ച വെള്ളമാണ് പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ളതെന്ന കാര്യം ലബോറട്ടറിയിൽ എത്തുമ്പോൾ മാത്രമാണ് ഭൂരിഭാഗം ആളുകളും അറിയുന്നത്. അണുവിമുക്തമാക്കിയ കുപ്പിയിൽ ശേഖരിച്ച വെള്ളം നിർബന്ധമായതിനാൽ ലബോറട്ടറികളിൽ നിന്നും നൽകുന്ന കുപ്പിയിൽ വെള്ളം ശേഖരിച്ച് പൊതുജനങ്ങൾക്ക് വീണ്ടും എത്തേണ്ടതായി വരുന്നു. പരിശോധനാ നടപടിക്രമങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കപ്പെടാത്തത് മൂലമാണ് പൊതുജനങ്ങൾക്ക് ഈ രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്.

**6.30** ഐ.ഇ.സി. പ്രവർത്തനങ്ങളുടെ ഭാഗമായി, വെള്ളം പരിശോധിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിശദീകരിക്കുന്നത് പൊതുജനങ്ങളിൽ ഇത് സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കാൻ ഉപകരിക്കും. വെള്ളം പരിശോധന നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തുകയും ഓൺലൈനായി ഫീസ് സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതിലൂടെ പൊതുജനത്തിന് വേഗത്തിൽ സേവനം ലഭ്യമാകുന്നതാണ്.

**6.31 ഭക്ഷ്യസുരക്ഷാ ലബോറട്ടറികളിൽ വെള്ളം പരിശോധിക്കുന്നതിനുള്ള നടപടിക്രമങ്ങളും പരിശോധനാ ഫീസ് സംബന്ധിച്ച വിവരങ്ങളും വകുപ്പിന്റെ വെബ് സൈറ്റിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.**

## ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത

**6.32** ചുമതലകൾ ഫലപ്രദമായി നിർവഹിക്കാൻ പ്രാപ്തരാക്കുന്ന തരത്തിൽ ജീവനക്കാർക്ക് പരിശീലനം നൽകിയാൽ മാത്രമേ ഏതൊരു വകുപ്പിന്റെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. ഭക്ഷ്യസുരക്ഷാ വകുപ്പിൽ എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ, മിനിസ്റ്റീരിയൽ എന്നിങ്ങനെ മൂന്നുതരം ജീവനക്കാരാണുള്ളത്. എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി നിയമനം ലഭിക്കുന്നവർക്ക് FSSAI നൽകുന്ന നിർബന്ധിത പരിശീലനം വിജയകരമായി പൂർത്തീകരിച്ചതിനു ശേഷമാണ് സ്റ്റാറ്റ്യൂട്ടറി ചുമതലകൾ നൽകുന്നത്. എന്നാൽ തുടക്കത്തിൽ ലഭ്യമാകുന്ന ഈ പരിശീലനമൊഴികെ, അനുദിനം മാറ്റത്തിന് വിധേയമാകുന്ന ഭക്ഷ്യവിപണിയിലെ വെല്ലുവിളികളെക്കുറിച്ചും ഭക്ഷ്യസുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ യഥാസമയം ബോധവാന്മാരാക്കുന്നതിന് പര്യാപ്തമായ പരിശീലനങ്ങളോ ഓറിയന്റേഷൻ കോഴ്സുകളോ നിലവിൽ അവർക്ക് ലഭ്യമാകുന്നില്ല എന്ന് കാണുന്നു. ഭക്ഷ്യസുരക്ഷാ ഓഫീസറായി സേവനമനുഷ്ഠിക്കുന്നവരിൽ പലർക്കും മൈക്രോബയോളജിക്കൽ പരിശോധനയ്ക്കുള്ള സാമ്പിൾ ശേഖരിക്കുന്നതിൽ മതിയായ വൈദഗ്ധ്യം ഇല്ലെന്നാണ് പഠനസംഘം മനസ്സിലാക്കുന്നത്. പ്രോസിക്യൂഷൻ കേസുകൾ ഭക്ഷ്യസുരക്ഷാ ഓഫീസർ സ്വന്തം നിലയിലാണ് കോടതിയിൽ ഫയൽ ചെയ്യേണ്ടത്. അന്യായം തയ്യാറാക്കുന്നതിലുണ്ടാകുന്ന ചെറിയ സാങ്കേതിക പിഴവു പോലും കേസുകളിൽ പ്രതികൂല വിധികൾ ഉണ്ടാവുന്നതിന് കാരണമാകും.

**6.33** അനലിറ്റിക്കൽ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പുതിയ പരിശോധനാരീതികളെക്കുറിച്ചും ഭക്ഷ്യസുരക്ഷാ ഗുണനിലവാര രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും യഥാസമയം പരിശീലനം നൽകിയാൽ മാത്രമേ ആ വിഭാഗത്തിന് എൻഫോഴ്സ്മെന്റ് വിഭാഗവുമായി തോളോട്തോൾ ചേർന്ന് പുതിയകാലത്തെ വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ സാധിക്കുകയുള്ളൂ.

**6.34** ഓഫീസ് മാന്വൽ (MOP) പ്രകാരമുള്ള ഫയൽ പ്രോസസിങ്, രജിസ്റ്ററുകളുടെ പരിപാലനം, ജീവനക്കാരുടെ സേവനവേതന സംബന്ധിയായ വിഷയങ്ങൾ, ഓഫീസ്

നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ച് മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിലൂടെ ഓഫീസ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും മെച്ചപ്പെട്ടതും സുതാര്യമായതുമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും വകുപ്പിന് കഴിയുന്നതാണ്.

**6.35** ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യഥാസമയം പരിശീലനം നൽകേണ്ടത് അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന് ജീവനക്കാരുടെ പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ചുമതല നൽകുവാൻ ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. **മേൽസാഹചര്യത്തിൽ പ്രസ്തുത ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിലെ എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ, മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ഇൻസർവ്വീസ്, ഓൺ ദ ജോബ് (OTJ) പരിശീലന പരിപാടികൾ, ഓറിയന്റേഷൻ കോഴ്സുകൾ എന്നിവ യഥാസമയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>സർക്കാർ/പൊതുമേഖലയിലുള്ള ലബോറട്ടറികളെ FSSAI അംഗീകൃത ലബോറട്ടറികളാക്കുന്നതിനുള്ള നടപടി</u>**

**6.36** സർക്കാർ വകുപ്പുകൾ, സർവകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കീഴിൽ ഭക്ഷ്യവസ്തുക്കളുടേയും വെള്ളത്തിന്റേയും ഗുണനിലവാര പരിശോധന നടത്തുന്ന നിരവധി ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ക്ഷീരവികസന വകുപ്പിന് കീഴിൽ പാൽ, പാലുത്പന്നങ്ങൾ, വെള്ളം എന്നിവ പരിശോധിക്കുന്നതിന് അത്യാധുനിക സൗകര്യങ്ങളുള്ളതും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചതുമായ ലബോറട്ടറി സംവിധാനമുണ്ട്. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മാംസോൽപ്പന്നങ്ങൾ, സമുദ്രോൽപന്നങ്ങൾ, ഭക്ഷ്യോൽപന്നങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക്, മറൈൻ & അഗ്രി പ്രോഡക്ട്സ് (SLMAP) എന്ന പേരിൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ച ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. കാർഷിക സർവകലാശാലയ്ക്ക് കീഴിൽ കാർഷിക വിഭവങ്ങളുടെ പരിശോധനയ്ക്കും

ഗവേഷണ പ്രവർത്തനങ്ങൾക്കുമുള്ള ലബോറട്ടറിയുമുണ്ട്. മറ്റു സർവകലാശാലകൾക്ക് കീഴിലും ഭക്ഷ്യസാമ്പിളുകളുടെ പരിശോധന നടത്തുന്നതിന് പര്യാപ്തമായ സംവിധാനങ്ങളുള്ള ലബോറട്ടറികൾ നിലവിലുണ്ട്. ഇതുകൂടാതെ വെള്ളം പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ കേരള വാട്ടർ അതോറിറ്റിക്ക് കീഴിലുമുണ്ട്.

**6.37** സർക്കാർ/പൊതുമേഖലയിലുള്ള എല്ലാ ഭക്ഷ്യപരിശോധനാ ലബോറട്ടറികൾക്കും FSSAI-യുടെ അംഗീകാരം ലഭ്യമാക്കാൻ കഴിഞ്ഞാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിന് ഇവയുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിലൂടെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിലേക്ക് സാമ്പിളുകൾ അധികമായി എത്തുന്നത് തടയുന്നതിനും കൂടുതൽ മുതൽമുടക്കില്ലാതെ ഭക്ഷ്യപരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. ഭക്ഷ്യസാമ്പിളുകളുടെ പരിശോധന നടത്തുന്നതിലൂടെ പ്രസ്തുത ലബോറട്ടറികൾക്ക് അധിക വരുമാനം നേടുന്നതിനുള്ള അവസരവും ഉണ്ടാകുന്നതാണ്. **FSSAI-യുടെ അംഗീകാരം ലഭ്യമാകുന്നതിലൂടെ ഈ ലബോറട്ടറികളുടെ സേവനവും ഭക്ഷ്യപരിശോധനയ്ക്കായി ലഭ്യമാകുമെന്നതിനാൽ സർക്കാർ/ പൊതുമേഖലയിലുള്ള എല്ലാ ഭക്ഷ്യപരിശോധനാ ലബോറട്ടറികൾക്കും FSSAI-യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഇതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുൻകൈ എടുക്കേണ്ടതാണ്.**

**<u>വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തൽ</u>**

**6.38** ഭക്ഷ്യസുരക്ഷയെന്നത് ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം, സംസ്കരണം, വിതരണം, ഉപഭോഗം തുടങ്ങി ഭക്ഷ്യവിതരണ ശൃംഖലയുടെ ഓരോ ഘട്ടത്തിലും ശ്രദ്ധയും ഇടപെടലും ആവശ്യമായ സംഗതിയാണ്. സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും സംയുക്തമായ ഇടപെടലുകളും അനിവാര്യമാണ്. വിപണിയിൽ എത്തുന്ന ഒരു കാർഷിക ഉത്പന്നത്തിൽ കീടനാശിനിയുടെ അളവ് അനുവദനീയമായതിലും കൂടുതലാണെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയാൽ അതിന്റെ ഉത്പാദന പ്രക്രിയയിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉൽപ്പന്നത്തിലെ കീടനാശിനിയുടെ അളവ്

കുറയ്ക്കാൻ സാധിക്കണമെങ്കിൽ കൃഷി വകുപ്പുമായി ഏകോപനവും സഹകരണവും ആവശ്യമാണ്. എന്നാൽ ഭക്ഷ്യസുരക്ഷാ വകുപ്പും മറ്റു വകുപ്പുകളും തമ്മിൽ ഏകോപനം സാധ്യമാക്കുന്നതിനുള്ള സംവിധാനങ്ങളൊന്നും തന്നെ നിലവിലില്ല. കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, തദ്ദേശസ്വയംഭരണം, പൊതുവിതരണം, എക്സൈസ്, ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകളുമായി മികച്ച ഏകോപനം സാധ്യമായാൽ അത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് അത്യന്തം സഹായകരമാകുന്നതാണ്. രണ്ടോ മൂന്നോ വകുപ്പുകൾ ചേർന്ന് വല്ലപ്പോഴും നടത്തുന്ന സംയുക്ത സ്ക്വാഡ് പരിശോധനയിൽ മാത്രമായി വകുപ്പുകളുടെ ഒരുമിച്ചുള്ള പ്രവർത്തനം ഒതുങ്ങി നിൽക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.

**6.39** വകുപ്പുകൾ തമ്മിലുള്ള മികച്ച ഏകോപനത്തിന്റെ ആവശ്യകത വെളിവാക്കുന്ന ഒരു വസ്തുത പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 2021 സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 452 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചു. അതിൽ 10% സാമ്പിളുകളിൽ അനുവദനീയമായതിലും കൂടുതൽ അളവിൽ അഫ്ലാടോക്സിൻ-M1 Residue ഉള്ളതായി കണ്ടെത്തുകയുണ്ടായി. കാലിത്തീറ്റയിലൂടെയാണ് ഈ രാസവസ്തു പാലിൽ എത്തപ്പെടുന്നതെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനായി ഇക്കാര്യം മൃഗസംരക്ഷണ വകുപ്പിനെ അറിയിച്ചിട്ടുള്ളതായി മനസ്സിലാക്കുവാൻ സാധിച്ചു. മൃഗസംരക്ഷണ വകുപ്പ് ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരം ഭക്ഷ്യസുരക്ഷാ വകുപ്പിൽ ലഭ്യമല്ലെന്നാണ് പഠന സംഘത്തിന് അറിയാൻ കഴിഞ്ഞത്.

**6.40** സമ്പൂർണ്ണമായ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള മെച്ചപ്പെട്ട ഏകോപനവും വിവരങ്ങളുടെ കൈമാറ്റവും അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങളിൽ നിന്നും വ്യക്തമാണ്. അതിനാൽ **കൃഷി, ക്ഷീരവികസനം, മത്സ്യബന്ധനം, മൃഗസംരക്ഷണം, പൊതുവിതരണം, തദ്ദേശസ്വയംഭരണം, എക്സൈസ്, ലീഗൽ മെട്രോളജി തുടങ്ങിയ വിവിധ വകുപ്പുകളും ഭക്ഷ്യസുരക്ഷാ വകുപ്പും തമ്മിലുള്ള മെച്ചപ്പെട്ട ഏകോപനത്തിലൂടെ വിവരങ്ങളുടെ കൈമാറ്റം,**

**സംയുക്ത പ്രവർത്തനം എന്നിവ സാധ്യമാക്കുന്നതിനാവശ്യമായ പൊതുനിർദ്ദേശങ്ങൾ നൽകുന്നതിനായി ആരോഗ്യകുടുംബക്ഷേമ വകുപ്പ് മുൻകൈയെടുക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**തുടർ പ്രവൃത്തിപഠനത്തിന്റെ ആവശ്യകത**

**6.41** പ്രവൃത്തിപഠനത്തിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ സമർപ്പിച്ച ശിപാർശയിൽ കണ്ണൂരിൽ പുതിയതായി അനുവദിച്ചിട്ടുള്ള റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ പ്രവർത്തനങ്ങൾക്കായി 26 തസ്തികകൾ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പത്തനംതിട്ടയിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയായി ഉയർത്തുവാനും ഇതിന്റെ പ്രവർത്തനങ്ങൾക്കായി 36 അധിക തസ്തികകൾ സൃഷ്ടിക്കുവാനും ശിപാർശ ചെയ്തിരുന്നു.

**6.42** വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കണ്ണൂർ റീജിയണൽ ലബോറട്ടറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും അവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും ഇതുവരേയും ആരംഭിച്ചിട്ടില്ല. പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അത് പ്രാരംഭ ദശയിലാണ്. ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ മാത്രം ആവശ്യമായി വരുന്ന മേൽപ്പറഞ്ഞ തസ്തികകൾ ഈ ഘട്ടത്തിൽ അനുവദിക്കേണ്ടതിന്റെ ആവശ്യകതയില്ലെന്ന് വിലയിരുത്തുന്നു. ഇക്കാരണങ്ങളാൽ ഈ ലബോറട്ടറികൾ നിലവിലുള്ള രീതിയിൽ പ്രവർത്തനം നടത്തുന്നതിന് അനിവാര്യമായ തസ്തികകൾ മാത്രമാണ് ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്.

**6.43** ഈ പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഘടന, വിവിധ ഓഫീസുകളുടെ ചുമതല, പ്രവർത്തനരീതി എന്നിവയിൽ സമൂലമായ മാറ്റങ്ങളാണ് ശിപാർശ ചെയ്തിരിക്കുന്നത്. ഈ ശിപാർശകൾ നടപ്പിലാക്കിയശേഷമുള്ള വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇതിനായി ഒരു തുടർ പ്രവൃത്തിപഠനം അനിവാര്യമാണ്. **അതിനാൽ ഈ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കി ആറുമാസത്തിന് ശേഷം ഒരു തുടർ പ്രവൃത്തിപഠനം നടത്തുന്നതിനുള്ള**

**നിർദ്ദേശം ഭരണ വകുപ്പ് സമർപ്പിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** പത്തനംതിട്ട, കണ്ണൂർ ലബോറട്ടറികൾക്കായി ആവശ്യപ്പെട്ടിട്ടുള്ള തസ്തികകൾ അനുവദിക്കുന്ന കാര്യം പ്രസ്തുത പ്രവൃത്തിപഠനത്തിന്റെ ഭാഗമായി പരിശോധിക്കാവുന്നതാണ്.

## വകുപ്പിന്റെ ബജറ്റ് വിഹിതം

**6.44** 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 'വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും' എന്ന മേഖലയ്ക്കായി 2629.33 കോടി രൂപ നീക്കിവെച്ചപ്പോൾ അതിൽ നിന്നും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 57.53 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. ബഡ്ജറ്റ് വിഹിതത്തിന്റെ 2.18 % മാത്രമാണ് ഈ വകുപ്പിനു വേണ്ടി നീക്കി വച്ചിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രാധാന്യത്തിനനുസരിച്ചുള്ള വിഹിതം വകുപ്പിന് ലഭ്യമാകുന്നില്ല എന്ന് ഈ കണക്കുകൾ സൂചിപ്പിക്കുന്നു. **പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ നൽകാൻ കഴിയുന്ന സംഭാവനകൾ കണക്കിലെടുത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ബജറ്റ് വിഹിതം കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു**.

## ഭക്ഷ്യസുരക്ഷാ കമ്മീഷണർ തസ്തികയിലേയ്ക്കുള്ള നിയമനം

**6.45** 2011 -ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര ചട്ടങ്ങളിലെ 2.1.1 ചട്ടപ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത ചുവടെ ചേർക്കും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

' No Person below the rank of Commissioner and Secretary to State Government shall be eligible to be appointed as the Commissioner of Food Safety '

**6.46 ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് മറ്റു വകുപ്പുകളുമായി നിരന്തരം ബന്ധപ്പെടേണ്ടതുള്ളതിനാൽ ചട്ടം അനുശാസിക്കും പ്രകാരം ഗവൺമെന്റ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനെ ഭക്ഷ്യസുരക്ഷാ കമ്മീഷണറായി നിയമിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

## അധ്യായം - 7

# അധിക തസ്തികകളുടെ സാമ്പത്തിക ബാധ്യതയും പ്രാധാന്യവും

**7.1** ഈ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന / അപ്ഗ്രേഡ് ചെയ്യപ്പെടുന്ന തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 33</u>

| **ക്രമ നം.** | **തസ്തിക** | **നിലവിലുള്ള തസ്തികകൾ** | **പുതിയതായി സൃഷ്ടിക്കേണ്ട തസ്തികകൾ** |
|---|---|---|---|
| 1 | ഡെപ്യൂട്ടി കമ്മീഷണർ | 3 | 11 |
| 2 | ലോ ഓഫീസർ | - - | 1 |
| 3 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - - | 1 |
| 4 | സീനിയർ സൂപ്രണ്ട് | 2 | 4 |
| 5 | അസിസ്റ്റന്റ് കമ്മീഷണർ | 14 | 23 |
| 6 | ജൂനിയർ സൂപ്രണ്ട് | 3 | പുതിയ തസ്തികകൾ -11<br>ഹെഡ് ക്ലർക്ക് തസ്തികകളുടെ അപ്ഗ്രഡേഷൻ - 2 |
| 7 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 160 | 52 |
| 8 | റിസർച്ച് ഓഫീസർ | 25 | 1 |
| 9 | റിസർച്ച് ഓഫീസർ (മൈക്രോബയോളജി) | 1 | 2 |
| 10 | മൈക്രോബയോളജിസ്റ്റ് | 5 | 6 |
| 11 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II | 25 | 17 |

| | | | |
|---|---|---|---|
| 12 | ലാബ് അസിസ്റ്റന്റ് | 22 | 3 |
| **പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം** | | | **132** |
| **അപ്ഗ്രേഡ് ചെയ്യേണ്ട തസ്തികകളുടെ എണ്ണം** | | | **2** |

**7.2** ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ കാറ്റഗറികളിലായി 132 തസ്തികകൾ അധികമായി സൃഷ്ടിക്കാനും 2 തസ്തികകൾ അപ്ഗ്രേഡ് ചെയ്യാനുമാണ് ശിപാർശ ചെയ്തിട്ടുള്ളത്. ഇതോടൊപ്പം ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തിക നിർത്തലാക്കുന്നതിനുള്ള ശിപാർശയും നൽകിയിട്ടുണ്ട്. ഈ ശിപാർശകൾ നടപ്പിലാക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത വിശകലനം ചെയ്തിട്ടുണ്ട്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 134 തസ്തികകളുടെ (132 + 2) പ്രതിവർഷ ചെലവ് ചുവടെ ചേർക്കുന്നു. അടിസ്ഥാന ശമ്പളം, 7% നിരക്കിലുള്ള ക്ഷാമബത്ത (ഡി.എ), 7 % നിരക്കിലുള്ള വീട്ടുവാടക ബത്ത (എച്ച്.ആർ.എ) എന്നിവ ചേർത്താണ് ആകെ ശമ്പളം കണക്കാക്കിയിരിക്കുന്നത്. നിലവിൽ എച്ച്.ആർ.എ, അടിസ്ഥാന ശമ്പളത്തിന്റെ 4% മുതൽ 10% വരെയാണെങ്കിലും സ്റ്റാൻഡേർഡ് നിരക്കായി 7 % തിരഞ്ഞെടുത്താണ് ചെലവ് നിർണയിച്ചിരിക്കുന്നത്.

പട്ടിക നമ്പർ - 34

| ക്രമ നം | തസ്തിക | എണ്ണം | അടിസ്ഥാന ശമ്പളം | ഡി.എ (7%) | എച്ച്. ആർ.എ (7%) | ആകെ ശമ്പളം | പ്രതിവർഷ ചെലവ് (രൂപ) |
|---|---|---|---|---|---|---|---|
| 1 | ഡെപ്യൂട്ടി കമ്മീഷണർ | 11 | 63700 | 4459 | 4459 | 72618 | 95,85,576 (72618x12x11) |
| 2 | ലോ ഓഫീസർ | 1 | 63700 | 4459 | 4459 | 72618 | 8,71,416 (72618x12x1) |
| 3 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | 59300 | 4151 | 4151 | 67602 | 8,11,224 (67602x12x1) |
| 4 | സീനിയർ സൂപ്രണ്ട് | 4 | 51400 | 3598 | 3598 | 58596 | 28,12,608 (58596x12x4) |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | അസിസ്റ്റന്റ് കമ്മീഷണർ | 23 | 51400 | 3598 | 3598 | 58596 | 1,61,72,496 (58596x12x23) |
| 6 | ജൂനിയർ സൂപ്രണ്ട് | 11 | 43400 | 3038 | 3038 | 49476 | 65,30,832 (49476x12x11) |
| 7 | ജൂനിയർ സൂപ്രണ്ട് (ഹെഡ് ക്ലർക്ക് തസ്തികയുടെ അപ്ഗ്രഡേഷൻ) | 2 | 4000 (അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസം) | 280 | 280 | 4560 | 1,09,440 (4560x12x2) |
| 8 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 52 | 39300 | 2751 | 2751 | 44802 | 2,79,56,448 (44802x12x52) |
| 9 | റിസർച്ച് ഓഫീസർ | 1 | 51400 | 3598 | 3598 | 58596 | 7,03,152 (58596x12x1) |
| 10 | റിസർച്ച് ഓഫീസർ (മൈക്രോ) | 2 | 51400 | 3598 | 3598 | 58596 | 14,06,304 (58596x12x2) |
| 11 | മൈക്രോ ബയോളജിസ്റ്റ് | 6 | 50200 | 3514 | 3514 | 57228 | 41,20,416 (57228x12x6) |
| 12 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -2 | 17 | 35600 | 2492 | 2492 | 40584 | 82,79,136 (40584x12x17) |
| 13 | ലാബ് അസിസ്റ്റന്റ് | 3 | 24400 | 1708 | 1708 | 27816 | 10,01,376 (27816x12x3) |
| | **ആകെ** | **134** | | | | | **8,03,60,424** |

**7.3** നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 134 തസ്തികകളുടെ വാർഷിക ചെലവ് 8,03,60,424/- രൂപയും പ്രതിമാസ ചെലവ് 66,96,702/- രൂപയുമാണ്.

**7.4** നിർത്തലാക്കുന്നതിനായി ശിപാർശ നൽകിയിട്ടുള്ള ഡെപ്യൂട്ടി ഡയറക്ടർ (PFA) തസ്തികയുടെ വാർഷിക ചെലവ് ചുവടെ ചേർക്കുന്നു.

<u>പട്ടിക നമ്പർ - 35</u>

| തസ്തിക | എണ്ണം | അടിസ്ഥാന ശമ്പളം | ഡി.എ (7%) | എച്ച്. ആർ.എ (7%) | ആകെ ശമ്പളം | പ്രതിവർഷ ചെലവ് (രൂപ) |
|---|---|---|---|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ (PFA) | 1 | 1,12,800 | 7896 | 7896 | 1,28,592 | 15,43,104 (1,28,592x12x1) |

**7.5** നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 134 തസ്തികകളുടെ പ്രതിവർഷ ചെലവായ 8,03,60,424/- രൂപയിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തികയുടെ പ്രതിവർഷ ചെലവായ 15,43,104/- രൂപ കുറവ് ചെയ്താൽ ലഭിക്കുന്ന **7,88,17,320/- (ഏഴ് കോടി എൺപത്തിയെട്ട് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്) രൂപയാണ്** ഈ ശിപാർശകൾ നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന വാർഷിക സാമ്പത്തിക ബാധ്യത.

<u>**അധിക തസ്തികകളുടെ പ്രാധാന്യം**</u>

**7.6** ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയിരിക്കുന്ന ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങളുടെ നിരന്തരമായ ഉപഭോഗം നിമിത്തം ജീവിതശൈലീരോഗങ്ങളും ക്യാൻസർ പോലുള്ള മാരകമായ അസുഖങ്ങളും സമൂഹത്തിൽ വർദ്ധിച്ചുവരുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ ഇത്തരം രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കാനും അതുവഴി ആരോഗ്യമുള്ള പൊതുസമൂഹത്തെ വാർത്തെടുക്കാനും കഴിയുന്നതാണ്. രോഗമുണ്ടാകാനുള്ള സാധ്യതകൾ ഇല്ലായ്മ ചെയ്യുകയെന്ന ക്രിയാത്മക സമീപനമാണ് രോഗമുണ്ടായ ശേഷം ചികിത്സയ്ക്കായി പണം ചെലവിടുന്നതിനേക്കാൾ നല്ലത്. ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന തുക പരോക്ഷമായി ആരോഗ്യ സംരക്ഷണ മേഖലയുടെ ശാക്തീകരണത്തിന് ഉപകരിക്കപ്പെടുമെന്ന് കാണാവുന്നതാണ്. ചികിത്സാരംഗത്ത് ചെലവഴിക്കേണ്ടി വരുന്ന തുകയുടെ വലിയൊരു ഭാഗം ഇതിലൂടെ സർക്കാരിന് ലാഭിക്കാൻ കഴിയുമെന്ന വസ്തുത തിരിച്ചറിയേണ്ടതുണ്ട്. പൊതുജനാരോഗ്യസംരക്ഷണം

സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്തം ആയതിനാലും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആരോഗ്യസംരക്ഷണത്തിന്റെ സുപ്രധാന ഘടകമായതിനാലും വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെ സാമ്പത്തിക ലാഭനഷ്ടങ്ങൾ നോക്കുന്നത് പ്രസക്തമല്ല. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന തുക പൊതുജനാരോഗ്യ സംരക്ഷണത്തിന് മുതൽക്കൂട്ടാകുമെന്ന കാര്യത്തിലും തർക്കമില്ല.

**7.7** ആരോഗ്യമേഖലയ്ക്ക് കീഴിലുള്ള മറ്റ് വകുപ്പുകളിൽ നിന്നും വിഭിന്നമായി, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നികുതിയേതര വരുമാനം ഉണ്ടാക്കുന്നതിനുള്ള ശേഷിയും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിലൂടെ അധിക വരുമാനം നേടുന്നതിനുള്ള വലിയ സാധ്യതകളും കൂടി കണക്കിലെടുത്തു കൊണ്ടാണ് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകളിലേക്ക് പഠനസംഘം എത്തിച്ചേർന്നത്.

**7.8** രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ്, നിയമലംഘനങ്ങളുടെ കോമ്പൗണ്ടിംഗ്, അഡ്ജുഡിക്കേഷൻ എന്നിവയിലൂടെ ലഭ്യമാകുന്ന തുക, ക്രിമിനൽ കോടതി ഉത്തരവുകൾ മുഖേന ലഭ്യമാകുന്ന പിഴത്തുക, സാമ്പിൾ പരിശോധനാ ഫീസിനത്തിൽ ലഭ്യമാകുന്ന തുക തുടങ്ങിയവയാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രധാന വരുമാനസ്രോതസ്സുകൾ. മനുഷ്യ വിഭവശേഷിയുൾപ്പെടെ ഈ പ്രവൃത്തിപഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പരിമിതികളെല്ലാം നിലനിൽക്കേ 2022-23 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് നികുതിയേതര വരുമാനമായി 28.94 കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വർഷത്തെ വകുപ്പിന്റെ പ്രവർത്തന ചെലവ് 40.08 കോടി രൂപയാണ്. അതായത്, നിലവിലുള്ള സ്ഥിതിയിൽ പോലും 11.14 കോടി രൂപ മാത്രമാണ് പദ്ധതിയേതര ഇനത്തിൽ സർക്കാരിന് ഭക്ഷ്യസുരക്ഷാ വകുപ്പിനായി ചെലവഴിക്കേണ്ടി വന്നിട്ടുള്ളത്.

**7.9** ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിലവിലുള്ള പ്രവർത്തനങ്ങളിലെ പരിമിതികൾ കാരണം സംസ്ഥാനത്തെ മുഴുവൻ ഭക്ഷ്യ വ്യാപാരസ്ഥാപനങ്ങളേയും വകുപ്പിന്റെ പരിധിയിൽ ഇതുവരേയും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. പരിശോധനാ നടപടികൾ ശക്തമല്ലാത്തതിനാൽ 2000 രൂപ മുതലുള്ള വാർഷിക ഫീസ് ഒടുക്കി ഭക്ഷ്യസുരക്ഷാ

ലൈസൻസ് നേടി പ്രവർത്തിക്കേണ്ട നിരവധി സ്ഥാപനങ്ങൾ ഇപ്പോഴും 100 രൂപ ഫീസ് ഒടുക്കി രജിസ്ട്രേഷൻ നേടി പ്രവർത്തിച്ച് വരികയാണ്. ഇക്കാരണങ്ങളാൽ സർക്കാരിന് ലഭ്യമാകേണ്ട വരുമാനത്തിൽ വലിയ ചോർച്ചയാണ് ഉണ്ടാകുന്നത്. ഇത് കംപ്ട്രോളർ ആൻഡ് ആഡിറ്റ് ജനറലിന്റെ 2021 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തേക്കുള്ള കംപ്ലയൻസ് ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്.

**7.10** 2023 മാർച്ച് മാസത്തിലെ കണക്കുകൾ അനുസരിച്ച് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനുള്ള 4.63 ലക്ഷം ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരും ലൈസൻസുള്ള 36,390 ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുമാണുള്ളത്. ഭക്ഷ്യസുരക്ഷാ വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ഫീൽഡ്തല പ്രവർത്തനം ഊർജ്ജിതമാകുമ്പോൾ നിലവിൽ രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്നതിൽ നല്ലൊരു വിഭാഗത്തിനും ഭക്ഷ്യസുരക്ഷാ ലൈസൻസിലേയ്ക്ക് മാറേണ്ടി വരുന്നതാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന് ആവശ്യമായ തസ്തികകൾ അനുവദിക്കുന്ന പക്ഷം 2024 - 25 സാമ്പത്തിക വർഷത്തോടെ വകുപ്പിന്റെ നികുതിയേതര വരുമാനം മൂന്നു മടങ്ങെങ്കിലും വർദ്ധിപ്പിക്കാൻ കഴിയുമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നൽകിയ ശിപാർശയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**7.11** നിലവിൽ രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്ന ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എണ്ണത്തിന്റെ (4.63 ലക്ഷം) പത്ത് ശതമാനം ലൈസൻസിലേയ്ക്ക് മാറ്റപ്പെട്ടാൽ തന്നെ 46,300 ൽപ്പരം പുതിയ ലൈസൻസുകൾ സൃഷ്ടിക്കപ്പെടുന്നതാണ്. ഇത് 2023 മാർച്ച് മാസത്തിൽ നിലവിലുണ്ടായിരുന്ന ലൈസൻസുകളുടെ (36390) എണ്ണത്തേക്കാൾ കൂടുതലാണ്. നിലവിൽ രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്ന ഇത്രയും സ്ഥാപനങ്ങൾ ലൈസൻസിലേക്ക് മാറുന്നതിലൂടെ ഓരോ ലൈസൻസിനും കുറഞ്ഞത് 1900/- രൂപ അധികമായി ലഭിക്കും (2000 -100). ഇങ്ങനെ ലൈസൻസ് ഇനത്തിൽ മാത്രം 8.79 കോടി രൂപ അധിക വരുമാനമായി ഭക്ഷ്യസുരക്ഷാ വകുപ്പിന് ലഭിക്കുന്നതാണ് (46300x1900). ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നതുമൂലമുള്ള സാമ്പത്തിക ബാധ്യതയേക്കാൾ (7.88 കോടി രൂപ) കൂടുതൽ തുക ഇതിലൂടെ സർക്കാരിന് നികുതിയേതര വരുമാനമായി ലഭിക്കുന്നതാണ്. ലൈസൻസ് എടുക്കുന്ന ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് സർക്കാരിന് ലഭിക്കുന്ന നികുതിയേതര വരുമാനവും വർദ്ധിക്കുന്നതാണ്. അതിനാൽ

തസ്തികകൾ സൃഷ്ടിച്ചാലും അധിക സാമ്പത്തിക ബാധ്യതയൊന്നുമില്ലാതെ തന്നെ സർക്കാരിന് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് പഠനസംഘം വിലയിരുത്തുന്നു.

## റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണമായും നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

**7.12** ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ഘടനാ പരമായ മാറ്റങ്ങൾ വരുത്തുന്നതിനും, നിലവിലെ മനുഷ്യ വിഭവശേഷിയെ ഫലപ്രദമായി വിനിയോഗിക്കുന്നതിനും അനിവാര്യമായ സ്ഥലങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥരെ ബാധ്യസ്ഥരാക്കുന്ന ശിപാർശകളുമുണ്ട്.

**7.13** ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ടിലെ തസ്തിക സൃഷ്ടിക്കൽ പോലുള്ള ചില ശിപാർശകൾ മാത്രം അടർത്തിയെടുത്ത് അവ മാത്രം നടപ്പിലാക്കുന്ന പ്രവണത വിവിധ വകുപ്പുകളിൽ കണ്ടുവരുന്നുണ്ട്. പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണമായും നടപ്പിലാക്കുന്നതിലൂടെ മാത്രമേ ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ വകുപ്പിന് ലഭ്യമാകുകയുള്ളൂ എന്ന് പഠനസംഘം വിലയിരുത്തുന്നു.

## അധ്യായം - 8

# ശിപാർശകളുടെ സംഗ്രഹം

# (Summary of Recommendations)

1. സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾക്ക് പകരം "ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസ്" എന്ന പേരിൽ പുതിയൊരു ഓഫീസ് സംവിധാനം രൂപീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.87)**.
2. സോണൽ ഓഫീസിന്റെ തലവനായി അസിസ്റ്റന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥനെ സോണൽ ഓഫീസിന്റെ അധികാരപരിധിയിലെ ഡെസിഗ്നേറ്റഡ് ഓഫീസറായി നിയമിക്കേണ്ടതുമാണ് **(ഖണ്ഡിക 4.88)**
3. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 36-ാം വകുപ്പ് പ്രകാരം ഡെസിഗ്നേറ്റഡ് ഓഫീസറിൽ നിക്ഷിപ്തമായിട്ടുള്ള സാമ്പിളുകളുടെ സൂക്ഷിപ്പും അതുമായി ബന്ധപ്പെട്ട മറ്റു ചുമതലകളും (Sample custodian and allied matters), പ്രോസിക്യൂഷൻ അനുമതിയ്ക്കായി ശിപാർശ നൽകൽ, അഡ്ജുഡിക്കേഷൻ അനുമതി നൽകൽ എന്നിവ ഒഴികെയുള്ള എല്ലാ അധികാരങ്ങളും സോണൽ ഓഫീസുകളിൽ നിയമിക്കപ്പെടുന്ന ഡെസിഗ്നേറ്റഡ് ഓഫീസർക്ക് നൽകേണ്ടതാണ് **(ഖണ്ഡിക 4.89)**.
4. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 69-ാം വകുപ്പ് പ്രകാരമുള്ള കോമ്പൗണ്ടിംഗ് അധികാരം സോണൽ തലത്തിലെ ഡെസിഗ്നേറ്റഡ് ഓഫീസറിൽ നിക്ഷിപ്തമാക്കേണ്ടതാണ് **(ഖണ്ഡിക 4.90)**.
5. പതിനാല് ജില്ലകളിലായി 37 ഭക്ഷ്യസുരക്ഷാ സോണൽ ഓഫീസുകൾ രൂപീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.91)**.
6. സോണൽ ഓഫീസിൽ ഉൾപ്പെടുന്ന സർക്കിൾ ഓഫീസുകളുടെയെല്ലാം അധികാര പരിധി കൂട്ടിച്ചേർത്ത് സോണൽ ഓഫീസുകൾക്കായി ഒറ്റ അധികാര പരിധി നിശ്ചയിക്കേണ്ടതാണ് **(ഖണ്ഡിക 4.93)**.
7. ജില്ലാ ഓഫീസുകളിൽ നിലവിലുള്ള 14 അസിസ്റ്റന്റ് കമ്മീഷണർ തസ്തികകൾ

സോണൽ ഓഫീസുകളിലേക്ക് പുനർവിന്യസിക്കേണ്ടതാണ്. ഇതിനു പുറമേ അസിസ്റ്റന്റ് കമ്മീഷണറുടെ 23 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുമാണ് **(ഖണ്ഡിക 4.94).**

8. സർക്കിൾ ഓഫീസുകളിൽ നിലവിലുള്ള 140 ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികകൾ 37 സോണൽ ഓഫീസുകളിലായി വിന്യസിക്കേണ്ടതാണ്. എല്ലാ സോണൽ ഓഫീസുകളിലും ഓരോ ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ അധികമായി വിന്യസിക്കേണ്ടതുമാണ് **(ഖണ്ഡിക 4.96).**
9. ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ കൂടുതലുള്ള തിരുവനന്തപുരം, എറണാകുളം, തൃപ്പൂണിത്തുറ, തൃശ്ശൂർ, കോഴിക്കോട് സൗത്ത് എന്നീ സോണൽ ഓഫീസുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ഒരു തസ്തിക വീതം അധികമായി അനുവദിക്കേണ്ടതാണ് (5 തസ്തികകൾ) **(ഖണ്ഡിക 4.97).**
10. സോണൽ ഓഫീസുകളിൽ വിന്യസിക്കുന്നതിനായി സർക്കിൾ ഓഫീസുകളിൽ നിലവിലുള്ള 140 തസ്തികകൾക്ക് പുറമേ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ 42 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതാണ് **(ഖണ്ഡിക 4.98).**
11. പത്തനംതിട്ട, ഹരിപ്പാട്, പാലാ, കുന്നംകുളം, ഇരിങ്ങാലക്കുട, കാഞ്ഞങ്ങാട് എന്നീ ആറ് സോണൽ ഓഫീസുകളിൽ ക്ലർക്കിന്റേയും ഓഫീസ് അറ്റൻഡന്റിന്റേയും 3 വീതം തസ്തികകളും (6 x 3 = 18 തസ്തികകൾ വീതം) ബാക്കിയുള്ള 31 സോണൽ ഓഫീസുകളിൽ രണ്ട് വീതം തസ്തികകളും (31 x 2 = 62 തസ്തികകൾ വീതം) ഉൾപ്പെടെ 80 ക്ലർക്കിന്റേയും 80 ഓഫീസ് അറ്റൻഡന്റിന്റേയും തസ്തികകൾ സോണൽ ഓഫീസുകളിൽ വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.99).**
12. ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എണ്ണം, സോണിന്റെ പ്രത്യേകതകൾ തുടങ്ങിയവ കണക്കിലെടുത്ത് സോണുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധികാര പരിധി ഉചിതമായ രീതിയിൽ പുനർനിർണയിച്ച് നൽകുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.102)**.
13. സോണൽ ഓഫീസിലെ ഡെസിഗ്നേറ്റഡ് ഓഫീസറായ അസിസ്റ്റന്റ് കമ്മീഷണർ, 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 29(6)-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ കൂടി വിനിയോഗിച്ചുകൊണ്ട് സോണിലെ

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കേണ്ടതാണ് **(ഖണ്ഡിക 4.103).**

14.സോണൽ ഓഫീസുകളുടെ വിസ്തൃതി, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ കണക്കിലെടുത്ത് ആവശ്യമായ വാഹനങ്ങളുടെ ലഭ്യത ഉറപ്പ വരുത്തേണ്ടതാണ്. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഈ ജില്ലകളിലെ ഓഫീസുകൾക്ക് വാഹനം ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതുമാണ് **(ഖണ്ഡിക 4.104).**

15.രജിസ്ട്രേഷൻ/ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിൽ സ്ഥലപരിശോധന കൃത്യമായി നടത്തിയശേഷം മാത്രമേ ലൈസൻസ്/രജിസ്ട്രേഷൻ അനുവദിക്കാവൂ. Unsafe ആണെന്ന് സംശയിക്കപ്പെടുകയോ സ്ഥിരീകരിക്കപ്പെടുകയോ ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുക്കുക (Seize), വിപണിയിൽ നിന്നും പിൻവലിക്കുക (Food Recall) തുടങ്ങിയ നടപടികൾ സ്വീകരിച്ചുകൊണ്ട് ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ ജനങ്ങളിലേയ്ക്ക് എത്തുന്നില്ലെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് ഉറപ്പ വരുത്തേണ്ടതാണ് **(ഖണ്ഡിക 4.105).**

16.ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും മേലുദ്യോഗസ്ഥർക്ക് ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നതിനുമായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് ടാർജറ്റ് നിശ്ചയിച്ച നൽകേണ്ടതും പ്രതിമാസ അവലോകനത്തിലൂടെ ജില്ലാമേധാവി സോണൽ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ് **(ഖണ്ഡിക 4.111).**

17.സോണൽ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ സംബന്ധിച്ച ഡാറ്റാബേസ് തയ്യാറാക്കേണ്ടതും അത് കാലികമാക്കി (update) സൂക്ഷിക്കേണ്ടതുമാണ് **(ഖണ്ഡിക 4.113).**

18.ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിലുള്ള ഉദ്യോഗസ്ഥനെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജില്ലാ മേധാവിയായി നിയമിക്കേണ്ടതാണ് **(ഖണ്ഡിക 4.114).**

19.ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം-2006 പ്രകാരം ജില്ലാ തലത്തിലെ

ഡെസിഗ്നേറ്റഡ് ഓഫീസറായി ജില്ലാ മേധാവിയായ ഡെപ്യൂട്ടി കമ്മീഷണറെ നിയമിക്കേണ്ടതാണ്. സാമ്പിളുകളുടെ സൂക്ഷിപ്പും അതുമായി ബന്ധപ്പെട്ട മറ്റു ചുമതലകളും (Sample custodian and allied matters), പ്രോസിക്യൂഷൻ അനുമതിയ്ക്കായി ശിപാർശ നൽകൽ, അഡ്ജുഡിക്കേഷൻ അനുമതി നൽകൽ എന്നീ അധികാരങ്ങൾ ജില്ലാ തലത്തിലെ ഡെസിഗ്നേറ്റഡ് ഓഫീസർക്ക് നൽകേണ്ടതാണ് **(ഖണ്ഡിക 4.115).**

20. മൂന്ന് മേഖലാ ഓഫീസുകളിലെ ഡെപ്യൂട്ടി കമ്മീഷണർ തസ്തികകൾ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണ്. ഇതിനു പുറമേ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ 11 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുമാണ് **(ഖണ്ഡിക 4.117).**
21. ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ ജില്ലാ ഓഫീസുകളിൽ നോഡൽ ഓഫീസർമാരായി നിയോഗിക്കുന്ന നിലവിലെ രീതി അവസാനിപ്പിക്കേണ്ടതാണ് **(ഖണ്ഡിക 4.123).**
22. ജില്ലാ ഓഫീസുകളിൽ പ്രത്യേക ഐ.ഇ.സി. വിഭാഗം ആരംഭിക്കേണ്ടതാണ്. ഐ.ഇ.സി. പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനായി രണ്ട് ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ വീതം ഈ വിഭാഗത്തിൽ നിയോഗിക്കേണ്ടതുമാണ് **(ഖണ്ഡിക 4.124).**
23. നോഡൽ ഓഫീസർ ചുമതലയിൽ നിന്നും പിൻവലിക്കുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 12 തസ്തികകൾ ജില്ലാ ഓഫീസുകളിൽ ഐ.ഇ.സി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി വിന്യസിക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ മൂന്ന് ഓഫീസുകളിലായി (മേഖലാ ഓഫീസുകൾ) നിലവിലുള്ള ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 6 തസ്തികകളും ജില്ലയിലെ ഐ.ഇ.സി. വിഭാഗത്തിൽ വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.125).**
24. ജില്ലാ ഓഫീസുകളിലെ ഐ.ഇ.സി. വിഭാഗത്തിന്റെ രൂപീകരണത്തിനായി ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 10 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതാണ് **(ഖണ്ഡിക 4.126)**.
25. ഐ.ഇ.സി. വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി എല്ലാ ജില്ലാ ഓഫീസിലും ക്ലർക്കിന്റേയും ഓഫീസ് അറ്റൻഡന്റിന്റെയും ഓരോ തസ്തിക വീതം

വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.128).**

26.തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ഓഫീസുകളിൽ 5 ക്ലർക്ക് തസ്തികകൾ വീതവും (ആകെ 40 തസ്തികകൾ) പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലാ ഓഫീസുകളിൽ 4 ക്ലർക്ക് തസ്തികകൾ വീതവും (ആകെ 24 തസ്തികകൾ) വിന്യസിക്കേണ്ടതാണ്. ഇതുകൂടാതെ ബഹു. ഹൈക്കോടതിയിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കേസുകളുമായി ബന്ധപ്പെട്ട ലെയ്സൺ ജോലികൾക്കായി ഒരു സീനിയർ ക്ലർക്കിന്റെ തസ്തിക എറണാകുളം ജില്ലാ ഓഫീസിൽ വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.132 & 4.292).**

27.ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ പതിനാല് ജില്ലാ ഓഫീസുകളിലും ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥനെ സൂപ്പർവൈസറി ഓഫീസറായി നിയോഗിക്കേണ്ടതാണ് **(ഖണ്ഡിക 4.133).**

28.തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക ജില്ലാ ഓഫീസിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.135).**

29.എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ നിലവിലുള്ള 2 ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളായി അപ്ഗ്രേഡ് ചെയ്യേണ്ടതും ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടതുമാണ് **(ഖണ്ഡിക 4.136).**

30.ജില്ലാ ഓഫീസുകളിലേയ്ക്ക് ജൂനിയർ സൂപ്രണ്ടിന്റെ 11 തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതാണ് **(ഖണ്ഡിക 4.137).**

31.ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പതിനാല് ജില്ലാ ഓഫീസുകളിലും ഐ.ഇ.സി. വിഭാഗത്തിനായി ശിപാർശ ചെയ്തിട്ടുള്ള ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക ഉൾപ്പെടെ രണ്ട് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ വീതം വിന്യസിക്കേണ്ടതാണ് (2 x 14 = 28 തസ്തികകൾ) **(ഖണ്ഡിക 4.139).**

32.നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ മേഖലാ ഓഫീസുകളിൽ നിർവഹിച്ചു വരുന്ന ചുമതലകൾ ജില്ലാ ഓഫീസുകളിലും കമ്മീഷണറേറ്റിലും നിക്ഷിപ്തമാക്കിക്കൊണ്ട് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു

വരുന്ന ഡെപ്യൂട്ടി കമ്മീഷണർമാരുടെ മേഖലാ ഓഫീസുകൾ നിർത്തലാക്കേണ്ടതാണ് **(ഖണ്ഡിക 4.146).**

33. എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ലബോറട്ടറികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി വഴി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലേക്ക് അയക്കുന്ന നിലവിലെ രീതി അവസാനിപ്പിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളെ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ് **(ഖണ്ഡിക 4.160).**

34. തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിന്നും ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തിക ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.163).**

35. എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ലബോറട്ടറികൾക്ക് സമാനമായി തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയെ 'റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, തിരുവനന്തപുരം' എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ് **(ഖണ്ഡിക 4.164).**

36. എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലേതിന് സമാനമായി നിർദ്ദിഷ്ട തിരുവനന്തപുരം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ മേധാവിയായി ഗവൺമെന്റ് അനലിസ്റ്റ് തസ്തികകയിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണ് **(ഖണ്ഡിക 4.165).**

37. റിസർച്ച് & ഡവലപ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതല തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ നിലവിലുള്ള രണ്ടാമത്തെ ഗവൺമെന്റ് അനലിസ്റ്റ് തസ്തികയിൽ നിക്ഷിപ്തമാക്കേണ്ടതാണ്. കണ്ണൂർ റീജിയണൽ അനലിറ്റിക്കൽ & റിസർച്ച് ലബോറട്ടറി പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ റിസർച്ച് & ഡവലപ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതല സഹിതം ഈ ഗവൺമെന്റ് അനലിസ്റ്റ് തസ്തിക പ്രസ്തുത ലബോറട്ടറിയിലേക്ക് വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.166).**

38. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകൾ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകളായി

പരിഗണിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് മുഖാന്തരം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.167).**

39.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ ഫുഡ് സെക്ഷൻ(റിസീവിങ്) വിഭാഗത്തിൻറെ ചുമതല റിസർച്ച് ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കേണ്ടതാണ്. ഇതൊഴികെയുള്ള മറ്റെല്ലാ സാങ്കേതിക വിഭാഗം ജീവനക്കാരേയും ഇവിടെനിന്നും പിൻവലിച്ച് അനലിറ്റിക്കൽ ജോലികൾക്കായി നിയോഗിക്കേണ്ടതാണ്. ഈ സെക്ഷനിലെ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിനായി 3 ക്ലർക്ക് തസ്തികകൾ വീതം വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.186).**

40.തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിലെ അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലുള്ള ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തിക പ്രസ്തുത ലാബിലെ ഫുഡ് സെക്ഷൻ (റിസീവിംഗ്)- ലേയ്ക്ക് വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.186).**

41.എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലെ ഫുഡ് സെക്ഷൻ (റിസീവിംഗ്)-ൽ ഒരു ടൈപ്പിസ്റ്റ് തസ്തിക വീതം വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.186).**

42.ഭക്ഷ്യസുരക്ഷാ ലബോറട്ടറികളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി ലബോറട്ടറികളിൽ ഓൺലൈൻ ഡോക്യുമെന്റേഷൻ നടപ്പിൽ വരുത്തുന്നതിനായി LIMS (Laboratory Information Management System) മാതൃകയിലുള്ള അനുയോജ്യമായ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ് **(ഖണ്ഡിക 4.191).**

43.എറണാകുളം റീജിയണൽ ലബോറട്ടറിയുടെ മാതൃകയിൽ തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികളിൽ ഫുഡ് സെക്ഷൻ (സബ് സാമ്പിളിംഗ് & പ്രിലിമിനറി അനാലിസിസ്) എന്ന വിഭാഗം രൂപീകരിക്കേണ്ടതാണ്. ഈ വിഭാഗത്തിനായി ഒരു റിസർച്ച് ഓഫീസർ, ഒരു ജൂനിയർ റിസർച്ച് ഓഫീസർ, രണ്ട് ടെക്നിക്കൽ അസിസ്റ്റന്റ്, ഒരു ലാബ് അസിസ്റ്റന്റ് എന്നിവരെ നിയോഗിക്കേണ്ടതാണ് **(ഖണ്ഡിക 4.194).**

44.പരിശോധനാഫലം സമയബന്ധിതമായി നൽകുന്നതിനായി കെമിക്കൽ വിഭാഗത്തിലെ ജീവനക്കാരുടെ സേവനം ആവശ്യാനുസൃതം പൂൾ ചെയ്തുകൊണ്ട്

വിവിധ സെക്ഷനുകളിൽ വിനിയോഗിക്കുന്നതിന് ലബോറട്ടറി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.198).**

45.പരിശോധനാഫലം വേഗത്തിൽ നൽകുകയെന്ന ലക്ഷ്യം മുൻനിർത്തി, വിവിധ പരിശോധനാ വിഭാഗങ്ങളിൽ ആവശ്യമായ സന്ദർഭങ്ങളിൽ, ഷിഫ്റ്റ് സമ്പ്രദായത്തിൽ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടതാണ്. തുടർച്ചയായി അവധി ദിനങ്ങൾ വരുന്നതു കാരണം പരിശോധനാഫലം വൈകുന്നത് ഒഴിവാക്കുന്നതിനായി അവശ്യം വേണ്ട ജീവനക്കാരെ ഹോളിഡേ ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടതാണ്. ഹോളിഡേ ഡ്യൂട്ടിക്ക് പകരമായി നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കോമ്പൻസേഷൻ ഓഫ് അനുവദിക്കാവുന്നതാണ് **(ഖണ്ഡിക 4.203).**

46.സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകളുടെ പരിശോധനയിൽ സാമ്പിൾ 'Unsafe' ആണെന്ന് കണ്ടെത്തുന്ന ഘട്ടത്തിൽത്തന്നെ പ്രസ്തുത വിവരമടങ്ങുന്ന ഇടക്കാല റിപ്പോർട്ട് ഇ-മെയിലായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ഉടനടി കൈമാറേണ്ടതാണ്. ഇടക്കാല റിപ്പോർട്ട് നൽകിയശേഷം ബാക്കിയുള്ള പരിശോധനകൾ പൂർത്തിയാക്കി സമ്പൂർണ്ണ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ് **(ഖണ്ഡിക 4.205).**

47.പരിശോധനാ റിപ്പോർട്ടുകൾ ഡെസിഗ്നേറ്റഡ് ഓഫീസർക്ക് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എല്ലാ റിപ്പോർട്ടുകളും ഇ-മെയിൽ മുഖാന്തിരം അയച്ചു കൊടുക്കേണ്ടതാണ്. അതോടൊപ്പം, സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ പരിശോധനാഫലം രജിസ്റ്റേർഡ് തപാൽ മുഖേന അയയ്ക്കുന്ന നിലവിലെ രീതിയും തുടരാവുന്നതാണ് **(ഖണ്ഡിക 4.206).**

48.പരിശോധനാഫലം സമയബന്ധിതമായി നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ അഞ്ചു വീതം ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതാണ് (ആകെ 15 തസ്തികകൾ) **(ഖണ്ഡിക 4.208).**

49.എല്ലാ ലാബോറട്ടറികളിലേയും ഫുഡ് അനലിസ്റ്റ് യോഗ്യതയുള്ള റിസർച്ച് ഓഫീസർമാരേയും ജൂനിയർ റിസർച്ച് ഓഫീസർമാരേയും ഫുഡ് അനലിസ്റ്റുമാരായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.211).**

50.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പുതിയതായി റിസർച്ച് & ഡവലപ്മെന്റ് വിഭാഗം ആരംഭിക്കേണ്ടതാണ്. ഒരു റിസർച്ച് ഓഫീസർ, രണ്ട് ജൂനിയർ റിസർച്ച് ഓഫീസർമാർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരെ ഈ വിഭാഗത്തിന്റെ പ്രവർത്തനത്തിനായി നിയോഗിക്കേണ്ടതാണ് **(ഖണ്ഡിക 4.218).**

51.ഗവൺമെന്റ് അനലിസ്റ്റ്, ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്, റിസർച്ച് ഓഫീസർ, ജൂനിയർ റിസർച്ച് ഓഫീസർ എന്നീ തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിച്ചുകൊണ്ട് വർക്ക് ഡിസ്ട്രിബ്യൂഷൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് **(ഖണ്ഡിക 4.221).**

52.എറണാകുളം, കോഴിക്കോട് റീജിയണൽ ലാബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിൽ റിസർച്ച് ഓഫീസറുടെ ഒരു തസ്തിക വീതവും (ആകെ 2 തസ്തികകൾ) മൈക്രോബയോളജിസ്റ്റിന്റെ രണ്ട് തസ്തികകൾ വീതവും (ആകെ 4 തസ്തികകൾ) അധികമായി സൃഷ്ടിക്കേണ്ടതാണ് **(ഖണ്ഡിക 4.232).**

53.ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് തലം മുതൽ ഉയർന്ന തസ്തികകളിലേക്ക് മൈക്രോബയോളജി വിഭാഗത്തിൽപ്പെടുന്നവർക്കും സ്ഥാനക്കയറ്റം പ്രാപ്യമാകുന്ന തരത്തിൽ നിലവിലുള്ള ചട്ടങ്ങൾ അടിയന്തരമായി ഭേദഗതി ചെയ്യേണ്ടതാണ് **(ഖണ്ഡിക 4.233).**

54.റിസർച്ച് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിൽ കെമിക്കൽ, മൈക്രോബയോളജി വിഭാഗങ്ങളിലെ റിസർച്ച് ഓഫീസർമാരെ ഉൾപ്പെടുത്തി, റിസർച്ച് ഓഫീസർ തസ്തികയിൽ പൊതു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഈ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നടത്തേണ്ടതും ഇതിനനുസൃതമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുമാണ് **(ഖണ്ഡിക 4.234).**

55.നിർദ്ദിഷ്ട തിരുവനന്തപുരം റീജിയണൽ ലബോറട്ടറിയിലെ ഓഫീസ് വിഭാഗത്തിൽ നാല് ക്ലർക്ക് തസ്തികകകൾ നിലനിർത്തേണ്ടതാണ്. ഇവിടുത്തെ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തിക സാമ്പിൾ സ്വീകരിക്കുന്ന സെക്ഷനിലേയ്ക്ക് (റിസീവിംഗ്)

വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.238).**

56.എറണാകുളം, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളുടെ ഓഫീസുകളിലെ ക്ലർക്ക് തസ്തികകളുടെ കാര്യത്തിൽ തൽസ്ഥിതി തുടരാവുന്നതാണ് **(ഖണ്ഡിക 4.240 & 4.242).**

57.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ സ്റ്റോർ സെക്ഷനുകളുടെ പ്രവർത്തനങ്ങൾക്കായി ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക വീതം വിന്യസിക്കേണ്ടതാണ്. ഈ ലബോറട്ടറികളിലെ ഓരോ റിസർച്ച് ഓഫീസർമാർക്ക് സ്റ്റോറിന്റെ മേൽനോട്ടം അധികചുമതലയായി നൽകേണ്ടതാണ് **(ഖണ്ഡിക 4.247).**

58.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ 51400-110300 എന്ന ശമ്പളസ്കെയിലിൽ സീനിയർ സൂപ്രണ്ടിന്റെ ഓരോ തസ്തിക വീതം പുതിയതായി സൃഷ്ടിക്കേണ്ടതാണ് (ആകെ 3 തസ്തികകൾ). ലബോറട്ടറികളുടെ ഡി.ഡി.ഒ. ആയി സീനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തേണ്ടതാണ് **(ഖണ്ഡിക 4.252).**

59.കണ്ണൂർ റീജിയണൽ ലബോറട്ടറി നിലവിലുള്ള കെട്ടിടത്തിൽ നിന്നും കൂടുതൽ സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കണ്ണൂർ റീജിയണൽ അനലിറ്റിക്കൽ & റിസർച്ച് ലബോറട്ടറിയുടെ നിർമാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറും ആരോഗ്യ കുടുംബക്ഷേമ വകുപ്പും സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.255 & 4.259).**

60.കണ്ണൂർ റീജിയണൽ ലബോറട്ടറിയുടെ നിലവിലെ പ്രവർത്തനങ്ങൾക്കായി, റിസർച്ച് ഓഫീസർ, മൈക്രോബയോളജിസ്റ്റ് എന്നിവയുടെ ഓരോ തസ്തിക വീതവും ടെക്നിക്കൽ അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ് എന്നിവയുടെ രണ്ട് തസ്തിക വീതവും പുതിയതായി സൃഷ്ടിക്കേണ്ടതാണ്. ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവയുടെ ഓരോ തസ്തിക വീതം ഈ ലബോറട്ടറിയിലേയ്ക്ക് വിന്യസിക്കേണ്ടതുമാണ് **(ഖണ്ഡിക 4.256).**

61.പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ മൈക്രോബയോളജി വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി മൈക്രോബയോളജിസ്റ്റിന്റെ

ഒരു തസ്തിക പുതിയതായി സൃഷ്ടിക്കേണ്ടതാണ്. ലബോറട്ടറിയുടെ പ്രവർത്തനങ്ങൾക്കായി ലാബ് അസിസ്റ്റന്റിന്റെ ഒരു തസ്തികയും സൃഷ്ടിക്കേണ്ടതാണ്. മിനിസ്റ്റീരിയൽ ജോലികൾക്കായി ക്ലർക്കിന്റെ ഒരു തസ്തിക ഈ ലബോറട്ടറിയിലേയ്ക്ക് വിന്യസിക്കേണ്ടതുമാണ്**(ഖണ്ഡിക 4.263).**

62.ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിലെ പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി സർവൈലൻസ് സാമ്പിളുകളുടെ നിശ്ചിത ശതമാനം വകുപ്പിനു പുറത്തുള്ള അംഗീകൃത ലബോറട്ടറിയിൽ കൂടി പരിശോധിക്കേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട ഡെസിഗ്നേറ്റഡ് ഓഫീസർ കൺട്രോളർക്ക്(അനലിറ്റിക്കൽ വിംഗ്) സമർപ്പിക്കേണ്ടതുമാണ്. ഈ ഫലങ്ങൾ താരതമ്യം ചെയ്ത് പിഴവുകൾ സംഭവിക്കുന്ന മേഖലകൾ കണ്ടെത്തി വകുപ്പിന്റെ ലബോറട്ടറി സംവിധാനത്തെ കുറ്റമറ്റതാക്കുന്നതിന് കൺട്രോളർ (അനലിറ്റിക്കൽ വിംഗ്) നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.271).**

63.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ, വിവിധ സർവകലാശാലകളിലേയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികളിൽ നിന്നും നിശ്ചിത തുക ഫീസ് ഈടാക്കിയും FSSAI-യുടെ ഇന്റേൺഷിപ്പ് പ്രോഗ്രാം വഴിയും ഇന്റേൺഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.275).**

64.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഇംപോർട്ട്/ എക്സ്പോർട്ട് സാമ്പിൾ പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.276).**

65.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലെ നൈറ്റ് വാച്ച്മാൻ തസ്തികകൾ നിർത്തലാക്കേണ്ടതും രാത്രികാല സുരക്ഷാ ചുമതലയ്ക്കായി കെക്സ്കോൺ (KEXCON - Kerala State Ex-Servicemen Development & Rehabilitation Corporation) മുഖാന്തിരം രണ്ടുപേരെ വീതം നിയമിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നിർത്തലാക്കുന്ന നൈറ്റ് വാച്ച്മാൻ തസ്തികകൾക്ക് പകരം ഓഫീസ് അറ്റൻഡന്റിന്റെ മൂന്ന് തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതും ഇപ്രകാരം സൃഷ്ടിക്കുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേയ്ക്ക് നിലവിലുള്ള നൈറ്റ് വാച്ച്മാൻമാരെ നിയമിക്കേണ്ടതുമാണ് **(ഖണ്ഡിക 4.279).**

66.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളും പബ്ലിക് സർവീസ് കമ്മീഷൻ/ സ്ഥാനക്കയറ്റം/തസ്തികമാറ്റം എന്നിവ മുഖേന നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.283).**

67.ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ ജോലിഭാരം നിർണയിച്ചതിൽ നിന്നും ഈ ഓഫീസിലെ ജോലികൾ നിർവ്വഹിക്കുന്നതിന് ആകെ 20 ക്ലർക്കുമാർ ആവശ്യമാണെന്ന് കാണുന്നു. കമ്മീഷണറേറ്റിൽ നിലവിൽ 12 ക്ലർക്കുമാരാണുള്ളത്. അതിനാൽ ക്ലർക്കുമാരുടെ 8 തസ്തികകൾ കൂടി കമ്മീഷണറേറ്റിലേയ്ക്ക് വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.286).**

68.ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ 63,700-1,23,700 ശമ്പള സ്കെയിലിൽ ലോ ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിക്കേണ്ടതാണ്. പ്രസ്തുത തസ്തികയിൽ സെക്രട്ടേറിയേറ്റിലെ നിയമ വകുപ്പിൽ നിന്നും അണ്ടർ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ് **(ഖണ്ഡിക 4.290).**

69.പ്രോസിക്യൂഷൻ അനുമതി നൽകുന്നതിനുള്ള അധികാരം കമ്മീഷണറേറ്റിൽ നിക്ഷിപ്തമാക്കുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ലീഗൽ വിഭാഗത്തിൽ രണ്ട് ക്ലർക്കുമാരുടെ തസ്തികകൾ വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.291).**

70.ഉദ്യോഗസ്ഥർക്കെതിരായി ലഭ്യമാകുന്ന പരാതികൾ/നിവേദനങ്ങൾ പരിശോധിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് കേന്ദ്രമാക്കി ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിലവിലുള്ള ഒരു ജോയിന്റ് കമ്മീഷണർ തസ്തികയ്ക്ക് ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ ചുമതല നൽകേണ്ടതാണ്. കൂടാതെ കമ്മീഷണറേറ്റിലെ ഒരു ക്ലർക്ക് തസ്തികയും ഈ വിഭാഗത്തിൽ വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.294).**

71.ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് കേന്ദ്രമാക്കി ഐ.ഇ.സി. വിഭാഗം രൂപീകരിക്കേണ്ടതാണ്. കമ്മീഷണറേറ്റിൽ നിലവിലുള്ള ഒരു ജോയിന്റ് കമ്മീഷണർ തസ്തികയ്ക്ക് ഐ.ഇ.സി. വിഭാഗത്തിന്റെ ചുമതല നൽകേണ്ടതാണ്.

കമ്മീഷണറേറ്റിലെ രണ്ട് ക്ലർക്ക് തസ്തികകൾ ഈ വിഭാഗത്തിൽ വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.296).**

72.ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു സീനിയർ സൂപ്രണ്ടും രണ്ട് ക്ലർക്കുമാരും ഉൾപ്പെടുന്ന ആഭ്യന്തര ഓഡിറ്റ് വിഭാഗം രൂപീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.297).**

73.ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിനായി 51,400-1,10,300 ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടിന്റെ ഒരു തസ്തിക സൃഷ്ടിക്കേണ്ടതാണ് **(ഖണ്ഡിക 4.298).**

74.ജോലിഭാരം നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറേറ്റിൽ ആവശ്യമാണെന്ന് കണ്ടെത്തിയ 20 തസ്തികകൾക്കു പുറമേ, ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി ക്ലർക്കുമാരുടെ 2 തസ്തികകൾ കൂടി വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.299).**

75.ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വരുമാന സ്രോതസ്സുകൾ പരിശോധിക്കുന്നതിനും കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനുമായി കമ്മീഷണറേറ്റിൽ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ റവന്യൂ മോണിറ്ററിംഗ് വിഭാഗം ആരംഭിക്കേണ്ടതാണ്. ജോലിഭാരം നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറേറ്റിൽ ആവശ്യമാണെന്ന് കണ്ടെത്തിയ 20 തസ്തികകൾക്കു പുറമേ, ഈ വിഭാഗത്തിലേയ്ക്ക് ഒരു ക്ലർക്ക് തസ്തിക അധികമായി വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.300).**

76.മേഖലാ ഓഫീസുകൾ നിർത്തലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഓഫീസുകളിൽ നിലവിലുള്ള മൂന്ന് ടൈപ്പിസ്റ്റ് തസ്തികകളിൽ ഒരു തസ്തിക കമ്മീഷണറേറ്റിലേയ്ക്കും രണ്ട് തസ്തികകൾ എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലെ ഫുഡ് സെക്ഷൻ (റിസീവിംഗ്) വിഭാഗങ്ങളിലേയ്ക്കും വിന്യസിക്കേണ്ടതാണ് **(ഖണ്ഡിക 4.301).**

77.ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിലവിലുള്ള ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയ്ക്ക് , ജീവനക്കാരുടെ ട്രെയിനിംഗ്, വകുപ്പിന്റെ പദ്ധതി നിർവഹണം (Planning) എന്നീ ചുമതലകൾ കൂടി നൽകേണ്ടതാണ്. ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയെ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്, ട്രെയിനിംഗ് & പ്ലാനിംഗ്) എന്ന് പുനർനാമകരണം

ചെയ്യേണ്ടതാണ് **(ഖണ്ഡിക 4.302).**

78.ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിലവിലുള്ള ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്) എന്ന തസ്തികയിൽ നിക്ഷിപ്തമായിരുന്ന അഡ്മിനിസ്ട്രേഷൻ, ലീഗൽ സംബന്ധമായ ചുമതലകൾ ഒഴിവാക്കിക്കൊണ്ട് ഈ തസ്തികയ്ക്ക് വിജിലൻസ് വിഭാഗത്തിന്റെയും ഐ.ഇ.സി പ്രവർത്തനങ്ങളുടെയും ചുമതല നൽകേണ്ടണ്ടതാണ്. ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്) തസ്തികയെ ജോയിന്റ് കമ്മീഷണർ (ഐ.ഇ.സി & വിജിലൻസ്) എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ് **(ഖണ്ഡിക 4.303 & 4.304).**

79. 1954-ലെ മായം ചേർക്കൽ നിരോധന നിയമം പിൻവലിക്കപ്പെട്ട സാഹചര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തിക തുടർന്നും നില നിലനിർത്തേണ്ട ആവശ്യകത ഇല്ലാത്തതിനാൽ ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തിക വാനിഷിങ് കാറ്റഗറിയായി മാറ്റേണ്ടതും നിലവിലെ ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) വിരമിക്കുന്ന മുറയ്ക്ക് ഈ തസ്തിക നിർത്തലാക്കേണ്ടതുമാണ് **(ഖണ്ഡിക 4.309).**

80.കമ്മീഷണറേറ്റിൽ പുനർവിന്യസിക്കപ്പെടുന്ന ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തികയെ കൺട്രോളർ (അനലിറ്റിക്കൽ വിംഗ്) എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ്. ഈ തസ്തികയ്ക്ക് റിസർച്ച് & ഡെവലപ്പ്മെന്റ് വിഭാഗത്തിന്റെ തലവൻ (Head, Research & Development Wing) എന്ന ചുമതലയും നൽകേണ്ടതാണ്. ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) തസ്തിക നിർത്തലാക്കുമ്പോൾ പ്രസ്തുത തസ്തികയിൽ നിക്ഷിപ്തമായിട്ടുള്ള അനലിറ്റിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും കൺട്രോളർ (അനലിറ്റിക്കൽ വിംഗ്) -ന് നൽകേണ്ടതാണ് **(ഖണ്ഡിക 4.310, 4.311 & 4.312).**

81.ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ പ്രമോഷൻ തസ്തികയായി 59,300-1,20,900 എന്ന ശമ്പളസ്കെയിലിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഒരു തസ്തിക സൃഷ്ടിക്കേണ്ടതാണ് **(ഖണ്ഡിക 4.313).**

82.ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ലീഗൽ, ആഭ്യന്തര വിജിലൻസ്, ഐ.ഇ.സി, ആഭ്യന്തര ഓഡിറ്റ്, റവന്യൂ മോണിറ്ററിംഗ്, അഡ്മിനിസ്ട്രേഷൻ, എൻഫോഴ്സ്മെന്റ്,

ബിൽസ് & അക്കൗണ്ട്സ്, പർച്ചേസ്, ബഡ്ജറ്റ് & പ്ലാനിംഗ്, മിസല്ലേനിയസ്, തപാൽ/ഡെസ്പാച്ച് എന്നിങ്ങനെ പന്ത്രണ്ട് വിഭാഗങ്ങൾ ആരംഭിക്കേണ്ടതാണ് **(ഖണ്ഡിക 4.314)**.

83.കമ്മീഷണറേറ്റ്, ജില്ലാ ഓഫീസുകൾ, ലബോറട്ടറികളുടെ ഓഫീസുകൾ എന്നിവിടങ്ങളിൽ ശിപാർശ ചെയ്തിട്ടുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെ സൂപ്പർവൈസറി തസ്തികകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചു കൊണ്ടും ഫയൽ റൂട്ടിംഗ് വ്യക്തമാക്കിക്കൊണ്ടുമുള്ള ഉത്തരവുകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിക്കേണ്ടതാണ് **(ഖണ്ഡിക 4.317, 4.318).**

84.വാഹനങ്ങളില്ലാത്തതു മൂലം വകുപ്പിലെ ഡ്രൈവർമാർ നിഷ്ക്രിയരായിരിക്കുന്ന സാഹചര്യത്തിൽ സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറി വാഹനങ്ങളിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്ന ഡ്രൈവർമാർക്ക് പകരം വകുപ്പിലെ ഡ്രൈവർമാരെ നിയമിക്കേണ്ടതാണ് **(ഖണ്ഡിക 4.322).**

85.ഭക്ഷ്യസുരക്ഷാ മേഖലാ ഓഫീസുകൾ നിർത്തലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഓഫീസുകളിൽ നിലവിലുള്ള മൂന്ന് ഡ്രൈവർ തസ്തികകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ ഓഫീസുകളിൽ അറ്റാച്ച് ചെയ്യേണ്ടതാണ് **(ഖണ്ഡിക 4.323).**

86.സർക്കിൾ ഓഫീസ് സംവിധാനം നിർത്തലാക്കുന്ന സാഹചര്യത്തിൽ ദേവികുളം, പീരുമേട്, തൊടുപുഴ, അങ്കമാലി, കൊച്ചി എന്നീ സർക്കിൾ ഓഫീസുകളിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ ആവശ്യമായ സ്വീപ്പിംഗ് ഏരിയ ഉള്ള മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 4.325).**

87.പാർട്ട് ടൈം സ്വീപ്പറുടെ അംഗീകൃത തസ്തികയില്ലാത്ത മഞ്ചേരി, പൊന്നാനി എന്നീ സർക്കിൾ ഓഫീസുകളിൽ നിയമനങ്ങൾ നടത്താനുണ്ടായ സാഹചര്യം ഭക്ഷ്യസുരക്ഷാ കമ്മീഷണർ അടിയന്തരമായി പരിശോധിക്കേണ്ടതും വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ് **(ഖണ്ഡിക 4.326).**

88.ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സാമ്പിളിംഗ് ആക്ഷൻ പ്ലാൻ സമയാസമയങ്ങളിൽ നിശ്ചയിക്കുക, എൻഫോഴ്സ്മെന്റ്, അനലിറ്റിക്കൽ വിഭാഗങ്ങളുടെ

പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പ്രസ്തുത പ്ലാനിന് അനുസൃതമായി സാമ്പിളുകൾ ശേഖരിച്ച് സമയബന്ധിതമായി പരിശോധന പൂർത്തീകരിക്കുക, പരിശോധനാഫലങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുക എന്നീ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ അധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കേണ്ടതാണ്. കൺട്രോളർ (അനലിറ്റിക്കൽ വിംഗ്), ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്, ട്രെയിനിംഗ് & പ്ലാനിംഗ്) എന്നിവർ ഈ സമിതിയിൽ അംഗങ്ങളായിരിക്കേണ്ടതാണ് **(ഖണ്ഡിക 4.337).**

89. സർവൈലൻസ് സാമ്പിൾ ഫലങ്ങളുടെ നിരന്തരമായ അവലോകനത്തിലൂടെ ലഭ്യമാകുന്ന സൂചനകളുടെ അടിസ്ഥാനത്തിലുള്ള ടാർജറ്റഡ് സാമ്പിളിംഗിനോടൊപ്പം റാൻഡം സാമ്പിളിംഗും യുക്തിസഹമായി സംയോജിപ്പിച്ചു കൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരണം ക്രമീകരിക്കേണ്ടതാണ്. എല്ലാ ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്കും ഒരേ സാമ്പിളിംഗ് ക്വാട്ട നിശ്ചയിക്കുന്ന നിലവിലെ രീതി മാറ്റി പകരം ഭക്ഷ്യസുരക്ഷാ ഓഫീസറുടെ അധികാരപരിധിയിലുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ എണ്ണം തുടങ്ങിയ പ്രാദേശിക ഘടകങ്ങൾ കൂടി കണക്കിലെടുത്ത് ഓരോ ഭക്ഷ്യസുരക്ഷാ ഓഫീസർക്കും പ്രത്യേകം ക്വാട്ട നിശ്ചയിച്ചു നൽകുന്ന രീതി ആവിഷ്കരിക്കേണ്ടതുമാണ് **(ഖണ്ഡിക 4.339).**

90. സ്റ്റാറ്റ്യൂട്ടറി, സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുന്നതിനായി ഭക്ഷ്യസുരക്ഷ ഓഫീസർമാർക്ക് നിശ്ചിത തുക അഡ്വാൻസായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 6.1).**

91. ആഭ്യന്തരം, പൊതുഭരണ (പൊളിറ്റിക്കൽ) എന്നീ വകുപ്പുകളുമായി കൂടിയാലോചന നടത്തി, ഏതൊക്കെ വിഭാഗത്തിലുള്ള വ്യക്തികളുടെ സുരക്ഷയ്ക്കാണ് ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ സേവനം ലഭ്യമാക്കേണ്ടതെന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിനും വി.ഐ.പി. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർ നിറവേറ്റേണ്ട ചുമതലകൾ എന്തൊക്കെയാണെന്ന് നിർവചിക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ (SOP) തയ്യാറാക്കുന്നതിനും ഭരണവകുപ്പായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുൻകൈ

എടുക്കേണ്ടതാണ് **(ഖണ്ഡിക 6.7).**

92. ഭക്ഷ്യവിഷബാധ സ്ഥിരീകരിക്കപ്പെട്ട കേസുകളിലും ഭക്ഷ്യവിഷബാധ സംശയിക്കപ്പെടുന്ന സാഹചര്യങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസർ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുന്ന ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കേണ്ടതാണ് **(ഖണ്ഡിക 6.8).**

93. ഭക്ഷ്യസുരക്ഷാ ലൈസൻസോ, രജിസ്ട്രേഷനോ ഉള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് നിയമപരമായി ഉത്തരവാദിത്തമുള്ള വ്യക്തിയുടെ പേരുവിവരം ജില്ലാ ഓഫീസർമാർക്ക് ലഭ്യമാകുന്ന തരത്തിൽ FoSCoS സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിനായി FSSAI-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 6.13).**

94. നിയമലംഘനങ്ങളിൽ പ്രോസിക്യൂഷൻ നടപടികൾ യഥാസമയം സ്വീകരിക്കുന്നുവെന്ന് ഉറപ്പ വരുത്തുന്നതിനായി നിയമലംഘനം ശ്രദ്ധയിൽപ്പെടുന്നതു മുതൽ കേസുമായി ബന്ധപ്പെട്ട രേഖകൾ സമാഹരിച്ച് അന്വേഷണം പൂർത്തീകരിക്കൽ, പ്രോസിക്യൂഷൻ അനുമതിക്കുള്ള ശിപാർശ സമർപ്പിക്കൽ, പ്രോസിക്യൂഷൻ അനുമതി നൽകൽ, കേസ് കോടതിയിൽ ഫയൽ ചെയ്യൽ തുടങ്ങിയ ഓരോ ഘട്ടങ്ങൾക്കും സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശം ഭക്ഷ്യസുരക്ഷാ കമ്മീഷണർ അടിയന്തരമായി പുറപ്പെടുവിക്കേണ്ടതാണ്. ഈ സമയക്രമം കൃത്യമായി പാലിക്കപ്പെടുന്നു എന്ന് സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും മതിയായ കാരണങ്ങളില്ലാതെ കേസ് ഫയൽ ചെയ്യുന്നത് വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ് **(ഖണ്ഡിക 6.15).**

95. കോടതി സന്ദർശനം മൂലം ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ജോലി തടസ്സപ്പെടുന്നതിന്റെ ഗൗരവം ആഭ്യന്തരവകുപ്പ് മുഖേന ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തി, ഭക്ഷ്യസുരക്ഷാ ഓഫീസർമാർ കോടതിയിൽ ഹാജരാകേണ്ടിവരുന്ന സാഹചര്യം അത്യാവശ്യ സന്ദർഭങ്ങളിലേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം ഭക്ഷ്യസുരക്ഷാ ഓഫീസർ ഹാജരാകാത്ത ദിവസങ്ങളിൽ അദ്ദേഹത്തെ

പ്രതിനിധീകരിച്ച് കോടതിയിൽ ഹാജരാകുന്നതിനുള്ള നിർദ്ദേശം പ്രോസിക്യൂട്ടർമാർക്കും നൽകേണ്ടതാണ്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുൻകൈയെടുത്തുകൊണ്ട് ആഭ്യന്തരവകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 6.17).**

96.ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പുന:സംഘടിപ്പിക്കുന്ന ഓഫീസുകളിൽ MOP പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും, വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഏതൊക്കെയെന്ന് വ്യക്തമാക്കിക്കൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ് **(ഖണ്ഡിക 6.20).**

97.വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധനാ റിപ്പോർട്ടുകളിൽ അപ്രായോഗികവും നിയമപരമായി നിലനിൽക്കാത്തതുമായ ശിപാർശകൾ ഉൾപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് വകുപ്പ് മുഖേന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഭരണ വകുപ്പായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുൻകൈ എടുക്കേണ്ടതാണ് **(ഖണ്ഡിക 6.23).**

98.കോഴിക്കോട് നഗരഹൃദയത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതുതായി ഓഫീസ് സമുച്ചയം പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് **(ഖണ്ഡിക 6.26).**

99.സാധാരണ ജനവിഭാഗങ്ങൾക്കായി ബോധവൽക്കരണ/പരിശീലന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സാങ്കേതിക പദങ്ങളും ശാസ്ത്രീയ വിശദീകരണങ്ങളും അനായാസം ഗ്രഹിക്കാൻ കഴിയുന്ന രീതിയിലുള്ള മോഡ്യൂളുകൾ തയ്യാറാക്കി കഴിവതും പ്രാദേശിക ഭാഷയിൽത്തന്നെ അവതരിപ്പിക്കുവാൻ ഐ.ഇ.സി. വിഭാഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് **(ഖണ്ഡിക 6.28).**

100.ഭക്ഷ്യസുരക്ഷാ ലബോറട്ടറികളിൽ വെള്ളം പരിശോധിക്കുന്നതിനുള്ള നടപടിക്രമങ്ങളും പരിശോധനാ ഫീസ് സംബന്ധിച്ച വിവരങ്ങളും വകുപ്പിന്റെ വെബ് സൈറ്റിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ് **(ഖണ്ഡിക 6.31).**

101.സർക്കാർ/പൊതുമേഖലയിലുള്ള എല്ലാ ഭക്ഷ്യപരിശോധനാ ലബോറട്ടറികൾക്കും

FSSAI-യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുൻകൈയെടുക്കേണ്ടതാണ് **(ഖണ്ഡിക 6.37).**

102.കൃഷി, ക്ഷീരവികസനം, മത്സ്യബന്ധനം, മൃഗസംരക്ഷണം, പൊതുവിതരണം, തദ്ദേശ സ്വയംഭരണം, എക്സൈസ്, ലീഗൽ മെട്രോളജി തുടങ്ങിയ വിവിധ വകുപ്പുകളും ഭക്ഷ്യസുരക്ഷാ വകുപ്പും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനാവശ്യമായ പൊതുനിർദ്ദേശങ്ങൾ നൽകുന്നതിന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് മുൻകൈയെടുക്കേണ്ടതാണ് **(ഖണ്ഡിക 6.40).**

103.ഈ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കി ആറുമാസത്തിന് ശേഷം തുടർപ്രവൃത്തി പഠനം നടത്തുന്നതിനുള്ള നിർദ്ദേശം ഭരണ വകുപ്പ് സമർപ്പിക്കേണ്ടതാണ് **(ഖണ്ഡിക 6.43).**

104.പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ നൽകാൻ കഴിയുന്ന സംഭാവനകൾ കണക്കിലെടുത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ബജറ്റ് വിഹിതം കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ് **(ഖണ്ഡിക 6.44).**

105. 2011-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര ചട്ടം അനുശാസിക്കും പ്രകാരം ഗവൺമെന്റ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനെ ഭക്ഷ്യസുരക്ഷാ കമ്മീഷണറായി നിയമിക്കേണ്ടതാണ് **(ഖണ്ഡിക 6.46).**

# ഉപസംഹാരം (Conclusion)

കേരളീയരുടെ ഭക്ഷണശീലങ്ങളിൽ കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കുള്ളിൽ വലിയ തോതിലുള്ള മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഒഴിവുദിവസങ്ങളിൽ വീടുകളിലെ അടുക്കളകൾക്ക് അവധി നൽകിക്കൊണ്ട് കുടുംബസമേതം വിനോദത്തിനും യാത്രകൾക്കും സമയം ചെലവിടുകയും പുറത്തുനിന്ന് ഭക്ഷണം കഴിക്കുകയും ചെയ്യുന്ന പുതിയ ശീലത്തിലേക്ക് കേരളീയ സമൂഹം മാറിക്കഴിഞ്ഞു. സായാഹ്നങ്ങളിൽ ഹോട്ടലുകളിലും തട്ടുകടകൾക്ക് മുന്നിലും പാഴ്സൽ ഭക്ഷണം വാങ്ങിക്കൊണ്ടു പോകാനുള്ള തിക്കുംതിരക്കും ഇന്ന് കേരളത്തിലുടനീളം ദൃശ്യമാണ്. ഓൺലൈൻ ഭക്ഷണ വിതരണം ജനകീയമായതോടെ ഇഷ്ടമുള്ള ഭക്ഷണം ഇഷ്ടപ്പെട്ട ഭക്ഷണശാലകളിൽ നിന്നും മിനിറ്റുകൾക്കുള്ളിൽ കയ്യിലെത്തുന്നതാണ്. നിരത്തുകളിൽ അങ്ങോളമിങ്ങോളം രാപകൽ ഭേദമെന്യേ ഓൺലൈൻ ഭക്ഷണ വിതരണക്കാർ ധൃതിയിൽ പോകുന്ന കാഴ്ച , ഈ മേഖല എത്രമാത്രം നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു എന്നതിന്റെ ദൃഷ്ടാന്തമാണ്. ലോകത്തിന്റെ ഏതു കോണിലും ലഭിക്കുന്ന ഭക്ഷണ സാധനങ്ങൾ ഇന്ന് കേരളത്തിലെ ഭക്ഷണശാലകളിലും സുലഭമാണ്. മനംമയക്കുന്ന രുചികളിലും അലങ്കാരങ്ങളിലും പൊതിഞ്ഞ് നമ്മുടെ തീൻമേശയിലേക്ക് എത്തുന്ന ആഹാരം സുരക്ഷിതമാണോയെന്ന് നമ്മൾ ഒരിക്കലും ചിന്തിക്കാറില്ല.

വിത്തു നടുന്നത് മുതൽ വിളവെടുക്കുന്നത് വരെ വിഷപ്രയോഗം നടത്തുന്ന പച്ചക്കറികളും പഴവർഗങ്ങളുമാണ് നാം നിത്യേന ഉപയോഗിക്കുന്നത്. വർണ്ണാഭമായ പായ്ക്കറ്റുകളിൽ ലഭിക്കുന്ന പലതരം ഭക്ഷണസാധനങ്ങൾ കുട്ടികളുടെ നിർബന്ധത്തിന് വഴങ്ങി നമ്മൾ നിർബാധം വാങ്ങിക്കൊടുക്കുന്നു. ജോലിഭാരം കുറയ്ക്കുന്നതിനായി അരിമാവ് മുതൽ പായ്ക്കറ്റുകളിൽ ലഭ്യമാകുന്ന അരിഞ്ഞ പച്ചക്കറികൾ വരെ കടകളിൽ നിന്നും വാങ്ങിയാണ് നമ്മളിൽ പലരും ഉപയോഗിക്കുന്നത്. നല്ല മണവും രുചിയും നിറവും ലഭിക്കുന്ന ഈ ഭക്ഷണസാമഗ്രികളിൽ ചേർന്നിരിക്കുന്ന മാരകമായ രാസവസ്തുക്കളും വിഷപദാർത്ഥങ്ങളും എന്തൊക്കെയാണെന്ന് ആരും അന്വേഷിക്കാറില്ല.

ഭക്ഷ്യവിഷബാധമൂലം മരണങ്ങളോ ആശുപത്രി വാസമോ ഉണ്ടാകുമ്പോൾ മാത്രം ഈ വിഷയം പൊതുസമൂഹത്തിലും പത്രമാധ്യമങ്ങളിലും വാർത്തയാവുകയും അപ്പോൾ മാത്രം ഭരണ സംവിധാനം ഉണർന്നു പ്രവർത്തിക്കുകയും ചെയ്യുന്ന രീതിയാണ് സാധാരണ കണ്ടുവരുന്നത്. വാർത്താപ്രാധാന്യം കുറയുന്നതോടെ എല്ലാം പഴയപടി തുടരുകയും ചെയ്യുന്നു.

പിറന്നുവീഴുന്ന കുഞ്ഞുങ്ങൾ വരെ ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ അടങ്ങിയ ഭക്ഷണം കഴിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഭക്ഷണം മനുഷ്യന്റെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാകാത്തതാണ് എന്ന ബോധ്യമാണ് ഈ മേഖലയിൽ എണ്ണമറ്റ നിർമ്മാതാക്കളേയും വിപണനക്കാരേയും സൃഷ്ടിക്കുന്നത്. മത്സരത്തിന്റേയും പുതിയ വിപണന തന്ത്രങ്ങളുടേയും ഇടയ്ക്ക് നല്ലതും ചീത്തയും തിരിച്ചറിയാനാകാതെ സമൂഹം സകലതിനേയും ഒരുപോലെ സ്വീകരിക്കുന്നു. സുരക്ഷിതമല്ലാത്ത ഭക്ഷണവും ഭക്ഷ്യവസ്തുക്കളും മനുഷ്യന്റെ ആരോഗ്യത്തെ നേരിട്ട് ബാധിക്കുന്നവയാണ്. ജീവിതശൈലീ രോഗങ്ങളും ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങളും നമ്മുടെ മാറിയ ഭക്ഷണശൈലിയുടെ ഉപോത്പ്പന്നങ്ങളാണ്.

പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാരുകൾ പ്രതിജ്ഞാബദ്ധരാണ്. ആരോഗ്യ വകുപ്പിനെപ്പോലെ തന്നെ പൊതുജനാരോഗ്യം മുൻനിർത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ചുമതലപ്പെട്ട ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഇപ്പോഴത്തെ പ്രവർത്തനം പഠനസംഘം വിശദമായി വിലയിരുത്തുകയുണ്ടായി. സംസ്ഥാനത്തൊട്ടാകെ നാലര ലക്ഷത്തിലധികം രജിസ്ട്രേഷനും 35000-ലധികം ലൈസൻസുമുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാതെ പ്രവർത്തിക്കുന്ന എണ്ണമറ്റ സ്ഥാപനങ്ങൾ വേറെയുമുണ്ട്. ഫീൽഡ് തലത്തിൽ ഇവരുടെ പ്രവർത്തനം പരിശോധിക്കുവാൻ കേരളത്തിൽ ആകെയുള്ളത് 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാരാണ് എന്നതാണ് കൗതുകകരമായ വസ്തുത. ഒരു സ്ഥാപനത്തിൽ ഒരുതവണ പരിശോധന നടത്തിയതിനുശേഷം അടുത്ത പരിശോധന നടത്തുന്നതിന് ഏറ്റവും ചുരുങ്ങിയത് മൂന്നുവർഷമെങ്കിലും എടുക്കുമെന്നത് അതിശയോക്തിയല്ല. സാമ്പിൾ ശേഖരണവും പരാതികളിന്മേലുള്ള അന്വേഷണവും കോടതി സന്ദർശനവും ബോധവത്ക്കരണ

പ്രവർത്തനങ്ങളും കഴിഞ്ഞ് ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് പരിശോധനകൾ നടത്തുന്നതിനുള്ള സമയം അവശേഷിക്കുന്നില്ല എന്നതാണ് വസ്തുത.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ രജിസ്ട്രേഷൻ നേടുന്നതിന് യാതൊരു പ്രയാസവുമില്ല. രജിസ്ട്രേഷൻ അപേക്ഷകളിൽ സ്ഥലം സന്ദർശിച്ചു പരിശോധന നടത്താൻ സമയക്കുറവുള്ളതുകൊണ്ട് അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ട്. പരിശോധനയുടെ അഭാവം മൂലം, രജിസ്ട്രേഷൻ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനം തന്നെയാണ് പ്രസ്തുത ഫുഡ് ബിസിനസ് ഓപ്പറേറ്റർ ചെയ്യുന്നതെന്ന് ഉറപ്പുവരുത്താൻ വകുപ്പിന് കഴിയുന്നില്ല. കടല മിഠായി നിർമ്മാണത്തിന് രജിസ്ട്രേഷൻ നേടിയ വ്യക്തി ഹൈ റിസ്ക് വിഭാഗത്തിൽപ്പെടുന്ന ഹോട്ടലോ ബേക്കറിയോ നടത്തിയാൽ പോലും കണ്ടുപിടിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിലവിലെ സംവിധാനത്തിലൂടെ കഴിയുന്നില്ല എന്നത് അതീവ ഗൗരവമായി കാണേണ്ട സംഗതിയാണ്. ആവശ്യമായ മനുഷ്യവിഭവശേഷി ഇല്ലാത്തത് മൂലം വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സംവിധാനം എത്രമാത്രം ദുർബലമാണെന്ന് ചൂണ്ടിക്കാണിക്കാനാണ് ഈ സാധ്യത ഉദാഹരിച്ചത്.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെയും അനലിറ്റിക്കൽ വിഭാഗത്തിന്റെയും പ്രവർത്തനം പരസ്പരപൂരകങ്ങളാണ്. എൻഫോഴ്സ്മെന്റ് വിഭാഗം ദുർബലമായാൽ അനലിറ്റിക്കൽ വിഭാഗത്തിന്റെ പ്രവർത്തനത്തേയും, കുറഞ്ഞ സമയത്തിനകം പരിശോധനാഫലം നൽകുന്നതിൽ അനലിറ്റിക്കൽ വിഭാഗത്തിന് കഴിഞ്ഞില്ലെങ്കിൽ അത് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രകടനത്തേയും ബാധിക്കും.

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നിർവചിക്കപ്പെട്ട അധികാരങ്ങൾ പ്രയോഗിച്ച് നിയമലംഘകർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ വകുപ്പിന് കഴിയും. അതിനൊപ്പം പൊതുസമൂഹവും ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരും ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യം സ്വയം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ ഈ നിയമത്തിന്റേയും വകുപ്പ് രൂപീകരിക്കപ്പെട്ടതിന്റേയും ഉദ്ദേശം പൂർണ്ണമാകൂ. അതുകൊണ്ടുതന്നെ എൻഫോഴ്സ്മെന്റിനൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും

തുല്യ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. തുടർച്ചയായ ബോധവൽക്കരണത്തിലൂടെ മാത്രമേ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനത്തെപ്പറ്റി യാതൊരു മുൻവിധിയും കൂടാതെയാണ് ഈ പ്രവൃത്തിപഠനം ആരംഭിച്ചത്. വകുപ്പിന്റെ പ്രവർത്തന മേഖലകളിൽ നിന്നും പരമാവധി വിവരങ്ങൾ ശേഖരിച്ചും അവ വിശദമായി വിശകലനം ചെയ്തുമാണ് പഠനസംഘം ഓരോ ശിപാർശയും സമർപ്പിച്ചിട്ടുള്ളത്. യാഥാർത്ഥ്യബോധം ഉൾക്കൊണ്ട്, നടപ്പിലാക്കാൻ കഴിയുന്നതെന്ന് ഉത്തമ ബോധ്യമുള്ള ശിപാർശകൾ മാത്രമേ സമർപ്പിച്ചിട്ടുള്ളൂ. ഏതെങ്കിലും ഒരു വിഭാഗത്തെ കേന്ദ്രീകരിക്കുന്നതിന് പകരം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആകെയുള്ള പ്രവർത്തനവും വകുപ്പിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യവും ഭാവിയിലെ സാധ്യതകളും കണക്കിലെടുത്താണ് ഓരോ വിഭാഗത്തെയും ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന ശിപാർശകൾ നൽകിയിട്ടുള്ളത്.

സർക്കാർ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തുന്നതിന് മനുഷ്യ വിഭവശേഷി ഒരു പ്രധാന ഘടകമാണ്. ആവശ്യമായ മനുഷ്യവിഭവശേഷി ഇല്ലാതെ ഒരു വകുപ്പിനും അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഴിയില്ല. അതേസമയം, ലഭ്യമായ വിഭവശേഷി പൂർണ്ണ തോതിൽ വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ തേടാതെ വീണ്ടും തസ്തികകൾ സൃഷ്ടിക്കുകയാണ് പോംവഴി എന്ന അഭിപ്രായവും പഠന സംഘത്തിനില്ല. ഭക്ഷ്യസുരക്ഷാ വകുപ്പിലെ ലഭ്യമായ മുഴുവൻ മനുഷ്യവിഭവ ശേഷിയും പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്ന നിർദ്ദേശങ്ങളാണ് പഠനസംഘം സമർപ്പിച്ചിട്ടുള്ളത്. ആരോഗ്യമേഖലയിൽ വകുപ്പിനുള്ള പ്രാധാന്യം കണക്കിലെടുത്ത് മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്നതിന് ഏറ്റവും അത്യാവശ്യമെന്ന് ബോധ്യപ്പെട്ട തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനും ഈ റിപ്പോർട്ടിൽ ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃത്യമായ എൻഫോഴ്സ്മെന്റിലൂടെ വകുപ്പിന് ലഭ്യമാകേണ്ട നികുതിയേതര വരുമാനം വർദ്ധിക്കുമെന്നതിനാൽ തസ്തിക സൃഷ്ടിക്കുന്നത് മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത തരണം ചെയ്യാനും കഴിയും. അനലിറ്റിക്കൽ വിഭാഗവും പ്രൊഫഷണലൈസ് ചെയ്യപ്പെടുന്നതോടെ സർക്കാർ ഖജനാവിലേക്ക് അധിക വരുമാനം നേടിത്തരുന്നതിനും ഈ വകുപ്പിന് കഴിയും.

ആരോഗ്യമേഖലയിൽ ആരോഗ്യവകുപ്പിനൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് ഭക്ഷ്യസുരക്ഷാ വകുപ്പും. രോഗ ചികിത്സക്ക് ആരോഗ്യവകുപ്പ് മുൻകൈ എടുക്കുമ്പോൾ രോഗങ്ങൾ വരാതെ മുൻകൂട്ടി തടയുക എന്ന ചുമതലയാണ് ഭക്ഷ്യസുരക്ഷാ വകുപ്പിനുള്ളത്. വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള ശിപാർശകൾ അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്ന വീക്ഷണകോണിലൂടെ കാണാതെ അതുണ്ടാക്കുന്ന പ്രതിഫലനം പൊതുജനാരോഗ്യ സംരക്ഷണത്തിന് എത്രമാത്രം സഹായകരമാകും എന്നതാണ് ചിന്തിക്കേണ്ട വസ്തുത.

ഭക്ഷണശാലകളിൽ നിന്നും ആഹാരം കഴിച്ചതിന്റെ പേരിൽ ജീവൻ ബലി നൽകേണ്ടി വന്ന കൗമാരങ്ങളും മാരകരോഗങ്ങൾക്ക് അടിമപ്പെട്ട് ആശുപത്രിക്കിടക്കയിൽ ജീവിതം തള്ളിനീക്കേണ്ടി വരുന്ന ബാല്യങ്ങളും ഇനിയും ഉണ്ടാകരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് ഈ പഠന റിപ്പോർട്ട് സജീവ പരിഗണനയ്ക്കും ക്രിയാത്മകമായ നടപടികൾക്കുമായി സമർപ്പിക്കുന്നു.

## കൃതജ്ഞത
## (Acknowledgement)

ഈ പ്രവൃത്തിപഠനം വിജയകരമായി പൂർത്തിയാക്കുന്നതിന് പൂർണ്ണ സഹകരണം നല്കിയ ഭക്ഷ്യസുരക്ഷാ വകുപ്പിലെ അധികാരികളോടും ജീവനക്കാരോടും ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിനുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

(ഒപ്പ്)
ഡോ. എ. ജയതിലക് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്


തിരുവനന്തപുരം
തീയതി : 30.11.2023

# അനുബന്ധ സൂചിക

| ക്രമ നമ്പർ | വിവരം |
|---|---|
| അനുബന്ധം I | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിലവിലുള്ളത്). |
| അനുബന്ധം II | ഭക്ഷ്യസുരക്ഷാ വകുപ്പിലെ തസ്തികകളുടെ എണ്ണവും ശമ്പളസ്കെയിലും. |
| അനുബന്ധം III | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ തസ്തികകളുടെ വിന്യാസം. |
| അനുബന്ധം IV | വിവിധ ഭക്ഷ്യവസ്തുക്കൾക്ക് FSSAI അംഗീകരിച്ച ക്വാളിറ്റി ടെസ്റ്റ് പാരാമീറ്ററുകൾ |
| അനുബന്ധം V | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്) |
| അനുബന്ധം VI | ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്) |
| അനുബന്ധം VII | ജില്ലാതല ഓഫീസുകൾ - ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്) |
| അനുബന്ധം VIII | സോണൽ ഓഫീസുകൾ - ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്) |
| അനുബന്ധം IX | റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ - ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്) |

അനുബന്ധം - I

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിലവിലുള്ളത്)



അനുബന്ധം II

## ഭക്ഷ്യസുരക്ഷാ വകുപ്പിലെ തസ്തികകളുടെ എണ്ണവും ശമ്പള സ്കെയിലും

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | ഭക്ഷ്യസുരക്ഷാ കമ്മീഷണർ (IAS Cadre) | 1 | 67700-208700 (L11) |
| 2 | ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്) | 1 | 95600-153200 |
| 3 | ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) | 1 | 95600-153200 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ (PFA) | 1 | 112800-163400 |
| 5 | ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ | 3 | 63700-123700 |
| 6 | ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ | 14 | 51400-110300 |
| 7 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സെക്രട്ടേറിയറ്റിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ തസ്തിക) | 1 | 63700-123700 |
| 8 | ഫിനാൻസ് ഓഫീസർ (സെക്രട്ടേറിയറ്റിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ തസ്തിക) | 1 | 63700-123700 |
| 9 | സീനിയർ സൂപ്രണ്ട് | 2 | 51400-110300 |
| 10 | ജൂനിയർ സൂപ്രണ്ട് | 3 | 43400-91200 |
| 11 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 160 | 39300-83000 |
| 12 | ക്ലർക്ക് | 96 | 26500-60700 |
| | സീനിയർ ക്ലർക്ക് | 96 | 35600-75400 |
| 13 | ഹെഡ് ക്ലർക്ക് | 2 | 39300-83000 |
| 14 | എൽ ഡി ടൈപ്പിസ്റ്റ് | 20 | 26500-60700 |
| 15 | ക്ലർക്ക്/ടൈപ്പിസ്റ്റ് | 3 | 26500-60700 |
| 16 | ഓഫീസ് അറ്റൻഡന്റ് | 122 | 23000-50200 |
| 17 | ഡ്രൈവർ (18 തസ്തികകൾ) | | |
| | ഗ്രേഡ് II | 6 | 25100-57900 |
| | ഗ്രേഡ് I | 6 | 27900-63700 |
| | സീനിയർ ഗ്രേഡ് | 5 | 31100-66800 |
| | സെലക്ഷൻ ഗ്രേഡ് | 1 | 39300-83000 |
| 18 | പാർട്ട് ടൈം സ്വീപ്പർ | 28 | 11500-18240 (Category 3) |
| | | | 13000-21080 |

| | | | |
|---|---|---|---|
| | | | (Category 2) |
| 19 | നൈറ്റ് വാച്ച്മാൻ | 3 | 23000-50200 |
| 20 | പാക്കർ | 4 | 23700-52600 |
| 21 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 1 | 107800-160000 |
| 22 | ഗവൺമെന്റ് അനലിസ്റ്റ് | 4 | 63700-123700 |
| 23 | ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് | 6 | 59300-120900 |
| 24 | റിസർച്ച് ഓഫീസർ | 25 | 51400-110300 |
| 25 | ജൂനിയർ റിസർച്ച് ഓഫീസർ | 24 | 50200-105300 |
| 26 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I | 27 | 43400-91200 |
| 27 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II | 25 | 35600-75400 |
| 28 | റിസർച്ച് ഓഫീസർ (മൈക്രോബയോളജി) | 1 | 51400-110300 |
| 29 | മൈക്രോബയോളജിസ്റ്റ് | 5 | 50200-105300 |
| 30 | റിസർച്ച് അസിസ്റ്റന്റ് | 1 | 43400-91200 |
| 31 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | 1 | 37400-79000 |
| 32 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 | 27900-63700 |
| 33 | സീനിയർ ലാബ് അസിസ്റ്റന്റ് | 3 | 25100-57900 |
| 34 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 19 | 24400-55200 |

അനുബന്ധം III

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ തസ്തികകളുടെ വിന്യാസം

### 1. എൻഫോഴ്സ്മെന്റ് വിഭാഗം

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| **ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസ് (ഹെഡ്ക്വാർട്ടേഴ്സ്)** | | |
| 1. | ഭക്ഷ്യസുരക്ഷാ കമ്മീഷണർ | 1 |
| 2. | ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്) | 1 |
| 3. | ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) | 1 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ (PFA) | 1 |
| 5. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സെക്രട്ടേറിയറ്റിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ തസ്തിക) | 1 |
| 6. | ഫിനാൻസ് ഓഫീസർ (സെക്രട്ടേറിയറ്റിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ തസ്തിക) | 1 |
| 7. | സീനിയർ സൂപ്രണ്ട് | 2 |
| 8. | ജൂനിയർ സൂപ്രണ്ട് | 2 |
| 9. | ഭക്ഷ്യസുരക്ഷാ ഓഫീസർ | 2 |
| 10 | ക്ലർക്ക്/സീനിയർ ക്ലർക്ക് | 12 |
| 11. | എൽ ഡി ടൈപ്പിസ്റ്റ് | 1 |
| 12. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 13. | ഓഫീസ് അറ്റൻഡന്റ് | 3 |
| 14. | ഡ്രൈവർ | 1 |
| | ആകെ | 30 |
| **ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ്** (തിരുവനന്തപുരം, എറണാകുളം & കോഴിക്കോട്) | | |
| 1 | ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ | 3 |
| 2 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 6 |
| 3 | ക്ലർക്ക്/സീനിയർ ക്ലർക്ക് | 3 |
| 4 | എൽ ഡി ടൈപ്പിസ്റ്റ് | 3 |
| 5 | ഓഫീസ് അറ്റൻഡന്റ് | 6 |
| 6 | ഡ്രൈവർ | 3 |
| | ആകെ | 24 |

| **ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ്** (ജില്ലാ തലം) | | |
|---|---|---|
| 1 | ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ | 14 |
| 2 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 12 |
| 3 | ക്ലർക്ക്/സീനിയർ ക്ലർക്ക് | 26 |
| 4 | ക്ലർക്ക് ടൈപ്പിസ്റ്റ് | 2 |
| 5 | എൽ ഡി ടൈപ്പിസ്റ്റ് | 12 (പത്തനംതിട്ട, കാസർഗോഡ് ACFS ഓഫീസിൽ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ല) |
| 6 | ഓഫീസ് അറ്റൻഡന്റ് | 15 (കോട്ടയം ACFS ഓഫീസിൽ 2 ഓഫീസ് അറ്റൻഡന്റ് തസ്തിക നിലവിലുണ്ട്) |
| 7 | ഡ്രൈവർ | 14 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 13 (പാലക്കാട് ACFS ഓഫീസിൽ ഈ തസ്തിക നിലവിലില്ല) |
| | ആകെ | 109 |
| **സർക്കിൾ ഓഫീസുകൾ** (നിയമസഭാ മണ്ഡലം തലത്തിൽ) | | |
| 1 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 140 |
| 2 | ക്ലർക്ക്/സീനിയർ ക്ലർക്ക് | 140 |
| 3 | ഓഫീസ് അറ്റൻഡന്റ് | 87 |
| 4 | പാർട്ട് ടൈം സ്വീപ്പർ (ദേവികുളം, പീരുമേട്, തൊടുപുഴ, അങ്കമാലി, കൊച്ചി സർക്കിൾ ഓഫീസുകളിൽ ഓരോ തസ്തിക വീതം നിലവിലുണ്ട്) | 5 |
| | ആകെ | 372 |

## 2. അനലറ്റിക്കൽ വിഭാഗം

| **ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, തിരുവനന്തപുരം** | | |
|---|---|---|
| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
| 1 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 1 |
| 2 | ഗവൺമെന്റ് അനലിസ്റ്റ് | 2 |
| 3 | ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് | 2 |

| | | |
|---|---|---|
| 4 | റിസർച്ച്  ഓഫീസർ | 8 |
| 5 | ജൂനിയർ റിസർച്ച്  ഓഫീസർ | 8 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- I | 9 |
| 7 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- II | 8 |
| 8 | റിസർച്ച് ഓഫീസർ (മൈക്രോബയോളജി) | 1 |
| 9 | മൈക്രോബയോളജിസ്റ്റ് | 3 |
| 10 | റിസർച്ച് അസിസ്റ്റന്റ് | 1 |
| 11 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | 1 |
| 12 | ജൂനിയർ സൂപ്രണ്ട് | 1 |
| 13 | ക്ലർക്ക്/സീനിയർ ക്ലർക്ക് | 5 |
| 14 | ക്ലർക്ക് ടൈപ്പിസ്റ്റ് | 1 |
| 15 | എൽ.ഡി/യു.ഡി ടൈപ്പിസ്റ്റ് | 2 |
| 16 | ഓഫീസ് അറ്റൻഡന്റ് | 6 |
| 17 | നൈറ്റ് വാച്ച്മാൻ | 1 |
| 18 | പാക്കർ | 2 |
| 19 | സീനിയർ ലാബ് അസിസ്റ്റന്റ് | 3 |
| 20 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 6 |
| 21 | പാർട്ട് ടൈം സ്വീപ്പർ | 4 |
| | ആകെ | 75 |
| **റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം** | | |
| 1 | ഗവൺമെന്റ് അനലിസ്റ്റ് | 1 |
| 2 | ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് | 2 |
| 3 | റിസർച്ച് ഓഫീസർ | 8 |
| 4 | ജൂനിയർ റിസർച്ച്  ഓഫീസർ | 8 |
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -I | 9 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- II | 8 |
| 7 | മൈക്രോബയോളജിസ്റ്റ് | 1 |
| 8 | ഹെഡ് ക്ലർക്ക് | 1 |
| 9 | ക്ലർക്ക്/സീനിയർ ക്ലർക്ക് | 3 |
| 10 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 11 | എൽ ഡി ടൈപ്പിസ്റ്റ് | 1 |
| 12 | ഓഫീസ് അറ്റൻഡന്റ് | 2 |
| 13 | നൈറ്റ് വാച്ച്മാൻ | 1 |
| 14 | പാക്കർ | 1 |
| 15 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 7 |

| | | |
|---|---|---|
| 16 | പാർട്ട് ടൈം സ്വീപ്പർ | 3 |
| | ആകെ | 57 |
| **റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട്** | | |
| 1 | ഗവൺമെന്റ് അനലിസ്റ്റ് | 1 |
| 2 | ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് | 2 |
| 3 | റിസർച്ച് ഓഫീസർ | 8 |
| 4 | ജൂനിയർ റിസർച്ച്  ഓഫീസർ | 8 |
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -I | 9 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -II | 8 |
| 7 | മൈക്രോബയോളജിസ്റ്റ് | 1 |
| 8 | ഹെഡ് ക്ലർക്ക് | 1 |
| 9 | ക്ലർക്ക്/സീനിയർ ക്ലർക്ക് | 3 |
| 10 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 11 | എൽ ഡി ടൈപ്പിസ്റ്റ് | 1 |
| 12 | ഓഫീസ് അറ്റൻഡന്റ് | 2 |
| 13 | നൈറ്റ് വാച്ച്മാൻ | 1 |
| 14 | പാക്കർ | 1 |
| 15 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 6 |
| 16 | പാർട്ട് ടൈം സ്വീപ്പർ | 3 |
| | ആകെ | 56 |
| **ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി, പത്തനംതിട്ട** | | |
| 1 | റിസർച്ച് ഓഫീസർ | 1 |
| 2 | ടെക്ക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 |
| 3 | ഓഫീസ് അറ്റൻഡന്റ് | 1 |
| | ആകെ | 3 |

അനുബന്ധം IV


## വിവിധ ഭക്ഷ്യവസ്തുക്കൾക്ക് FSSAI അംഗീകരിച്ച ക്വാളിറ്റി ടെസ്റ്റ് പാരാമീറ്ററുകൾ

| | Quality (Chemical) parameters | Pesticide Residue analysis parameters | Antibiotic Residue analysis parameters | Mycotoxine (Aflatoxine) analysis parameters | Heavy Metal analysis parameters | Radio Active Elements analysis parameters | Naturally Occuring Toxic Substance (NOTS) Eg. Hypercine, Saffrole, Hydrocyanic Acid, Agaric Acid | Environmental Contaminants Eg. Polychlorinated Biphenyls (PCB), Polynuclear Aromatic Hydrocarbons (PAH) |
|---|---|---|---|---|---|---|---|---|
| Milk | 8 | 213 | 30 - 40 | 1 (M1) | 9 | NA | NA | NA |
| Milk Products | 4 - 5 | 213 | NA | 1 (M1) | 7 - 10 | NA | NA | NA |
| Fats, Oils & Fat Emulsions | 17 | 213 | NA | 4 (B1, B2, G1, G2) | 7 | NA | NA | NA |
| Fruit & Vegetable Products | 4 | 213 | NA | 5 (B1, B2, G1, G2, Patulin) | 7 | NA | NA | NA |
| Cereals & Cereal Products | 7 - 12 | 213 | NA | 6 (B1, B2, G1, G2, Ochratoxin A, DON) | 7 | NA | NA | NA |
| Meat & Meat Products | 3 - 5 | 213 | 64 | NA | 7 | NA | 1 (Saffrole) | NA |
| Egg & Egg Products | 6 | 213 | 28 | 4 (B1, B2, G1, G2) | 7 | NA | 1 (Saffrole) | NA |
| Fish & Fish Products | 3 - 5 | 213 | 31 | NA | 7 | NA | 1 (Saffrole) | PCB - 6, PAH - NA |
| Sweets & Confectionery | 5 | NA | 12 | 4 (B1, B2, G1, G2) | 7 | NA | 1 (Hydrocyanic Acid) | NA |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Sweetening Agents including Honey | 29 | NA | 12 | NA | 7 | NA | NA | NA |
| Salt, Spices, Condiments & Related Products | 15 | 213 | NA | 4 (B1, B2, G1, G2) | 7 | NA | NA | NA |
| Beverages other than Dairy, Fruits & Vegetables | 19 | 213 | NA | NA | 7 | NA | NA | NA |
| Drinking Water | 16 | 18 | NA | NA | 17 | 2 (Alpha & Beta) | NA | PCB - 8, PAH - 17 |
| Packaged Drinking Water | 18 | 213 | NA | NA | 21 | 2 (Alpha & Beta) | NA | PCB - 8, PAH - 17 |
| Nutritional Factors | 11 (Chemical Analysis Only) | NA | NA | NA | NA | NA | NA | NA |
| Other Food Products & Ingredients (Eg. Infant Food) | 56 | 213 | NA | 5 (M1, B1, B2, G1, G2) | 17 | NA | NA | NA |
| Alchoholic Beverages | 8 | NA | NA | 1 (Ochratoxin A) | 7 | NA | 4 | NA |
| Health Suppliments, Neutracuticals | Quality & Crop Contaminants, Naturally Occuring Toxic Substances (NOTS) as per the product compositions declared on the label. | | | | | | | |


അനുബന്ധം V

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്)




**അനുബന്ധം VI**

## ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്)




അനുബന്ധം - VII

## <u>ജില്ലാതല ഓഫീസുകൾ - ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്)</u>




അനുബന്ധം - VIII

<u>സോണൽ ഓഫീസുകൾ - ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്)</u>



അനുബന്ധം - IX

## റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ - ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്)



**കേരള സർക്കാർ**
**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ–7) വകുപ്പ്**